ŚRĪ CITRODAYAMAÑJARĪ BHĀṢĀ SERIES

No. 17.

# KAṆṆAŚŚA BHĀGAVATAM

(Part—II.)

UNIVERSITY LIBRARY. - 4 NOV 1954 MADRAS

EDITED BY

K. SĀMBAŚIVA ŚĀSTRĪ,
*Curator for the Publication of Oriental Manuscripts, Trivandrum*

DEPARTMENTAL LIBRARIES 12 NOV 1954 UNIVERSITY OF MADRAS.

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF TRAVANCORE.

NATIONAL BOOK STALL KOTTAYAM KALARIKAL BAZAAR

TRIVANDRUM:
PRINTED BY THE SUPERINTENDENT GOVERNMENT PRESS,
1938.

[Rights Reserved]

1-12-0

032D.P
164316
032::1J30:4
G8·2

DEPARTMENTAL LIBRARY
12 NOV 1954
UNIVERSITY OF MADRAS.

ശ്രീഃ

ശ്രീമൂലാവനിപാലമൌലിമണിനാ
സംകല്പിതശ്രീരിവ
ശ്രീമൂലാത്മജനിസ്തുഥാ സഹജയാ
ലക്ഷ്മ്യാ ച സംഭാവിതഃ
സ്വാതിജ്യോതിരിവാദിതഃ സമുദിത-
ശ്ചിത്രാവതാരഃ സ്വയം
മാർത്താണ്ഡാഗ്രസരോ വിരാജതി മഹാ-
രാജഃ സ രാമാഭിധഃ.

ഭാസ്വദ്വർണ്ണമണിഃ പ്രവാളമൃദുളാ
ശ്രുത്യാദ്യലങ്കാരിണീ
ശ്രീമദ്വഞ്ചിവസുന്ധരാനവയശോ-
രാശിപ്രകാശാത്മികാ
ഉത് ഫുല്ലത് സുകൃതിപ്രസാധനധൃതാ-
മോദോന്നദഡ് ഡിണ്ഡിമാ
ശ്രീചിത്രോദയമഞ്ജരീ സുമനസാം
സർവ്വസ്വമുജ് ജൃംഭതാം.

കെ. സാംബശിവശാസ്ത്രീ.

UNIVERSITY LIBRARY
- 4 NOV 1954
MADRAS

ശ്രീ.

## നിവേദനം.

ഇതു് കണ്ണശ്ശഭാഗവതം ൨-ാം ഭാഗമാകുന്നു. ഇതിനുമുമ്പു് ൧-ാംഭാഗം 'ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാവലി'യിൽ൧-ാം നമ്പരായി പ്രസാധനം ചെയ്യപ്പെട്ടിട്ടുണ്ടു്. അതിൽ ദശമം ൧ മുതൽ ൪൯വരെയും, ഇതിൽ ൫൦ മുതൽ ൯൧ വരെയും ഉള്ള അദ്ധ്യായങ്ങൾ അന്തർഭവിച്ചിട്ടുണ്ടു്. ഇതോടുകൂടി ദശമത്തിലെ കഥയായ ശ്രീകൃഷ്ണലീല സംപൂർണ്ണമാകുന്നു, എന്നു തന്നെയുമല്ല ഏകാദശദ്വാദശങ്ങളിലെ സർവ്വസാരവും സങ്ഗ്രഹിച്ചിട്ടുള്ള ഒരു രത്നച്ചുരുക്കവും സമർപ്പിതമായിട്ടുണ്ടു്. പ്രഥമഭാഗത്തിൻെറ മുഖവുരയിൽ അദ്ധ്യായവിഭാഗത്തേയും കഥാഘടനാവൈചിത്ര്യത്തേയും മററും പററി നിരൂപണം ചെയ്തിരിക്കുകയാൽ ഇപ്പോൾ അതേതാതിലുള്ള പല്ലവനത്തിന്നു് തുനിയുന്നില്ല. എന്നാൽ ശ്രുതിഗീതാദ്ധ്യായമായി കരുതേണ്ട:—

"അറിവായൊളിവായ്പ്പരിപൂർണ്ണവുമാ-
യാത്മാവാകിയ പരമാനന്ദനെ
നെറിയേ മാമറകൾക്കുമരിപ്പം
നിതരാമിങ്ങനെയെൻറുരചെയ്യാൻ.
പറയാം ലക്ഷണയാലേയെൻറു
പറഞ്ഞാർ ശ്രുതികളുമെൻറദ്ധ്യായം
നെറിയേ ചൊല്വതിനെളുതല്ലേതും
നിർണ്ണയമതു നില്ക്കട്ടിനിയെൻെറ."

(പു: ൨൫൧)

എന്ന പാട്ടിൻെറ സ്ഥാനം എവിടെയാണെന്നുള്ള വിചാരത്തിന്മേൽ ഗാഢമായി കരുതിയതിൽ ൮൮-ാമതു അദ്ധ്യായത്തിൻെറ അവസാനം തന്നെ സമുചിതമാണെന്നു് തോന്നുകയാൽ വ്യതിചലനം വേണ്ടെന്നു വച്ചുവെന്നുള്ള സങ്ഗതികൂടി അറിവിക്കേണ്ടിയിരിക്കുന്നു.

ഇതിൻെറ പ്രസിദ്ധീകരണത്തിന്നു് ക. ഖ. ഗ സംജ്ഞിതങ്ങളായി മൂന്നു മാതൃകകളുണ്ടെങ്കിലും ഏററുമാന്നൂർ, തെക്കേടത്തു ശ്രീമാൻ നാരായണൻ മൂത്തതു് അവർകളുടെ 'ക' മാതൃക ബാഡിയായും, മാന്നാർ, നാലെകാട്ടിലെ ശ്രീമാൻ വൈത്തിയപ്പാ

പിള്ള അവർകളുടെ വക 'ഗ' മാതൃക പാഠഭേദമായും സ്വീകരിച്ചാണ് ഈ ഉത്തരഭാഗം പ്രസിദ്ധപ്പെടുത്തുന്നത്. 'ഖ' മാതൃക ഉത്തരവ്യാപിയല്ല. ഏതായാലും സങ്കല്പമനുസരിച്ച് ഈ ഉത്തരാർദ്ധം പൂർണ്ണമാക്കുവാൻ ഇടയായതിൽ മാതൃകാസ്വാമികളോടുള്ള അകൈതവമായ കൃതജ്ഞതയെ അനുസ്മരിച്ചുകൊണ്ടു ധന്യധന്യനായി ഇതിനെ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, } കെ സാംബശിവശാസ്ത്രീ,
൧൧൦൭-൧൦-൧൭. } ക്യൂറേറ്റർ.

DEPARTMENTAL LIBRARIES
12 NOV 1954
UNIVERSITY OF MADRAS.

# കണ്ണശ്ശഭാഗവതം പാട്ട്

UNIVERSITY LIBRARY
- 4 NOV 1954
MADRAS

(ഉത്തരാർദ്ധം).

---

## പഞ്ചാശോഽദ്ധ്യായഃ.

ആയതലോചനമാരാമസ്തിയു-
　　മരചാ! പ്രാപ്തിയുമായ കൃഷ്ണനാൽ
നായകനാകിയ ഭർത്താവിന്നുടെ
　　നാശംവന്നവനന്തരമേ താൻ
പോയ് നിജതാതൻ മഗധനൃപേന്ദ്രനു
　　പുനരറിയിച്ചാർ കംസനെ വെൻറതു
തീയെരിയും കോപത്തൊടു ശോകം
　　ചേർന്നീടിന്റൊരു വചനം ചൊന്നാൻ. ൧

ഒരുവനുളൻ യദുവംശേ ഭൂമിയി-
　　ലൊരിടത്തെൻറതു കേട്ടീടാശ്ശാൻ
പെരുകിന വേഗത്തോടതിനായേ
　　പിൻപഥ കോലാഹലമൊടു ചെമ്മെ
ധരണി നടുങ്ങുംവണ്ണമൊരിരുപതു
　　താനും മൂന്നോടക്ഷൌഹിണിപട
തെരുതെരെ വാഹനമേറിനടക്കയു
　　തിറമൊടു പൊരുവാനെൻറിതു ചൊന്നാൻ. ൨

എൻറതുനേരം കടതഴചവരിക-
　　ളിടിയൊലിപോലിളകും വെടിപടഹം
നൻറിമികും ശംഖധ്വനി മററും
　　നാനാവാദ്യരവാദികളോടേ
ചെൻറിതു പട മധുരായാം ചുററും
　　ചേകിടുപെടാത്തു മഹാമദമോടെ
മൻറിടെയതുനേരത്തുളവായ
　　മഹാധൂളികൾകൊണ്ടാൻററിയരുതായ്. ൩

G. P. T. 855. 300. 29-9-111.　　B

ആനകളൊടു തേർ കുതിരകൾ കാലാ-
ളായ മഹാസൈന്യത്തൊടു മാഗധ-
നായ മഹാനൃപവരനൊരു തേർമേ-
ലാദിത്യോദയമെൻറതുപോലെ
മാനിതനായ് മുടികടകാദികളൊടു
വാരിധിയിളകുംപോലെതിരായ് വെ-
ൻറാനവിടേ മധുരായാമൻറഗ-
രൻറു ചുഴന്നെങ്ങും പീഡിപ്പാൻ. ൪

എങ്ങും വൻറു ചുഴൻറ പെരുമ്പട
ലംഘിതമര്യാദാദികളോടെ
എങ്ങും സ്വജനങ്ങളെയതിപീഡി-
ച്ചീടിൻറവയും കണ്ടമലാത്മാ
പൊങ്ങിന കോപത്തോടു നിരൂപണ
ചെയ്താനവനീഭാരം തീർപ്പാ-
നിങ്ങു ജനിച്ചിതു ഞാനുമിരാമനു-
മിതു ചെയ്യായ്കിലതൊരു ഫലമെന്തേ? ൫

ഒരുഫലമാകാ ജനനം ചെയ്തതി-
ലുലകിൽ നിറഞ്ഞീടും ദുഷ്ടാനാ-
മൊരുതരമായേ കൊൻറഥ ശിഷ്ടരെ-
യൊക്കെപ്പാലിച്ചിടുകെൻറേവം
നിരൂപണചെയ്തതിന്നിപ്പോഴിപ്പട
നിതരാം കൊൻറിമ്മാഗധവീരനെ
വിരവൊടയയ്ക്കൂൻറാൽ മറേറവം
വീരൊടു മുറെറക്കൊല്ലുകയെൻറ. ൬

ഇവനെക്കൊൻറാലിനി മററുള്ള പട
ഇങ്ങു വരായെൻറാലിപ്പടകൊ-
ൻറിവനേ വിട്ടു പുനരേത്തു കൊട്ടുഭൂ-
ഭാരം തീർക്കാം സജ്ജനങ്ങളെയും
തവമിയലും മുനിമാരെയുമെല്ലാം
[1]സഹസാ താൻ പാലിച്ചീടാമെ-
ൻറിവയെ നിനച്ചഗ്രജനൊടു ചൊന്നാ-
നീടിയമനസി നിരൂപണയോടെ. ൭

1. 'സാധുതയാ പാ' ത. പാഠം.

മന്നിൽക്കാണായി പൊട്ടുന്നനവേ
വാനിടനിന്റു പുരാണങ്ങളുമായ്
[1]ഒന്നാലർത്തന്നെ ജയിച്ചിടുമായുധ-
മോടേ സാരഥി[2]ബലമതിനോടേ
അന്നേരം കണ്ടരുളിച്ചെയ്താ-
നഗ്രജനോ"ടായ്യാ! നീ പുനരെ-
ന്തിന്നേരം കാൺമൂ യദുവംശത്തി-
ന്നേറെവരിന്റെ വിരോധമിതല്ലോ. ൮

ഇതല്ലൂരഥം, നിന്നിഷ്ടമതായേ
ഈടും മഹായുധമാഗതമിതുകാൺ!
സാധുക്കളെ രക്ഷിപ്പാനായ-
ല്ലോ നാം ജനനംചെയ്തുയിതുനാം
ഇതുനാളിരുപതുമൂൻറും സങ്ഖ്യ-
യായന്റ മഹാപടയെക്കൊൻറവനി-
ക്കതിവേഗാൽ ഭാരം കളവൂ"വെ-
ൻറഗ്രജനോ[3]ടേവരുളിച്ചെയ്താൻ. ൯

അരുളിച്ചെ[4]യ്തതിവണ്ണം തങ്ങളി-
ലരചാ! കവചാദികൾ ധരരായേ
പെ[5]രികെച്ചിനമോട്ടടൻ രഥമേറി
പിൻപു മഹായുധ[6]ധാരണരായേ
പൊരുവാനായല്പം പടയോടെ
പുറത്തു ഗമിച്ചപ്പാഞ്ചജന്യം ശം-
ഖരികേ ചെൻറു വിളിച്ചിതു കൃഷ്ണന-
മടയലർ മനസി നടുങ്ങുംവണ്ണം. ൧൦

അഖിലജഗത്തും ചെൻറു നിറഞ്ഞിതു-
മലറിന ശംഖധ്വനിയന്നേരം
സുഖതരമായിതു മാനസമേറേ
തുടരെ മഹാജനമവർകൾക്കെങ്ങും

1. 'ഒനാൎത്തമ്മെജ്ജയമിടുമാ', 2. 'രഥമ', 3. 'ടുടനരു', 4, 'ച്ചീവ', 5. 'ജകിഥ ചിന', 6. 'ധരരാഭൂറം' ഗ. പാഠം.

പകയവരാമവരുടെ ഹൃദയേഷു
        ഭയാധികളും പുനരത്തുനാം മാഗധ-
നകതളിർത്തന്നിലെഴും കോപത്തോ-
        ടംബുജനയനൻ തന്നോടു ചൊന്നാൻ ൧൧
തനിയേ വാലകനാം നിന്നോടമർ
        തരമല്ലിതുകാലം ലജ്ജയിനാൽ
ഇനി രാമന്നമർചെയ്കയിലിച്ഛയി-
        യൻറീടിൽ ധൈര്യത്തോടു നിൻേറ
പുനരെന്നോടമർചെയ്കല്ലായ്കിൽ
        പോകെൻേറവം കേട്ടവനോടേ
തനിയേ ശൂരന്മാരിതു ചൊല്ലാർ
        തൻപൌരുഷമൊഴികെൻറിതു ദേവൻ. ൧൨
വമ്പിയലും ഗജവാജിരഥങ്ങളു-
        മഴകിയലും കൊടി സാരഥിയോടെ
വമ്പൊടു [1]മാഗധമാധവന്മാർകളും
        തച്ചു ചുടുന്ന ശരം വർഷിച്ചാർ
തമ്പുകഴുടെ വിനതാതനയന്നോടു
        താലത്തോടു ചെന്നീടിന കൊടിമര-
മെമ്പതിനോടും ചേന്ന രഥങ്ങളിൽ
        [2]പ്പയപ്പും മാധവന്മാർകളുമെയ്താർ. ൧൩
താനതുകാലം മാനിനിമാർ പലർ
        സകലേശ്വരനുടെ കൊടിയടയാളം
ദീനതയായ് കാണാഞ്ഞവർ നയനേ
        നിൻെറാഴുകീടും ജലമതിനോടെ
വാനവരാലും വന്ദിതനാകിയ
        മാധവനും പരസൈന്യത്തിൻ നടു-
വാനവിടെ പുക്കശ്രീശാർങ്ഗമ
        നേകംകുറി ചെറുഞാണൊലിചെയ്താൻ. ൧൪
താനതുകാലം ബാണമെടുത്തിടുൻറവയും തൊടുത്തേ
        താഴ്വ വിയലാതവണ്ണം വലിച്ചയപ്പതുമൊൻറു പാർത്താൽ
മാനവവീരനെ! യറിയാവതല്ലയിതേതുമൊൻറും
        മാമദയാനവാജിരഥംപദാതികളെൻറിവെല്ലാം

1. 'മഗധൻ മാധവന്മാർകളെ വണ്ണമുഴൻറ ശരം വർഷിച്ചാൻ', 2 'ജയഷ്യം മാ' ഗ, പാഠം,

താനവ ചത്തു ഭൂമിൽ വന്നുവീണുരുളിന്റതെല്ലാം
താമിവ കാണലാമിതലാതചക്രമിതെന്റപോലെ
മാനമതായതംബുജലോചനന്നമർചെയ്യനേരം
പാരിടെ വീണുതായിതനേകമച്ഛതുരംഗമന്നാൾ. ൰൩

ആനകൾ മസ്തകങ്ങൾ പിളൎന്ന വീണുരുളിൻറിതശ്വം
ആമത്തു ഗ്രീവമററിരുന്നീടും നായകനൊടുകൂടെ
താനതുപോലെ നായകനോടും സൂതനൊടും രഥം പോയ്
താൻ പലവായ് മുറിഞ്ഞു ധ്വജത്തിനോടുമനേകമനേകം
മാനവവീരനേ! തലയററ കൈകൾമുറിഞ്ഞു കാലും
മാവിനൊടുരുവററ പദാതി ചത്തു നിലത്തുവീണു
താനതുവും മഹാനദി ചോരകൊണ്ടുളവായിതെല്ലാം
താനമർചെയ്തിടും നടുവേയനേകമൊഴുക്കിനോടേ. ൰൪

അന്നദിതന്നിൽ വീരനൃപാധിപകരമാവതെല്ലാ-
മഹികൾ ശിരസ്സു കച്ഛപമുരുവെൻറിവ മത്സ്യമായും
നന്നെറി ചേൎന്നീടിൻറ തുരുത്തിഭങ്ങൾ ധനുസ്സിവെല്ലാം
നലതിരമാല വാജികൾ കാണതിൽ ചില ഗ്രാഹമായും
ഉന്നകിൽ മുത്തുമാലയിവാദിയാം മണൽ അംബുജംതാ-
നുള്ള കുടപായിരാമിവ കേശം മററുമിവണ്ണമോരോ-
ന്നുന്നകിലൊന്നലാതുള്ള മുയലാം പടി ചോരയെക്കൊ-
ണ്ടുള നദിപോയ് നടന്നിതനേകദിക്കുകൾ ഘോരമായേ.
[൰൫

ഘോരതരം ബലൻ മുസലേന വമ്പടതന്നെ നൻറായ്
കൊൻറുമുടിച്ചു നൻപെരുകിൻറ വീരിയമോടിവണ്ണം
പാരിടെ നിൻറു മാധവന്മാരെതിൎത്തൊരു ലീലയായേ
പാരിന്റെ ഭാരം നീക്കിയവാറു പാക്കിലതാശ്ചരിയം
വീരതരാ! ധരാം സകലം നിൎമ്മിച്ചതു രക്ഷ ചെയ്യേ
വേററുമുടിച്ചിടിൻറതു തങ്കൽനിൻറു കളിച്ചിടുമ്പോൾ
പൂരിതമായ്‌വന്നിതിന്നെന്തു വിസ്മയമെന്തിതോൎത്താൽ
പുനരതുവണ്ണനം നരദേഹമാകയിനാലിതല്ലാം. ൰൬

ആനതുകാലം വമ്പരിൽവമ്പനാം മഗധേന്ദ്രവീരൻ
ആനവനോടെതിൎത്തു പിണങ്ങി വൻപടയൊക്കവേ കൊ-
ൻറൂനമില്ലാത വമ്പുകഴോടെടുത്തു പിടിച്ചിരാമൻ
ഊക്കൊടു സിംഹം മററൊരുസിംഹമൊടെതിർചെന്നപോലെ

താനൊരുപാശമാമത്തുകൊണ്ടു കെട്ടിനവാറുകണ്ടു
താനിതു ഞായമല്ല വിടേണമെൻറുമിവൻതന്നാലേ
മാനമിയൻറകാരിയം വന്നിടും പുനരെൻറിതോർത്തേ
മാധവനൻറുരത്തതു കേട്ടയച്ചിതു രാമദേവൻ. ൧൯

മാഗധനൻറു മാധവന്മാരയച്ചതുനേരം മേവും
മാനമിഴിഞ്ഞ നാണമിയൻറ നൽത്തവമേ ചെയ്യിൻേറൻ
ആകിലിതെൻറ ചിന്തനചെയ്തുപോംവഴിമേൽ നൃപന്മാ-
രായവർ വന്നുരത്ത നൽചിത്രമാകിയ വാക്കിനാലേ
പോകരുതിൻറടോ തപസാ നിനക്കിതു വന്നതെല്ലാം
ബുദ്ധിതെളിഞ്ഞു ഭകരം യദുവീരൻതൻ ബലമൊൻറുകൊ-
ള്ളായ്കിൽ നിനക്കു മുമ്പിലിയൻറിട്ടൊന്നൊരു കർമ്മദോഷ- [ണ്ട-
ത്താലിതു വന്നതെൻറിതു കേട്ടവൻ ഭവനേ പുകന്താൻ.
[൨൦

അൻറവൻ വാഹനാദികളോടും വമ്പടയോടും വേറാ-
യാതുരനാകിയേകനുമായ് മഹാനഗർ പുക്കനേരം
വെൻറികിളന്ന മാധവന്മാരുമക്ഷയമാകി നൻറായ്
മേവി[1]യ സൈന്യമൊട്ടടനമ്പരാൽ വരിഷിച്ചമേവും
നൻറി കിളന്നെഴും കുസുമങ്ങൾ മെയ്യിലണിഞ്ഞു മേന്മേൽ
നായകമായ വാദ്യരവാദിയോട്ടു ചെല്ലിൻറനേരം
വെൻറിയൊരോത്തർ വാഴ്ത്തിനർ സൂതമാഗധരെൻറിവെല്ലാം
വേഴ്ചയോടേയണഞ്ഞു മഹാസുഖത്തൊടു വീരർ മററും.
[൨൧

മാളികഗോപുരാദികളേറി നിൻറ മടന്തമാർ പൂ-
മാലകൾ ഗന്ധമെൻറിവയാദിയാൽ വർഷിച്ചു മേന്മേൽ
വേച്ചിനെവെൻറെഴും നയനങ്ങൾകൊണ്ടുടലെങ്ങും നോക്കും
വേൽമിഴിമാരെയും കനിവോടു നോക്കി മുകുന്ദ[2]ൻ നേരെ
വാഴ്ദിവാകരനെതിരാകി മാനിതനാകി യുദ്ധേ
മാനവന്മാർ മരിച്ചവർ ദേഹഭൂഷണമെൻറിവെല്ലാം
ചാലേ മുതിൻറു രാജനു നൾകി നൻബലനോടുകൂടെ
സാദരവൊടു വീരനൃപാധിപാ! കുരുവീരവീര! ൨൨

വീരരിൽ മുമ്പനാകിയ മാഗധൻ പടയോടിവണ്ണം
വീറൊടുവന്നെതിർത്തു പിണഞ്ഞ നൻപതിനേഴവട്ടം
പാരിടെനിൻറു പോർചെയ്തു യാദവാദികൾ മാഗധൻെറ
പാരമതായ വൻപട കൊന്നവൻതന്നെയൻറു നൻറായ്

1. 'നമെസ', 2. 'ന്ദൻപാൽ' ഗ. പാഠം.

കാരിയമോത്തയച്ചീടും‌നേരം നാണമിയൻറ താനേ
കാൽനടയെ നടന്നു ഗൃഹം പുകുന്തിതു പിന്നെയും താൻ
പാരിന്നു ഭാരമീവണ്ണമൊട്ടുത്തരുളിൻറനേരം
പാഴ്‌വന്നില്ലേതും മാധവന്മാർ പടയ്ക്കുമിതോ[1]ളമന്നാം.
[വമ്പ

മന്നവർമന്നവാ! പതിനെട്ടതാംദിനം മാഗധൻതാൻ
വമ്പടയോടും വന്നിടുംമുൻപു നാരദവാക്കിനാലേ
വന്നിതു മ്ലേച്ഛമാംപട മൂൻറുകോടിയതിന്നൊടും പോർ
വമ്പൊടെതിർപ്പതിന്നൊരുവനുമേ ഭുവനത്തിലെങ്ങും
നൻറുമനെറിയോടു കണ്ടരുളാഴ്ഞ്ഞുടൻ യവനൻ മുദാ പോർ
നൂലമൊടു ചെയ്യതിന്നു വളച്ചു നമ്മുപുരാമനേകം
അൻറുപരോധമേ ചെയ്തിടിൻറവാറതു കണ്ടു കൃഷ്ണൻ
ആദരവോടു ചിന്തനചെയ്യനൻ പുനരിങ്ങിതെല്ലാം. [വ ർ

ഏറിയ വൻപനാകിയ മാഗധൻ പടയൊടുക്രൂരീ-
ട്ടിൻറിനിനാളെയോ വല്ല മററനാം വരവെൻറതേതും
വേററിഞ്ഞില്ലതി[2]ൻമുന്നമേയിവന്നമർചെയ്യതിന്നായ്
വെൻറി തഴത്തെഴും പടയോടു കൂടണഞ്ഞാനിതല്ലോ
മാറില്ലയാത വമ്പരിൽവമ്പനാകിയ മാഗധൻതാൻ
വമ്പടയോടു വൻറീടിലിൻറവന്നൊടു പോർചെയ്യുമ്പോൾ
തേറുക നമ്മുടെ നല്ല ബന്ധുവർഗ്ഗമവററെ വെല്ലും
ദേവ! ദയാപരാ! യവനിൻറതിൻ കഴി[3]വില്ല കാണ്മാൻ.
[വ ഒ

കാർമുകിൽവണ്ണനഗ്രജനോടുരത്തു മനുഷ്യർചെന്നേ
കാണരുതാതവണ്ണം മഹാസമുദ്രമതിന്നുമദ്ധ്യേ
നാമിതുകാലം ചെയ്യിതു രാജധാനിയതിങ്കലെല്ലാ-
ജ്ജാതികൾതമ്മെ വച്ചിവനെക്കൊല്ലിൻറിതുമെൻറിതെ-
താമരചെയ്യു പത്തുമിരണ്ടുയോജന നീളമായേ [ല്ലാം
താമൊരു വീതിയോട[4]വകൊണ്ടു വിശ്വകർമ്മാവിനാലേ
സീമയില്ലാത ശോഭ തഴത്തിടിൻറ വിചിത്രമെല്ലാം
തെളിവൊടു കാണുമാറു ചമച്ചു ദ്വാരവതീ പുരപേരും
[വന്ന

1. 'ളം മന്നാ', 2. 'ന്നിടെമേയിവ', 3. 'വേഷ കാണ്മൻ', 4. 'യ ഒകാ' ഗ. പാഠം.

ഇന്തിരലോകവുന്നികരില്ലിതിന്നിനിയെൻറപോലെ
ഇതമിയലും പളുങ്കുകൾകൊണ്ടൊരുക്കിയ ഗോപുരത്തിൽ
ചന്തമതെന്തു മാളികപന്തി വാനോടു മുട്ടമപ്പോഴ്
താഴ്‌വില്ലയാതവണ്ണമിയൻറിടും ഗൃഹപന്തി മററും
സുന്ദരമായ മാളികയോടു പൊന്മയമായ 1പോലേ
തുടരെയനേകദീപങ്ങളോടു കെട്ടുകൾതന്നിലോരോ-
പന്തിയുള്ള തുണ്ണവരത്നമാ2യതു മല്ലയേററം
പരിചിയലിൻറ ഭിത്തികൾ നിർമ്മിതം സ്ഫടികം നൃപേന്ദ്ര!
[വ ൧

അതിലിയലും കവാടങ്ങൾ പൊന്മയം മതിൽ രത്നകുംഭം
അറുതിയില്ലാ തളം ദധിചന്ദനോക്ഷിതമാക3യെങ്ങും
ചിത്രമിയലിൻറങ്ങാടികൾ നാലുവർണ്ണങ്ങൾവീടുമെല്ലാം
തിറമൊടനേകമുണ്ടു നൃപേന്ദ്രനെ! യദുദേവന്മാർ തൻ
പുരമ കിളർന്നുയന്ന ഗൃഹങ്ങൾ ഹേമമയങ്ങളായേ
പൂർണ്ണമതാമഹോ! സുരലോകസാമ്യമതാകി നേരേ
അതുപൊഴുതൻറു വിശ്വകർമ്മാവിനാൽ വടിവോടു നിർമ്മി-
ച്ചധികവിചിത്രമായതു ചൊല്ലുവാൻ പണിയുണ്ടു നമ്മാൽ.
[വ ൨

നലമിയലിൻറ കല്പകവൃക്ഷമോടുടനുള്ളിയാനം
നരവരനേ!യതിൽ ചില പൂമരങ്ങളു4നേകം നാലായ്
വിലസിന രാജമാർഗ്ഗങ്ങൾ തോരണങ്ങൾ ധ്വജം പിറാകും
വിരചിതമായ കുക്കടമന്നവും മയിലെൻറിവെല്ലാം
പലവകയുണ്ടു ദേവസഭാമുടന്നന്നിലന്നുടെ കൈയിൽ
പരിചിനൊടിന്ദ്രനംബുജലോചനനു കൊടുത്തുവിട്ടാൻ
നലമൊടിരത്നമെട്ടിനേയും ധനേശനു,മശ്വജാതിം
നലവക നോക്കിയുള്ളവ നൽകിനാൻ വരുണൻ
[വിശേഷാൽ. വ ൩

നൽകിനരേവരും തങ്ങളാധിപത്യമതിങ്കൽമേവും
നരവരനേ! വിശിഷ്ടത ചേർന്നീടിൻറതു കൃഷ്ണനായേ
നൽകിന കാലമംബുജലോചനൻ നിജബന്ധുവർഗ്ഗം
നലമൊടു മായയാ നഗരേ നയിച്ചിതു രാമനോടേ

---

1. 'തേററം', 2. 'മമ്മകൊണ്ടുമേററം', 3. 'യുമെങ്ങും', 4. 'ശേഷം നാ' ഝ, പാഠം.

കൊൽക തുനിഞ്ഞു ഞാൻ യവനനെയിങ്ങനെയെന്റതെല്ലാം
ക്രൂരിമുദാ നിരായുധനായ് നടന്നു പാദാതിയെപ്പോൽ
വെൽകയിലാഗ്രഹത്തൊടു വന്നവന്നുടെ മുമ്പിലായ്ത്തൻ
മേനിയിലമ്പുമാവനമാലയോടുമഹോ മഹാത്മാ. ൫൦

ഇതി പഞ്ചാശോഽദ്ധ്യായഃ
സമാപ്തഃ

അഥ ഏകപഞ്ചാശോഽദ്ധ്യായഃ.

മന്നവനേ! മുകുന്ദനവനെയന്റഥ കണ്ടനേരം
[1]മരകതമേനിയൻ നടന്നീടുംനേരം മഹാമുനീന്ദ്രൻ
തന്നൊടുരത്ത ലക്ഷണം മുൻപു ശംഖൊടു ചക്രവും നൽ-
സരസിജവും ഗദാവളമോതിരങ്ങളിയന്റ കൈമേൽ
മിന്നൊളിചേർന്നിയന്റ കിരീടം മാമറു കൌസ്തുഭംതാൻ
വേറൊരു കുണ്ഡലം നല്ല പീതമാകിയ പട്ടിന്മീതേ
നൻനെറിയൊടിയന്റുടഞാണും നൂപുരം മാർവ്വിൽ മാലാ
നലമൊടു കണ്ടേ കൃഷ്ണനിതെൻററിഞ്ഞവനും തുടന്നാൻ.
[൧

തുടന്നിതു ഞായമല്ലറി വൃഷ്ണിവംശമതിൽപിറന്നോർ
തുലവിയലാത വീരരിൽ മുമ്പനാമവർകൾക്കിതെന്റ
പടന്ന ചിനത്തിനോടുരചെയ്തു ചെൻറു പിടിപ്പതിന്നായ്
പരിചൊടു ചെൻറിടുംപടി കണ്ടു മണ്ടി മുകുന്ദൻ നേരേ
വെടിവവർ കാലഃന! മുചുകുന്ദനമ്പൊടുറങ്ങി നൻറായ്
മേവും മഹാഗുഹാമതുതന്നിലന്റു മറഞ്ഞു ദേവൻ;
കിടന്നതു കൃഷ്ണനെന്റു നിനച്ചു, ചേടികൊടിൻറു മണ്ടി-
ക്കിടന്നിതടുത്തനേരമിതെൻററിഞ്ഞു ചവുട്ടിനാനേ. ൨

ചവുട്ടുകൊടന്റണന്ന നൃപേന്ദ്രനന്നെഴുന്നേററിതെങ്ങും
ചാലെ വിലോകനംചെയ്തീടിൻറനേരം[2]മടുത്തതപ്പോൾ
ചവിട്ടിനിറന്നിട്ടന്നവനെച്ചിനത്തൊടു ഃനാക്കുംനേരം
തങ്ങിന കണ്ണിൽനിന്റുളവായ തീക്കനൽകൊണ്ടു വെന്തേ

1. 'പടിവിനോടോടി നാടതുകണ്ടു നാരദനോം മു', 2. 'മെടുത്തു മന്നോ' ഗ. പാഠം.

ചവിട്ടിനവൻ പൊടിഞ്ഞൊരു ഭസ്മമായവനീങ്കൽ വീണ്ണാൻ
താനൊരു കണ്ണിമപ്പതിന്നുമ്പനന്തരമേ മുകുന്ദൻ
[1]സവിഷ്ണുമതായിട്ടും നിജരൂപമോട്ട നിറന്നു നിന്റാൻ
നാന്മറയോർകളും മനസാ ഭജിച്ചൊരു രൂപമോടേ. ൩

മന്നവനമ്മുനീന്ദ്രനൊടൊൻറുരത്തിതു [2]ക്രൂടന്നേരം
മന്നവനാരതാരുടെ പുത്രനെന്തു പ്രഹാമനേകം
നൻനെറിയൊട്ടറങ്ങുമതിന്നു കാരണമെന്തിവൻമെയ്
നലമൊട്ടു ഭസ്മമാക്കുവതിന്നിയന്നൊരു വീര്യവും നീ
എന്നൊട്ടു ചൊൽക,യെൻറതുകേട്ടുരത്തു മുനീന്ദ്രനിക്ഷ്വാ-
കുവിന്നുടെ വംശജാതനതീവ ഭക്തനതെൻറുമെല്ലാം
നൻനെറിയോട്ടുകേൾക്കയിവന്നുടെ(... ...)
പ്പിതാവു മാന്ധാതാവവനെൻറു മഹാനൃപേന്ദ്രാ! ൪

ഇന്ദ്രനൊടാദിവാനവർ പോരിൽ ദാനവരൊട്ടു വെൽവാ-
നേതുമതിന്നു ശക്തരല്ലാഞ്ഞവാറിന്നൃപേന്ദ്രനെക്കൊ-
ണ്ടിന്തിരനും ജയിച്ചഥ ശത്രുവർഗ്ഗമണഞ്ഞു പോർചെ-
യ്തെന്തുനിനക്കു വേണ്ടുമതെൻറു കേ[4]ട്ടിതു ദേവവൃന്ദം
തന്തരുളീട്ട മോക്ഷമെനിക്കപേക്ഷയിതെൻറനേരം
താനിതു ചൊല്ലിനാരിതു ദേവജാതികളൊൻറു ചെമ്മേ
മന്ദരമാമയാകിയെട്ടുത്ത ദേവനൊഴിഞ്ഞിതാക്കും
വല്ലരുതതെൻറിയുള്ളതി രക്ക തന്നരുളാമതെല്ലാം. ൫

അരമുഖനുത്തരത്തൊട്ടു സ്വർഗ്ഗപാലകനായ് ലഭി[5]പ്പി-
ച്ചമരകൾ നിന്നൊടൊത്ത ജനം മരിച്ചിതു രാജധാനീം
അറികയിതിൻറു മോക്ഷമല്ലാതതൊൻറു വരിച്ചുകൊള്ളെ-
ൻറതു നൃപവീരനമ്പൊട്ടു കേട്ടു ചിന്തനചെയ്തു ചൊന്നാൻ
തിറമൊട്ടു ദീർഘനിദ്രയെനിക്കു മുകരി ലഭിപ്പോളുംനാൾ
തെളിവൊടനുഗ്രഹിക്കയതെൻറു കേട്ടമരേന്ദ്രന്മാരാൽ
ഉരചെയ്തീടിൻറനുഗ്രഹം നിദ്രതന്നെയുണത്തുവാനാ-
യൊരുവനണഞ്ഞിട്ടന്നവനോ മരിക്കുമതൊണ്ണിനാലേ. ൬

---

1. 'ചിന്മയമായിട്ടും', 2. 'കേട്ടനേരം', 3. 'ൻമാറെ വെ', 4. 'ട്ടുനർ ഷിന്നെ നൻറായ്', 5. 'ച്ചിട്ടുമ' ഗ. പാഠം.

ആനൊരു കാന്തിയോട്ടു കിരീടകുണ്ഡലകൌസ്തുഭം മ-
റ്റതിഗുണമീടും മാലകളും മഹാമരുവെൻറിവെല്ലാം
താനിതമോടണിഞ്ഞുള്ള കങ്കണം വളമോതിരം നൽ
സ്തംഭസമാനമായ ഭുജാന്തരേ ഹരിശംഖുപത്മം
മാനമിയൻറിടും ഗദ പീതമാകിയ പട്ടിന്മീതേ
വടിവിയലിൻറ മേഖലയാദിനൂപുരമെൻറിവററാൽ
താനിതമോട്ടു ശോഭിതമായ കാർമുകിൽവൎണ്ണനോടേ
താമരചെയ്ക നീ പുനരാരിതെൻറ നൃപേന്ദ്രനന്നാം. ൧

ആരമരേന്ദ്രനോ, രവിയോ, നിശാകരനോ ഭവാൻ മ-
റ്റതുമല്ല പാവകൻ പുനരല്ല മററിനി ലോകപാല-
ന്മാരിലൊരുത്തനാവതുമല്ല മൂൎത്തികൾമൂൻറിലും മുൻ-
പായ നാരായണൻ പുനരെൻററിഞ്ഞതുളിൻറ ചെമ്മേ
ചാരുതചേൎന്ന നിൻപ്രഭ കൊണ്ടിതിങ്ങു ഗുഹാമീതെങ്ങും
ചാലെ നിറഞ്ഞിരുട്ടകലിൻറ[1] ദീപമതെൻറപോലെ
നേരുരചെയ്ക നമ്മൊട്ടു നിന്നുടെ നല്ല ജന്മകൎമ്മം
[2]നലമിയലിൻറ ഗോത്രവും നിന്നനുഗ്രഹമാകിലെന്നാൻ.
[൨

ആയതു സൂൎയ്യവംശകുലോത്ഭവൻ മമ താത മാന്ധാ-
താമവനുള്ള പുത്രനതെൻറ പേർ മുചുകുന്ദനെൻറും
നീയറിഞ്ഞീടനേകദിനങ്ങളുണ്ടിവിടേ മുദാ ഞാൻ
[3]തിറമൊട്ടുടൻ കിടപ്പിതു വന്നുണൎത്തിനരിൻെറാരുത്തൻ
പോയിതു ചുട്ടു തന്നുടെ പാപമാമതുകൊണ്ടവനോ
പുനരതിതേജസാ തവ കണ്ടു നിന്നൊടിവൎണ്ണമെല്ലാം
മായവനെ! യുരപ്പതയോഗ്യമെങ്കിലുമേവരാലും
മാനിതനായിട്ടും പുരുഷോത്തമന്നതു നീയതെൻറും. ൩

എൻറതിന്നുത്തരം നൃപനോട്ടു പുഞ്ചിരിയിട്ടു ചൊന്നാ-
നീടിയ മേഘനാദസമാനമാകിയ വാക്കി[4]നാലേ
ഒൻററി കൎമ്മജന്മമെനിക്ക [5]കേളതസംഖ്യമെൻറാൽ
ഒരുവനുമാവതല്ലയിതെങ്കിലും പുനരൊന്നു കേൾ നീ

1. 'മുൻറ ദീപമണഞ്ഞപോൽ', 2. 'നിറമി', 3. 'തിളിതനായ് കി'
4. 'നോടേ', 5. 'ചൊൽവതസ' ഗ. പാഠം,

ഇൻറിവിടെയിയൻറിതു ഭൂമിഭാരമകററുവാനായ്
മായവരൊടുക്കൂടെ വിരിഞ്ചൻ വൻറിരന്നോരുമൂലാ
മൻറിടെ ദേവകീസുതനാകിയാനകദുന്ദുഭിക്കും
വടിവൊടു പുത്രനാകിയ വാസുദേവനഹം നൃപേന്ദ്ര! ഹര
നൃപവര! കംസനോടു പ്രലംബനാദികൾ തമ്മെയെല്ലാം
തിറമൊടു കൊൻറിതെന്നെ വധിപ്പതിന്നണഞ്ഞോരെ
[ന്നൻറായ്
ഉപമയില്ലാതുടൻ ബലമുള്ളിവനെന്ന വധിച്ചുനിൻറാ-
ലുടനിവിടെ ഉപാഗതനായതും തവ കാംക്ഷചെയ്യാൻ
ഇവയറിഞ്ഞിൻെറന്നോടു നിനക്കു വേണ്ടുംവരങ്ങളെല്ലാ-
മേവയുമൊക്കവേ തരിൻറുണ്ടു ചൊല്ലുക വല്ലവന്നും
തരമോടെന്നെ ഭജിച്ചു ശരൺപുകന്തവനില്ല ദുഃഖം.
തവമൊടു പിന്നെയും പുനരെൻറുരത്തിതു ദേവദേവൻ.
[ഹര
ദേവനുരത്തിടും വചനങ്ങൾ കേട്ടു മുകുന്ദനാകും
ദേവനിതെൻററിഞ്ഞിതു ഗർഗ്ഗവാക്യമനുസ്മരിച്ചും
'ദേവ! ദയാപര! തവ മായകൊണ്ടു വിമോഹിതന്മാർ
ദേവകളാകിലും തവ പാദപങ്കജസേവ ചെയ്യാർ
മേവുവരർത്ഥപുത്രകളത്രജാതിയിൽ [1]മഗ്നരായേ
മേലിൽ വരിൻറ ദുഃഖങ്ങളേതുമേയറിയാഞ്ഞു നേരെ
മാവനയോടു വീടനുമാകിയങ്ങനെ പുല്ലിനാശ-
പ്പാടുകൊടേ പശുക്കൾ കിണററിൽ വിണരുളിൻറ
[പോലെ. ഹര
അരചനുമാകിയർത്ഥകളത്രപുത്രരിൽ ബദ്ധനായ് ഞാ-
[2]നജ്ഞതയായുടൻ പിന്നെ[3]യന്നിരാജ്യമതിന്നെ മോഹി-
ച്ചോരുഫലമീൻറി നിവൃത്തിയായനേകദിനം ഘടംപോ-
[4]ലുടലുകൾ ചേർന്നീടിൻറയുടമ്പിൽ [5]മോദിതനായ് മദിച്ചു
ഒരുപൊഴുതും ഭവാനെ നിനച്ചിടാതു മഹാപടക്കോ-
പ്പുടയനുമായ് നടന്നവനീങ്കൽ ദിഗ്വിജയത്തിനായേ
കരുതി മുകുന്ദനെ! വിഷയേഷു ലാലസനാകി നിന്നെ-
ക്കനിവുചെയ്യാതവൎക്കൊരു കാലനാവതു നീയതല്ലോ.
[ഹര

1. 'ബദ്ധരാ', 2. 'നാമ്മത', 3. 'യും സ്വരാജ്യമിതെൻറമദോ',
4. 'ഉപമകൾ', 5. 'മാനിതനായ്' ഗ. പാഠം.

എല്ലയിലാത വമ്പടയോടുകൂടി നിറന്ന സിംഹാ-
സനഗതനാകി ഞാൻ നരദേവനെൻറാരു ഭാവമോടെ
മെല്ലെയിരുൻറിടിൻറവനല്ല ദേഹമതന്തകാലേ
[1]വെൻറിടുമൊൻറിൽ വിഷ്ടിയതാമതിൽപ്പുഴവായിടിൻറു
ഇല്ലയിതിന്നു സംശയമെൻറു വേരുന്നൃപേന്ദ്രനും പോ-
യീടിയ കാമപാശവശേന മൈഥുനമൊൻറുതന്നെ
നല്ല സുഖങ്ങളെൻറിയുറച്ചു മാനിനിമാക്കു നിത്യം
നല്ല കളികൾക്കിയൻറ മൃഗത്തിന്നൊടെതിരാ[2]യ് വരി-
[ൻേറാൻ. ഏ ര
വരമിയലും തപസ്സുകൾചെയ്തു ഭോഗങ്ങളിൻറിയിന്ദ്രൻ
മഹിമലഭിച്ചു[3]രും തവമൂഴിയിങ്കൽ നൃപേന്ദ്രനായേ
പരിചൊടു വന്നു ജാതനമായോരോ വിഷയങ്ങളിൽപ്പോയ്
പായുമ[4]തിന്നതെന്തു സുഖംവരാ പുനരില്ലയേതും
ഒരുവനുമെൻറും സംസ്മൃതിയോടു വേരുപെടുൻറ കാല-
ത്തുടനിയലും നിവൃത്തിവശേന സൽഗുരുനാഥനെക്ക-
ണ്ടരുമറ നാലിനും പൊരുളായ നിങ്കലുറച്ചു മേന്മേ-
ലതിശയമായ ഭക്തി ലഭിച്ചു മുക്തനുമായീടിൻേറാൻ. ഏ ഒ
എങ്കയിനാലെനക്കു ഭവാനനുഗ്രഹമൊൻറുതന്നേ-
യിൻറു മുറിഞ്ഞുപോയിതെനക്കു രാജ്യ(ബന്ധ?)മതായ
[പാശം
നിങ്കലുറച്ചു ഭക്തിസുഖത്തെയെൻറിയെനിക്കു വേണ്ടാ
• നിർമ്മലമായ ശുദ്ധമനസ്സുള്ളോർകൾ മുനീന്ദ്രരെല്ലാം
നിങ്കലുറച്ചു ഭക്തി വരിച്ചീടിൻറതുമൂലമായേ
നിത്യമതായ മോക്ഷസുഖം കൊടുത്തരുളും നിന്നോടെ
[5]താങ്കളുടയ വദ്ധന ചേന്നീടിൻറവരും മരിപ്പാൻ
സജ്ജനരാമവക്കു മനസ്സിൽ വന്നുദിയായിതേതും. ഏ ന്ന
ഏകനുമായി നിർഗ്ഗുണനായ് നിരാമയനായ് നിന്നോടെ
(മൂതിം ക?) മമ ചേന്നിട്ടുംപടി രക്ഷചെയ്യരുൾ ദേവദേവ!
ഭോഗസുഖാനുഭൂതികൾ ചേന്നിട്ടും ഭവസാഗരേ ഞാൻ
പോയുഴലാതവണ്ണം മുനീന്ദ്രരും മറയോരുമെല്ലാം

1. 'ഒന്നുമതാമല്ലാസ്ഥിലമേയ്യമോ പൂർവകിലോതാൻ', 2. 'കിടിൻേറാർ, 3. 'നന്നരരു', 4. 'വന്നിതെ', 5. 'ജനനമൃതീങ്കൽ ബദ്ധത ചേന്നിടാത വരം മ' ന പാഠം.

ആഗമവേദശാസ്ത്രപുരാണകാവ്യമിവററിനെക്കൊ-
ണ്ടാകമഴിഞ്ഞു ഭക്തിയുറച്ചവക്കുടെ മോക്ഷമായ്ത്താൻ
ആകിയ നിൻപദാംബുജമേ ശരൺശരണെൻറു വന്ദി-
ച്ചാനരചന്നതിന്നഖിലേശനും പുനരൊൻറു ചൊന്നാൻ.
[ഹ ൧

അരചരിൽമുമ്പനാകിയ സാവ്ഭൌമ! ഭവാന്മനസ്സി-
ൻറധികവിചാരശക്തികൾകൊണ്ടു കാമങ്ങളോടു വേറായ്
നെറിവഴിയേയെന്നെ ഭജനംചെയ്യിൻറവർ ചിത്തമെങ്ങും
നിൻറുറയായിതല്പസുഖങ്ങൾ തങ്ങിന ഭോഗജാലെ
പരിചിനൊടേകയാലിനി നീ നിന്മാനസമെങ്കലാക്കി-
ബ്ഭാവവശേന പാരിൽ നടന്നിടി[1]ച്ചരയിൻറ ദേഹം
അരചനമായനേകമൃഗങ്ങൾ കൊന്നിതു പണ്ടു നീ താ-
നതിനുള്ള പാശമൊക്കറുവാനമെന്നെ നിനയ്ക്ക മേന്മേൽ.
[ഹ ൨

എങ്കലുറച്ച ഭക്തിവശേന ചിത്തമലിഞ്ഞു നിത്യം
എങ്കഥ കേട്ടുമൻപൊട്ടുരത്തും ഇക്ഷിതിതന്നിൽ നൻറായ്
എങ്ങും നടന്നുകൊണ്ടുപവാസനംചെയ്തു ഭക്തനായേ
ഇട്ടിടവേണമീയുടലും പിന്നെ ദ്വിജനായ് ജനിച്ചേ
എൻകൃപകൊണ്ടെല്ലാവരിലും ദയാവിനൊടങ്ങു ഞാനേ-
യെങ്ങും നിറഞ്ഞീടിൻറതുമിൻറിയേയൊരു ജ്ഞാനമൊടേ
മംഗലമായ മുക്തിപദം ലഭിച്ചീടുമെൻറതെല്ലാം
മന്നനനുഗ്രഹിച്ചിതു ദേവദേവനുമൻറു[2]നൻറായ്. ഹ ൩

ഇതി ഏകപഞ്ചാശോഽധ്യായഃ
സമാപ്തഃ.

## അഥ ദ്വിപഞ്ചാശോഽധ്യായഃ

മന്നവ[3]ർമന്നവൻ മധുസൂദനൻപദതാരിൽ നൻറായ്
മൺമിചെ വീണു വന്ദനചെയ്തുടൻ ഗുഹതന്നിൽനിൻറി-
ട്ടൊൻറലർകാലനേ! നടന്നോരുനാളവനീങ്കലേ മേ-
വിൻെറാരു പശുക്കളോടു മനുഷ്യജാതികൾ വൃക്ഷമെല്ലാം

1. 'ച്ചരയിയന്നയണ്ണ', 2. 'മന്നാ', 3. 'രിൽ മ' ഗ, പാഠം.

അൻറതിദീൎഘമായഥ കണ്ടവൻ കലികാലമിപ്പോ-
ഴാ[1]യിതുമെൻററിഞ്ഞു വടക്കുനോക്കി നടന്നുടമ്പോയ്
ചെൻറഥ ഗന്ധമാദനം മേവിനിൻറു തപസ്സുചെയ്യാൻ
ഷിനം മുതലായവിററെ വിട്ടത്തു ഭക്തനമായി നേരെ. ൫

ഭക്തനമായവൻ മുചുകുന്ദനമ്പൊടു നാരണൻെറ
പരിചിയലും മഹാശ്രമമായിടും വദരീമുദാ പോയ്
തത്ര പുകുന്നു ചിത്തമുറച്ചു കൃഷ്ണനിൽ നിത്യമായേ
തന്മയമായ് നിനച്ചു നിനച്ചു ശാന്തനമാകിയേവം
മുക്തനമായിനാൻ തപസാ മുകുന്ദനനുഗ്രഹത്താൽ
മുഖ്യതയോടുമെൻറു നൃപേന്ദ്രനൊടു മുനീന്ദ്രനമ്പാൽ
ചിത്രമതായ ഭക്തി മുഴുത്തിടും വചനങ്ങളാലെ
തെളിവു വരുംപ്രകാരമുരത്തിതാദരവോടു നൻറായ്. ൬

നരവരനേ! മുകുന്ദനനന്തരം യവനന്നുടൻ തൻ-
നലമിയലും മഹാപടതന്നെ രാമനൊടും തഥാ പോർ
പരിചൊടുചെയ്തു കൊൻറവർ തമ്മുടേയ ധനത്തെയെല്ലാം
പല വൃഷഭം [2]പദാതികൾ ദ്വാരകാമതിൽവച്ചനേകം
[3]വരപൊരുൾ തോളൻ മാഗധവീരൻ വന്ന ട[4]യൊടു നേരേ
വരവര വൻറിടുൻറതുകണ്ടു മാധവന്മാർകൾ നൻറായ്
വിരവൊടു മണ്ടിനാർ പെരുകീടുമദ്ധ്വനമോടു വേറായ്
വിയനൊടു കണ്ടു പിമ്പുതുട[5]ന്നു നന്മഗധേന്ദ്രവീരൻ. ൭

മാഗധവീരനെപ്പടയോടു കണ്ടൊരു ഭീതിയോടേ
മാധവന്മാർ പലായനന്മാരിതെൻറു നിനയ്ക്കുംവണ്ണം
വേഗമന്നേരം മണ്ടി മുകുന്ദനും ബലഭദ്രനും പോയ്
വീരനൃപാധിപാ! മലതന്നിലേറി മറഞ്ഞനേരം
ശാകയിലുള്ള പേടികൾ കൊണ്ടിതന്മലതന്നിലേ പോയ്
തങ്ങിനരെൻററിഞ്ഞു മഹാഗ്നിചുററുമെരിച്ചു ചുട്ടേ
ആകയിതെൻറു മാഗധനും നടന്നിതു രാജധാനീം
അധികം വളൎന്ന മാനസനായ് മഹാപടയോടുമന്നാൾ. ൮

അൻറണിയഞ്ചുമൊൻറുമിയൻറ യോജന പൊങ്ങിമേവി-
ൻറമ്മലതന്നിൽനിൻറവനീങ്കൽ മാധവന്മാർകൾ ചാടി-
ച്ചെൻറു പുകുന്നു ദ്വാരകതന്നിലെങ്ങും മനുഷ്യരാരും
ചെല്ലരുതാതവണ്ണം മഹാസമുദ്രമതൊൻറിനാലേ

1. 'ഗതമെ' 2. 'ത്തിനാൽ ഭേന്മാർ ഗൃഹത്തിടെ വച്ചനേരം', 3. 'ഭരതേ', 4. 'ടന്നേരം', 5. 'ന്നാൻ മ', 6. 'ൻറിരണയ' ഗ. പാഠം.

നൻറി മികും കിടങ്ങുകൊണ്ടു ശോഭിതമാക്കി മേന്മേൽ
നായകമായ സ്വർഗ്ഗസമാനമായൊളിവോടു മേവും
വെൻറി കിളരുന്നോഴും നഗരേ യദുപ്രവരേന്ദ്രരോടും
മേവി മുദാ വസിച്ചിതുമെൻറ[1]റിഞ്ഞരുൾ നീ നൃപേന്ദ്രാ!
[ ൬

അയനുടെ ചൊല്ലിനാലിതമോടു മോദിതമാകിയാന-
ത്താധിപനായ രേവകനും മനോഹരമായ[2]തൻെറ
കയൽമിഴിയാ[3]യ രേവതിതന്നെയങ്ങു വിധിച്ചപോലെ
കരബലമുള്ള രാമനു നൽകി നൽപുനരൻറു നേരേ
നലമൊടു രേവതീയവൾതന്നെ നല്ല മുഹൂർത്തമോടെ
നരവര! രാമനാദരവോടുചെയ്തു വിവാഹം നേരേ
ഇയലൊടു രേവതീമുഖമൊട്ടിലാദരവോടു ചേർന്നി-
ട്ടിതമൊടു പുൽകിനാൻ മനുവീരനെ! നൃപവീരവീര! ന്ന
വീരതചേർന്നിടും ശിശുപാലജാതികൾതമ്മെയെല്ലാം
വീരൊടു പോർക്കളത്തിൽ ജയിച്ചു രുഗ്മിണിതന്നെ ദേവൻ
വീരതയോടു രാക്ഷസരെൻറപോലെ വിവാഹമെല്ലാം
വിസ്മയമൊടു ചെയ്തിതുമെൻറുരത്ത മുനീന്ദ്രനോടെ
നേരുരചെയ്ക വിസ്തരമായെനിക്കിനിയും മുനീന്ദ്രാ!
നിഖിലജഗന്മയൻകഥ കേട്ടു തൃപ്തിവരുന്നില്ലേതും
[4]പരിചിലിയൻറിടാമിനിയും ഭവാനരുൾചെയ്കയെൻറ
പാർമന്നനൻറുരത്തതുകേട്ടു ശ്രീശുകനും മൊഴിന്താൻ. ൭
മുടിമന്നനേ! വിദർഭനൃപേന്ദ്രനായൊരു ഭീഷ്മകന്നായ്
മുഖ്യതയോടുളാകിയ പുത്രരഞ്ചൊരു കന്യയാവും
വടിവുടെ നാമമാമവർതന്നിലഗ്രജനായ രുഗ്മി
വരബലമുള്ള രുഗ്മരഥൻ തഥാ പുനരുഗ്മപാണി
ഉടനൊരു രുഗ്മമാലിയും രുഗ്മകേശനുമത്ര കന്യാ-
വുലകിലതീവ [5]കോമളമായ രുഗ്മിണി വന്നുളായാൾ
മുടിമന്നവാ! രമാവതാരമായവനീങ്കലെങ്ങും
മുഖ്യതചേർന്നിടും ഗുണരൂപശീലഗുണാദിയോടെ. ൮
അനവൾതൻ പിതാവിനുടേ മഹാഭവനത്തിലാമോ-
രാഗതമായീടിൻറ മഹാജനം മധുസൂദനൻെറ
സീമയില്ലാത വീര്യപരാക്രമങ്ങളൈശ്വര്യം ശ്രീ
ആഭിജാത്യമെൻറി[7]വയോരോൻറുരത്തരുളിൻറതെല്ലാം

1. 'റിഞ്ഞിട്ട നീ', 2 'മായകന്ന്യാം', 3. 'മിരേ', 4. 'പാരിൽ പിറന്നിടാത വണ്ണം ഭ', 5, 'സുന്ദരിയായ ന്ദ', 6. 'ന്നതിനോടേ', 7. 'വൊരോ' ഗ, പാഠം,

താമിതമൊട്ട കേട്ട സമാനമാകിയ ഭത്താവാവാൻ
താമിവനെൻറ ചിത്തമുറച്ചു കൃഷ്ണനമപ്രകാരം
മാനിനിതൻ ഗുണാദികൾ കേട്ടെനിക്ക വിവാഹയോഗ്യം
താനിതമാകിവേണ്ടുകിൽ മൻറിലൊൻറിവളെൻററി-
[ന്താൻ. ൻ
അറിവിയലിൻറ ബന്ധുജനങ്ങൾ കൃഷ്ണന ഭാൎയ്യയാവാ-
നവനിയിലിൻറു പാൎത്തീടിലുണ്ട യോഗ്യമിവൾക്കി-
[തെൻറ
അറിവൊട്ട ചൊല്ലിനാർ പുനരപ്രകാരമിതിച്ചു താത-
ന്നഥ ജനനിക്ക മററു മഹാജനത്തിനും മാനസേ താൻ
നെറിയറിയാതുള്ള രുഗ്മി നിവാരണം ചെയ്തിതൊക്കെ നൻറായ്
നിനവൊട്ട ചേദ്യനാമവനങ്ങു രുഗ്മിണിയെക്കൊട്ടപ്പാൻ
ഉറവൊട്ട കല്പനംചെയ്തതൊൻററിഞ്ഞു വരിൻറ ദുഃഖ-
ത്തോടൊരു ബ്രാഹ്മണനൊട്ട ചൊല്ലിനാളിതു രുഗ്മിണി-
[യും. ൧൦
ഇതമൊട്ട വിശ്വസിച്ചുള്ള വാൎത്തയൊക്കെയവങ്കലാക്കി-
ട്ടിതമൊട്ട കൃഷ്ണന്മേവിന ദ്വാരകാമതിൽ വിട്ടനേരം
ചിതമൊട്ട ദ്വാരപാലകന്മാരുടെയനുവാദമോടെ
തെളിവൊട്ട കാഞ്ചനാസനമാമതിങ്കലിരുന്ന ശാൎങ്ഗീം
മധുമഥനന്നെയദ്ദ്വിജനൻറു കണ്ടരുളും ദശായാം
മനമലിവോടിരിപ്പിനിൽനിൻറുടനെഴുന്നേററു ദേവൻ
ചിതമൊടിരുത്തിയൎഘ്യങ്ങൾചെയ്തു സൽകൃതിചെയ്തു മററും
[2]തിചമുകനെത്തെളിഞ്ഞമരാദിമാർ പുനരെൻറപോലെ.
[൧൧
തെളിവൊട്ട പാദശുശ്രൂഷയാദിയായുള്ള കൎമ്മമെല്ലാം
തിറമൊട്ട തത്ര ചെയ്തൊരു ചോദ്യമമ്പൊട്ടചെയ്തു ദേവൻ
അലിവൊട്ട ശാന്ത[3]മായുള്ള കൎമ്മമമ്പൊട്ട ചെയ്തിതുണ്ടോ?
അതുചെയ്തിട്ടും ദ്വിജന്നു മുദാ നമസ്കൃതി ചെയ്തിടിൻറോൻ,
നവസുഖമേയല്ലി! നൃപവീരനാൽ തവ ഭൂമി നൻറായ്
നലമൊട്ടംപാലനംചെയ്തീട്ടും നൃപൻ പ്രിയനാമെനിക്കി-
ൻറഖിവൊട്ട ചൊല്ലുകെന്തൊരു കാൎയ്യത്തിന്നു വന്നിതിപ്പോ-
ഴതുമെവെയും ചെയ്യിൻറിതുമെൻറുരത്തു ദ്വിജേന്ദ്രനോടേ.
[൧൨

1. 'സ്നേഹവും', 2. 'ശേരഥനക്കനിഞ്ഞമരാ', 3. 'നായ് നിജകൎമ്മ' ഗ. പാഠം.

ഉരചെയ്ത രുഗ്മിണീവചനം ദ്വിജൻ സകലേശപാദന്നോ-
ട്ടുലകങ്ങളേഴിലും പെരികീടിനോരു മനോഹരത്വം
തിരുവുരുവായിട്ടും ഭുവനൈകസുന്ദര!, നിന്മാഹാത്മ്യം
തെളിവൊട്ടു കേട്ടെനക്കു മനസ്സു ലജ്ജയിനോട്ടു വേറായ്
പരിചൊട്ടുറച്ചു നിങ്കലതീവ നിന്മഹിമാദി കേട്ടാൽ
പറന്നിടുമംഗതാപമശേഷമത്രയുമല്ല കാണ്മോ-
ക്കൊരുപൊഴുതും മുദാ പുനരൊൻറു കാൺകയിലാഗ്രഹം പോ-
ന്നുടനുറയാ, നിന്മേനിയെയൊൻറുനോക്കിന കണ്ണിണേതും.
[൧൩

കനിവൊട്ടു സൽകുലോത്ഭവമായീടിനെൻറൊരു കന്നിയെൻറും
കമലചരന്നുടേ തുയിരുള്ളിൽ വന്നു തുടങ്ങുംനേരം
നിനവായലാവൊരുത്തനെ നിന്നെയെൻറിയതിന്നുമൂലം
നിറമൊട്ടു[1]ശീലവിദ്യാകുലം വയസ്സു ധനങ്ങൾ കാമം
പുനരുടനവയും തന്നോടൊത്തിട്ടുംപടി കണ്ടുമേററം
പുണ്യതചേർന്നിട്ടും നരലോകസുന്ദരനാകകൊണ്ടും
മനമുറയാ[2]യൊരുത്തനിലാകയാലിതുകാലം ഞാനും
മനസിയുറച്ചതേ പതിയാക്കി നിന്നെയിതെന്റു നൻറായ്.
[൧൪

ആദരവോടെന്മാനസം നിങ്കലർപ്പിതമായിതിപ്പോ-
ഴാക്കുക നീ തഥാ പുനരെന്നെയിൻെറാരു ഭാര്യ[3]യെൻെറ
ചേദിപവീരഭാഗമതായവന്നെയണച്ചിടൊല്ലാ,
ചേർച്ചയിയൻറിടാ മൃഗരാജഭാവങ്ങളെൻറുമുണ്ടോ
നീതിയിനോട്ടടൻ നിരിചെന്റു തൊട്ടിട്ടുമാറു ഭക്ത്യാ
നിയമവ്രതങ്ങൾ പൂർത്തങ്ങൾ ദത്തമിഷ്ടങ്ങൾ ദേവപൂജാം
ആദരവോടനന്തനെയിത്തിയാദികൾ കൊണ്ടുമർച്ചി-
ച്ചാകിൽ മുദാ കരഗ്രഹണം ചെയ്കെന്നെ മുകുന്ദനെൻെറ.
[൧൫

ഇൻറുമിതൊൻററിഞ്ഞിട്ടു നീ വിവാഹമതാംദിനം താ-
നിതമൊട്ടു നാളെയെൻറതറിഞ്ഞതിന്നുമുമ്പേ വിവാഹം
വന്നിഹ കാണ്മതിന്നൊരു കാംക്ഷയോട്ടുടനെൻറപോലെ
വരിക മഹാപെരുമ്പടനായകേന്തിരരും പിന്നാലെ

1. 'വിദ്യശീലഗുണം വയസ്സധന', 2. 'വൈ', 3. 'യായേ' ശ, പാഠം.

ഉണ്ണിയിടായ്ക സ്ത്രീധനം വീയ്യമെൻറതിതൊൻറു തന്നെ
ഒരു ധനമാക്കി മാഗധന്നൊട്ടു ചൈദ്യനുടെ വെലം നീ
മൻറിടനിൻറു നിമ്മഥനംചെയ്യെന്നെ നിശാചരന്മാർ
വടിവൊടു ചെയ്തിടിൻറ വിവാഹമെൻറതുപോൽ ചെ-
[യ്യേണെൻറ. ൧൩

പുതുമ തഴ[1]ത്തെഴും ഭവനത്തിലുള്ളിലിരിക്കമെന്നെ
പുനരെങ്ങനേ ഹരിച്ചീടുമാറു ബന്ധുജനത്തെയെല്ലാം
വധചെയ്തിടാതെയെൻറാരു ശങ്കയൊൻറുമിയൻറിടേണ്ടാ
വട്[2]വൊടിതിന്നുപായവുമുണ്ടു കേട്ടിടതും വിശേഷാൽ
ഇതമൊടു മുമ്പിലേയറികൊണ്ടിന്നിക്ക വ്രതം മഹേശീ-
മിനിയപദാംബുജം തൊഴവാൻ മതില്ക്കുപുറത്തുവന്നി-
ട്ടതിനു വരിൻറ കാലമണഞ്ഞു കൈക്കൊള്ളു തേരുമായ് നീ-
യഖിലഗുണാകര!യതിനുതുമേ പഴുതാക്കൊല്ലായേ. ൧൪

പഴുതുപെടാതവണ്ണം മുനീന്ദ്രരും മറയോരും നിൻെറ
പദതളിരെൻറുമേ ദുരിതോപശാന്തി വരുത്തുവാനായ്
തൊഴുതിടുവാൻ മുഴുത്തുവരിൻറ ഭാതി വരിച്ചിടിൻറാർ
സുഖമൊടിതാകയാൽ മമ നിൻപ്രസാദമിയൻറിടായ്
[കിൽ

കഴലിണ സന്തതം നിനവുററിടിൻറ വ്രതത്തിനോടെ
കളഞ്ഞിടുവെൻ പിരാണനെ; നൂറു ജന്മങ്ങൾകൊണ്ടു
[നിൻെറ

കഴലിണയിൻറിയാദരവില്ല ചൈദ്യനെയെൻറിതെല്ലാം
കനിവൊടു രുഗ്മിണീവചനം ദ്വിജൻ ഹരിയൊടു ചൊ-
[ന്നാൻ. ൧൫

ഇതി ദ്വിപഞ്ചാശോദ്ധ്യായഃ.

---

## അഥ ത്രിപഞ്ചാശോദ്ധ്യായഃ.

അതുകളെല്ലാം വിചാരണചെയ്തു നിൻ നിനവെൻറുചെയ്യേ-
ൻറാദരവോടു വിപ്രനരുത്ത വാക്കുകൾ കേട്ടു കൃഷ്ണൻ
വേഗമൊടൻറവൻകരവും പിടിച്ചു ചിരിച്ചിവണ്ണം
വേറുരചെയ്തവണ്ണമവൾക്കുമെങ്കലതീവ ചിത്തം

---

1. 'ത്തിട്ടും ഉവ' ക. പാഠം, 2. 'വിനൊടുണ്ടുപായമതിനുകൾക്കു വും വി' ഗ. പാഠം.

പാകിയപോലവണ്ണമെനിക്കുമുണ്ടതിലും വിശേഷം
പാക്കില്ലാക്കമില്ലതുമല്ല [1]രുഗ്മിയതെന്നെ ദ്വേഷി-
ച്ചാകതുകൊണ്ടു മാറി വിവാഹമെൻറതു നില്ക്കയെന്മേ-
ലാക്കിയ ചിത്തമുള്ളവളേ പരിഗ്രഹണം ചെയ്യിനേൻറൻ. [൧

എത്തിയെതിർത്തിടിൻറ നൃപാധമർകളെയൊക്കെയോടി-
ച്ചെങ്കല്പുറച്ച മാനസമുള്ള രുഗ്മിണിതന്നെയിപ്പോൾ
അത്തൽവരാതവണ്ണമിതിൻറു കൈക്കൊൾവനെൻറു ചൊല്ലീ-
ട്ടന്തണനോടുംകൂടെ രഥത്തിന്മീതു കരേറി നൻറായ്
തത്തിര[2]ശൈബ്യസുഗ്രീവമേഘപുഷ്പവലാഹകൈഃ യുതർ
താനൊരുമിച്ചതിന്നുടെ മീതു ദാരുകനാൽ നടത്തും
ചിത്തസമാനവേഗമിയൻറതിന്നോടുംകൂടവേ പോയ്-
ച്ചെൻറിതു രാത്രികൊണ്ടു വിദർഭരാജപുരം നൃപേന്ദ്രാ! ൨

വിദർഭനൃപാധിപന്നഥ രുഗ്മിതന്നുടെയിച്ഛയാലെ
വേൽമിഴിയാൾ മനോഹരയായ രുഗ്മിണിതന്നെനൻറായ്
ഇതപ്പെട്ടമാറുടൻ ശിശുപാലനായതുനാൾ കൊടുപ്പാ-
നിതമൊടു കല്പനം ചെയ്തതിന്നുവേണ്ടിന കർമ്മമെല്ലാം
വിദർഭനൃപാധിപൻ തെളിവോടു ചെയ്തു പുരങ്ങളെങ്ങും
വിസ്മയമായ്വരുംപടി[3]യിട്ടു പന്തൽ തഥാ വിതാനം
അതിൽ പവിഴങ്ങൾ മുത്തുകൾ രത്നമെൻറിവകൊണ്ടു മേന്മേ-
ലതിശയമായ പട്ടുകൾകൊണ്ടുമൊക്കെയലങ്കരിച്ചാൻ. ൩

അവിടെയവാന്തരങ്ങൾ ചതുഷ്പഥങ്ങൾ നൃപേന്ദ്രരെല്ലാ-
മഴകിൽ നടന്നിടും വഴിയൊക്കെയെങ്ങുമടിച്ചു നൻറായ്
പനിജലവും തളിച്ചതിലിട്ടു പുഷ്പങ്ങളും വിശേഷാൽ
നലമിലകും കവാടങ്ങൾ തോരണങ്ങൾ പതാക മററും
ശിവകരമായ വരുംപടിയെങ്ങുമേയതുനാൾ ചമച്ചാൻ
ശിവ ശിവ! ദീപധൂപങ്ങളെൻറുപാദികൾ മാലകൊണ്ടും
ഭുവനമഹോ! മഹാസുരലോകമെൻറതുപോലെയൻറാൾ
പരിചൊടു വന്നിതായിതു വാദ്യഘോഷമനേകമനേകം. ൪

അവിടെ മനോഹരാത്ഭമിയൻറ മാനിനിമാർ പുമാന്മാ-
രവരവർ കങ്കണം വള നൂപുരങ്ങളുമംഗുലീയം
നവവടിവീട്ടമംബരം നല്ല മാല്യകൾകൊണ്ടു മേന്മേൽ
നരവരർ മററുമംഗവിലേപനാദികൾകൊണ്ടുമെല്ലാം

---

1. 'രുഗ്മിണിതന്നെ' ക. പാഠം. 2. 'സൈന്യസ', 3. 'തീർത്ഥപ' ഗ. പാഠം.

ശിവകരമായലംകൃതരായീടിൻറ ജനങ്ങളാലും
തെളിവൊടു തിങ്ങിമേവിയ രാജധാനിയെയങ്ങു കണ്ടാൽ
ഭുവനിയിലെങ്ങുമേയതിനൊടു സാമ്യമതാകി നൻറായ്
പുനരില്ല സ്വൎഗ്ഗമീൻറിയതൊൻറു ക്രൂരകിലിൻറിതെൻേറ. [൭

കുറവിയലാത ശോഭ തഴത്ത രുഗ്മിണിയായ കന്യാ
കുടഥ ദന്തശോധനചെയ്തു നീരുമതാടി നൻറായ്
കുറവണയാതയാഭരണങ്ങളംബരമെൻറിവററാൽ
കുരുകുലവീരനെ! യണിഞ്ഞിട്ടിരുന്നരുളിൻറ നേരം
മറയവർ വേദവാചകമായ മന്ത്രങ്ങളെൻറിവററാൽ
വടിവൊടുചെയ്തു ഹോമങ്ങൾകൊണ്ടും മംഗലവാക്കുകൊണ്ടും
തിറമൊടു രക്ഷചെയ്തിതു കന്നിയാവിനനേകനേകം
തിലങ്ങൾ പശുക്കൾ ഹേമമൊടാടയാദികൾ ചെയ്തു ദാനം. [൮

ചെയ്തു വിദഭവീരനൃപൻ മുദാ മറയോൎക്കു മററും
ചേലൊടിയൻറ ദാനം മകൾക്കു നന്മവരുത്തുവാനായ്
ചെയ്തിവ ചേദിപന്നമവ്വണ്ണമേ ശിശുപാലനായേ
ചേൎച്ചവരുംപ്രകാരമിയൻറ കൎമ്മങ്ങൾ വിപ്രരാലും
ചെയ്തവനന്തരം രഥവാജികുഞ്ജരം നല്ല കാലാൾ
സേനകളോടും വാദ്യങ്ങളോടുമിന്ദ്രസമാനമായേ
എയ്തി വിദഭരാജപുരത്തിനൊട്ടണയത്തുമന്നാൾ
ഇനിയ നൃപേന്ദ്രനാലെതിരേററു സൽകൃതിയൊടുകൂടെ. [൯

തന്നൊരുബന്ധുവായ് ശിശുപാലനായവൻ കന്നിയാവെ
താഴ്‌വില്ലയാത വമ്പടയൊടുകൂടി വിവാഹമിപ്പോൾ
മാനമൊടേ ചെയ്യിപ്പിതുമെൻറു മാഗധദന്തവക്ത്രൻ
മാനിതമായ പൌണ്ഡ്രകനും വിദൂരഥനൊടു സാല്വൻ
ആനവർതൻ പടക്കലഹങ്ങളോടു മദിച്ച പക്കാ-
രതുവെ ാഴതംബുജേക്ഷണരായ മാധവന്മാർകളിപ്പോൾ
താമൊരുമിച്ച വമ്പടയോടുകൂടി വരുന്നതാകിൽ
തരമല്ലയെൻറിയററുവിതൊക്കണെഞ്ഞമർചെയ്തു മേന്മേൽ. [൧൦

ഒക്കൊരുമിച്ച മന്നവർ ബന്ധുവായ് ശിശുപാലനായ് വ-
ന്നുളർപുനരെൻറുമംബുജലോചനൻ പുനരേകനായേ
വെക്കമൊടേ നടന്നിതു കന്നിയാവെ ഹരിപ്പതിന്നായ്
വെൻറിയൊടെൻറുമെൻറതുകേട്ടുടൻ ബലഭദ്രരാമൻ

ഷിക്കനെവേ പടക്കലഹങ്ങളൊത്തൊരുമിച്ചുകൂടെ
ഷിനമൊടു പോർപിണഞ്ഞിടുമെൻറു ചിന്തനയൊടു
[നേരെ
പൂക്കിതു കുണ്ഡിനം നൃപവീരനേ! യനുജന്നിൽ മേന്മേൽ
പുനരിയലും ദയാവിനൊടേ സഹായമതായന്നേരം. ൯

അംബുജലോചനൻ മധുസൂദനൻ വരവൊൻറുതന്നെ-
യാദരവൊടു കാംക്ഷചെയ്യിൻറ രുഗ്മിണിയന്തണൻ താൻ
ഇമ്പമൊടേ വരാഞ്ഞതിനെന്തുമൂലമതെൻറുമോത്താം
ഇനിയൊരു മൂൻറുയാമമതായണഞ്ഞു വിവാഹകാലം
അല്പമെനിക്കു ഭാഗ്യമതാകയാലുമെൻവാത്തയെല്ലാ-
മലിവൊടു കൊണ്ടുപോയൊരു ദ്വിജേന്ദ്രനും പുനരിങ്ങുവന്നി-
ല്ലിപ്പൊഴുതല്പമായ ജുഗുപ്സയെന്നിലെ വന്തതോത്താ-
യെന്തുവരാഞ്ഞതെൻററിഞ്ഞില്ല ദേവകിമൈന്തനെൻറ.
[൭൦

എന്തൊരു ദോഷമൊൻറിനൊടും തൊടാത മുകുന്ദനല്ലോ
ഈശ്വരിയായ ഗൌരിയുമെന്തനുഗ്രഹമിൻറിനിക്കായ്
വന്തരുളിൻറിതില്ലയിതെൻറതോ പരമേശ്വരനും
തന്മനതാരിലില്ല ദയാവുമെൻറുവരിൻറിതത്രെ
സന്തതമെൻറു ചിന്തയിനോടു കൃഷ്ണനിൽ മാനസംപോയ്
തന്മയമായുറച്ചതുകൊണ്ടു വന്നൊരു കണ്ണുനീരോ-
ടന്തരമോത്തടക്കിനാൾ കാലയോഗ്യമറിഞ്ഞു മന്നാ!
അപ്പൊഴുതംബുജേക്ഷണയായ രുഗ്മിണിതാൻ വിശേ-
[ഷാൽ. ൭൧

അവളുടെ വാമമാം നയനം ഭുജം പുനരൂരുവെല്ലാ-
മതിശയമായ്[1]ത്തുടിച്ചിതന്നേരമമ്മധുസൂദനൻ താൻ
ഇവിടെ നിലച്ചീടിൻറിതു ഞാനിതെൻറതവൾക്കു ചൊല്ലെ-
ൻറിതമുരചെയ്ത വാത്തകളും പരിഗ്രഹണംചെയ്തമ്പോൾ
അവിടെയണഞ്ഞീടിൻറ ദ്വിജൻ പുരത്തിന[2]കത്തു മേവി-
ൻറവളിതമൊടുകൊണ്ടിയലിൻറ പുഞ്ചിരിയോടുമപ്പോൾ
ഇവിടെ ലഭിച്ചിതായിതു കാൎയ്യമെൻറതുമദ്ദ്വിജൻറെ
ഇനിയ മുഖാംബുജത്തിലിടൻറ കാന്തികൾ[3]കൊണ്ടറി
[ഞ്ഞാൾ. ൭൨

1. 'സ്ഫുരിച്ചു', 2. 'ത്തിടെയുള്ളിൽ മേ', 3. 'കണ്ട' ഗ. പാഠം.

ആനതുകാലമന്തണനന്നണഞ്ഞു നൃപേന്ദ്രകന്യാ-
വാമവളോടു കൃഷ്ണവി[1]ശേഷിതത്തെയുമഗ്രജന്നും
താനമതായണഞ്ഞിതു നിൻ വിവാഹമതിൻറു ചെയ്വാൻ
താമിനിയെൻറതെവ്വയുമൻറു കേട്ടിതമോടന്നേരം
മാനിതമായ പൂജയവന്നു ചെയ്തതിനോത്തിതേത്തും
മാനസതാരിലമ്പൊടു കണ്ടിടാഞ്ഞു മുദാ പ്രണാമം
താനിതമൊടുചെയ്തു മനസ്സു കൃഷ്ണനിലാക്കി മേന്മേൽ
താനതുകാലം മേവിനളബുജാക്ഷി സുഖത്തിനോടേ. ൧൩
അംബുജലോചനൻ മധുസൂദനൻ ബലഭദ്രരാമ-
ന്മാരിവർ വന്നിതൻറു വിവാഹമാമതു കാണ്മതിന്നായ്
അമ്പിനൊടെൻറു കേട്ട നൃപേന്ദ്രനങ്ങെതിരേററു പൂജി-
ച്ചാനുചിതങ്ങളാകിയ സാധനങ്ങളൊരോൻറുകൊണ്ടേ
ഉമ്പർപുരത്തിനോടു സമാനമായൊരു വീട്ടിൽ നൻറാ-
യുടനിരുന്നീടുവാൻ പടയൊടുകൂടെ നിറന്നതിന്നായ്
അമ്പുതഴച്ച മാനസനായഴിഞ്ഞവിടേയ്ക്കു വേണ്ടും
സകലധനത്തെയും പുനരന്നിയററിനൻ മാനവേന്ദ്രാ! ൧൪
മനകുലവീരരായ നൃപേശരാധിപന്മാരനേകം
വകവക വന്നവക്കമണഞ്ഞു യോഗ്യങ്ങൾകണ്ടു മേന്മേൽ
പുനരിതമോടു സൽകരണങ്ങൾചെയ്തു നൃപേന്ദ്രനന്നാൾ
പുനരവിടേ വസിച്ചരുളും മഹാജനമൻറു ചെമ്മേ
കനിവൊടു കൃഷ്ണനാഗതനെൻറു കേട്ടണയത്തെല്ലാരും
കഴൽമുതലായവംഗങ്ങൾ നോക്കിനിൻറു നകന്നു കണ്ണാൽ
കനിവൊടു ചൊല്ലിനാരിവർ കന്യയാവിനു യോഗ്യമായേ
കാണാണമെങ്കിലിമ്മധുസൂദനനൊഴിഞ്ഞില്ലയെൻറാർ.

[൧൫

ആകിലിവൾക്കു വല്ലഭനാകിയിമ്മധുസൂദനൻ വ-
ന്നാകയിതെൻറനുഗ്രഹമീശ്വരാ! തവ ചെയ്കയെൻേറ
മോഹവശേന നിൻറു മഹാജനം പറയും ദശായാം
മുടിമന്നനേ! വിദഭ്നൃപേന്ദ്രരാജനുടെയ കന്യാ
കോകിലവാണിയാമവളലമ്മല്പ്പെണ്ണിൻ നല്ലടിത്താർ
കൂടിവഴിൻേറ ഭക്തിവശേന വീണുവണങ്ങുവാനായ്
നാഗവരന്നുടേ നട വെൻറിടും നടയോടുകൂട-
ന്നാൾ നടന്നാൾ ഭടാദികളാലുമാവൃതമാകി നേരേ. ൧൬

1. 'ചേഷ്ടിത' ഖ. പാഠം.

അരികിലിരുന്നിട്ടും സഖിമാർകൾ മാതൃജനങ്ങളാലി-
ആവൃതമായതിന്നു പുറം ഭടാദികളായുധത്തോ-
ടരചകുലാധിപ! വെടിയും മഹാപടഹങ്ങൾ ശങ്ഖോ-
ടാദികളായ വാദ്യരവത്തിനോടുമനേകമനേകം
പുരവരനാരിമാർ പല കാഴ്ച്ചയോടുമനേകമനേകം
പുനരഥ സൂതമാഗധവാദ്യവാദകർ ഗായകന്മാ-
രരികെ ചുഴന്നിട്ടും ദ്വിജപത്നിമാരിവർ മററും മേന്മേൽ
ആഭരണാദിയാടകൾകൊണ്ടലംകൃതരാകിയന്നാൾ. ൧൭

അന്നു മുകുന്ദപാദസരോജമൊന്റുതന്നേ [1]ചിന്തിച്ചി-
ട്ടംബികതന്നുടേ പദപല്ലവം തൊഴുവാനതിന്നായ്
വെന്റി കിളന്നെഴും ഗണികോത്തമാരുടെ കൈയ്യിൽമേവും
വ്വിരചിതമായ സാധനമംബികാമപി പൂജചെയ്വാൻ
എന്റതിനോടു മന്ദം മന്ദം നടന്നരുളും ദശായാ-
മെന്തൊരു കൌതുകം പുനരിന്നിതെന്റുരചെയ്തുകൂടാ
ചെന്നഖിലേശ്വരീം തൊഴുവാനകത്തുടനേ പുകുന്താൾ
ചെയ്തരുളിന്റ[2]വാചകമാദിയോടൊരു മൌനമായേ. ൧൮

മൌനവ്രതത്തിനോടു മഹേശ്വരന്നോടുകൂടെ ദേവീം
മാനസതാരിലീടിവരിന്റ ഭക്തിവശേന നന്റായ്
താന്നട[3]നേവമദ്ദ്വിജപത്നിമാർ വിധിചെയ്തവണ്ണം
താതതത്തുജന്മാർകളെയും നമസ്തുതിചെയ്തു കൂടെ
താനിതുകാലമെന്നുടെ ഭർത്താവാക മുകുന്ദനിപ്പോൾ
താഴ്വില്ലയാതവണ്ണമതിന്നു നിങ്ങളുടേ പ്രസാദം
ദീനമകന്നു വന്റിട്ടുകെന്റിരന്നഥ ചെയ്തു പൂജാം
ജലമൊടു ഗന്ധപുഷ്പങ്ങൾ ധൂപദീപമിവാദിയാലേ. ൧൯

ആഭരണങ്ങളംബരം മാലയെന്റിവകൊണ്ടു മേന്മേ-
ലാദരവോടു [4]ധൂപങ്ങൾ പായസാദികൾ കണ്ഠസൂത്രം
ദീപിതമായിട്ടുന്നവകൊണ്ടു പൂജകൾ ചെയ്തു നന്റായ്
ദേവിയെയും മഹേശരനെയും നമസ്തുതി[5]യോടു നന്റായ്
ശോഭിതമായണിഞ്ഞിതശേഷപുഷ്പ[6]ങ്ങൾ മൂൎദ്ധ്നികൊണ്ടേ
ശോകമകന്റു ഭക്തിവശേന ദാനങ്ങളും മുദാ ചെ-
യ്തുവഴി സൽക്രിയാദികൾചെയ്തു ചേടികരംപിടിച്ചി-
ട്ടീശ്വരിതൻ ഗൃഹത്തിടെന്നിന്റു നിഷ്ക്രമണം ചെയ്താൾ
[താൻ. ൨൦

1. 'തിനച്ചി', 2. 'യാചമനാദി', 3. 'നമുനേരമ', 4. 'ടധൂപങ്ങൾ', 5. 'ചെയ്തുകൂടെ', 6. 'വും ൠ' ഗ. പാഠം.

ആനരഥങ്ങൾ വാജികളേറി വന്ന നൃപേന്ദ്രന്മാർ മു-
  മ്പായ മഹാജനം മലർമാതുതാൻ പുനരെൻറപോലെ
മാനിത[1]യായ രുഗ്മിണിതന്നുടെ തിരുമേനി കണ്ടു-
  മ്മാനസതാരിലെയ്തിയിട്ടം ഭ്രമാദികളൊട്ടു[2]നേരേ
താനതുകാലം മോഹിതരാകിയായുധജാലമെല്ലാം
  താമും മറന്നു വാഹനംമീതുനിൻറു നിലത്തു വീണ്ണാർ
മാനിനി മന്ദഹാസവശേന നോക്കിന നോക്കുകണ്ടു
  മാനസവും കലഞ്ഞവർ ഗാത്രമിപ്പടിയൻറുകണ്ടേ. ൨൧

ഇരുളും മേഘവും മെലും [3]തന്നുടെ-
  യിതമീടും [4]പുഷ്പങ്ങളുമേററം
വെരുളും കചഭരമുടയ പ്രഭാവം
  വെൻറിയൊടേ കാണുംതോറും പോയ്
ചുരുളുന്നളകം വണ്ടിൻനിരപോൽ
  സുന്ദരമായ ലലാടം കണ്ടേ
തര[5]മിതു പോരായെൻറഞ്ചാംമതി
  താനതിദൂരേ പോയാൻ വാനിൽ. ൨൨

വാധകളുളവാം ചില്ലിയൊടെതിരായ്
  വാണ്ണീടുകിലെൻറംഗജനുടെ വിൽ
ആതുരമാനസനായേ പോയാ-
  നതുപോലേ[6]കഴലിണകണ്ടു ഞാൻ
ഖേദമിയൻറലയാഴി പുകുന്നിതു
  കേവലമക്കരിമീനും മാനും
[7]നീതിയില്ലൻറടവിലേ പോയിതു
  നിതരാം കണ്ണി[8]ണയോടൊപ്പാഞ്ഞേ. ൨൩

ആയതമാകിയ ലോചനമതുക-
  ണ്ടരചന്മാർ കൈലായിതു വാളും
പോയിതു കാന്തി വിഷത്തിനുമേററം
  പോർമന്നവർ മാനസമുരികിൻറു
നീയറി നൃപവീരാ! സരസിജവും
  നിതരാമാഴിയിലേ പോയ്പ്പുകിതു
നായികതൻ നയനത്തിനൊടെതിരായ്
  നാനാജാതിയുമൊത്തരുളാഞ്ഞേ. ൨൪

1, 'മായ', 2. 'ചെമ്മേ', 3. 'കണ്ണൂടെ', 4. 'പിഞ്ഛഭരങ്ങളുമെല്ലാം',
5. 'തെതിർപ്പോ', 6. 'കഴലിണകണ്ടുഞ്ഞാൻ', 7. 'നീതിയല്ലൻറ',
8, 'ടയോ' ന. പാഠം,

ഒപ്പംചൊല്ലരുതെൾക്കുസുമത്തിന-
    [1]ന്നോടിന്നാസികയൊന്നെതിരായേ
അത്ഭുതമാമധരദ്യുതിയോടി-
    ൻറുപമിപ്പാൻ പവിഴം നേരൊപ്പാ
അപ്പടി ചൊല്ലീടാം ബന്ധുകവു-
    മാകയിനാൽപ്പാവൽപ്പഴമതിനുടെ
[2]ശില്പമതാം കുരുവിന്നുടെ പാട നി-
    റംതോൻറും പുനരത്രമിതിനൊപ്പാ. ൨൪

അണി[3]വെൺമുത്തു നിരച്ചതുപോലൊളി-
    വാകിയ ദന്തങ്ങളിലധരദ്യുതി
അണിയിൻറത്തു മന്ദസ്മിതമതുക-
    ണ്ടഞ്ചീടിൻറു നിലാവുമനേകം
ഗുണഗണമീടിയ കണ്ണാടിക്കെതിർ
    കൂടീടിൻറ കപോലം തിരുമുഖ-
മണഞ്ഞതിനികരാം മറുവില്ലായ്കിൽ
    അല്ലായ്കിൽപ്പുനരതുമിതിനൊപ്പാ. ൨൫

ഏറ്റും കണ്ഠത്തിന്നെതിരൊപ്പാ-
    ഞ്ഞീടിയ നാണത്തോടേ ശംഖും
ഖേദിതമായലറിൻറിതുമിൻറും
    കേവലമമ്മുലമൊട്ടിൻതൻറെ
മാധുര്യംകണ്ടംബുജമൊട്ടും
    മാനസഖേദത്തൊടു നദിയിൽപോയ്
ആതുരമാനസരായീടിൻറോ-
    രരചകമാരന്മാരതു കണ്ടേ. ൨൬

അംഗദകങ്കണമംഗുലിയകമിവ-
    യാദിയണിഞ്ഞീടും പാണിക്കെതി-
രെങ്ങുമൊപ്പാഞ്ഞപ്പന്നഗം വിലങ്ങളി-
    ലെയ്തീടിൻറിതു നാണത്തോടെ

1. 'അമൊട്ടും നാസികയോടെതി' ഗ. പാഠം. 2. 'ശില്പമതാകും കുരുവിന്നുടേ നിറംതോൻറും പുനരതുമിതിനോടൊപ്പാ' ക. പാഠം. 3. 'മൻമുള്ള ഗ. പാഠം.

മംഗലമായരയാലിൻപത്രം
    വാടീടിൻറിതുമുദരംകണ്ടേ
എങ്ങും[1] തുടിയിടയാം പട്ടടയോ-
    ടെതിരേതെൻറുമറിഞ്ഞീടേൻ ഞാൻ. ൨൮

ഈടിയ[2]മണികൾ കലന്നതി[3]മങ്ഗല-
    മീടിയ രത്നാദികളൊടുചേൎന്ന
കൂടിയയുടഞാണെൻറതിനോടും
    കൂടെ നിറന്നുടയാടയുമേററം
മാടണിതോളാ! കദളികൾ കരികരം
    മാഴ്കീടിൻറിതു തുടയിണകണ്ടേ
വീടുപുകിന്തിതു[4]ചെപ്പുകളും പോയ്-
    മേന്മവരാഞ്ഞു മുഴങ്കാലോടെ. ൨൯

മേന്മ നമുക്കു കണങ്കാലോടിനി
    മേന്മ വരായെൻറണ്ണിക്കൂ[5]ട്ടി-
ത്തണ്മയുമീൻറിക്കേകികൾകണ്ടവ്യ-
    മായതമാകിയ കാട്ടു പുകുന്താർ
കൂൎമ്മവുമിപ്പുറവടിയൊടു നേരായ്
    കൂടാഞ്ഞോരോ നദികൾപുകുന്തിതു
ചേൎമ്മയുമില്ലയശോകിനരിമ്പിനു
    ചേലോ[6]ടമന്നീടും വിരലോടെ. ൩൦

അംബുജവും കുട ശംഖൊടു ചക്ര-
    മിവാദികളാകിയ രേഖകളൊടു ചേ-
ൎന്നിമ്പമിയൻറിടും പാദാംബുജ-
    മിതമിയലും ചെമ്പഞ്ഞിയൊടെതിരായ്
കംഭികളും മടവാരരയന്നം
    കൂടി നിരൂപണമുണ്ടിന്നടയോ-
ടിമ്പമിയൻറവരുംപടി മേലി[7]വ-
    മെന്തൊരു സൽക്രിയ ചെയ്യതുമെന്റേ. ൩൧

---

1. 'ജഘനമതിൽ പട്ടടയെതിരേതെതൻറുമറിഞ്ഞീടേൻ ഞാൻ', 2. 'നമ', 3. 'ഭകാമള' ഗ. പാഠം. 4. 'കുപ്പികൾ' ക പാഠം. 5. 'റീളുണയു', 6. 'ടിയൻറിടും', 7. 'നീയെ' ഗ. പാഠം.

എന്തതിശോഭിതമാകിയ നൂപുര-
മെൻറിവയാദ്യാഭരണങ്ങത്തോടെ
ചിന്തിനശോഭ തഴത്തതിമന്ദം
ചേർന്നീടും പുഞ്ചിരിയൊടുമേററം
സുന്ദരമായീടിൻറീക്ഷണമൊടു
സുരവരപൂജിതനാകിയ കൃഷ്ണനെ
സന്തതം മനസി നിനച്ചവനിൽപ്പോയ്
തങ്ങീടും നിനവോടു നടന്നാൾ. ൩൫
ആനതുകാലം വാഹനമതിൽനി-
ൻറാഴിമടന്തയൊ[1]ടേയെതിരാകിയ
മാനിനിതന്നെയിവണ്ണംകണ്ടേ
മാനസതാരിലെഴും ഭ്രമമോടെ
താനതുകാലം ഭൂമിയിൽ വീണ്ണാർ
താഴ്വിയലാത മഹാവീരന്മാർ
മാനവനേ!യവളാലേയപഹൃത-
മാകിന മാനസമോടതുകാലം. ൩൬
അതുകാലം ശ്രീകൃഷ്ണൻതൻ മെ-
യ്യതമ്പാടു കാൺമതിനായളകങ്ങടെ-
യിടമായ വാമകരം കൊടുനീക്കീ-
ട്ടീടിന ലജ്ജാഭാവത്തോടേ,
അതുനാൾ മന്നരെ നോക്കിന നേര-
ത്തംബുജനയനൻ തന്നണയക്ക-
ണ്ടതിവേഗത്തൊടു[2]തേർമേലേറ-
മതിന്നവൾ നില്പതുകണ്ടാനമലൻ. ൩൭
അവിടേ ചുററും വിദ്വേഷികളാ-
യവ്വലോകനഗതരായേ നില്ക്കും
ഭൂവനിയിലുള്ള നൃപന്മാർമദ്ധ്യേ
പുണ്യാത്മാ ശ്രീകൃഷ്ണൻതിരുവടി
അവരെയനാദരണം ചെയ്തേററമ-
ഹോ നൃപരാജനുടെ കന്യാവിനെ-
യവിടേ ഗരുഡധ്വജമൊടു ചേർന്നി-
ട്ടഴകിയ തേർമേൽവച്ചു നടന്നാൻ. ൩൮

1. 'നികരാ', 2. 'രഥമതിലേ' ഗ. പാഠം.

നടന്നിതു മന്ദം മന്ദം കേസരി
        നരികളുടേ നടുവേ തൽഭാഗ-
മുടൻ ധരനായ് നടന്നീടുംപോലെ;
        ഉമ്പർപുരാൻ രാമാദികളോടെ
പടന്ന ജരാസന്ധൻമുതലായവർ
        പലരുമവൎക്ക യശഃക്ഷയമാക്കി
നടന്നതുള്ളം പരിഭവമോൎത്തിട്ടു
        നരേ[1]ന്ദ്രാ!വൻറു സഹിച്ചില്ലേതും. ൩൬

അൻറതികോപത്തോടിതു ചൊന്നാൻ
        ഹാ കഷ്ടം! മൃഗരാജവരനുടെ
നൻറിമികും ഭാഗത്തിനെയൊരുനരി
        നൻറായ്ക്കൊണ്ടോയീടുംപോലേ
ഇൻറു നമുക്ക യശഃക്ഷയമാക്കി-
        ട്ടിക്കന്യാരത്നത്തെക്കൈക്കൊ-
ണ്ടിൻറു നടന്നിതുമിഗ്ഗോപന്മാ-
        രെന്തിതിന്മീതില്ലൊരു കുറവെൻറാൻ. ൩൭

ഇതി ത്രിപഞ്ചാശോഽദ്ധ്യായഃ.

---

## അഥ ചതുഷ്ഷഞ്ച്യാശോഽദ്ധ്യായഃ.

എൻറീവണ്ണം മാഗധനാദിക-
        ളീടിന കോപത്തോടു രഥമേറി-
ച്ചെൻറിതു കവചാദികൾ ധരരായേ
        ചെമ്മേ[2]ശരചാപങ്ങളെ നൻറായ്
അൻറു കലച്ചു തളച്ചമർചെയ്യാ-
        നാരംഭിച്ചപ്പടയൊടുകൂടെ
ചെന്നതുനേരത്തംബുജനയനൻ
        ചെകിടുപൊട്ടാത്തിടിയലറുംപോലെ. ൧

അതുനേരത്തു യദുപ്രവരന്മാ-
        [3]രരിവരർ പിൻപുതുടൎന്നതുകണ്ടി-
ട്ടതുകാലത്തവരോടമർചെ[4]യ്യാ-
        നൻറു വളച്ചു തളച്ചിതു വില്ലും

---

1. 'ന്ദ്രന്മാൎക്ക സഹി', 2. 'ചാപശരാദികൾ ന', 3. 'രായീടിൻറവരിതി നേ ക', 4. 'യ്യിതുമെൻറു തിരിച്ചു തളച്ചേ വി' ഗ. പാഠം,

അതുകാലത്തു ശരങ്ങൾ തൊട്ടത്തവ-
 ര[1]തിഭയമാമ്മാറേ വർഷിച്ചിതു-
മതികോപത്തൊട്ട യാദവർ മേന്മേ-
 ലവരുമനേകം കണകൾ പൊഴിന്താർ. ൫

അംബരമാഴിയുമചലം നദികളു-
 മാമിവ കാണരുതാതപ്രകാരം
അമ്പുകളന്യോന്യം വർഷിച്ചാ-
 രധികം മേവിന കോപത്തോടെ
തുമ്പമിയൻറതുകാലം രുഗ്മിണി
 സുന്ദരമാകിയ പതിമുഖകമലം
[2]സംപ്രതി ബാണകദംബം കണ്ടവ-
 ലോകനഗതയായിതു ഭയമോടെ. ൬

ഭയമൊട്ട നോക്കീടിൻറവളോട്ട
 ഭയപ്പെടവേണ്ടായെൻറു ചിരിച്ചേ
നയമൊട്ട മാധവനരുളിച്ചെയ്താൻ
 നാശമതാ[3]യീ ശത്രുബലം കാൺ
വിയനോടന്നേരം കോപത്തൊട്ട
 ബലനൊട്ട ഗദനിവരാദിയതായവർ
ഭുജബലമൊട്ട നാരായമനേകം
 പൊലിവൊട്ട വർഷിച്ചാർ മ[4]ലപോലെ. ൭

വർഷിച്ചീടിന[5]വാണംകൊണ്ടു
 മഹീതലമതിലേ വീണിതനേകം
കുരുതിപ്പുനൽ മാടച്ചതുരംഗം
 ക്രൂടതുകാലം മഹാനൃപവീര!
കുരുതിക്കേളിതു രഥഗജമശ്വം
 കരയേറീട്ടമർചെയ്തിൻറവരുടെ
ശി[6]രമണിമകുടം കണ്ടത്തോടെ
 ചിതറി മുറിഞ്ഞുപതിച്ചീടിൻറു. ൮

1. 'രതിയില്ലാതശരംവ', 2. 'അമ്പുകൾകൊണ്ടവിടെ മറയിൻറതു കണ്ട വലോകനഗതയായ് ഭയമായ്', 3. 'മീശ', 4. 'മഴപോ', 5. 'മസ്ത്രം കൊ', 6. 'മൊട്ട കുണ്ഡലവും മുടിയോടേ ഒത്തഭ്യത്തരെയററു പ'ഗ. പാഠം.

പതിച്ചിതു ചാപശരാദികളോടേ
പാണികളററിളകിൻററസിയോടേ
അതിൽ ചിലതുരുകണങ്കാൽമാവിട-
മററും കഴുതകളൊട്ടകമെല്ലാം
ചിതത്തിനൊടേറിവരും വീരന്മാർ
സേനകളോട്ടു വനങ്ങളിലഗ്നി
മളിച്ചു പിടിച്ചാലെങ്ങനെ വീ[1]ഴും
മരങ്ങളവണ്ണം പല[2]വകയായേ. ൬

പല[3]പല നായകർ സേനകളോടേ
പാരിടെ യാദവവീരന്മാരാൽ
മലകൾസമാനം വീണീടിൻറതു
മാഗധ[4]നാദികളായ നൃപന്മാർ
ഉലകിടെ നിൻറതുകണ്ടു ഗമിച്ചാ-
രുടനേ വിമുഖന്മാരായേററം
കലഞ്ഞുലയിൻറ പരാക്രമവീര്യ-
ഗുണാദികളോടതികശ്മലരായേ. ൭

ആയതുനാൾ ഹൃതദാരനമായതി-
നാലേയഭിമാനക്ഷയമോടേ
പോ[5]യിയലും മുഖകാന്തിയൊടേ[6]റെ-
പ്പൊങ്ങിവരും ഖേദാവേശത്താൽ
നായകനേ! ശിശുപാലനിവണ്ണം
നാണത്തോടിരുന്നീടിൻറവനൊടു
പോയിട്ടുവാനായ് ഖേദമനത്തും
പോർമന്നവര[7]വനോടിതു ചൊന്നാർ. ൮

ഇതുകേട്ടീടുക പുരുഷശ്രേഷ്ഠാ!-
യേതും ഖേദിച്ചീ[8]ടേണ്ടാ നീ
ഇതമോടൊട്ടേ; ദുഃഖമൊരുന്നാ-
ളെൻറുമൊരുത്തനുമൊരുപടി വാരാ,
അതിനെയറിഞ്ഞിട്ടീശചരകല്പന-
യാ[9]മതു തന്നേ വന്നിടുമെവനും
ഇതുകേളിവനൊടു പതിനെഴവട്ട-
മെതിർത്തമർചെയ്തു ജയിച്ചി[10]ല്ലേതും. ൯

1. 'ഴ്‌വിമ', 2. 'വിധമോടേ', 3. 'വക സായകസേ', 4. 'ൻമുതലായു ള്ള ന്ധ', 5. 'യകലും', 6. 'ററം പൊങ്ങി', 7. 'ണഞ്ഞിളിതു', 8. 'ടാണ്ടെൻറ', 9. 'യമു വന്നിടുമെവനുമെന്നാൽ', 10. 'ല്ലിഞ്ഞാൻ' ഗ. പാഠം.

ജയിച്ചേൻ പതിനെട്ടാംദിനമിവനൊടു
ജയമായത്തു മുമ്പൊക്കവെനമതിന്റെ
ജയിച്ചതുനാളൊരു സന്തോഷവുമൊരു
ജയമില്ലാഞ്ഞൊരു ഖേദവുമേതും
ഇയററിനതേവയുമീശ്വരവിധിയെ-
ന്റിതിനെയറിഞ്ഞിയലാഞ്ഞിതെനിക്ക്
ജയിച്ചിതു നമ്മെയിതിന്റെ യദുക്കൾ
ജയിപ്പോമിനിയൊരുനാളമർ നാമും. ൧൦

അമരിൽ ജയിപ്പോമീശ്വരകല്പന-
യായതിയന്നീടുംനാളെന്റെ
സമതകൾചേന്ന വയ(ച?)സ്സുകളാലുല
സാരമതായേ മാഗധവീരൻ
അമിതപരാക്രമനാം ശിശുപാല-
ന്നറിയിച്ചതുകേട്ടണിനഗർ പുക്കാൻ
അമരിൽ തോററ നൃപന്മാർ മററു-
ള്ളവരും നിജനിജഭവനം പുക്കാർ. ൧൧

പുനരതുനേരമിവണ്ണം ചൊന്നാൻ
ഭൂപതിമാർ കേട്ടീടുംവണ്ണം
ചിനമൊടു രുഗ്മി, നിശാചരജാതികൾ
ചെയ്തീടിന്റെ വിവാഹംപോലെ
തനിയെക്കൃഷ്ണൻ ഭഗിനിയെ വേളി
[1]ചെയ്തതുകൊണ്ടുമതിവ പൊറാഞ്ഞേ
ഇനി ഞാൻ കുണ്ഡിനം മേവീടിന്റതു-
മിവനെ[2]ക്കൊന്റിവളെക്കൈക്കൊണ്ടേ ൧൨

കൈക്കൊണ്ടേടിന കോപത്തോടെ
കരയേറീട്ടിതു ചൊന്നാൻ തേർമേൽ
വെക്കം സാരഥിയോടേ തേരിനെ
വെൻറിയൊടംബുജനയനൻനേരെ
ഇക്കാലം വേഗത്താൽ നടത്തുക-
യെതിത്ത്[3]വനോടമർചെയ്തേൻ ഭഗിനിയെ
കൈക്കൊള്ളുമിന്റേറൻ ദുർമ്മദനാകിയ
കൃഷ്ണനുടേ മദമിന്റു കളഞ്ഞേ. ൧൩

1. 'തഥാ ചെയ്തതുകൊണ്ടതു സഹിയാഞ്ഞേ', 2. 'ജയിച്ചിവ', 3. 'മർചെയ്തേൻഭഗിനിയെയിപ്പോൾ' ഗ. പാഠം.

എൻറഖിലേശ്വരനുടയ മഹാത്മ്യ-
മിതേതും ധരിയാതിതിനെയുരത്തി-
ട്ടൻറഖിലേശ്വരനോടൊരു തേർമേ-
ലാരൂഢനമായ് നിൽനില്ലെൻറ
എൻരുരചെയ്തു ധനുസ്സു കുല[1]ച്ചി-
ട്ടെയ്താൻ ശ്രീകൃഷ്ണന്മേൽ മൂൻറ-
മ്പൊൻറിയ കോപത്തോട[2]വനോടേ-
യുരചെയ്താൻ വചനങ്ങളിവണ്ണം. ൧൪

ഇതുകാലം നീ കാകനവിസ്സിനെ-
യെൻറതുപോലെൻഭഗിനിയെയുംകൊ-
ണ്ടിതമായെങ്ങു നടന്നീടിൻറു-
മെതിർനിൻറെന്നോടു പോർചെയ്യായ്കിൽ
ചതിക്രൂടാതമർചെയ്തു മരിച്ചിടു.
തൻറീടല്ലാലെൻഭഗിനിയെയെ-
ൻറതികോപത്തോടവൻവചനം കേ-
ട്ടളവു ചിരിച്ചു തിരിച്ചിതു ദേവൻ. ൧൫

അളവേയവനുടെ വില്ലു മുറിച്ചി-
ട്ടാറുശരങ്ങളവൻ മെയ്മേലും
നലമീടിയ വാഹനമെട്ടമ്പാൽ
നൻറായ് രണ്ടു ശരംതന്നാലേ
തല കണ്ടിച്ചിതു സൂതനെ മൂൻറാൽ
സഹസാ കൊടിമരവും ശ്രീകൃഷ്ണൻ
അളവേ മററുമെടുത്താനൊരുവി-
ല്ലതിനെയുമെയ്തുമുറിച്ചാൻ ദേവൻ. ൧൬

ദേവൻ വില്ലുമുറിച്ചതുനേരം
ദേഷ്യത്തോടും പുനരൊരു ചാപം
കേവലമവിടെയെടുത്തിതു [3]രുഗ്മി
കൃഷ്ണനതിന്നെയുമെയ്തുമുറിച്ചാൻ
മേവിന കോപത്തോടേ പിരഘം
വേലസി ചർമ്മം ശൂലം ക്രൂടം
ദീപിതമാം തോമരമിവ വിട്ടാൻ
നിഖിലേശ്വരനവയെയ്തുമുറിച്ചാൻ. ൧൭

1. 'ച്ചുംധരചാ! ശ്രീ', 2. 'ടുടനെയ്തിട്ടുരചെ' 3. ഗ്മൻ' ഗ. പാഠം.

മുറിച്ചതുനേരം തേർമേൽനിന്റു
　　മുതിന്നവനീലേ ചാടിച്ചിന്നമോ-
ടരുത്തിടുവേൻ തലയെന്റൊരു വാളു-
　　മതായെതിർചെൻറീടി[1]ന്റൊരുനേരം
[2]അരുതവനുടെയസിചർമ്മം തത്ര മ-
　　ഹാശരജാലംകൊണ്ടെയ്തിട്ടും
നുറുക്കിയെടുത്താനഖിലജഗത്പതി
　　നൊടിയുളവേ കരവാളതുനേരം. ൧൭

അതുനാളവനുടെ തല ഖണ്ഡിപ്പാ-
　　നായേ തുനിയിൻറതിനെക്കണ്ടി-
ട്ടതിഖേദത്തോടു ഭർത്താവിന്നുടെ-
　　യടിമലർതന്നിൽ വണങ്ങിച്ചൊന്നാൾ
ഇതുനേരത്തു വധിപ്പതയോഗ്യമി-
　　തെൻഭ്രാതാവിനെയതു ചെയ്യായ്കെ-
ൻറതിതാപത്തോടെൻറിതു രുഗ്മിണി-
　　യഖിലജഗന്മയനാമവനോടെ. ൧൮

അഴിഞ്ഞിതു കേശമുടൻ തൻ കൺപുന-
　　ലൊഴികോഴപ്പെട്ടേററം രുഗ്മിണി
കഴലിണതങ്കലമിണ്ണതുനേരം
　　കരുണാകരനവനെക്കൊല്ലാതെ
ഉഴറിയവൻതലമുടിയൊടു താടിയു-
　　മൊക്കെയൊരമ്പാൽ വപനം ചെയ്താൻ
കഴലൊടു കൈകളിതെല്ലാം നല്ലൊരു
　　കേശയിനാലേ ബന്ധിച്ചരചാ! ൨൦

ബന്ധനമാകി വിരൂപത്തോടെ
　　വീരാ! കണ്ടുഗതപ്രാണനുമായ്
അത്തലൊടേ രുഗ്മിയെ ബലഭദ്രരു-
　　മവിടെക്കണ്ടിയലും കൃപയോടെ
ബന്ധതതീർത്ത[3]രചന്നിതു ചൊന്നാൻ
　　ബന്ധുജനത്തോടിവണ്ണം ചെയ്തതു
യുക്തവുമല്ലവയോഗ്യമിതെന്നറതു-
　　മുടനുരചെയ്തവളോടേ ചൊന്നാൻ. ൨൧

1. 'ടുന്നമനേ', 2. 'മറു', 3. 'നജന്നി' ഗ. പാഠം.

ഇത്ഥമേകം നമ്മോടസൂയ നിനക്കിയ-
ലായ്ക, നിജനിജകർമ്മഫലങ്ങളെ
ഇത്ഥമായേ പ്രാപിപ്പിതു സർവ്വരു-
മില്ല സുഖാദികൾ മററൊരുവന്നാൽ
വധചെയ്യാനൊരു യോഗ്യം ചെമ്മേ
വന്നീടുകിലും ബന്ധുക്കളെയരു-
തിതമില്ലിതു നീ ചെയ്കതു കൃഷ്ണാ!
ചെയ്കിൻറു നിജദോഷമെവന്നും. ൧൧

എന്തജ്ഞതപമിയൻറവരേപ്പോ-
ലീടിൻറു നിൻമാനസം നല്ലതു
വന്നീടുകെൻ ബന്ധുക്കൾക്കെൻറും
വാരായ്കടലാക്കേ ഗുണമെൻറും
സന്തതമിതു ദേഹാഹംഭാവം
തങ്ങിടുമവർകൾക്കീശപരമായാ
വന്തിടുമിതു രിപുബന്ധുവിതെന്നതു
മറെറവന്നൊരു മദ്ധ്യമനെൻറും. ൧൨

എല്ലാവർക്കുമിതൊൻേറയാത്മാ-
വീശപര[1]നായതു മൂഢന്മാരാൽ
വല്ലാതേ പലവായ്ക്കാണിൻറതു
മററു ഘടാകാശാദികൾപോലെ
ഇല്ലാതൊൻറിതുടമ്പിതു ദ്രവ്യ-
ജ്ഞാനഗുണാത്മകമായുമിയൻെറാ-
ൻറല്ലോ മായാലാത്മാവിങ്കലി-
തദ്ധ്യക്ഷനുമായ് സംസൃതിചെയ്യും. ൧൩

ആദിത്യോദയകാലേ സർവ്വരു-
മഖിലമഹാകർമ്മം ചെയ്യിൻറതി-
നാദിത്യൻ കർത്താവും[2] കരുവാ-
യതുമല്ലതുപോലേയാത്മാവും
ബോധത്തോടറി കലകളുള്ളായും
മററെ ലയിക്കുംനാളും ചന്ദ്രൻ
ആദിപ്പൊരുളായ് നില്ക്കിൻറതുപോ-
ലാത്മാവിങ്കലുടമ്പുമിതെൻെറ. ൧൪

1. 'തേയ്', 2. 'കാരയിതാവുമതല്ലതുപോലാത്മാ' ഗ. പാഠം.

ഇതമൊട്ടുറക്കംകൊണ്ടാത്മാവിനെ-
യെങ്ങനെ സുരനരതിര്യ്യാദികളായ്
അതത്തു മഹാവിഷയാദികളുടെ ഫല-
മനുഭവമാ[1]യ്ക്കൊണ്ടീടുംപോലേ
അതുപോലാത്മജ്ഞാനംകൊണ്ടുള-
വായീടിൻറിതു ദുഃഖമിതെവയു-
മതിലുരെക്കളെക്കാത്മജ്ഞാനമ-
തിന്നാലെൻറിതു രാമനരത്താൻ. ൧൬

എൻറിത്ഥം രാമൻവചനംകേ-
ട്ടേറിയ ദുഃ[2]ഖജ്ഞാനമശേഷം
അൻറു കളഞ്ഞിതു രുഗ്മിണി രുഗ്മിയു-
മഭിമാനക്ഷയമാമതിനോടെ
എൻറും കൃഷ്ണനെ വധചെയ്യാതെ
[3]കുൻറിനമതിലൊരുനാളും വാഴേൻ
എൻറൊരു ബുദ്ധ്യാ 'ഭോജകടം' പുന-
രിതമൊട്ടു നിർമ്മിച്ചവിടെപ്പുക്കാൻ. ൧൭

പരമേശോത്തമമണിവണ്ണമെതിരെത്തൊരു
ഭൂപാലന്മാ[4]ർ തമ്മെ ജയിച്ചി-
ട്ടേചാ! ശ്രീമല്പാരകതന്നി-
ലകംപുക്കവിടെ വിധിച്ചതുപോലെ
തരമാമ്മാരെച്ചെയ്തു വിവാഹം
തരസാ യദുപുരിതങ്കലിതെന്നും
പെരുകീടിൻറ മഹോത്സവമുളവായ്
[5]പേർത്തുകാല മുദാ ജനങ്ങൾക്കും. ൧൮

അതുകാലത്തു വിചിത്രതചേർന്നിട്ടു-
മംബരമതിനെക്കൊണ്ടു വിതാനി-
ച്ചവിടേ മുത്തിൻമാലകളാദിക-
ളാലുമണിഞ്ഞതിലെങ്ങും ചെമ്മേ

1. 'യ്കണ്ടീ', 2. 'ഖജ്ഞാനംകൊണ്ടു', 3. 'ഇനി ഞാൻ കുണ്ഡിനമതിൽ മേവിൻറിടല്ലെൻറാ', 4. 'രെജ്ജയമെയ്തിട്ടു', 5. 'പേർത്തുമതല്ലാജ്ജന മേവർക്കും' ന. പാഠം,

പുതുതാകിയ [1]തോരണങ്ങൾ കവാടം
പൂർണ്ണമഹാകുംഭത്തൊടു [2]കൊടിമര-
മതിലേ നല്ലൊരു ധൂപം ദീപ-
മിവാദികൾകൊണ്ടും ശോഭിതമാക്കി. ൨൯

ആയതുകാലത്താഗതരാകിയ-
യദുചന്മാർ കുരുസൃഞ്ജയകേകയ-
രാമവരോടു യദുക്കൾ വിദർഭ-
ന്മാരിവരാദി മഹാനൃപരെല്ലാം
ആയതമാകിയ രാജമഹാമാ-
ർഗ്ഗത്തൂടേ ഗജരഥതുരഗാദിക-
ളായ മഹാസേനകളോടും വ-
ന്നവിടേ സൽകൃതരായ് മോദിച്ചാർ. ൩൦

മോദിതരായേ വിസ്മിതരായാർ
മററു മഹാനൃപവരരും കന്യകൾ
ആദരവോടേ രുഗ്മിണിതന്നെ
ഹരിച്ചപ്രകാരമിതെങ്ങും കേട്ടേ
ചേതസ്സുഖേന മുകുന്ദൻ രമയോടു
ചേന്നു രമിക്കുംപോലേ കൃഷ്ണൻ
നീതിയിനോടു രമിപ്പതുകണ്ടു
നിറഞ്ഞിതു സന്തോഷം[3] സർവ്വക്കും. ൩൧

ക്കുറിനളെന്നേ ശിശുപാലന്നു
കൊടുക്കിൻറുവെൻറതിനെക്കേട്ടേ
നീറിയ മാനസമിൻറു കളത്തീയു
നിർമ്മലനേ! യെൻറാം രുഗ്മിണിയും
ഖേദതുപോലെന്മാനസമവിടെ
വിശേഷമുറക്കമിയൻറില്ലെൻറതു
ക്കുറിനനവളൊടു കൃഷ്ണൻതിരുവടി
ക്കൂടെ മതിൻറു രമിച്ചാ[4]നേററം ൩൨

ഇതി ചതുഷ്പഞ്ചാശോഽദ്ധ്യായഃ.

---

1. 'കൂറകൾ കൊടിമരവും', 2. 'ദൂമിതമായ്', 3. 'ങ്ങളെവക്കും',
4. 'ഒററം' എ പാഠം.

## അഥ പഞ്ചപഞ്ചാശോഽധ്യായഃ

ഏറ്റമിയൻറ മഹാകോപത്തോ-
 ടീശപരനലർചരന്നടെ ദേഹത്തിനെ
നീററിനശേഷമുടമ്പുണ്ടാവാൻ
 നിരുപമയാകിയ രുഗ്മിണിയുടരേ
പോററി മുകുന്ദനുടേ വംശത്തൊട്ടു
 പോന്നു ജനിച്ചു പിതാവിന്നു സമനായ്
മററലർകാലാ! പ്രദ്യുമ്നനുമാ-
 യാനതുകാലമനങ്ങ്ഗനുമൻേറ ൧

അന്നുടനേ ശംബരനിവനെന്നുടെ
 അന്തകനെൻെറ നിനച്ചു നിശായാം
ചെൻെറാരു മായയിനാലേയവനെ
 ചെമ്മേ കൈക്കൊണ്ടാഴിയിൽ നേരേ
അൻറു കളഞ്ഞു ണിനഗരം പുക്കാ-
 നരഹാ! യതുനേരത്തൊരു മത്സ്യം
ചെൻറു വിഴുങ്ങീതമ്മത്സ്യം താൻ
 ചെമ്മേ പിടിപെട്ടിതു വലകൊണ്ടേ. ൨

വലകൊ[1]ണ്ടേ മുക്കോർപിടിപെട്ടിതു
 മത്സ്യം ശംബരനായ്യ കാഴ്ചയെ
നലമൊടു വച്ചാരതു[2]സൂദന്മാർ
 നയമൊടടുക്കിളപുക്കിതമായേ
അലിവൊടു കീറിനർ കത്തികൾകൊണ്ടേ
 മത്സ്യത്തിന്നുദരേയതുനേരം
വിലസിന വാലകനെക്കണ്ടവരതി
 വിസ്മയമോടാദാനംചെയ്താർ. ൩

തന്നുടെ ഭർത്താ ധരണിയിലിന്നും
 തരമൊടു ജനനം ചെയ്യുമിതെൻെറ
ഉന്നിയിരുന്നീടിൻറവൾ ശംബര-
 നുടയവടുക്കിള വാണ്ണുതു[3]ളിൻേറാൾ

1. 'വലകൊണ്ടൊരു മുക്കുവൻ പിടിപെട്ട മത്സ്യം', 2. 'ഭൃത്യന്മാർ', 3. 'കുംനാറം' ഠ, പാഠം,

തന്നുടെ കൈയിലെടുത്തുകൊട്ടത്തവൾ
    ശങ്കിതമാനസനായ്[1] യത്തുകണ്ടി-
ട്ടിന്നപ്രകാരമിതെൻറവിടേവ-
    ന്നവളൊട്ട നാരദമാമുനി ചൊന്നാൻ. ൪

നാരദവചനംകൊണ്ടവളും (താൻ)
    നൻറായ് മേവിന മോഹത്തോടെ
ചാരുതരാകൃതിചേൎന്നർകനെ
    തൻഭത്താവെൻറതിനെയറിഞ്ഞേ
സാരതയോട്ട വളൎത്തീടിൻറാൾ
    സഹസാ [2]കുറഞ്ഞൊരുകാലം കൊണ്ടേ
വീരതരാ! യൌവനയുക്തനുമായ്
    വിസ്മയമാമ്മാറേ സൎവക്കും. ൫

മരവരമന്നൊരു ദേഹത്തോടെ
    മാനിനിമാരുടെ മുമ്പിൽ നടന്നാൻ
ആനതുകാലമവൎക്കു വരും ഭ്രമ-
    മാവതുരത്തീടിൻറതിനാമോ,
വീരതരാ! രതിസുരതാദികളിൽ
    വിചിത്രത ചേൎന്നീടിൻെറാരു ലീലകൾ
ചാരുതരാകൃതി ചേൎന്നവനോട്ട
    തഥാ തുടങ്ങീടിനർ മന്ദം മന്ദം. ൬

ഊടിന ലജ്ജാസഹിതത്തൊട്ട ചേ-
    [3]ൎന്നീതമിയലും പുഞ്ചിരിയൊട്ട ധൃതമായ
കൂടിയ നോക്കും സുരതാവേശം
    കൂടിവരും ലീലാദികളോടെ
മാടണിതോളാ! രതിക്കണ്ട
    മഹാത്മാവെന്തിതു ചൊല്ലമ്മേ! നീ,
നാടിനതെന്നോട്ട കാമിനിഭാവം
    ന്നയമോ മാതൃജനത്തിനിതെന്റേ. ൭

1. 'യാദവാളുള്ള ങ്ങിന്ന', 2. 'ബഹുകാലംകൂടാതെ വീര' 3. 'ൎന്നീടിന പുഞ്ചിരിയോട്ടങ്ങ്ധൃതമായ്' ഖ. പാഠം.

എൻറതിനവള്ളരചെയ്യാളവഴനാ-
ടെന്മകനല്ലറി നീയെൻഭത്താ-
വെൻറുമൂടൻ നാരായണസുതൻ നീ-
യല്ലോ രുഗ്മിണി മാതാവെൻറും
എൻറു പിറന്നിതു നീയതുനേര-
ത്തിതമൊട്ട ശംബരനാഴിയിലിട്ടാൻ
അന്നൊരു മത്സ്യം വിഴുങ്ങീ നിന്നെയു-
മവനു ലഭിച്ചതു കാഴ്ചയുമായ് മീൻ. ൮

കാഴ്ച ലഭിച്ചൊരു മീനിന്നുദരേ
കണ്ടിതെടുത്തിതു നിന്നെയുമെൻറ
വേഴ്ചയൊടറിയിച്ചിതു നിൻമാതാ
വ്യഗ്രതയായ് കരയുന്നോളിന്നു
വീഴ്ച വരാച്ചാനായവനാ[1]യേ
വിദ്യകൾ സത്പാത്മ[2]കമായുള്ളതു-
മാശ്ചര്യംവരുമാറുപദേശി-
ച്ചാളവനായതുകാലമിതരചാ! ൯

അതുകാലം ശംബരനെ വധിപ്പാ-
നായതി കോപത്തോടവൻവിധിയാൽ
അതുനേരം ചെൻറവനെ വിളിച്ചാ-
നധികമധിക്ഷേപാദികളോടെ
ചിതറീടിന കോപത്തോടപ്പോൾ
ചെൻറു ഗദാപാണിയുമായുദ്ധം
നിതരാം ചെയ്തതിനായ് ശംബരനഥ
നിഖിലജഗത്തു നടുങ്ങുംവണ്ണം. ൧൦

വൻപൊടു പ്രദ്യുമ്നനെ ഗദകൊണ്ടു
മഹാബലവാൻ താഡിച്ചൊന്നലറി-
പ്പിന്നൊരു ഗദകൊണ്ടഗ്ഗദതന്നെ-
പ്പീഡിച്ചലറിയടിച്ചാൻ ഗദയാൽ
വമ്പിയലും കാർഷ്ണിയുമതുനേരം
മന്നാ! ശംബരനംബരമാർഗ്ഗേ
തമ്പുകളോടു മറഞ്ഞൊരു മഴനേർ-
സായകമെയ്തീൻ മായയിനാലേ. ൧൧

1. 'ൻമായാം വി', 2. 'ത്മികയായു' ഗ. പാഠം.

എയ്തിതു ഗുഹ്യകഗന്ധർവ്വോരഗ-
തിനിയ നിശാചരവരരുടേ മായാം
എയ്തി മഹാവസുരൻ പലവട്ടവു-
മീടിയ കോപത്തോടു ശരജാലം
എയ്തിതു കാർഷ്ണിയുമൊട്ടൊഴിയാതേ
ഏവയുമൊക്കെ മുറിച്ചാനുടനേ
എയ്തിയ സത്വാത്മികയാം വിദ്യക-
ളെൻറതിനാലേ കുരുകുലതിലകാ! ൧൨

കുരുകുലതിലകാ! കാർഷ്ണിയുമുടനേ
ക്രുടിയ കോപാവേശത്തോടെ
ക്രമത്തിൽ വാളുമെടുത്തതുകൊണ്ടു
കഴുത്തു മുറിച്ചു കിരീടത്തോടേ
വിരവൊടു ഭൂമിയിലിട്ടതുനേരം
വിസ്മയമാംമാറേയമരന്മാർ
പരിചൊടു വർഷിച്ചാർ കുസുമാദികൾ
പങ്കജനയനനുടേ മെമേലേ. ൧൩

പങ്കജ[1]ലോചനനും രതിയാകിയ
ഭാർയ്യാവംബരചാരിണിയാമവൾ
മംഗലമാകിയ ശ്രീമദ്ദ്വാരക
വടിവൊടു പുക്കാ[2]രതിസുഖമോടെ
അങ്ങതുനേരം കൃഷ്ണവധൂജന-
മാകൃതി കൃഷ്ണ[3]നുടെ കണ്ടെതിരായ്
അംഗമവന്നതുകണ്ടു മറഞ്ഞാ[4]
രതിഭയമോടവരോരോ ഭാഗേ. ൧൪

അവധാ[5]രണ ചെയ്തീഷദ്ഭാവ-
മവരെറെക്കൊണ്ടവരവനരികേ ചെ-
ന്നവിടെച്ചുററം മോദിതരായ് ക-
ണ്ടതുനേരം വൈദർഭിയുമുടനേ
ഇവനോടൊത്തിരവും മമ സുതനെ-
ന്നേറവം ചിന്തിച്ചുളവവൾമുലയും
നവമായേ ചുരന്നു വന്നേനിറയ
നൻറായ് പാർത്തീ[6]ടിനേറാൾ പിന്നും. ൧൫

1. 'നയനാ പുനരാകാശേ', 2. 'ൾ ഭർത്താവോടേ', 3. 'ന്നോടെതിരായേ അ'; 4. 'ർ രതി', 5. 'താരം ചെ', 6. 'ടൊന്റെറാൾ' ഗ. പാഠം.

ഇൻറിവനേവളുടേ മകനേവ-
നിവനു പിതാവാകിൻറതുമെൻറം
മൻറിടെയെങ്ങാനും മമ തനയൻ
വടിവൊടു ജീവിച്ചുണ്ടെൻറാകിൽ
ഒൻറഹിയാമവനിവനൊടു തുല്യത-
യുണ്ടായീടും സൂതിഗൃഹമതി-
ലെൻറു പിറന്നിതുമപ്പൊഴുതേ ഞാ-
നെന്മകനെക്കണ്ടില്ലയിതല്ലോ. ൧൩

എല്ലാം ചക്കിരപാണിസമാന-
മിവനുടലും വാക്കസിതം നോക്കും
കല്യാണം ചേർന്നീടിന [1]വൃത്തികൾ
കാണുംതോറുമിതെന്നുടെയുദരേ
മെല്ലേ വന്തു പിറന്നവനായേ
വാരനിവൻ വൻറാടനിറിതുമെ-
ൻറല്ലാം ചിന്തിച്ചിതു പരമാത്മ-
[2]മിതായേനെൻറു നിമിത്തവുമേററം. ൧൪

എൻറിപ്പടി നിരുപിക്കുംനേര-
മിതത്തൊടു ദേവകിസുതനും താതനു-
മൻറവിടേ [3]വന്നിതു ദേവകിയും
അരചാ! കൃഷ്ണനിതെല്ലാം ചെമ്മേ
നൻറിപോററിയിൻേറാനെൻറാലും
നൻറായൊൻറുരിയാടീല്ലേതും
അന്നതുനേരം വന്നിതു നാരദ-
നറിയിച്ചാനുണ്മകളെയിതെല്ലാം. ൧൫

നാരദമുനിയുടെ വചനത്താലേ
നാരായണനാകിയ ശ്രീകൃഷ്ണൻ
വീരനിരാമനുമപ്പൌരിയുമഥ
വേൽമിഴിയാളാകിയ ദേവകിയും

---

1 'ചരിതം'കാ, 2. 'മതാമജനൻമനിമിത്തവു മെൻറാരു', 3. 'ദേവകിയും വന്നിതു മധുരാന്തിങ്കൽ കൃഷ്ണ(ന)നെല്ലാം' ഗ. പാഠം.

മാരവരൻ പ്രദ്യുമ്നനെ രതിയൊട്ട
മാൎവ്വിലണച്ചാശ്ലേഷം ചെയ്യേ
ചാരുതരാകൃതി രുഗ്മിണിതാനും
ചലനമില്ലാതൊരു മാനസരായേ. ൧൯

അതുകാലം മൃതനാകിയ കാൎഷ്ണിയു-
മാഗതനായെൻറതിനെക്കേട്ടി-
ട്ടിതമായീടിന മാനസരായേ-
യേവരുമവിടെ മഹാജനമെല്ലാം
മതിമാനായ മഹാനൃപവീരാ!
മാനിനിമാർ മാതാക്കൾ മനസ്സിലു-
മതിമോഹാദികളവനെക്കണ്ടി-
ട്ടാവിർഭൂതമതായിയിതല്ലോ. ൨൦

ഇതി പഞ്ചപഞ്ചാശോഽദ്ധ്യായഃ.

---

അഥ ഷട്പഞ്ചാശോഽദ്ധ്യായഃ.

ആവിർഭൂതമതാം നിജദോഷ-
മകററുവതിന്നാത്മജയേ കൃഷ്ണന
ദീപിച്ചീടിന സത്രാജിത്തു
ദിനകരസദൃശമതാം മണിയോടെ
ആത്തോക്കെയരപ്പാൻ നൽകിന-
നതിനെക്കേട്ടമ്മുനിവരനോടേ
മേവിയ ഭക്ത്യാ കേട്ടിതതിൻകഥ
വിസ്താരം നൃപവരനതുകാലം. ൧

വരനായീടിന സത്രാജിത്തിന്
വന്ന പ്രകാരവുമെങ്ങനെയിമ്മണി?
കരുമാമുകിൽനിറമുടയവനോടൊരു
കാരണമെന്തേ പാപം ചെയ്യാൻ?
അരുണാംബുജനയനാമവനാത്മജ
യാമവൾതന്നെയുമെങ്ങനെ നൽകീ?
പരമാദരവൊടിതെല്ലാമെന്നോടു
പറകെൻറവ്വളവമ്മുനി ചൊന്നാൻ. ൨

1, 'രമരായെൻറാൻ നൃപനും' ഗ. പാഠം.

ചൊന്നാൻ സത്രാജിത്തിനു സൂര്യൻ
ശോഭിതമായ സ്യമന്തകരത്നം
മന്നാ! സന്തോഷേണ കൊടുത്താൻ
മണിയുമവൻ കണ്ഠത്തിലണിഞ്ഞേ
അൻറാറം വന്നീടൻറവനെക്ക-
ണ്ടാദിത്യോദയമെൻറതുപോലെ
നൻറായി തമൊടു ദ്വാരകമേവും
നാനാജനമതിവിസ്മിതരായാർ. ൩

വിസ്മയമൊടു ശ്രീകൃഷ്ണനു ചൊന്നാർ
വിശേഷം! കാൺ സൂരിയദേവൻ
വിസ്മയമാകിയ തേജസ്സോടേ
വിരവൊടു നിന്തിരുവടിയെക്കാണ്മാൻ
വിസ്മയമാമാറേയണയിൻറിതു
വീരാ! കേട്ടഖിലേശനരത്താൻ
സസ്മിതമോടേ, ഭാനുവിതല്ലറി
സത്രാജിത്താമവനിവനെൻറ. ൪

ഇൻറിസ്സത്രാജിത്തിനു സൂര്യ-
നിതത്തൊടു നൽകിയ മണിതൻ പ്രഭയാൽ
നൻറിയൊടേ ശോഭിക്കിൻറേനന്നു
നാരായണനരുളിച്ചെയ്യുളവേ
ചെൻറസ്സത്രാജിത്തും ഗേഹേ
ചേതോസുഖമൊടു വിപ്രന്മാരാൽ
നൻറി മികും മണി ദേവാലയമതിൽ
നലപീഠോപരി പൂജിപ്പിച്ചാൻ. ൫

പൂജിച്ചീടിന മണിയെവിടത്തിൽ
പൊലിവൊടിരുൻറീടിൻറതുമവിടെ
നിചിതമോടറി ദിനമെട്ടെട്ടു
നിറന്നീടും പൊന്നുണ്ടാം ഭാരം

ദേശമതിങ്കൽ വരാ ദുർഭിക്ഷം
  ദൈവവിരോധം ബാലമൃതാദികൾ
ആചയിനോടരചന്നായ് മണിയെയു-
  മന്നാളംബുജനയനനിരന്നാൻ. ൩

ഇരന്ന മഹാമണി[1]ദ്രവ്യം മോഹി-
  ച്ചുനിയ നൃപന്നും നൽകിയില്ലേതും
ഇരന്നീടും മണിയൊരുന്നാൾ സത്രാ-
  ജിത്തിൻടേയനുജൻ നിജകണ്ഠേ
ചുരന്ന മഹാമോഹത്തൊടു കെട്ടി-
  സ്സുഖമൊടു കുതിരയുമേറി വന[2]ത്തിന്
പരന്ന മൃഗാദികളെക്കൊലചെയ്വാൻ
  പരിചൊടുപോയിതു കുരുകുലതിലകാ! ൪

കുരുകെയണഞ്ഞൊരു സിംഹം ചെമ്മെ
  കൊൻ[3]റുവിഴുങ്ങീതമ്മണിയോടേ
ഗിരികളിലെങ്ങും നടന്നീടുന്നാൾ
  ഗർവ്വോടയൻതനയന്നരിവീരൻ
വിരവൊടു സിംഹത്തിനെയും കൊന്നേറ
  വിസ്മയമാം മണിയും കൈക്കൊണ്ടേ
ഹരിവരവീരൻ പാതാളേ പു-
  ക്കമ്മണി ജാംബവതിക്കു കൊടുത്താൻ. ൫

കൊടുത്തിതു നിജപുത്രിക്കു കളിപ്പാൻ
  കുരുകുലതിലകാ! മണിയരിവീരൻ
അടുത്തുടനേ സത്രാജിത്തനുജനെ-
  യത്തുകാലം കാണാഞ്ഞതിനാലേ
നടുക്കമിയൻറു മഹാദുഃഖത്തൊടു
  നാനാജനമറിയെക്കരഞ്ഞാൻ ബത!
തടുത്തവനെക്കൊൻറമ്മണി കൊണ്ടതു
  മധുസൂദനനെന്നേറവമനേകം. ൬

എൻറതു സർവ്വജനങ്ങളുമവരവ
  രിതു കണ്ണങ്ങളിൽ മന്ത്രംചെയ്താർ
അൻറഖിലേശപരനിങ്ങനെയുണ്ടാ-
  യോരപവാദം പോക്കുമതിന്നായ്

1. 'യത്ഥാംശമാ', 2. 'ഞേഷു ഘ', 3. 'ൻറിവനേപുഷ്കരമമണിയേ' ഗ, പാഠം.

നൻറിയൊടവൻറ പ്രസേനനമവ്വഴി
നലമൊടു പോയ ചുവട്ടിൽവഴിയേ
ചെൻറവനേ സിംഹം കൊൻറതും
സിംഹം മൃതനായതുവും കണ്ടാൻ. ൧൦

കണ്ടൊരു വാനരനാലേ സിംഹം
കാലപുരം പുക്കെൻറുമറിഞ്ഞേ
കൊണ്ടൽ[1]വർണ്ണനവ്വഴിയേ ചെൻറിതു
കുരുകുലതിലകാ! വിമലമതിലകമേ
ഒൻറിതുകാലമതക്കപിവീരനു-
മുണ്മയറിഞ്ഞതിലേ പുവാനായ്
കൊണ്ട മനസ്സൊടു കൂറിനനപ്പോൾ
കൂടെപ്പോയ ജനത്തൊടിവണ്ണം. ൧൧

ഇതിലുണ്ടമ്മണിധരനാം വാനര-
നെൻറാൽ നിങ്ങളുമെല്ലാമിവിടെ
ചിതമൊടു നില്ലുവഹം വിലമതിലേ
ചെൻറീടിൻേറനെൻറരുൾചെയ്തേ
മധുമഥനൻ ചെൻറമ്മണി കണ്ടിതു
മന്നാ! വാലക്രീഡനമായേ
അതുപൊഴുതപ്പൈതൽക്കരികേ ചെ-
ൻറളവഴുത്താളവളതിഭയമോടെ. ൧൨

അതിഭയമോടു കരഞ്ഞി[2]തപൂർവ്വമ
തായൊരു നരനെക്കണ്ടതിനാലേ
ചിതറിന കോപത്തൊടു ജാംബവനഥ
ചെൻറിതു [3]കണ്ടൊരു നരനെൻറോർത്തേ
അതുപൊഴുതീടിയ കോപത്തോടേ-
യഖിലേശപരനവനോടമർചെയ്താൻ
അഥ ബലവാനാകിയ വാനരവര-
നഖിലാത്മാവിവനെൻററിയാതേ. ൧൩

അന്യോന്യം ജയകാംക്ഷിതരായേ
അശനിസമാനമുടൻ മുഷ്ടികളാൽ
മന്നാ! ചെയ്തിതു യുദ്ധമനേകം
മരങ്ങളും മഹാപാറകളിവകൊണ്ടും,

1. 'നിറത്തോന, 2. 'ഉരുമാരുതനാൽ കാണാതവളെനക്ക', 3. 'കേട്ടൊരു, പാഠം.

അന്നാളിരുപത്തേഴദിനം[1] പുന-
　　രതിദാരുണമായേ പോർചെയ്തോർ
എന്നാലവരിരുവക്കുമൊരത്തലി-
　　യൻറില്ലൊട്ടു തളച്ചയുമേ[2]വം. ൧൮

എതിർപിണയും കപിവീരൻെറ ഗാത്രമി-
　　തെങ്ങും പൊടിപെട്ടിതു കൃഷ്ണൻെറ
അതികഠിനംചേൎന്നീടിന മുഷ്ടിക-
　　ളാലേയാലസ്യങ്ങളുമുളവായ്
അതുപൊഴുതുരചെയ്താനറിഞ്ഞേനി-
　　ൻറഖിലാത്മാവാകിയ ശ്രീകേശവ-
നതുതവ സവ്ജ്ഞ[3]നത്തിന്നു കാരണ-
　　മാകിയ മായയ്ക്കും കരണം നീ. ൧൯

കാരണനും നീ കാരിയവും നീ
　　കൎത്താവും നീ താനേയല്ലോ
പൂരണനായ്നിൻറഖിലജഗത്തും
　　പൊലിവൊടു സൃഷ്ട്യാദികളെച്ചെയ്തു
ആരണർകാരണനായ് നിൻറീടി-
　　ൻറഖിലാത്മാവാകിൻറതുവും നീ
നാരായണ! നീ ദശരഥസുതനായ്
　　നാലരുമാകി ജനിച്ചതുവും നീ. ൨൦

ദശരഥസുതനായരിവരരോടേ
　　ദേവിയെയന്വേഷിച്ചലയാഴിയിൽ
നിശിചരർതമ്മെക്കൊൽവാൻ സേതുവെ
　　നിതരാം ബന്ധിച്ചരിവരരാലേ
ദശമുഖനാദിയരക്കരെയെല്ലാം
　　നിമിഷംകൊണ്ടു വധിച്ചീടിൻറാരു
ദശരഥസുതനാമസ്മൽകൎത്താ
　　നിന്തിരുവടിതാനെൻറടിതൊഴുതാൻ. ൨൧

1. 'നങ്ങളെല്ലാരാമിഷമൂലം ശ്രേനന്മാരെതിരെൻറാല', 2. 'ററു',
3. 'ശ ത്തി' ശ. പാഠം.

എൻറിത്ഥം വിജ്ഞാപിതനാകിയൊ-
    രീശ്വരനാകിയ കൃഷ്ണൻതിരുവടി
അൻറവനോടരുളിച്ചെയ്താൻ ഞാ-
    നാഗതനായതുമമ്മണിമൂലം
ഇൻറിതുകാലമെനക്കപരാധ-
    മിയൻറിതിതിന്നെയൊഴിപ്പാനെൻറതു-
മൊൻററിവീരൻ കേട്ടമ്മണിയെയു-
    മുടനേ മകളെയുമവനു കൊടുത്താൻ. ൭൮

കൊടുത്തിതു മണിയെയുമമ്മകളോടേ
    കൂടതുവേണ്ടീട്ടവനുടെ ഗാത്ര-
മെടുത്തുടനേ നിജപാണികളാലേ
    അഭിമർശംചെയ്തിട്ടമലാത്മാ;
നടുക്കമിയൻറിതു കൂടപ്പോയ
    നരന്മാർക്കുള്ളിൽ വിലംപുക്കിട്ടു-
മൊടുക്കമില്ലാതവനെ പോദശദിന-
    മൊരുപടി പാർത്തവിടെക്കാണാഞ്ഞേ. ൭൯

കാണാഞ്ഞുഴന്നിനഗരംപോയ് പുക്കു
    കരഞ്ഞീ വൃത്താന്തങ്ങളുരത്തേ
പൂണാരണിമുലമാർ വസുദേവർ
    പൊറാഞ്ഞിതു കേട്ടേയമ്മയുമെല്ലാം
[1]കാണാ സത്രാജിത്തിനു ശാപം
    കേവലമവിടെച്ചെയ്തും കൃഷ്ണനു
വാണാളുണ്ടാവാൻ ശ്രീദുർഗ്ഗയെ
    മനസാ പൂജിച്ചീടിനർ ചെൻേറ. ൮൦

ഈടിയ ഭക്ത്യാ പരമേശ്വരിയെയു-
    മിനിയ മഹത്ത്വാംതമെമെയുമെല്ലാം
കൂടതുകാലം പൂജിക്കയിനാൽ
    കുറവുപെടാതഖിലേശൻ ചെമ്മേ

1, 'കേണാർസ' ഗ, ൧൦൦൭.

മാടണിതോളാ! മാന്മിഴിയാളാം
മത്തർശിഖാമണി ഭാൎയ്യാവോടെ
കൂടെയുകാലം വന്നിതു മണിയൊടു
കൂടെ മുതൻ വന്നതിനെപ്പോലെ. ൫൫

വന്നു നൃപേന്ദ്രനുടേ സന്നിധിയിൽ മ-
ഹാത്മാ സത്രാജിത്തിനെയവിടെ
നൻനെറിയോടു വിളിച്ചിട്ടമ്മണി
നലമൊടു വന്ന പ്രകാരമിതെല്ലാം
അൻറരുൾചെയ്തു കൊടുത്താൻ മണിയെയു
മവനതിനാണത്തോടേ വാങ്ങീ-
ട്ടൻറണിനഗരം പുക്കിതു പാഴ്മുഖ-
നായനുതാപത്തൊടു നിജദോഷാൽ. ൫൬

നിജനുതാപത്തെയകറ്റാൻ കൃഷ്ണനു
നിതരാം നിരുപണചെയ്തതിനേതും
കശലിനി മററില്ലെന്നുടെ മകളെ-
ക്കുറവുപെടാതെ കൊടുക്കെൻറവം
നിജമനതാരിലുറച്ചമ്മണിയും
നിരുപമയാകിയ പുത്രിയെയും കൃ-
ഷ്ണജനഖിലാത്മാവാകിയ കേശവ-
നാദരവോടു കൊടുത്താനല്ലോ. ൫൭

എല്ലയിലാത്ത ഗുണാദികളൊടു ചേ-
ൎന്നീടിന സത്യഭാമാവിനെയഥ
മെല്ലേയൻറു വാധിച്ചതുപോലേ
വേൽമിഴിയാളെ വിവാഹംചെയ്തേ
കല്യാണാ[1]ത്മാവാകിയ ദേവൻ
കാണിമ്മണി തവ തന്നതു സൂരിയ-
നല്ലോയെൻറാൽ നിങ്കലിതിക്ക-
യിതിൻഫലഭാഗികളാവിതു നാമം. ൫൮

ഇതി ഷട്പഞ്ചാശോഽദ്ധ്യായഃ.

---

1. 'ലയമാലി' ഗ. പാഠം.

## അഥ സപ്തപഞ്ചാശോऽദ്ധ്യായഃ.

നരവരർ മാതാവോടേ പാണ്ഡവർ
നലമൊടരക്കില്ലത്തിനിൽ നിന്റേറ
പരിചൊടു പാതാളേ പോയെന്റരു
പങ്കജനയനനറിഞ്ഞീടുകിലും
അരചകമാരന്മാർ പാണ്ഡവർകള്ളു-
മമ്മയുമനലേ മൃതരെന്റരുകേ-
ട്ടരിനാരായണനും രാമനുമാ-
യമ്പൊടു ചെൻറു കരുക്കുറ്റെങ്കരികേ. ൧

അരചാ! വിദുരരൊടേ ധൃതരാഷ്ട്രരെ
യഥ ഭീഷ്മരെയും ഗാന്ധാരിയെയും
പരിചോടേ ദ്രോണരെയും കണ്ടവർ
പാണ്ഡവർവിഷയം തുല്യതയോടെ
പരിതാപത്തൊടു ദുഃഖിച്ചേററം
പാപമിതെൻറു പറഞ്ഞന്യോന്യം
മരുവീടിൻറാം ശതധന്വാവൊടു
വന്നക്രൂരനരത്തിതിവണ്ണം ൨

എനിക്ക് തരിൻറാണ്ടിപ്പെണ്ണിനെയെ-
ൻറിത്ഥം കല്പിച്ചീടിന പെണ്ണ്
എനിക്ക തരാതേ കൃഷ്ണനു നൽകീ-
തെൻറാലിവനനുജനുടേ പിമ്പേ
ഇനിത്തിറമോടു നടക്കെൻറത നെയ്യു-
മേവം കൃതവർമ്മാവൊടു കൂടെ
മനസ്സുമുറച്ചിവനെക്കൊൻറന്മണ!
വശമാക്കുക നമ്മുടെ കയ്യിലെൻറാൻ. ൩

എൻറതു കേട്ടശ്ശതധന്വാവുമി-
തത്തൊടു സത്രാജിത്തെ നിശായാം
ചെൻറാരു പറയൻ പശുവധ ചെയ്യും[1]
ചെമ്മേ പോലുറങ്ങുന്ന ദശായാം

1. 'ന്നയു' ഗ. പാഠം.

കൊന്റൊരു മണിയും കൈക്കൊണ്ടപ്പോൾ
ക്രീഡെക്കരഞ്ഞീടും മടവാരെയു-
മൊന്റൊരു ബഹുമാനത്തൊടുകൂടാ-
തരചാ! തത്ര നടന്നാനല്ലോ. ൪

എല്ലയില്ലാത്ത മഹാദുഃഖത്തോ-
ടെന്നുടെ താതായെൻറഴുതേററം
അല്ലലൊടേ തൈലദ്രോണ്യാമതി-
ലാക്കി മരിച്ച പിതാവിനെ നേരെ
എല്ലരുമുംപടി സത്തിയഭാമാ-
യിതമൊടു 'ഗജസാ'ഹ്വയമതിലേ ചെ-
ൻറല്ലലിൽ[2]തൊക്കറിയിച്ചാൾ കൃഷ്ണനൊ-
ടഴതവൂകേട്ടച്യുതനമനേകം. ൫

അച്യുതനും ബലഭദ്രരുമതുകേ-
ട്ടതികോപത്തൊടു ശതധന്വാവിനെ
ഇച്ഛയൊടേ വധചെയ്യാൻ സപദേ
യിതമൊടു ഭാര്യയെയാക്കിപ്പോയാൻ
അച്യുതനുടെ ഭാവം ശതധന്വാ-
വറിഞ്ഞുടനേ കൃതവർമ്മാവോടേ
നിശ്ചയമെന്നെ വധിയ്ക്കും കൃഷ്ണൻ
നീ മമ തുണയായെൻറരുൾചെയ്തണം. ൬

എൻറതിനരുചെയ്യാൻ കൃതവർമ്മാ-
വീശ്വരരാമവരോടുപരോധം
എൻറുമൊരുത്തനു ചെയ്യാനാമോ-
യെന്നു ജരാസന്ധൻ പടയോടെ
ചെൻറമർചെയ്തിതു പതിനെഴവട്ടം
ശേഷിച്ചതു താനേയക്കംസനും
മൻറാതെനിൻറുയിരോടേ വേറായ്
മററനുഗന്മാരാമവരോടെ. ൭

അക്രൂരന്നോടും ചെൻറിങ്ങനെ-
യറിയിച്ചതിനവനും ചൊന്നാനിതു
എന്നാലവും നല്ലവരാരീശനൊ-
ടെന്നുപരോധം ചെയ്യതിന്നേരും

1. 'വിക്കേണീടും', 2. 'വൊക്ക' ഗ. പാഠം.

ഉൾക്കാമ്പിൽ ചിന്തിച്ചരുളായ്കിലു-
മൊരുകാലവുമെൻറാൽ മറ നാലിനു-
മുൾക്കാതലുമായ് നിൻറഖിലത്തിനെ
ഉണ്ടാക്കിപ്പാലിപ്പതുമിവനെ. ൮

ഏവനൊരുത്തനൊരു കുടപോലെ-
യിതമൊടെടുപ്പതു ഗോവർദ്ധനമല
പൂവിൽമടന്തമണാളനവനൊടു
പോയുപരോധം ചെയ്‌വതിനാമോ
കേവലമരുതഖിലാത്മാവായൊരു
കേടിയലാതവനാകി നമോനമ്
ആവതുകേട്ടമ്മണി ശതധന്വാ-
വവനു കൊടുത്തതിദൂരെപ്പോയാൻ. ൯

പോയാൻ യോജനനൂറു ഗമിക്കും
പുണ്യതരഞ്ചൊന്നൊരു കുതിരയുമേറി
കായാമ്പൂമേനിയനും ബലനും
കരയേറീട്ടു രഥത്തിന്മേലേ
പോയാരവനുടെ പിമ്പു തുടർന്നേ
പുനരഥ മിഥിലായാമുപവനമതി-
ലായീട്ടുംനേരത്തു പതിച്ചിതു
മശ്വമതും വേറിട്ടു നടന്നാൻ. ൧൦

ആനതുകാലം ശതധന്വാവാ-
മവനുടെ തല ഖണ്ഡിച്ചഖിലേശൻ
താനഥ തൃച്ചക്രംകൊണ്ടുടനേ
സഹസാ മണിയെയുമാരാഞ്ഞപ്പോൾ
മാനവവീരാ! കണ്ടില്ലതിനെയും
മാധവനഗ്രജനോടരുൾചെയ്താൻ
നൂനം പുനരങ്ങെങ്ങാനും മണി
നോക്കുകയിനിയെൻറനുജനു ചൊന്നാൻ. ൧൧

ചൊന്നാൻ നീ പുരം മേവുകയെൻറ
സുഖമൊടു ഞാൻ മിഥിലാധിപവീരനെ
ഇൻറാൾ കാണിൻേറനെൻറുരചെ-
യ്തേറെയെനിക്കവനെ പ്രിയമെൻറും,

മന്നാ! ചൊല്ലി വിദേഹംപുക്കിതു
വന്ന വിദേഹനൃപേന്ദ്രൻ രാമനെ
അന്നാളെതിരേററർഘ്യം പാദ്യ-
മിവാദികളാലധികം പൂജിച്ചാൻ. ൫൨

പൂജിതനായവിടേ ചില മാസം
പൊലിവൊടിരാമനിരുന്നതുകാലം
നേചമൊടേ ദുൎയ്യോധനന്നിതമായ്
നിതരാം ഗദ ശിക്ഷിച്ചിതു ചെമ്മേ;
നാശമതായിതു നിൻപിതൃഹന്താ
നമ്മാൽ മണി കണ്ടില്ലയിതെൻറും
കേശവനരുൾചെയ്തിതു ഭാൎയ്യാവൊടു
കേവലം നഗരേ ചെൻറതു[1]കാലം ൫൩

അതുകാലം ശ്രീകൃഷ്ണൻ പിന്നെയു-
മവളുടെ താതന്റ പരലോകത്തി-
ന്നിതമായ് മേവിന സൽക്ക[2]ൎമ്മങ്ങളെ
യെവയുമവളെക്കൊണ്ടതിശയമായ്
ചിതമായുള്ള സുഹൃത്തുകളോടേ
ചെയ്യിപ്പിച്ചിതു പുനരക്രൂരന-
മതിനാൽ ഭയമൊടു കൃതവൎമ്മാവുമ
തിരുവരുമായതിദൂരെപ്പോയാർ. ൫൪

പൊങ്ങീ ദൈവികവും ഭൗതികവും
പുനരഥ മാനസമായും താപം
എങ്ങും[3] ദ്വാരകയാം പുരി മേവീ-
ട്ടിൻറ ജനത്തി[4]ന്നമങ്ങക്രൂരൻ
തങ്ങിന ഭീത്യാ പോയീട്ടിന നാൾ
സകലമഹാജനമൻറുരചെയ്താർ
എ[5]ങ്ങനെ പോയാനക്രൂരൻ പുന-
രേതുവതേ ദുഃഖത്തിന്നു മൂലം. ൫൫

1. 'നേരം', 2. 'ത്മാദികളവ', 3. 'ശ്രീമദ്ദ്വാരകമേ', 4. 'നടന്നു', 5. 'ങ്ങെപോയക്രൂരൻ നമുക്കിന്റെയ്തുവ' ഗ. പാഠം.

നയമൊടു ചെൻറിനിയും പുനരവനേ
    നലത്തിൽ വരുത്തുകിൽ നന്മയുമുളവാം
വിയനൊടു കാശീശൻ നിജപുത്രിയെ
    വേൾപ്പിച്ചവനെക്കൊണ്ടിതമായേ
ഭയകരമാ[1]യൊരു മഴക്കൂടാഞ്ഞൊരു
    പാപമിയൻറതിനോടും വേറായ്
നിയമിതമാനസനായ് നിജരാജ്യേ
    നിത്യസുഖത്തൊടിരുന്നീടിനേൻറവൻ. ൧൫

എവിടെ വസിപ്പിതവൻ പുനരവിട-
    മിതത്തൊടു സ്വർഗ്ഗസമാനം തന്നെ
ശിവകരമായേ വൻറീടിൻറത്തു
    ത്തീയൊടുകൂടെയിതെൻറിവയെല്ലാം
ഭുവനിയിലുള്ള മഹാവൃദ്ധന്മാർ
    പൊലിവൊടു ചൊല്ലീടിൻെറാരു വാർത്തകൾ
അവയഖിലേശൻ കേട്ടക്രൂരനെ-
    യൻറു വിളിപ്പിച്ചാനിതമായേ. ൧൬

ഇതമായൻറു വിളിപ്പിച്ചവനെ
    യിതത്തൊടു പൂജിച്ചാൻ വന്ദിച്ചി-
ട്ടതിമധുരാദ്യകളീടിയ കഥകളു-
    മരുളിച്ചെയ്തു ചിരിച്ചമലാത്മാ
അതിശോഭാദികളുടയ സ്യമന്തക-
    മാം മണി ശതധന്വാവു ഭവാൻ കയ്യി-
ലിതമായ് തന്നതറിഞ്ഞേൻ മുമ്പേ-
    യിനി മകൾമക്കളുടേതതു പാർത്താൽ. ൧൭

ഒരുവരുടേ വിത്തത്തിന്നെയുടയവ-
    രോക്കുംപോഴതു ഭാര്യാവല്ലാൽ
അരികു പിറന്നവ,രല്ലാൽ പിതൃജന-
    മാമതുമല്ലാൽ ചാർന്നവരല്ലോ
കരുതുക ശിഷ്യരിണങ്ങരല്ലായ്കിൽ
    കാണിവരിവരുടെ ശേഷക്രിയ ചെ-
യ്തോരുമാർഗ്ഗേണ ധനത്തെയടക്കുവ-
    തിന്നുചിതം സ്മൃതിവചനമിവണ്ണം. ൧൮

1, 'യതുമഥ ക്ല' ശ· പാഠം,

ഈവണ്ണം പുനരാകയിന്നാലേ-
യിമ്മണി മകൾമക്കൾക്കിൻറുചിതമി
താവതുമല്ലഗ്രജനും സംശയ-
മാവിർഭൂതമതിമ്മണിമൂലം
കേവലമാകയിന്നാലിതു കാട്ടുക
കേടിയലാതപ്രകാരം നിൻകയ്യിൽ
മേവിയ മണി പുനരെൻറിവരെല്ലാം
വേദാത്മാവവനോടരുൾചെയ്താൻ. ൨൦
അരുളിച്ചെയ്തതു കേട്ടക്രൂരനു-
മാദിത്യ[1]പ്രഭയോടു സമാനം
തരമൊത്തീടും മണിയുടനവിടെ
സഹസാ കാട്ടിന നേരമവൎക്കും
പരമാൎത്ഥം മനസാ കൈവന്നിതു
പങ്കജനയനനതമ്മണി യവനായ്
പരിചോടേ ദാനംചെയ്താനതു
പാരാതെയതുകാലമിതരചാ! ൨൧
അരചാ! യഖിലജഗത്തിനു കാരണ-
നാകിയ കൃഷ്ണകഥാമിയ നൻറായ്
ഉരചെയ്യും മനസാ ചിന്തിച്ചി-
ട്ടുടനേ കേട്ടീടിൻറവരെല്ലാം
പരിതാപം തീൎത്തംബുജനയനൻ-
പദതളിർതന്നിലെഴും ഭക്ത്യാ പോ-
യനുമാമറയിൻ മുടിയിൽ വിളങ്ങു-
മനന്തനൊടൊൻറായ് [2]മേവുവർ ചെൻേറ.
൨൨

ഇതി സപ്തപഞ്ചാശോഽദ്ധ്യായഃ.

---

## അഥ അഷ്ടപഞ്ചാശോഽദ്ധ്യായഃ.

ചെൻറിതു സാത്യക്യാദികളോടേ
ശ്രീകൃഷ്ണൻ പാണ്ഡവരെക്കാണ്മാൻ
നൻറി മികത്തിന്ദ്രപ്രസ്ഥത്തിനു
നലമൊടു ചെൻറണയിൻറതു കണ്ടേ

1. 'ത്ത്യോദയമതിനു സ', 2. 'വരുമവർ' ഗ. പാഠം.

അന്റെറഴുന്നേററുടനേ പാൎത്ഥന്മാ-
രച്യുതനെ പരിരംഭണംചെയ്തി-
ട്ടൻറതിമോദിതരായേ മാവി-
ലണച്ചതിനാൽ ദുരിതത്തൊട്ടു വേറായ്. ൫

അണയച്ചെൻറു യുധിഷ്ഠിരൎതന്നെയു-
മന്നിലാത്മജനെയും വന്ദിച്ചമലൻ
അണയെയവണ്ണം പുരുഷോത്തമനെയു-
മശചിന്നിസുതർ കൃഷ്ണനുമജ്ജുനനും
അണഞ്ഞാശ്ലേഷംചെയ്തിതു കൃഷ്ണയു-
മഭിവാദ്യംചെയ്താളഖിലേശനെ
അണഞ്ഞു ശനൈൎവ്രീളാഭാവത്തോ-
ടംബുജലോചനയായവളന്നാൾ. ൬

അന്നുപൊഴുതേ സാത്യകി മുതലായു-
ള്ളവരും പാണ്ഡവരാൽ വന്ദിതരായ്
ഉത്തമൊട്ടു പൂജിതരായേ നിൻറീ-
ടിന നേരത്തക്കുന്തിയുമുടനേ
മതിവദനൻ ശ്രീകൃഷ്ണന്നാലേ
വടിവൊട്ടു വന്ദിതയായാശ്ലേഷം
അന്നുപൊഴുതേ പെയ്തശ്രുജലംകൊ-
ണ്ടച്യുതനഭിഷേകം കൃതമായാൾ. ൭

കൃതമായ് ക്ക[1]ചലവിചാരാ നൻറായ്
കേണ്ണോരോ ക്ലേശാദികൾ ചിന്തി-
ച്ചുയുനേരാ പൃഥയും ശ്രീകൃഷ്ണനൊ-
ടംബുജനയനാ!വക്രൂരനെ നീ
നിതരാമെങ്ങളുടേ ദുഃഖാദികൾ
നിഖിലവുമറിവാനെൻറു വിധിച്ചതു-
മതുകൊണ്ടേ താൻ വന്നിതുമെങ്ങൾ-
ക്കാശ്രയം നീയൊഴിഞ്ഞില്ലയിതെൻറും. ൮

ന്നൻറും നിനക്കൊരുവൻ പ്രിയനായതു-
മില്ലയിതപ്രിയനായെൻറാലും
നൻറിയൊടേ നിജഭക്തന്മാൎകളെ
നന്നായ് പരിപാലിപ്പായല്ലോ

1. ‘ശല’ ഗ, പാഠം.

എൻറതുനേരം ധമ്മതന്തുജന-
        മിതരമോടു ചൊന്നാനെന്തൊരു സുകൃതം
നൻറിയോടേ കൃതമായതു നിൻമെയ്
        നലമൊടു ദർശിച്ചീടുമതിന്നായ്. ൩

അറിവായഖിലജഗത്തിനു കാരണ-
        നായെല്ലിവാകിയ നിന്നെക്കാണ്മാൻ
നെറിയേ മാമുനിമാക്കമരിപ്പം
        നി[1]തരാമെൻറിളുരന്തരചനമായ്
ഉറവോടവിടെ വസിച്ചിതു ചിലനാ-
        ളുടനേ ഹസ്തിനപുരം മരുവീടി-
ൻററിവീടിൻറവരുള്ളിൽ ദിനംപ്രതി-
        യാനന്ദത്തെ വളത്തമലാത്മാ. ൪

ആനന്തുകാലം പാത്ഥൻ തേർമേ-
        ലമ്പൊടു ചാപശരാദികൾ ധരനായ
മാനിതനാം ശ്രീകൃഷ്ണനുമായേ
        വനമതിൽ നായാ[2]ട്ടിനു പോയൊരുനാൾ
താനവിടേ ചെൻറിട്ടു വധിച്ചിതു
        തരമൊടു സിംഹം വ്യാഘ്രമൊടേണം
മാനവനേ! [3]മാനെട്ടട|മാനും
        വാൾപ്പുലി മറവുമനേകമനേകം. ൫

അനേകം കൊന്നു മൃഗങ്ങളെ [4]നരവര-
        നവിടേ പവ്ം ദിനമാഗതമായ്
തനിയേ വന്നതുകാലം കിങ്കരർ
        തങ്ങളെടുത്തവിടെ ക്കൊടുവെത്താർ
മനമൊടുലഞ്ഞു കിരീടിയുമുടനേ
        മന്നാ! ദാഹത്തൊടു കൃഷ്ണനുമായ്
കനിവോടേ ജലപാനംചെയ്യാൻ
        കണ്ടിതു യമുനാനദി തന്നരികേ. ൬

നദിയരികേ ചെന്നാചമനാദികൾ
        നൻറായ്ച്ചെയ്തു ജലപാനത്തിനെ
അതുനേരം മലർമാതിനു നേരൊളി-
        വാകിയ കന്യാരത്നം ചെമ്മേ

1. 'യതവൃതെ', 2. 'ടുമതിന്നാസ്', 3. 'കലമെട്ട', 4. 'നൃപവ' ന.പാഠം.

മതി[1]നേരാനനകാന്തികലന്ന
മനോഹരമായവിടേ നടന്നീട്ട-
ന്നതനെക്കണ്ടമലനുടെ വിധിയാ-
ലജ്ജുനനവളുടെയരികേ ചെൻറാൻ. ൯

അരികേ ചെന്നവളോടു കിരീടിയു-
മാരിതു നീ നിൻ നിന്നവെന്തെൻറും
ഉരചെയ്തരുളും വന്നീടും ദേശവു-
മൊരു ഭർത്താവിന്നെയാഗ്രഹമായേ
കരുതീടിൻറിതുമെൻേറ തോൻറും
കാർപഴിചെയ്തീടുംകുഴലാളേ!
വിരവോടേയറിയിക്കെൻേറവം
വേൽമിഴിയാളും കേട്ടു[2]ടനരുളംചെയ്താൾ. ൧൦

ഉരചെയ്യാമാദിത്യന്ന മകളാ-
യുള്ളവളും കാളിന്ദിയെൻറിത്ഥം
കരുതീടുക പേർ നാരായണനൊരു
കണവനമാകയിലാഗ്രഹമോടേ
പെരുകീടിൻറ തപസ്സിനൊടിവിടെ
പേർത്തഖിലേശ്വരനെക്കാണ്മോളം
മരുവീടിൻറതിനായേ താതൻ
വശമാക്കിത്തന്നാൻ വീടറി നീ. ൧൧

ആകയിനാലിന്നടിയരികേ ഞാ-
നംബുജലോചനനെക്കാണ്മോളം
മോകമൊടേ മേവുൻറനെൻറു
മു[3]തിന്നുടനവളുരചെയ്തവയെല്ലാം
വേഗമൊടേയറിയിച്ചാൻ കൃഷ്ണന
വിജയനമതിനെക്കേട്ടഖിലേശൻ
കാർകുഴലാളെ ര[4]ഥത്തേൽവച്ചുയു-
ക്കാലം ധർമ്മസുതന്നരികായാർ. ൧൨

അക്കാലം പാർത്ഥന്മാർക്കച്യുത-
നാജ്ഞയിനാലമരാവതിയോട-
ഞെതിരായീടിന നഗരമനന്തര-
മിതമൊടു വിശ്വകർമ്മാവിന്നാലേ

1. 'തിര', 2. 'ട്ടിട്ടരുളചെയ്താ', 3. 'ഹർമ്മഹരവ', 4. 'ധോപരിവ' ന. പാഠം.

164316
032:1J30:4
G8.2



പുതുതായുണ്ടാക്കിച്ചെയ്തവിടേ
ബുദ്ധിസുഖം വരുവാൻ പുനരവിടേ
ഉത്തമായ് കൃഷ്ണനിരുന്നിതു മേന്മേൽ
ഉത്തമവർകൾക്കു വരുംവഴിയരചാ! ൧൩

അനലനന്നാരേടമെന്നിക്കു ഭക്ഷിപ്പാ-
നറവേയെങ്ങും മീതഴിയാതേ
കനിവൊടിരുന്നീടിൻറതുകാലം
കാണ്ഡവ[1]ദാഹം ചെയ്വാനായേ
പുനരൊരു ശരകൂടം ചെയ്തീടിയ
പുരുഷശിഖാമണിയായ കിരീടി-
ക്കിനിയൊരു സാരഥിയായവനുടനേ-
യീശ്വരന[2]മരകൾപതി പരമാത്മാ. ൧൪

പരമാദരവൊടു പാവകദേവൻ
ഭക്ഷിച്ചവിടെ വനത്തെയശേഷം
പെരുകീടിന സുഖമെയ്തി[3]യിരുന്നാൻ
പിമ്പജ്ജ്ജുനനു കൊടുത്താനമലൻ
ഒരു ഗാണ്ഡീവവുമസ്ത്ര[4]മൊരിക്ക-
ലൊടുങ്ങീടാതൊരു തൂണിയുമശ്വവു-
മരചാ! രഥമായുധജാലം കൊ-
ണ്ടാപത്തീൻറിയ കവചവുമെല്ലാം. ൧൫

എല്ലയിലാത ഭയത്തിനിൽ നിൻേറ-
യിതമൊടു വിജയനിരക്ഷിക്കയിനാൽ
നല്ലൊരു സഭ നിർമ്മിച്ചുകൊടുത്താൻ
നയമൊടു മയനാശ്ചര്യ[5]ത്തോടെ
വല്ലവരും മാററാരവർകൾക്കു
വരുൻറ ജലസ്ഥലമായ ഭ്രമാദികൾ
അല്ലൽവരുംപടിയതുമസ്ഥലമതി-
ലരചാ! ദുര്യോധനനുണ്ടായി. ൧൬

ഉടനേ ബന്ധുജനത്തോടെല്ലാ-
മൊരു സുഖമാംമാറനുവാദംകൊ-
ണ്ടടിയർക്കരുവിന തീർത്തരുളിൻറവ-
നരചാ! സാത്യക്യാദികളോടേ

1. 'ഖനനജ ഫേനംചെയ്വാൻ', 2. 'മർക്കരപ', 3. 'തന്നെക്', 4. 'വുമസ്ത്രമോട്', 5. 'മരയേ' ൽ. പാഠം.

DEPARTMENTAL LIBRARY
12 NOV 1954
UNIVERSITY OF MADRAS

വട|വീട്ടും ദ്വാരകപുക്കിതമായ്
    വരവർണ്ണിനിയാകിയ കാളിന്ദിയെ
അതവൊട്ടു പാണി|ഗ്രഹണം ചെയ്തേ-
    യവളൊട്ടുകൂടെ രമിച്ചാനന്റേറ. ൰൭

അൻറവന്തിരാജനയേ വിന്ദനമവിന്ദനും
    നൻറിയോട്ടുടപ്പിറന്ന മിത്രവിന്ദയാമവൾ
മൻറിലെങ്ങുമൊച്ചപെററ മാധവന്നിലാഗ്രഹം
    ചെൻറു ചെൻറുറച്ചിട്ടുൻറു ചിന്തയോട്ടു രാജനേ! ൰൮

രാജാധിദേവിമകൾ രാജീവലോചനാ
    രാജേന്ദ്ര!വച്യുതനിൽ രാഗം മുഴുത്തുപോയ
ആശാം സുയോധനനണച്ചീട്ടുവാനവളെ
    ആശിസ്സിനോടവന്ത|രാജേന്ദ്രൻ തൻറിനവ്. ൰൯

വടിവെഴുംപ്രകാരമേ മനോഹരേണ മന്നവാ!
    വെടികൾ ശംഖഭേരിയും വിതാനമെൻറിവററിനാൽ
ഇടതൂടന്നിട്ടുംപ്രകാരമേയിതംപെറും ഗൃഹം
    ഉടനുടൻ സ്വയംവരത്തിനൊത്തുവൻറിതേവരും. ൨൦

ഒത്തു വീരരായ മന്നരൊക്കെ നോക്കിനില്ക്കവേ
    തത്ര താതനു[1]ള്ളവൾക്കുടപ്പിറന്ന പുത്രിയെ
ചിത്രമായ തേരിൽവച്ച സിംഹമദ്ധ്യ|വങ്ങൾ ത-
    ന്മ[2]ദ്ധ്യയേ നടന്നപോലെ മാധവൻ പോയ് മന്നവ!.
[൨൧

മന്നവാ! ഗൃഹംപുകന്തു മാധവൻ വിധിച്ചപോൽ
    അന്നു ചെയ്തുടൻ വിവാഹമാദരേണ ചേൻറുടൻ
മിന്നിടേയിനാളെയൻറ [3]വേർവിടാതനാളിലും
    നൻനെറിയിനോട്ടു നിത്യനായകൻ പുണ[4]ർന്നുടൻ.
[൨൨

1. 'ള്ളുടപ്പിറന്നവർക്ക പു', 2. 'ത്തിയേ', 3. 'വേൾമിഴിയിനാളെയ ന്നൻനെ', 4. 'ന്നുനൻ ഗ. പാഠം.

നായകാ! വയോദ്ധ്യതന്നിൽ നഗ്നജിത്തതാം നൃപ-
ന്നായതാക്ഷിയാം മനോഹരാംഗമോട് സത്യയായ്
[1]നാമമോട്ട ശീലമംഗസൌഷ്ഠവങ്ങളോട്ട നൽ-
ത്തുയകാന്തിയോട്ട വന്ന തുമയോട്ടുമായിനാൾ. ൫൩

തുമചേന്നവേഴകാള തീക്ഷ്ണമായ ശൃംഗമോട്ട-
മായിവെററ വെൽവരിൻറിവർക്കു ഭത്താവെൻറല്ലാം
പോർ[2]മദിച്ച മന്നർകേട്ട പോർപിണഞ്ഞു കാളയോട്ട
പാർമന്നാ! മരിച്ചുവീണു പാരിലങ്ങനേകനേകം ൫൪

ഏകനായനേകനായിയെങ്ങുമൊക്കെ നിൻറവൻ
വേഗമോട്ട ചെന്നനെൻ വിരഞ്ഞു കേട്ടിതേവയും
നാഗശായി നായകൻ നരേന്ദ്ര! സൈന്യമോട്ടടൻ
നാഗലോകസാമ്യമായ നഗ്നജിത്തിൻവീട്ടിലേ. ൫൫

വീട്ടിൽവന്ന കേശവനെ വേഴ്ചയോടെ ചെൻറണഞ്ഞ
വാട്ടമിൻറിയുള്ള പൂജ മംഗലേന [3]ചെയ്തടൻ
കൂട്ടമോട്ട കൂടിയൻറു ഗോവിന്ദനും മന്നവാ!
[4]സൌഷ്ഠമായിരുന്നിതൻറു സൽകൃതന്മമാകിയേ. ൫൬

എൻറനേരമേ നൃപന്നിതംപെറുൻറ കന്നിയാ-
വൻറു കേശവന്നു[5]ടമ്പെയൻറു നോക്കമവ്വഴിയേ
ചെൻറു മാരവീരന[6]ഞ്ചു ചീർമചേർചരം മനസ്സിൽ
വെൻറിയോട്ട പൂക്കിതങ്ങു വേൽമിഴിയിനാൾക്കതേ.
[൫൭

ആക്കമോട്ട സൽക്കർമ്മങ്ങളാദരേണ ചെയ്തടൻ
നീക്കമിൻറിയെങ്കിലിങ്ങു നിർമ്മലാ! ദയാപരാ!
മാഗ്ഗമായനുഗ്രഹിക്ക മാധവാ! നിനക്കിതിൻറു
ഭാഗ്യമോട്ട വേൾപ്പതിന്നു പാഴ് വരാതവണ്ണമേ. ൫൮

മേദിനീയിലേവനിൻറു [7]വേദമൂത്തിയായിയെങ്ങും
ബോധരൂപനാം നിനക്കു പൂജ ചെയ്തിടാൻറതും

1. 'ധാമ', 2. 'മികച്ച', 3. 'ചെയ്തവൻ', 4 'ഉന്മേഷമേറിന', 5. 'ലേവിൽ', 6. 'ഞെന്നു', 7. 'ദേവ' ഗ. പാഠം.

ആദരേണയാകയാലിതല്ല[1]ബോധമായ നാ-
മേതുവേണ്ടുമെൻറു ചൊല്ലുകെൻറിയമ്പിനാൻ നൃപൻ. [൨൯

നൃപനടെ വാത്തകേട്ടു നിമ്മലനിയമ്പിനാൻ
നൃപവരാ നിൻ ബാന്ധവത്തെ നിത്യമാകവേണ്ടി ഞാൻ
ഭുവനിമേലിതംപെറും നിൻ പുത്രിയെയപേക്ഷയാ-
യിവിടെവന്നു തന്നിട്ടയിന്നിനിയിനിക്കെൻറാൻ. ൩൦

എൻറതിന്നു മന്നവനിയമ്പിനാനവന്നൊട്ട്
ഇൻറിതംപെറുന്ന കന്നിയാവിനിന്നു നാഥനായ്
മന്നിൽ വേണ്ടിൽ നിന്നോളോം മാഹാത്മ്യമുള്ള തേവനാ-
ണെൻറുമിന്ദിരയ്ക്കുമിമ്പമാട്ടം നാഥൻ നീയല്ലോ. ൩൧

എങ്കിലുമിങ്ങിനിക്കു മുമ്പിയൻറിടിൻറ സത്യമാ-
ൻെറങ്കമുള്ള വീരർവീര്യമേവരേയും പരീക്ഷയായ്
ഇങ്കിതേഴകാളയുമിതത്തോടു ജയിപ്പവൻ
മങ്കതൻമണാളനെൻറു മൻറിലെൻറു നിർണ്ണയം. ൩൨

എൻറി വാത്ത കേട്ടനേരമെങ്കുമുള്ള വീരർ വന്നു
മൻറിടേ മരിച്ചു[2]പോയ് മഹാപരാക്രമത്തൊടേ
നിൻറവേഴകാളയോടു നിൻെറതിത്തു ഭിന്നരായ്
ഇൻറു നീയും വെൽകിലിങ്ങിവൾക്കു ഭത്താവായിതേ. [൩൩

ദേവനെൻറു കേട്ടിതേഴുമോഹമായ് ചമഞ്ഞുടൻ
കോപമുള്ളവിറെറയൻറു കൊൻെറതിത്തു ലീലയായ്
കാവലൻ കൊട്ടത്തിതേഴകാളയും കയററിമേൽ
മേവിനോരു കോപമോട്ടു മേദിനിയിലിഴച്ചുടൻ. ൩൪

നൻറിയോടിതൻറു കണ്ടു നായകന്നു പെണ്ണിനേയു-
മൻറു നൽകിനാൻ നൃപന്നട്ടത്തവണ്ണം വിസ്മയം
ചെൻറ മാനസത്തിനോടു ചേലവൻെറ ലോചനത്തോ-
ടൊൻറിനിൻറ പെണ്ണിനൻറുമുള്ളമൊക്കഴിന്നുതേ. ൩൫

ആനകങ്ങൾ ഭേരിശംഖോടാദിവാദ്യഘോഷവും
മന്നവാ! ചമഞ്ഞിതോരോ മാതർ മൈന്തരൻെറല്ലാം

1. കന്നമായ', 2. 'മായവർ മഹാബലത്തോടേ', 3. 'കാവലൻ' എ. പാഠം.

ദീനമീൻറി മേവിനർ നിരന്നനന്തരം നൃപൻ
താന്നിതൻറെ സ്ത്രീധനം തഥാ മകൾക്കു നൽകിനാൻ. ൩൬

നൽകിനാൻ പതിനായിരം പശു നാഗ[1]മൊമ്പതിനായിരം
നൽകിനന്നതു നൂററിലേറിയ നല്ല തേരുടനശ്വവും
നൽകിനാനതു നൂററിലേറിയ നല്ല നല്ല പദാതിയും
[2]നൽകിയാഭരണാദിയിട്ടൊരു നാരിമാരെ മുവ്വായിരം. ൩൭

മൂലവും മുടിവാകി നിൻറ മുകുന്ദനോടു തന്തുജയേ
കാലമേ നല്ല തേരിന്മീതു കരേററിയപ്പടയോടു ക്രു-
ടാലമുണ്ടരനോടുനേരൊളിവായവച്യുതനെച്ചെറു
ത്താലിതിപ്പെണ്ണെ കൈക്കൊള്ളാമെൻറടുത്തു മന്നവർ
[ക്രുടിനാർ. ൩൮

മന്നർ പണ്ടു വൃഷങ്ങളാൽ മതികെട്ടുപോയവരെൻറമേ
ഖിന്നമാകിന് മാനസേന കിരീടിതന്നുടെയമ്പിനാൽ
മന്നവാ! നെറികെട്ടുപോയിതു; മാധവൻ തദനന്തരം
ചെൻറു സത്യയെ ദ്വാരകാമതു ചേൻറു പുക്കു രമിച്ചനൻ.
[൩൯

ജ്യേഷ്ഠയായ് ശ്രുതകീർത്തിപുത്രിയതായ ഭദ്രയെ മാധവൻ
മെച്ചമേയൊരുവന്നു കല്പനചെയ്തിരുന്നൊരു പെണ്ണിനെ
അച്യുതൻ പല വീരർതമ്മെയനാദരിച്ചതുകൊണ്ടുപോ-
യച്ചനുള്ളയുടപ്പിറന്നവളാത്മജാമേതു മന്നവാ! ൪൦

മദ്രാധിപന്റെ മകളാകിൻറ ലക്ഷണയെ
മന്നാ! നൃപേന്ദ്രരുടെ മദ്ധ്യേ മുകുന്ദനഥ
തത്രാദരേണ ഹരണം ചെയ്തതിൻററിക
താർക്ഷ്യൻ സുധാകലശമമൃതങ്ങനെയെൻറപടി. ൪൧
അത്രയുമല്ലവനിപുത്രനെയും വധചെ-
യ്തുയ്മ്മൂൻറുമൊന്നുമിവയായിരം മങ്കയരെ
എത്രയുമാദരവിനോടേ കരഗ്രഹണ-
മീശൻചെയ്താൻ പുനരെൻറാനമ്മാമുനിവൻ.
[൪൨

ഇതി അഷ്ടപഞ്ചാശോഽദ്ധ്യായഃ.

---

1. 'മന്ദ', 2. 'നല്ല' ന. പാഠം.

## അഥൈകോനഷഷ്ടിതമോഽദ്ധ്യായഃ.

മാമുനിവനോടു നൃപനൊൻറിതരുൾചെയ്താൻ
മാധവൻടനവനിപുത്രനെ വധിച്ചേ
മാൻമിഴികൾതങ്ങളെ വിവാഹമെങ്ങനെതാൻ
ബാധകൾ വരാതപടി ചെയ്തവയുമെല്ലാം
മാമുനിവ! ചെല്ലു മമയെൻറവഴി കേട്ടേ
മായവൻടേ കഥ സാദരവിനോടെ
താമരചനോടുരചെയ്താനവനിൽ മേന്മേൽ
തങ്ങിന ദയാവിനൊടു ശ്രീശുകമുനീന്ദ്രൻ. ൧

ഇന്തിരനൊടാദിയമരാദികളെയെല്ലാം
ഏവരെയും നീക്കി നിജ[1]വാസമതിൽ നിൻെറ
മന്ദരസമാനമണിമാർവുടയ ഭൗമൻ
മററു വരുണൻ കുടയുമമ്പിനൊടു കൊണ്ടാൻ
ചിന്തിന മഹാപ്രഭകൾ ചേർന്നമരർമാതാ
ദേവിയുടെ കുണ്ഡലവും മററുമവൻവീര്യം
എന്തുപറയിൻറതഖിലത്തെയും ജയിച്ചി-
ട്ടീടുമൊരുവെൻറിയൊടിരുൻറിതവനന്നേ. ൨

ഏററെ വടിവീടും മലകൊണ്ടും നല്ലശസ്ത്രം
എൻറവക കൊണ്ടുമഥ വെള്ളമതുകൊണ്ടും
വേറനലനോടനിലനോടുമുരപാശം
വെൻറിയൊടിവൻെറ വകകൊണ്ടു ചുഴലെങ്ങും
തേറുകവിടേ നിജപുരത്തിന പുറമ്പാൽ
ദിവ്യത വരുമ്പടി വളച്ചതിലിരുന്നാൻ
ക്രൂരമതിനാക്രമരുതാതപടി വീര്യം
കൊണ്ടസുരവീരനമരാധിപനു നേരായ്. ൩

ആയിതതുകാലമമരേന്ദ്രനമിവന്നാ-
ലാതുരനമായടിവണങ്ങിയിവയെല്ലാം
മായവനൊടോതിനനനന്തനതു കേട്ടേ
വൈനതേയന്മീതു കരയേറി നല്ലഭാര്യാ-

1. 'സ്ഥാന' ഗ. പാഠം.

വായിനവരോടുമസുരേന്ദ്രനഗരം പു-
　　ക്കാദിപുരുഷൻ പരനനന്തുലകിന്നെൻറും
തീയതു വരാതപടി കാത്തരുളുമീശൻ
　　ശ്രീപതിമുകുന്ദനമലൻ മുനിവർകോമാൻ. ൪

മാധവനമ്മാമലകളൻറു ഗദകൊണ്ടും
　　വാണമതുകൊണ്ടും നല്ലശസ്ത്രങ്ങളെയെല്ലാം
നാഥൻ നിജചക്രമതുകൊണ്ടു വടിവീടും
　　നല്ല പുനരഗ്നിയെയുമജ്ജലവുവായും
നീതി[1]യുള്ള വാളുകൊടുപാശങ്ങളെയെല്ലാം
　　നിമ്മലമതായ ഗദകൊണ്ടു മതിലെല്ലാം
ആദരവിനോടു കള[2]ഞ്ഞാനന്തുലയൻതാ-
　　നൻറു നിജശംഖിന്റെ നാദമതുകൊണ്ടും. ൫

അവനിയുമനന്തുലകുമൊക്കെയിളകുംമാ-
　　റധികമലറീട്ടുമൊരു ശംഖിന്റെ നാദം
അവിടെ ജലമാമതിലമന്ന[3]മരനാം പേ-
　　രാകുമസുരേന്ദ്രനവനഞ്ചു തലയുള്ളോൻ
ഭുവനിപതിനായകനിവണ്ണമതു കേട്ടേ
　　പൊങ്ങിയിളകിൻറ ചിനമോടു കയ്യിലാമ്മാ-
റവിടെയൊരു ശൂലവുമെടുത്തങ്ങെതിർവന്നാ-
　　നപ്പുതന്നിൽ നിൻറഖിലനാഥനൊടു പോക്കായ്. ൬

പോക്കണഞ്ഞവൻ ഭുവനം മൂൻറിനെയും നേരേ
　　പൊങ്ങിന ചിനത്തൊടു മുഖങ്ങളവയഞ്ചാൽ
ആക്ക[4]മോടൊക്കവെ വിഴുങ്ങുവതിനായേ
　　ആത്തണയുമെൻറപടിപോലസുരവീരൻ
പോക്ക് വളർശൂലവുമെടുത്തു കരതണ്ടാൽ
　　പോരിടെയണഞ്ഞു വിനതാതനയൻമെയ്മേൽ
ആക്കമൊടു വിളലറിനാനവനി[5]യേററം-
　　ലഞ്ഞുലയുംവണ്ണമിളയിന ധ്വനികൊണ്ടേ. ൭

1. 'യുടെ', 2. 'ളഞ്ഞോനിയന്ത്രമെല്ലാ', 3. 'മുരനാകുൻറസുരവരനാമവന് പഞ്ചശിരമുള്ളോൻ', 4. 'മൊടു മന്നവ| വി' ഗ. പാഠം. 5. 'യൈശംഖാനൊത്തുലയുംവണ്ണമുള്ള' ക. പാഠം.

കൊണ്ടെരിഞ്ഞ കോപമൊടു വിട്ട വളർശ്ശൂലം
ക്രൂരചെയ്ത വെങ്കണകൾകൊണ്ടവിടെ മൂന്റാൽ
ഇണ്ടൽവരുമാറവനുടെ മുഖങ്ങളിൽപ്പോ-
യേറുംവണ്ണമെയ്ത ശരജാലമഖിലേശൻ
കണ്ടതുകൊണ്ടേറിന ചിനത്തൊടടർമന്റിൽ
കൺകളധികം ചുവന്നെടുത്തു ഗദ കൈയാൽ
അണ്ടർപതിമെയ്യിലസുരേന്ദ്രനെറിഞ്ഞപ്പോ-
തായിരം നുറുക്കിനനെതിർത്തു ഗദകൊണ്ടേ. വ്യ
കൊണ്ടൽവർണ്ണനുള്ള ഗദകൊണ്ടു ഗദ നൻറായ്
ക്രൂരചെയ്തനേകം നുറുങ്ങായിനതു[1]നേരം
കൊണ്ടൽനിറത്തോൻ കരമതിൽ ചക്രമെടുത്തേ
കൂടിയ ചിനത്തൊടസുരൻവിനയതിന്നാൽ
കൊണ്ടിതസുരൻ തലകളഞ്ഞുമതിനാലേ
കൂടെ മുടിയിൻറുയിരിനോടുടനെ നീരിൽ
ഇണ്ടലൊടു വാസവനുടേ കുലിശമേററി-
ട്ടെങ്ങനെയിമ്മാമലകളെൻറപടി വീണ്ണാൻ. ൻ
വീണ്ണതു കണ്ടു പോക്കു [2]ചമഞ്ഞു താമ്രനമന്തരിക്ഷൻ
വീരരിൽ മുമ്പനാം ശ്രവണൻ വിഭാവസുപഞ്ചമൻ
താണ്ണിയലാത വമ്പിയലുന്ന വസുവുന്നഭസ്വാൻ
തനയനവനരുണനിവരേഴവരും സൈന്യമൊടേ
വാണ്ണരുളിൻറ വമ്പടനായകൻ അത്ര പീഠനെൻറ
വാധവരാതനാമമിയൻറവൻമുതലായെതിർത്താർ
വീണ്ണതുകണ്ടുതാതനെ വാളും വേൽവടിശ്ശൂലമമ്പും
വേറിവമ്മാമഴയ്ക്കു സമം പൊഴിഞ്ഞനർ ചുററും മുററായ്.
[൧൦
മുററിയ കോപമൊ[3]ടു പൊഴിഞ്ഞവായുധജാലമെല്ലാം
[4]മുഖ്യതരാ! മുറിച്ചു ശരങ്ങൾകൊണ്ടിതനേകമായേ
മുററു മുകുന്ദനെണ്മരുടേ ശിരങ്ങളുമൊക്കൊരിക്കാൽ
വടിവൊടറുത്തു ഭൂമിയിലിട്ടനനതുകണ്ടു പോക്കായ്

1. 'ശേഷം', 2, 'ഉനിഞ്ഞു', 3. 'ടവർചെയ്തവാ', 4. 'മുടിമന്നവാ', ഗ. പാഠം.

പററിനന്മേദിനീസുതനേററമുന്മദമാണ്ട നാഗം
പലവകയോടു തൻപട കണ്ടുമററു കരങ്ങളററും
ചുററും നിലത്തു വീണ്ണുരുളിൻറവാററു കണ്ടനേരം
സൂരിയന്മീളു മേഘമിതെൻറപോലണഞ്ഞോൻ സുരപേന്ദ്ര!
[ഏക

ഊടിയ കോപമോടെതിർചെൻറ പോർചിണയിൻറവനോ-
ടിന്ദ്രസമാനവീര്യപരാക്രമങ്ങളിയൻറരുളിൻറ കൃഷ്ണൻ
കൂടിയ കോപമോടു ശതഘ്നി വിട്ടതനേകമനേകം
[1]കറകപദം കരം തല തോളിതൻറവയററവൻറ
കേളിയലാത വമ്പട നഷ്ടമായിതു വൈനതേയൻ
കേളിപെടിൻറ വജ്ഞിറകിന്നടെയടികൊണ്ടു മേന്മേൽ
മാടണിതോളനേ! മദയാന ചത്തിതനേകം വീണു
മാമരം വൻപെഴും പവനൻതന്നാ[2]ലുടനെൻറപോലെ.
[ഏക

ഏറിയ കോപമൊടു ശരങ്ങൾ വേലതിക്രൂരംവിട്ടേ-
റെൻറിവനേകമായുധജാലം മാമഴയെൻറപോലേ
ക്രൂരരുതാതൊളോം ഭൂവനീസുതന്നുടെ സൈന്യമന്നാൾ
ക്രൂടെ മുതിൻറ വിട്ടതൊരോൻറിനെ ശരം മൂൻറും മൂൻറാൽ
തേരുകരത്തു ഭൂമിയിലിട്ടു തൻചിറകാൽ [3]കൃതാന്തൻ-
ദേശമതിന്നു യാത്രയെതിത്തീടിൻറ പടയ്ക്കു നൽകും
മാറില്ലയാതവൻ ഗരുഡന്നുടേ ചുമലേറിനിൻറ
മ്മാധവനൻറു പോർചെയ്തവാറു വിസ്മയമാ[4]യെവക്കും.
[ഏക

എൻറുമിവണ്ണമുള്ളവനെൻററിഞ്ഞിട്ടവനൊരുന്നാ-
ളേവയുമൊൻറിനാലുമറിഞ്ഞീടാത പരൻ പരന്നെ-
ന്നോൻറൊരു വിസ്മയം പുനരില്ലയിങ്ങനെയിൻറു പോർചെ-
യ്തുണർവുടെ വൈനതേയനുടേ നഖംചിറകെൻറിവററാൽ
മൻറിടെ നിൻറു പോററരുതാഞ്ഞു മാമദയാനയെല്ലാം
മണ്ടി മഹാപുരം വടിവോടു പുക്കിതുകണ്ടു ഭൌമൻ
നിൻറമർചെയ്തനൻ നിജസൈന്യമോടിനവാറു കണ്ടേ
ദ്വേഷ്യതയോടു ശക്തിയെ വിട്ടനൻ ഗരുഡ[5]ന്നെ വെൽ-
[വാൻ. ഏക

1. 'കറ', 2. 'ൽ പുനരെൻറ', 3. 'യമരെൻറ', 4. 'യിതെരെൻറ', 5. 'നളന്നോ' ഗ. പാഠം.

ശക്തിയവന്നടമ്പിനെയങ്ങു ചെൻറു പിടിച്ചനേരം
    ശക്തി വളന്നിതായിതു വീഴ്‌ചമൊടൊരുമിച്ച നൻറായ
മത്തനമാം ഗജം മലർമാലകൊണ്ടടികൊണ്ടപോലെ
    വൻറിതു വജ്രവും ഹതമായിതൻറവൻമെയ്യിലല്ലോ
മെത്തിനകോപമൊടു മുകുന്ദനെക്കൊലചെയ്യതിന്നായ്
    വീരൊടു ശൂലവും കരതണ്ടുകൊണ്ടസുരേന്ദ്രവീരൻ
തത്രയെടുത്തു വിട്ടിടുംമുൻപു കാറൊളിവണ്ണൻ നേരേ
    ക[1]രുതിയണഞ്ഞെതടുത്തിതു ചക്രമൻറവനെക്കൊൽവാ
                                                    [നായ്. ൧൭
അവന്നടെ കുണ്ഡലം മുടിയോടുകൂടെയറുത്തു ഭൂമൌ
    അഴകൊടു ചക്രമാമതുകൊണ്ടെറിഞ്ഞു ശിരം മഹാത്മാ-
നവിടെയങ്ങിട്ടനേരം മുനീന്ദ്രരും മറയോരുമെല്ലാം
    അമരകൾ പുഷ്പവൃഷ്ടികൾചെയ്തു സാദരവോടു നൻറായ
ശിവ! ശിവ! നൻറു നൻറിതു വിസ്മയം പുനരെൻറിവണ്ണം
    തെളിവിനൊടേ പുകണ്ണരുളിൻറകാലം [2]നരേന്ദ്രവീരാ!
അവനി മുകുന്ദപാദസരോജമൻപൊടു വന്ദനംചെ-
    യ്താളഴിഞ്ഞീടും മാനസമോട[3]ഴിന്തിവയും കൊടുത്ത. ൧൮

കൊടുത്തിതു [4]ദേവകൾമാതാവിന്നടെ
    കുണ്ഡലം വരുണന്നടെ [5]കുടമണിയും
എടുത്തഖിലേശ്വരനെപ്പുനരിതമാ-
    യവിടെ നമസ്കൃതിചെയ്തു പുകണ്ണാർ
„ഒടുക്കമില്ലാതവനെ! ഗദപത്മമോ-
    ടുടനേ ശംഖൊടു ചക്രം കൈയിൽ
എടുത്ത മഹാപുരുഷ! സർവ്വേശ്വര!
    [6]ഈശ്വര! തവ പാദായ നമസ്തേ. ൧൯

നമസ്തേ വസുദേവാത്മജനാകിയ
    നാരായണ! സകലേശ! മുകുന്ദ!
നമസ്തേ പരിപൂർണ്ണായ നമോ നമഃ
    നാന്മറയിൻമു[7]തലായവനേ നമഃ

1. 'രമതുകൊണ്ടെട', 2. 'നൃപന്ദ്ര', 3. 'ഞെത്തിവ', 4. 'സുരമാതാവും തന്നു', 5. 'കട', 6. 'സകലഗുണാകര! ദേവ! ന', 7. 'ശിവായ' ഗ, പാഠം.

നമസ്തേ നിർമ്മല! നിത്തിയ! നിഷ്കള!
　　നാനാജാതിഹൃദിസ്ഥിത! ദേവ!
നമസ്തേ കാരണകാരിയമാകിയ
　　നരകാരേ! സർവ്വം നീയല്ലോ. ൧൮
നീയേ രാജസനായീ ലോകം
　　നിതരാം സൃഷ്ടിച്ചതു പാലിപ്പാൻ
നീയേ സാത്ത്വികനായതും തമസാ
　　നീക്കീടിൻറതു നീ പരനും നീ
മായാമയമാമാകാശാദി മ-
　　ഹാനഹമിന്ത്രിയത്തൊടു ദേവത-
യൂട്ടയേ തോൻറീടിൻറ ചരാചര-
　　മറിവാകിയ നിങ്കൽ സ്ഥിതമല്ലോ. ൧൯
എല്ലയില്ലാതവനേ! നരകാത്മജ-
　　നിവനറി ഭഗദത്തന്നതിഭീത്യാ
മെല്ലെ നിൻപദമെൻവിധിയാലേ
　　വീണുവണങ്ങിൻറവനുടെ തലമേൽ
കല്യാണാത്മാവേ! നിൻകരതളിർ
　　കനിവൊടു വച്ചിവനെപ്പാലിക്കെ''-
ന്നെൻറല്ലാം പുരുഷോത്തമനൊടു ഭൂമിയു-
　　മിങ്ങനെ വാഴ്ത്തീട്ടരുളിച്ചെയ്താൾ. ൨൦
അരുളിച്ചെയ്തവയവ്വണ്ണം കേ-
　　ട്ടവിടേ ഭൗമഗൃഹം സകലേശൻ
പരിചിൽ പുക്കളുനേരം കണ്ടാൻ
　　പതിനാറായിര[1]മോടൊരുനൂറും
പരിതാപത്തൊടു സിദ്ധസുരാദികൾ
　　പിമ്പും നൃപരെ ജയിച്ചവർ കന്യക-
ളൊരുപാടേയാഹൃതമായീടിയ-
　　തൊക്കയിതെൻററി നീ നൃപവീര!. ൨൧
വരനാകിയ ശ്രീകൃഷ്ണനെയവിടേ
　　മാന്മിഴിമാർ കണ്ടതിമോഹത്തൊടു
പരമാദരവൊടു ഭർത്താവാക്കിനർ
　　പങ്കജനയനനെ മാനസമതിനാൽ

1. 'ഏമാരുപോലവിടേ' ഗ. പാഠം.

ഒരുനാളു[1]ണ്ടീശ്വരനെന്നെ പ്രതി-
യൊരു കൃപ ചെയ്തിട്ടിവൻ ഭർത്താവായ്
വരുവാനേകുകയെൻറവരവരുടെ
മാനസമതിലുളവായിതു ഭാവം. ൨൨

ഇതമാമ്മാരേ തേച്ചുകുളിപ്പി-
ച്ചിനിയ[2]മഹാഭരണാദികളാലേ
അതികോമളമാംമാറണിയിപ്പി-
ച്ചവിടെക്കന്യകമാർകളെയെല്ലാം
മധുമഥനൻ നരയാനംകൊണ്ടേ
മററു രഥാശ്വാദ്യാദിധനാ[3]ത്തെയു-
മതുനാം ശ്രീമല്പാരകപുവാ-
നവിടെ വിധിച്ചാനൻറു നൃപേന്ദ്ര!. ൨൩

അതിധവളം ചേരെന്ന്രാവതകുല-
മാകിയ ഗജരത്നങ്ങളെയവിടേ
മധുമഥനൻ യാത്രാക്കിയശേഷം
മന്നാ! സുരലോകം പ്രവിശ്ശേ
അദിതിയുടേ കുണ്ഡലവും വരുണ-
[4]ന്നമ്പൊടു കുടയുമിതെല്ലാം നല്കി
പുതുമയിനാലമരേന്ദ്രന്നാലേ
പുനരതുകാലം പൂജിതനായാൻ. ൨൪

ആയതലോചനയാമിന്ദ്രാണിയു-
മമരേന്ദ്രനുമഥ ചെയ്തൊരു സത്കൃതി
മാധവനിതമൊടു ഭാര്യയുമായേ
വടിവൊടു സാധിച്ചീടിന[5]ശേഷം
നായിക ഭാര്യാവിന്നുടെ ചൊല്ലാൽ
നരവര! കല്പകതരു ഗരുഡന്മേൽ
തുയമനസ്സിനൊടേററിക്കൊണ്ടൊരു
സുഖമാംമാറു നടന്നിതു ദേവൻ. ൨൫

1. 'ഞായി', ൨. 'സുഖേത്താടാഭരണാദികളും', 3. 'ത്തോട്ട്', 4, 'തനതുടെക', 5. 'നേരം' ശ. പാഠം.

ദേവകളന്നേരത്തമർ ചെയ്താർ
ദ്വേഷ്യത്തോടു വന്നവരൊടെതിർത്ത
കോപവശേന പിണഞ്ഞു ജയിച്ചൊരു
കുറവുപെടാതേ കല്പകതരുവും
ദേവൻ സത്തിയഭാമാവീട്ടിൽ
ദൈവികമായത്തു നട്ടു ഭ്രമരം
ദേവപുരം വിട്ടതിൻറെ മധുവാൽ
നിറഞ്ഞ സുഖാദികളോടേ പോയാർ. ൨൬

പോയിട്ടവാനമരേന്ദ്രൻതന്നുടെ
പോരായ്മപ്പാടതിന്നു നമസ്കൃതി
മായവനുടെ പാദാംബുജം തന്നിൽ
(മഹാത്മാ) ഭക്ത്യാ ചെയ്തസുരന്നെ വെൽവാൻ
ആയവർതന്നേയംബുജനയനനൊ-
ടമർചെയ്താർ കല്പകതരുമൂലം
പോയരുളാ സുരന്മാൎക്കും മൂഢത
പൊങ്ങിവരിൻറതു വിസ്മയമല്ലോ. ൨൭

എല്ലായങ്ഗനമാൎക്കും വീടുക-
ളിതമൊടു സ്വൎഗ്ഗസമാനംപോലെ
മെല്ലേ നിൎമ്മിച്ചതിലൊരുവൾക്കൊരു
മേന്മ വരാതപ്രകാരം ചെമ്മേ
കല്യാണാത്മാവാകിയ [4]കൃഷ്ണൻ
കനിവൊടിരുത്തി വിവാഹംചെയ്താ-
നെല്ലാരെയുമൊരുപൊഴുതിന്നാലെ
എത്രയതവർ പുനരത്രയുമായേ. ൨൮

ആയവർ മലർമാതിന്നുടെയംശമ-
തായിയവങ്ഗനമാർകളെയത്രയു-
മായ മഹാരൂപത്തോടു നിൻറി-
ട്ടവിലേശൻ ക്ഷണകാലംപോലും

1. 'യ്‌വാൻ', 2. 'ഞ്ഞതു', 3. 'യിടാസ്സ', 4. 'ദേവൻ' ഗ. പാഠം.

നായികമാരൊടു വേറുപെടാതെ
നൻറായ് ഗൃഹധൎമ്മിഷ്ഠനമായേ
മായവനിതമൊടു നിൻറു രമിച്ചാൻ
മാൻമിഴിമാർക[1]ളെ നൃപവരവീരാ! ൨൯

അനുരാഗത്തൊടു ചേൎന്നൊരു പുഞ്ചിരി-
യാമതിനോടേ കൂടിയ നോ[2]ക്കും
ഇനതാകിയ തവ സങ്ഗംകൊണ്ടട-
ന്നേറിയ ലജ്ജാഭാവത്തോടെ
മനവീരാ! ദാസീശതമതിനൊടു
മാമറയിൻമുതലാകിയ ദേവനെ
മന്[3]സാദരവോടഹസ്സുകൾതോറും
മടവാരെതിരേൽക്കിൻറിതു ചെ[4]മ്മേ ൩൦

എങ്കിൽ വരാസനമൎഘ്യം പാദ്യ-
മിതംവിളയും വെററില വിശ്രമണവു-
മങ്ഗമതിന്നനുലേപനമാലക-
ളണിമുടി ചിക്കുകയും സഹശയനം
അങ്കൊരു കുളിയുപ[5]ഹാരമിവാദിക-
ളാമനുനയമൊടു ദിവസംതോറും
മങ്കയർ ഭജനം ചെയ്തിതു കൃഷ്ണനെ
മാനസമഴിയെ[6]വഹോ നൃപവീര!. ൩൧

ഇതി ഏകോനഷഷ്ടിതമോഽധ്യായഃ

---

അഥ ഷഷ്ടിതമോഽധ്യായഃ

അഴിവിയലാതവനാകിയൊരു നാളില-
മാദിയുമന്തമില്ലാതഖിലേശനെ
വഴിയേ ഗുരുവരുളാലേ താനായ്
വടിവൊടു കാണിൻറവരുണൎവ്വായേ

1. 'ളൊടേ നൃപവി', 2. 'ക്കിനൊ', 3. 'മാദ', 4. 'മൻറ', 5. 'ചാര', 6. 'മഹാ'. ഗ പാഠം.

കഴലിണതൊഴുമവർ ദുരിതമശേഷം
കളയിൻറംബുജനയനനെ രുഗ്മിണി
അഴിവൊടൊരുന്നാളന്തർഗ്ഗൃഹമതി-
ലമന്നരുളിൻറവനരികേ ചെൻറാൾ. ൧

അവിടേ പട്ടുകൾകൊണ്ടു വിതാനി-
ച്ചവിടേയെങ്ങും മുത്തിൻമാലാം
നവമാംവണ്ണം കൂട്ടിയനേകം
നാനാമണിമയമാകിയ ദീപം
ചിതമായ് വച്ചിട്ടഗരുകുമുഞ്ചാ-
നാദികൾകൊണ്ടുളവാം ധൂപങ്ങളു-
മവിടേ മലർമാലകളെൻറിവ കൊ-
ണ്ടതിശോഭിതമാകിയ ഗൃഹമെല്ലാം. ൨

എല്ലാരസമിയലിൻറ സുഗന്ധ-
ത്തൊട്ടു ചേർന്നുദ്യാനങ്ങളിൽ നിൻറ
മെല്ലേ വന്നൊരു വായുവിനാലും
വേറൊരു ജാലകരന്ധ്രത്തൂടെ
മല്ലാർത്തോളാ! നിർഗ്ഗതമാകി-
വരിൻറ മഹാധൂപാദികൾകൊണ്ടും
കല്യാണം ചേർന്നന്തർഗ്ഗൃഹമതു
കരുതുകിലെന്തൊരു വിസ്മയമല്ലോ. ൩

ഇതമാം ദന്തമയത്തോടും ചേ-
ർന്നീടിയ കട്ടിന്മേലൊരു പാല്പത-
യതിനോടേ നികരാകി മൃദുതപ-
മിയൻറീടിൻറമള്ളിക്കുടെ മീതേ[1]
നിതരാം മേവുൻറച്യുതനരികേ
ദിവ്യസ്ത്രീമണിയാകിയ രുഗ്മിണി-
യതുനാൾ സഖിയുടെ കരമതിലേ നി-
ൻറന്പൊടു വ്യജനം വാങ്ങിക്കൊണ്ടാൾ. ൪

കോമളമാകിയ ദണ്ഡൊരു രത്നം
ക്രീഡകിലതിനു മുദാ വരവണ്ണിനി
താമസിയാതേ [2]വേണ്ടിച്ചതിനാൽ
സകലമനോഹരസുന്ദരസാരം

1. 'ൻെറാരു തല്പമതിന്മീ-തിതമായ് മേ', 2. 'മേടിച്ച' ഗ പാഠം.

ആമമൊരങ്ങ്ഗമതായ് മേവീടി-
ൻറവൾ വള കടകം [1]നൂപുരമുടഞാൺ
മാമണിയിവയിളകും ധ്വനിയോടെ
മന്ദമണഞ്ഞാൾ പതിയുടെയരികേ. ൫

അരികേ വന്നീട്ടും മലർമാതാ-
വംബുജലോചനയാകിയ ദേവിയെ
ഒരുനാളും മററാരുവനിലാഗ്രഹ-
മുണ്ടാകാതവ[2]ളാദരവോടേ
അരചാ! വ്യഹസിതമാം മുഖകമല-
മതിന്മേൽ നിൻെറാരു പുഞ്ചിരിയിതമായ്
ഒരുപോലേയൊഴുകും പൈന്തേനി[3]നൊ-
ട്ടുടയവളോടിതുരത്താൻ ദേവൻ. ൬

വമ്പിയലും നൃപതനയാം നിന്നെ
മഹാബലവീര്യപരാക്രമരാ[4]കിയ
മുമ്പുടയവർ ലോകാധിപസമരായ്
മുററുമിയൻറവർ ചൈദ്യാദികളാൽ
അൻപൊടപേക്ഷിതയായീട്ടും നീ-
യവരെയുപേക്ഷിച്ചസദൃശയായേ
ത്തുമ്പമിയൻെറങ്ങളെയെന്തിന നീ
സുഖമെൻേറാത്തു വരിച്ചിതുമെൻേറ. ൭

എങ്കിലവക്കു കൊട്ടുത്തു നിന്നെ
യിത്തത്തൊട്ടു ഭ്രാതാക്കന്മാരാലേ
അങ്കുതമല്ലവരെപ്പേടിച്ചി-
ട്ടലയാഴിയിൽ മരുവിൻറിതു നാമും
എങ്ങും വെലവാന്മാക്കും നമ്മോ-
ടേററം ദ്വേഷമിയൻറീട്ടുംനാൾ
മങ്കേ! വീരനൃപാസനമീ[5]ടിയ
മന്ന[6]വർ താമിതുമെന്നറിയാഞ്ഞാ. ൮

ഒരുവനമറിയരുതാതൊരു മാ[7]ഗ്ഗ-
ത്തുടേ കൂടിയലൌകികമാകിയ
പെരുവഴിമേവിൻറവരൊട്ടുക്കൂട്ടും
പികമൊഴിമാക്കൊരു സുഖമില്ലേതും.

1. 'മോതിരമു', 2. 'മേടേയരചാ', 3. 'നെയ്യുട', 4. 'യതിൽ' 5. 'ൻറിയ', 6. 'വനാമി', 7. 'ഗ്ഗം നമ്മുടെ വൃത്തിയലൌകികമായൊരു പെ' ഗ. പാഠം.

ഒരുപൊരുളും പുനരില്ല നമുക്കി-
　　ങ്ങോക്കിൽ ദരിദ്രന്മാരിൽ പ്രിയനായ്
വരുമിതു നാമറി ധനവാനൊൻറും
　　വടിവൊടു നമ്മേ ഭജനംചെയ്യാർ. ൯

അറി നീ നിജസമമാകിയ വിത്തമൊ-
　　ടഭിജനമൈശ്വര്യാ[1]ദികളും ഭവവും
നെറിയേ ചേന്നവിടത്തിൽ വിവാഹം
　　നിതരാം മിത്രതയും വേണ്ടിൻറു
ഒരുനാളില്ലുത്തമനമൊരധമനു-
　　മൊരു ഗുണമിൻറിയ നമ്മെ വരിച്ചതു
നെറി[2]യല്ലവയിവയറിയാഞ്ഞാ നീ
　　നീളെ വരിൻറ സുഖങ്ങൾ മനോജ്ഞേ!. ൧൦

മാനസമിഴിയെക്കൊ[3]ണ്ടടിയിൻറതു
　　മാം പ്രതി സംന്യാസികളതു വെറുതേ
ആനതുമറിയാഞ്ഞാത്മാവിനു തുല്യ-
　　മതാമീടും നൃപവരനേ സംഗം
താനിതമോടേ ചെയ്യതുകൊണ്ടേ
　　തപസാ പരലോകത്തിലുമിവിടെയു-
മൂനമിയൻറീടാതാശിസ്സുക-
　　ളൊക്കെ ലഭിച്ചീടിൻറിതുമല്ലോ. ൧൧

ഇതു കേൾ ശിശുപാലന്നൊടു സാല്വനു-
　　മേറ മഹാബലവാൻ മഗധേന്ദ്രനു-
മതുപോലേ നിന്നുടെ ഭ്രാതാവിനൊ-
　　ടാദികളെന്നെ[4]ദ്വേഷിച്ചീടും
മതിവദനേ! ബലവീയ്യംകൊണ്ടു
　　മതിച്ചതിദുഷ്ടന്മാരാമവരുടെ
അധികയശഃക്ഷയമായ് ഞാൻ നിന്നെയു-
　　മാനീതയു[5]മായേ പുനരല്ലോ. ൧൨

എൻറുമുദാസീനന്മാർ നാമറി-
　　യിനിയ കളത്രസുതാത്മാദികളില്ല-
മൊൻറാരപേക്ഷയുമിൻറിജ്ജ്യോതി-
　　ദ്ദേഹാദികളതിനോടും വേറായ്

1. 'കൃതിയതുവും', 2. 'യേയല്ലറിയിവയറിയാഞ്ഞാ നീളെ', 3. 'ഞോടിൻറിതു', 4. 'യതിദ്വേഷികളും', 5. 'വുമായേൻപ്' ഗ. പാഠം.

നിൻറരുളും പരിപൂൎണ്ണാനന്ദം
 നിത്യനിരഞ്ജനനനിഷ്കളരൂപം
നൻറിയൊടുപവാസീനന്മാരായ്
 നാമിരുന്നീടുമെൻറരുൾചെയ്താൻ. ൧൩

താനൊരുനാളും വേറാകാതേ
 തന്നുടെയാത്മാവിന്നെ വല്ലഭനായ്
താൻ നിനവീടുംപോൾ നിനവീടും
 തന്നുടെ ദേവിയുടെ മനമിതമായ്
ആനതുകാലം കളയിൻറവനാ-
 യരുളിച്ചെയ്തു[2]തുടങ്ങിനനമ്മൻ,
ദീനതയായിക്കേട്ടതിഭയമൊട്ടു
 നിറഞ്ഞീടും ദുഃഖത്തൊടു ചേൎന്നാൾ. ൧൪

ചേൎന്നീടും ദുഃഖത്തൊടു ഭുവനം
 ചെമ്മേ കാൽനഖമാമതിനാലേ
ചേൎന്നീടും ചിലവരകൾ വരച്ചേ
 ചേൽമിഴിയാമവൾ നി[3]ൻറതിവേഗാൽ
[4]ചോൎന്നീടുന്നഞ്ജനജലം മുലമേൽ
 ശോഭിതമാം കുങ്കുമപങ്കങ്ങളി-
ലാൎന്നുവാഭര[5]ണങ്ങളഴിഞ്ഞൂ-
 യവിടെയവാങ്മുഖയായാളേററം. ൧൫

ഏററം ശോഭിതമാം കൈത്തലമതി-
 ലെത്തിയ വ്യജനവുമവിടെ വീണു
പോററി മഹാപവനന്നാലകതളിർ
 പൊട്ടുന്നതു[6] വീഴുന്നതിനെപ്പോലെ
മാററലർകാലാ! കേശം വിരിയെ
 മഹാദുഃഖത്തൊടു വീണുവളെക്ക-
ണ്ടാററരുതാതനുകമ്പാദികളോ-
 ടമലനെഴുന്നിൻറവളെയെടുത്താൻ. ൧൬

എടുത്തു ചതുർഭുജനവളുടെ തലമുടി-
 യിതമാംമാറേ തിരുകിക്കൈക്കോ-
ടുടുത്തണിമുഖകമലം [7]തുടവിടി-
 യണച്ചവൾ മുലമേലൊഴുകിന കണ്ണീർ

1. 'എന്നു', 2. 'ത്തുടങ്ങീടിന', 3. 'തന്നാരുപോലെ.' 4. 'വൻറീടും' 5. 'ണാദിയിഴി', 6. 'നാവ വീഴിൻറതുപോലെ', 7. 'തന്നങ്ങ് ഗം ചേൎന്നമുല' ന. പാഠം

നട്ടക്കമൊടേ കളഞ്ഞിട്ടമലാത്മാ
 നിയമിയല്ലം വചനാദികൾകൊണ്ടും
ഇടച്ചിലകന്നിട്ടമാറനസരണ-
 മിതത്തൊട്ട ചെയ്തീവണ്ണം ചൊന്നാൻ. ൧൭

നമ്മൊടസൂയ നിനച്ചരുളായ്ക്കെൻ-
 നാഥേ! നിൻമുഖകമലത്തിന്മേൽ
നിൎമ്മലമാമധരഭ്യതിയമ്പൊട്ട
 ദ്വേഷ്യം വരുന്നേരം കാണ്മാനായ്
നമ്മുടെയാശ[2]യിയൻറ പറഞ്ഞേൻ
 നാനാവചനമിവെല്ലാം കളി[3]യിതു
ചെമ്മേ രാത്രിയിവണ്ണം കലഹം
 ചെയ്യവർ ഗൃഹധൎമ്മികൾ സുഖമല്ലോ. ൧൮

എത്രതേൻററം നീ പറയിൻറതു-
 മെ[4]ൻറതു കേൾപ്പാനായും ചെമ്മേ
വന്ത്[5]ടും മോഹംകൊണ്ടു പറഞ്ഞിതു-
 വൈദൎഭീ! കളിയെൻററിയാഞ്ഞാ
സുന്ദരനിതിനെയുരത്തതു കേട്ടു
 തുടന്ന ഭയാദികൾ നീങ്ങിയവന്നൊട്ട
സന്തതമിയലും പുഞ്ചിരിയോട്ട
 തഥാ പാൎത്തിട്ടീവണ്ണം ചൊന്നാൾ. ൧൯

"അസദൃശനേ ഞാനെൻറന്നൊട്ട നീ
 അരുളിച്ചെയ്തതുമൊക്കമിലോകേ
ഇതു തവ സദൃശന്മാരായൊരുവരു-
 മില്ലതു ത്രൈലോക്യാധിപനായി
അഥ നിജമഹിമാവാമറിവൊട്ട ചേ-
 ൎന്നവിരതനായ്മീടും നീയെങ്ങും
ബത! ചില വിഷയികളാൽ സേവിതയാം
 വേറൊരു മൂഢയുമാം ഞാനെങ്ങും. ൨൦

എങ്ങും നൃപരെപ്പേടിച്ചാഴിയി-
 ലെയ്തിയിതെൻറ പറഞ്ഞതുമൊക്കം
എങ്ങും നൃപവരരാമിന്ദ്രിയഗണ-
 മിവരെപ്പേടിച്ചെൻറതുപോലെ

1. 'ലമി'. 2. 'മഴത്തുപ', 3. 'യറി', 4. 'ൻേറ കേട്ടീട്ടവാനും ചെ',
5. 'ട്ടമാശകൾകൊ' ഗ. പാ.

എങ്ങും പൂൎണ്ണവുമായറിവാകി-
യിയന്ന സമുദ്രത്തിങ്കലിതെങ്ങും
തങ്ങീടിൻറിതു കരണാദികളൊട്ട
തനിയേ കൃതവൈരം നീ മുററും. ൨൭
മുററും ത്യക്തനുപാസനനെൻറു-
മൊഴിഞ്ഞതു നീ പരമാൎത്ഥം നിങ്കൽ
പററിയ ഭക്തന്മാരിതു നൻറായ്
പററവിട്ടീടിൻറിതുമെല്ലാം
മററൊരുവൎക്കുമറിഞ്ഞീടാതൊരു
മാൎഗ്ഗ[1]ം നമുക്കെൻറതുമൊൻറാക്കും
മററിനി നിൻഭക്തന്മാ[2]ർ തമ്മുടെ
മാൎഗ്ഗവുമൊൻററിയാൻ പണിയല്ലോ. ൨൮
അറിവേറിയ നിൻഭക്തന്മാരാ-
മവരുടെ മാൎഗ്ഗംപോലുമലൌകികം
നെറിയേയിവൎകൾക്കും കൎത്താവാം
നിന്നുടെ മാൎഗ്ഗമിതെന്തുരചെയ്‌വൂ
അറി നീ നിഷ്കിഞ്ചനൻ നാമെൻറാ-
ൻറരുളിച്ചെയ്തതുമൊക്കും നീയൊഴി-
ഞ്ഞൊരുനാളും പുനരില്ല സമസ്തവു
മൊക്കെ ലയിച്ചാൽ ശേഷിപ്പതു നീ. ൨൯
നിഷ്കിഞ്ചനന്മാൎക്കെന്നെ പ്രിയമിതു
നിത്യമിതെൻറു പറഞ്ഞതുമൊക്കും
ഉൾക്കൃപയില്ല ധനാന്ധന്മാൎകൾ-
ക്കുള്ളതസുക്കളുടേ സുഖ[3]മെങ്ങും
ഉൾക്കൃപയൊടു ഭജനം ചെയ്യുന്തവ-
രൊരുനാളും, നിഷ്കിഞ്ചനന്മാൎക്കേ
മിക്കതു നിങ്കലുറപ്പിതു ഭക്തി
വിശേഷിച്ചവരിൽ [4]നമുക്കുമവ്വണ്ണം. ൩൦
നിങ്കൽ ഭക്തിവരേണ്ടി[5]ൽ സൎവ്വം
നീക്കീടിൻറിതു നിൻഭക്തന്മാർ
എങ്കയിനാലാനന്ദം നീയേ
എല്ലാ പുരുഷാൎത്ഥവും താനായേ

1. 'മെനിക്കെൻറ', 2. 'രുടെയൊരു മാൎഗ്ഗമതേയറി', 3. 'മൊൻേറ', 4. 'നിനക്കു', 5. 'യെല്ലാവും' ഗ. പാഠം.

എങ്ങും കമ്മികളാം മുനിമാരാ-
ലേററം[1]ഗദിതനമായെൻറതു-
മെങ്കയിനാലും പരമാത്മാവാ-
മീശപരൻ നീയെൻററ്,ഞ്ഞു വരിച്ചേൻ. ൨൭
വടിവൊടു നൃപരെപ്പേടിച്ചുദധിയിൽ
വസിച്ചേനെൻറു പറഞ്ഞതുമോത്താൽ
ഉടനേ ജളതയിതെൻറുരചെയ്യാ-
മുല്കിടെയുള്ള രചന്മാരെയും നീ
വടിവോടും നിന്നുടെ വില്ലൊലിയാൽ
മണ്ടിച്ചേയെന്നേ കൈക്കൊണ്ടതു-
മടവൊടു സിംഹം നരികളെ മണ്ടി-
ച്ചുഴകൊടു നിജവെലി കൊള്ളും പോലെ, വന്നു
പുനരൊരു സുഖമില്ലെന്നുടെയരികു
പുകുന്തിടുമങ്ങ് ഗനമാക്കെൻറതുവും
തനിയേ ജളതയിതെൻേറ ചൊല്ലാം
തരമൊടു ചൈദ്യാംഗാദി നൃപന്മാർ
നിനവൊടു നിങ്കലുറച്ചൊരു ഭക്തിയെ
നിതരാം കാങ്ക്ഷിച്ചഖിലപദാൎത്ഥവു-
മനവരതം പുനരൻറു കളഞ്ഞി-
ട്ടാസ്ഥിതമാകിൻറു വനവാസം. ൨൮
സത്തുകളാൽ വൎണ്ണിതനായ് ലക്ഷ്മി-
തന്നുടെയാലയമായ് ഭക്താനാം
നിത്യസുഖാൎത്ഥമതാം നിൻപദതളിർ
നിതരാം സേവിച്ചവർ നിത്യവുമായ്
ചത്തു പിറന്നുമിരിക്കുന്നരചനെ-
ത്തരമൊടു പ്രാപിച്ചിടുമോ മററൊരു
ക്ഷത്രിയനെക്കാണെൻറരുൾ ചെയ്തതു
കാണായതുമൊരു ജളതയിതല്ലോ. ൨൯
അഖിലേശപരനായ് നൃപവീരനമാ-
യാത്മാവായനന്തരൂപനമായേ
സകലമഹാകാമങ്ങളെയെല്ലാം
തരമൊടു[2]നല്കീടിൻറവനായും

1. 'വന്ദിത', ഗ. പാഠം.

സുഖമേ മേവീടും നിൻപദതളിർ
തുലവിയലാതപ്രകാരമെനിക്കി-
ങ്ങഖിലേശാ! വൊരു ഗതിയായ് വന്നിട്ട-
കതിനു ഭജിച്ചീടന്റേൻ മററും. ൨൯
മററുമ[1]യന്നരനാദികൾ സഭയിലും
മുഖ്യമതാം നിൻകഥ കേൾക്കാതെ
മററും മേവിൻറംഗനമാർക്കു
മുന്നമെനിക്കരുൾചെയ്ത നൃപന്മാർ
പററുമിതന്നപരമ്മങ്കയരെ
പാരായ് ഖരഗോശപാനവ്യാളാൻ
മററും ഭൃത്യന്മാരിവരെപ്പോൽ
വടിവൊട്ട സേവി[2]പ്പോരവർ ഗേഹേ. ൩൦
വടിവൊട്ട നിൻകഥയെക്കേട്ടാലും
മാ[3]നിനിമാർ നിന്നുടെ പദപത്മം
വടിവൊട്ട സേവിച്ചീടാതേ പോയ്
മാംസാസ്ഥികളൊട്ട തൊലിനഖരോമം
കൂടരൊട്ട പുഴവിവയാദികൾ കൊണ്ടേ
കൂടിയ ജീവച്ഛവമാം ദേഹം
അടവൊട്ട ഭത്താവാക്കിക്കൊണ്ടി-
ട്ടാദരവൊട്ട സേവിപ്പിതു മററും. ൩൧
ആത്മാനന്ദം താനേ മററു-
ള്ളവയിലുദാസീനൻ നീയെങ്കില-
മാത്മാ നിൻപദപത്മത്തിനു മേ-
ലായീടുകയിനിയും സകലേശാ!
ആത്മാവിങ്കലഭേദം നീയതു-
മാകയിനാൽ പ്രകൃതിയുമാമെന്നെ നീ-
യാത്മാവിന്നാലീക്ഷണനാമെ-
ൻറതു തന്നേ മമ ഭാഗ്യമിതേററം. ൩൨
ഏററം നിൻവചനങ്ങളെയൊരു കളി-
യെൻറും കൊള്ളിൻറില്ലതു ഞാൻ കേൾ
ഏററം ഗോപ്യതയുടെ കന്യാവിനു-
മിമ്പം വരുമൊരിടത്തു വിശേഷാൽ

1. 'രന്നമരാള്', 2. 'പ്പവരിതു ഗേ', 3. 'മ' ക. ഗ. പാഠം.

പോററീ, [1]അവർകൾക്കെൻറതുപോലെ
　　　പുനരഥ വേളികഴിഞ്ഞങ്ങംഗനമാ-
ക്കാററരു[2]തെത്ര നവതപം ചേർന്നിട്ടു-
　　　മവർകളിലാ[3]യീടിൻറിതു മോഹം. ൫൨
ആകയിനാലേ നല്ല ജനത്തി-
　　　ന്നനുചിതമിങ്ങനെയൊള്ളങ്ങംഗനമാ-
രാകിലുമിവിടെയും മേലിലുമിവർകളെ-
　　　യണ്ടകിൽ വരായൊരു സുഖമിനിയെൻറാൽ
വേഗമൊടൊരു ദ്വിജനെൻവിധിയാൽ നീ
　　　മേവുൻറവിടേ വന്നതിനാലും
നീ കരുതീതിതുമെൻറിത്യാദികൾ
　　　നിഖിലജഗത്പതിയോടരുൾചെയ്താൾ. ൫൩
അരുളിച്ചെയ്തതു കേട്ടഖിലേശന-
　　　മരുളിച്ചെയ്തേൻ വചനത്തിന്നു നീ
പരിചിൽ പ്രതിവചനം ചൊൽവതിന്നെ-
　　　പ്പാർത്തിതുകേട്ടിട്ടവാനിതു [4]കളി ഞാൻ
കരുതിച്ചൊന്നേനതിനുത്തരമായ്
　　　കാർകുഴലാളേ! നീയുരചെയ്തവ
പെരികെസ്സുഖമിതു സത്യംതന്നെ
　　　[5]പേയല്ലേതുമിതിന്നും കേൾ നീ. ൫൪
എങ്കൽ ഭക്തിമുഴുത്ത നിനക്കി-
　　　ൻെറന്തോരൻെറ കാംക്ഷിപ്പവയെല്ലാം
നിങ്കൽ ലഭിച്ചിടിൻറിതു നൂനം
　　　നിത്യ[6]താകിയ മോ[7]ക്ഷം നൻറായ്
എങ്കുമിദാനീമെൻവചനംകൊ-
　　　[8]ണ്ടേകീടിലുമാത്മാവിന്നിപ്പോൾ
എങ്കലുറച്ചീടിൻറതുകൊണ്ടേ
　　　എസ്ത്രീ പതിവ്രതയാകിയ ഭാവം. ൫൫
അപവർഗ്ഗേശ്വരനാമെന്നേ വ്രത-
　　　ചര്യ്യ(ാദി?) മഹാധ്യാനാദികൾകൊണ്ടും
തപമതിനാലും ദാമ്പത്യേ പോയ
　　　തങ്ങിൻേറാർ മാന്മായ[9]യിനാലേ

1. 'അംബരയ്ക്കു', 2, 'താതെ തത്ര'; 3. 'മതിമോ', 4 'കളി', 5. 'പെയ്യ ല്ലേ', 6. 'ചുതങ്ങളെ പരമമനേ നു', 7. 'ക്ഷവുമെല്ലാം', 8. 'ണ്ടിളകീടുന്നാത്മ', 9. 'മ മായ' ശ. പാഠം.

ശിവ ശിവ! മോക്ഷമൊടൈശ്വര്യങ്ങൾ
തിറത്തൊടു നല്കിടുന്നതന്നെ പ്രാപി-
ച്ചെവർ സമ്പത്തിനെ വാഞ്ഛിക്കുന്നവ-
രേവരുമേ മന്ദന്മാരറിനീ. ൩൭

നിതരാമൈശ്വര്യാദികളോടേ
നിത്യമിരുന്നീടുകിലും നിന്നാൽ
ഇതമായെങ്കലുറച്ചൊരു ഭക്തി-
യിതത്തൊടുറച്ചതുമൊരുസുഖമായി
ഇതുകേൾ നിന്നെതിരായൊരു ഭാര്യയെ
എങ്ങും കാണ്മിനേറനില്ലതു ഞാൻ
അതിന്നൊരു ഹേതുവുമൊന്നിവ ചൊല്ലാ-
മലിവൊടു നിന്നോടേ പുനരെന്റാൻ. ൩൮

അലിവൊടു നിന്നെ വിവാഹംചെയ്യാ-
നണഞ്ഞരചരെയും വെടിഞ്ഞന്നരികെ
നലമൊടൊരുത്തരുമറിയാതേ നീ
നന്റായ് ദ്വിജനെയയച്ചതിനാലും
വെലമിയലും ഭ്രാതാവിന്നുടയ
വിരൂപത്വം തവ ചെയ്തതിനാലും
ചലനംകൂടാതെങ്കലുറച്ചതു-
താനൊന്റേറ വിശ്വാസമിതെന്റാൻ. ൩൯

വിശ്വാസം ചേർന്നുള്ള വാക്കിനൊടും
വിട്ടീടും ദ്വിജൻ വൈകിച്ചതുനാൾ
വിശ്വാസത്തിനൊടൊന്റും ചെമ്മേ
നീയറിഞ്ഞില്ലതുമല്ല വിശേഷാൽ
ഇശ്വാസം കളവാനും കല്പന-
യിതമൊടു ചെയ്താ‌യെന്റതിനാലും
വിശ്വാസങ്ങളെനക്കു മുഴുത്തിതു
വേറാകായൊരു ജന്മവുമേതും. ൪൦

എന്റീവണ്ണം സുരതാദികളി-
ലിയന്റ മഹാവചനങ്ങളുരത്തി-
ട്ടൻറാദരവൊടു രുഗ്മിണിയെച്ചേ-
ന്നതിസുഖമോടു രമിച്ചിതു ദേവൻ

നന്നായിതുപോൽ മററവരോടും
　　നലമൊടനുഷ്ഠിച്ചേ ഗൃഹധമ്മം
നിൻറാനെവരോടും കൂടവിടെ
　　നിഖിലജഗന്മയനല്ലോ മുററും. ൪൯

ഇതി ഷഷ്ടിതമദ്ധ്യായം

സമാപ്തം.

---

## അഥ ഏകഷഷ്ടിതമോ/ദ്ധ്യായഃ.

എല്ലയില്ലാതഗുണാദികളൊടു ചേ-
　　ന്നീടിയ കൃഷ്ണവധുക്കൾക്കാത്മജർ
ചൊല്ലുകിലൊരുപത്തു ചെയ്യോരു[1]പെണ്ണും
　　ശോഭയൊടോരോത്തിക്കളുകാലം
നല്ലവരൊടു താതനൊടു സമരായ്
　　നലമൊടുള്ളാ[2]യീതൻെറ സ്ത്രീകളും
വല്ലഭനായ്[3]വനൊടു വേറായേ-
　　വാല്പീലൊരു നൊടികാലംപോലും. ൧

കാമിനിമാർ പതിനാറായിരവും
　　കമലേക്ഷണനെ സ്മിതപൂൎവ്വകമാ-
യാമൊരുനോക്കിനൊടേ ഭാവത്തൊടു-
　　മരികേ പുരുവംകൊണ്ടു ഞെറിച്ചേ
സീമയില്ലാതനുഭവരസസാരം
　　തിങ്ങിന സുരതമഹാമന്ത്രങ്ങളു-
മാമിവകൊണ്ടും മോഹിപ്പിച്ചി-
　　ല്ലഖിലേശനിലഴിഞ്ഞാരത്രേ. ൨

അവിടേ പതിനാറായിരമംഗന-
　　മാരവരുടെ തനയന്മാർപേരിനെ
ഇവിടെ ചൊൽവാനെളുതല്ലെ[4]ങ്കിലു-
　　മെണ്മരുടേ തനയരെയുരചെ[5]യ്യാം

---

1. 'ഷണ്ണും,' 2. 'കിയിതന്നാരിക', 3. 'കിന കൃഷ്ണനെ വേറായ്', 4. 'ൻറാലെണ്മ', 5. 'ല്ലാം' ശ. പാഠം.

അവയിതുകാലം നൃപവരവീരാ!
    വമ്പൊടു കേട്ടാലും നീയെൻറ
നവരസമീടും വചനം തന്നാൽ
    നൻമുനിയത്തുനേരത്തരുൾചെയ്താൻ. ൩

ആദിയിൽ ഭൈഷ്മി[1]യുടേ മകൻ പ്രദ്യുമ്ന-
    നമഥ ചാരു[2]ദേഷ്ണൻ സുദേഷ്ണൻ തഥാ
നീതിചേർ ചാരുദേഹൻ സുചാരുവോടു
    നിർമ്മലനാമൊരു ചാരുഗുപ്തൻ മന്നാ!
ചാതുരിയാദിചേർ ചാരുവാം ഭദ്രനും
    ചാരുചന്ദ്രൻ ചാരുതാനും വിചാരുവും
ആദരവോടിവണ്ണം പത്തു പുത്രർ വ-
    ന്നാദിദേവന്നുളവായി തന്നോടു നേർ. ൪

തരമൊടു സത്യഭാമാവിന്നു പുത്രരായ്
    താനൊരു ഭാനു സുഭാനു സ്വഭാനുവും
കരവെലമുള്ള പ്രഭാനുവും ഭാനുമാൻ
    കാൺ ചന്ദ്രഭാനു ബൃഹൽഭാനുവും പിന്നെ
മരുവലർകാലനാകിൻറ വിഭാനുവും
    മററു സ്വർഭാനുവോടങ്ങതിഭാനുവും
അരചകുലാധിപ! താതനു നേർവടി-
    വായുളവാകിനാരിങ്ങനെ പത്തുതാൻ. ൫

സാംബൻ സുമിത്രൻ പുരുജിത് ശതജിൽ സ-
    ഹസ്രജിത്തും വിജയൻ ചിത്രകേതുവും
സാംബസമാനൻ വസുമാൻ ദ്രവിണനും
    താൻ ക്രതു പത്തിവർ ജാംബവതീസുതർ
കാൺ ഭാനുചന്ദ്രോഗ്രസേനനും ചിത്രഗു
    കാൺ യോഗവാൻ വൃഷനാമനും ശംകുവും
ആവസു ശ്രീമാനും കുന്തിയും പത്തിവ-
    രാവതു നഗ്നചിത്സുതർ മന്നവാ!. ൬

1. 'ത...ടേ സുതർ പ്ര' ക. പാഠം. 2. 'ദക്ഷൻ' ഗ. പാഠം.

മന്നാ! ശ്രുതനും കവി വൃഷനോട്ടു സു-
ബാഹുവും ഭദ്രനൊടേ ഖലൻ ശാന്തിയും
പിന്നെ ദർശൻ പൂർണ്ണമാസനും സോമനും
പേരിവർ പത്തു കാളിന്ദിയുടേ സുതർ
ഇന്നിയും കേൾക്ക പ്രഘോഷനും ഗാത്രവാൻ
സിംഹൻ ബലൻ പ്രവലൻ ഊർദ്ധ്വഗ മഹാൻ
നന്നെറിച്ചേർ ശക്തിയോജൻ പരാജിതൻ
നല്ല വൃകൻ പത്തു മാദ്രീതനുജന്മാർ. ൧

(ന?അ)ക്കനെനിലനും ഗൃദ്ധ്നനും ബഹുഭാനോ/-
ന്നാദൻ മഹാശനും പാവനൻ വഹ്നിയും
മനക്കനെമീടിൻറ സംഗ്രാമജിത്തോട്ട്
മററും ബൃഹത്സേനൻ മിത്രവിന്ദാത്മജർ
പിന്നെ ശ്രുരനോട്ട് പ്രഹരണന്നരിജിത്
ബലനും സുഭദ്രനോട്ട് ഭദ്രൻ വാമനോ-
ടായുവുമശ്വനും ദീപ്തിമാൻ പത്തുടൻ
രോഹിണീപുത്രന്മാരെൻററി മന്നവാ!. ൨

അനന്തുകാലത്തു ഭോജകടം പുര-
മാമവിടെ രുക്മനെത്രയും രൂപിയായ് -
ത്താനൊരു പുത്രിയായ് രുക്മവതീയവൾ
താനുളവായവളിലനിരുദ്ധനും
മാനവവീരനായ് പ്രദ്യുമ്നപുത്രനായ്
വന്നു ജനിച്ചിതു, മററും ശ്രീകൃഷ്ണനു
താനുളവാകിയ പുത്രപൌത്രാദികൾ-
സംഖ്യയനന്തനും ചൊല്ലരുതേതുമേ. ൩

ചോദിച്ചാൻ നൃപവരനതുകേട്ടു
തുടന്ന മഹാവൈരത്തൊട്ടു കൃഷ്ണനെ
മേലിൽക്കൊല്ലിൻേറനെൻറിപ്പടി
മേളുന്മേൽ രുക്മി നിനപ്പവനുടനേ

നാഥൻ കൃഷ്ണനുടേ സുതനായേ
    നലമിയലും [1]നിജമക്കളെ ദാനം
ബോധമയത്തൊടു നല്കിയതെങ്ങനെ
    മുനിവരനേ! മമ ചൊല്ലുകയെ[2]ല്ലാം. ൧൦

ചൊന്നാൻ നൃപവരനേ! രുഗ്മിക്കു
    ചുരന്ന മഹാ[3]ദ്വേഷം കൃഷ്ണന്മേൽ
നൻറായ് മേവീടുകിലും ഭഗിനി[4]യിൽ
    നലമൊടു മേവിയ [5]മോദംകൊണ്ടേ
അൻറാത്മ പുത്രിയെ മരുമകനായി-
    ട്ടമ്പൊടു ദാനംചെയ്തിതു മരുമക-
നെന്നേ സുഖമേയെൻറു വരുമ്പടി
    യേകമഹാരഥനായേ [6]കണ്ടാൻ. ൧൧

കരുത്തു ചെറുത്ത നൃപന്മാർ തമ്മെ-
    ക്കരവെലമോടു ജയിച്ചിട്ടവളെ
ഉറച്ച മഹാമോഹത്തൊടു കൈക്കൊ-
    ണ്ടാനുടനേ പ്രദ്യുമ്നൻ [8]നൻറായ്
കുറച്ചിൽ വരാതേ രുഗ്മിണിമകളായ്
    കൂടിയ ചാരുമഹാമതി തന്നെ
നിറച്ചനുരാഗാൽ കൃതവർമ്മസുതൻ
    നിതരാം വേട്ടു വിശാലാക്ഷൻതാൻ. ൧൨

തന്നുടെ മരുമകനുടയ സുതന്നു
    തഥാ പൌത്രിയെയും ദാനംചെയ്താൻ
മന്നവനേ! വിധിയല്ലെൻറാകിലും
    മനസി [7]സുഖം ഭഗിനിക്കിയൽവാനായ്
നൻനെറിയോടേ കല്യാണത്തിനു
    നലമൊടു ഭോജകടം പുരനരതിലേ
ചെൻറിതു ബലകേശവസാംബാദികൾ
    വെൽമിഴിയാൾ രുഗ്മിണിയോടൻറേ. ൧൩

---

1. 'പുത്രിയെയിതമായി', 2. 'ന്നാൻ', 3. 'വൈരം' ഗ. പാഠം, 4. 'യെ' ക. പാഠം. 5. 'സ്നേഹം', 6. 'കൊണ്ടാൻ', 7. 'പ്രിയം.' 8. 'രമതി' ഗ. പാഠം.

അൻറു സ്വയംവരമാഘോഷത്തൊ-
ടതീതമതായവനന്തരമുടനേ
വെൻറിയൊടേ രുഗ്മന്നൊടു ചൊന്നാർ
വീറൊടു കാലിംഗാദിനൃപന്മാർ
ഇൻറിതു കേൾ ബലദേവരെ നീയു-
മിതത്തൊടു ചൂതുജയിച്ചീടേണം
നൻറിയൊടിതിനു മഹാവൈഭവമതു
നാടുകിലല്ലവനേതുമിതെൻറേ. ൫൭

എൻറതു കേട്ടേ രുഗ്മി ബലനൊടു-
മെന്നൊടു ചൂതുപൊരുതൻറീവണ്ണം
അൻറുരചെയ്തൊരു നൂറുസഹസ്രമൊ-
ടയുതം പണമതു പണയംവച്ചേ
വെൻറിടുവാനായേ പൊരുന്നേരം
ബലനും പണയമതൊക്കെയെടുത്താൻ
നൻറിയൊടേ ബലനെപ്പുന രുഗ്മിയും
നൻറായ് ച്ചൂതുജയിച്ചാനെല്ലോ. ൫൮

ജയിച്ചതു കണ്ടു കലിംഗൻ ബലനെ
ദന്തംകാട്ടിയതീവ ചിരിച്ചാൻ
ജയിച്ചിതു ബലനെയിതെൻറതിനേറെ
[1]ജനിച്ചു കോപം ബലദേവന്നോ
ജയിപ്പതിന്നായ് നൂറായിരമൎത്ഥം
ജയമൊടു വച്ചു രുഗ്മിയുമതിനെ
ജയിച്ചിതു രാമൻ ധൎമ്മാലതിനെ
ജയിച്ചേനഹമെൻറാനതു വെറുതേ. ൫൯

അതുനേരത്തേറീടിന കോപമ
തിന്നൊടു [2]ബലഭദ്രൻ ചൂതുടനേ
ചതിയാദികളൊടു വേറായ്പ്പൊരുതു
തുഥാവെൻറതു ഞാൻ വെൻറനെൻറ

1. 'കോപിച്ചു ബലദേവനപ്പോൾ', 2. 'കൂടിന ബലനും ചൂതിനെ' ശ. പാഠം.

നിതരാം രുഗ്മിയുരത്തു [1]കേട്ടവർ
നേരേ ചെല്ലുകയെന്റതുനേരം
ചതിയേ രുഗ്മി പറഞ്ഞതുമെന്റെ
ചരതമിരാമൻ ധമ്മത്താലേ. ൫൭

ആമൊരു വാക്കൻറാകാശേ കേൾ-
ക്കായയിതതു ബഹുമാനിക്കാതെ
[2]നാമിതുകാലം വെൻറിതു നമ്മൊടു
നാട്ടുവതാമോ ചൂതിഹ പൊരുവാൻ
താമൊരു ഗോപന്മാരിവർ വിപിനേ
തങ്ങിന ജാതികൾ നാം നൃവർന്മാർ
ആമതുമെൻറിത്യാദികളവിടെ
യ[3]ധിക്ഷേപിച്ചു രുഗ്മി മരിപ്പാൻ. ൫൮

ആനതുകാല[4]മിതിങ്ങനെ കേട്ടി-
ട്ടവിടെപ്പൊ[5]ങ്ങിന കോപത്തോടെ
മാനവവീരാ! പരിഘംകൊണ്ടു മ-
ഹാബലവാൻ രുഗ്മിയെ വധചെയ്താൻ
താനതു കണ്ടോടിൻറ കലിംഗൻ-
തന്നെയുമൻറു പിടിച്ചുപ്പല്ലുക-
ളാനവ കളഞ്ഞതു കണ്ടേയോടീ-
തന്യനൃപന്മാർ കരമുരം മുറിഞ്ഞേ. ൫൯

തുനിവൊടു ബലനിതു ചെയ്തതിനേതും
മുഖ്യമിതെൻറുമമുഖ്യമിതെൻറും
[6]തെനിയേ കൃഷ്ണനുരത്തില്ലൊൻറും
തഥാ രുഗ്മിണി[7]യിവയെല്ലാം ചെമ്മേ
മനസാ ചിന്തിച്ചിട്ടു ക്ഷമിച്ചിതു
മന്നാ! ശ്രീകൃഷ്ണാദികൾ പൊരുന്ന
ഇതമാകിയ ഭാര്യാവൊടുകൂടീ-
ട്ടേറി രഥോപരി നഗരം പുക്കാർ. ൬൦

ഇതി ഏകഷഷ്ടിതമാധ്യായം
സമാപ്തം.

---

1, 'കണ്ടവർ' 2. 'താമതു', 3. 'അധിക്ഷേപിച്ചിതു', 4. 'വചനതിനെ കേട്ടു' ശ. പാഠം. 5. 'പൊങ്ങീടും' ക. പാഠം. 6. 'നീതിയിതോടേ', 7. 'യുമിവെല്ലാം' ശ. പാഠം.

## അഥ ദ്വിഷഷ്ടിതമോദ്ധ്യായഃ.

അസുരവരൻ ബലിപുത്രന്മാരാ-
    മവർകളിൽ [1]മൂത്തവനാകിയ വാണൻ
ഇതമൊടുമ്മായവനീശ്വരനിന്ദുക-
    ലാഭരണനെയതിശയമായ് നേരെ
ഹിതമൊടു പാണികളായിരമതിനാൽ
    ശ്രീനൃത്തത്തിന്നു[2]വാദ്യനിനാദമൊടെ-
രതിസുഖമാകിയ കാരണമതുകൊ-
    ണ്ടസുരന്നിരന്ന വരങ്ങൾ കൊടുത്താർ. ൧

കൊടുത്ത വരത്തിന്നുടയ പ്രസാദംകൊ-
    ണ്ടസുരേശ്വരനതിബലവാനായി
തടുത്തമർച്ചെയ്യുതിന്നാരുമൊരുത്തർ
    തഥാ ഭുവനത്തിടെയെങ്ങും പാർത്താൽ
കൊടുപ്പമിയന്നവരില്ലിതു നില്ക്ക
    കുറച്ചിൽ വരായ്വതിനായേ പിന്നും
അടുത്ത മഹാഗോപുരമതിൽ വച്ചാ-
    നഖിലേശ്വരനെയുമൊരു തുണയായേ. ൨

ഒരു സുഖമാംമാറേ പരമേശനെ-
    യുമയൊടു ഷണ്മുഖനാദികളോടെ
പെരിയ മഹാഗോപുരമതിൽ വച്ചാൻ
    പിമ്പഖിലത്തിനെയും വെൻവടനേ
പരിചൊടു ശിവലിംഗാർച്ചനകൃതമായ്
    പ്രാഭവത്തോടിരുന്നീടിനകാല-
ത്തൊരുവരുമമർചെയ്‌വാനെതിർകാണാ-
    ഞ്ഞുമകണവന്നടിമലർ കുമ്പിട്ടാൻ. ൩

അടിയിണതന്നിൽ[3]ലഴിഞ്ഞു വണങ്ങി-
    ന്നവനു സമസ്തമഹാപുരുഷാർത്ഥാ
വടിവൊടു നൽകിനേരടത്തിന്റെ
    മഹാകല്പകതരുവാമവനോ കേൾ.

1. 'അഗ്രജ', 2. 'വാദ്യം പ്രകടിച്ചു', 3. 'അണഞ്ഞു' ഗ. പാഠം.

അടിയന്നു നിൻകൃപകൊണ്ടുണ്ടാകിയൊ-
　　രായിരപാണികളൊരു ചുമടായേ
ഉടനിഹ വന്നിതെതിത്തമർചെയ്‌വാ-
　　നൊരുവരുമെതിരില്ലായ്കയിനാഥേ. ൮

എതിർ[1]പൊരുവാൻ ദിഗ്ഗജങ്ങളൊടേ ഞാ-
　　നെതിർചെന്നേനവരോടിപ്പോയാർ
എതിർനില്ലാനമരേന്ദ്രനും [2]മററു-
　　മിതംവിളയിൻറമരാദികളാരും
മതികല മുടിയിലണിഞ്ഞഖിലേശാ!
　　മററുമൊരോ മാമലകളെയെല്ലാ-
മധികം നുറുക്കിനൊന്നെൻറാൽ നീയൊഴി-
　　ഞ്ഞടിയേനില്ലമർചെയ്‌വതിനാരും. ൯

ആരുമൊരുത്തരുമെന്നെതിർനില്ലാ-
　　രരനാഴിക പൊരുവാനിന്നിയെൻറാൽ
പോരിനു നിന്നോളോം സമരായൊരു
　　പുരുഷരിനിക്കമർചെയ്‌വാനായേ
പാരിടെയുണ്ടാക്കീടുകയെൻറു
　　പറഞ്ഞവനോടു വെറുത്തരുൾചെയ്തു
പോരിനു നിൻകൊടിമരം മുറിയുന്നാൾ
　　പോരവരിലൊൻറൊരുവൻ മമ സമനായ്. ൰

ആയതുകാലത്തഖിലേശപരനും
　　[3]അരുളിച്ചെയ്തതിനേപ്പാൾത്തവിടേ
[4]നായകനായിരുന്നീടിനകാലം
　　നരവരനേ! ബാണനുടെ മകളാം
ആയ ചോചനയാമുഷയാമവ-
　　ളമ്പൊടു സ്വപ്നേയനിരുദ്ധനുമായ്
ത്തുയമനസ്സൊടു ക്രീഡിച്ചീടിനാൾ
　　സുഖതരമാകിയ മോഹത്തോടേ. ൧

1. 'പിണവാൻ', 2. 'ഗമം', 3. 'അരുളപ്പാടെപ്പത്തിനായേ',
4 'തന്നെട നാശം വരുമെ, ഗ പാഠം.

സുഖതരമായമഹ മോഹത്തൊടു
സുഖമേ [1]ക്രീഡിച്ചീടിന മദ്ധ്യേ
സകലമനോഹരനാമവനുടെ മെയ്
സഹസാ കണ്ടില്ലാഞ്ഞതുനേരം
അക[2]തളിർമാഴ്കിന ഖേദത്തോടവൾ
അഴുതഴുതെങ്ങോ പോവെൻറതുകേ-
ട്ടഖിലജനത്തിനെയും ചിത്രങ്ങളി-
ലമ്പിനൊടെ[3]ഴുതീടിൻറവൾ ചൊന്നാൾ. വ്യ

എന്തു മനോരഥമായതു ഭവതി-
ക്കേതൊരു കാന്തനെയാരായിൻറു
അന്തരമിയലാതേയതുചൊല്ലുകി-
ലവനെ വരുത്തിനേൻറൻ നിന്നരികേ
[4]സുന്ദരമായതു കേട്ടവൾ ചൊന്നാൾ
സ്വപ്നേയൊരു കമലാക്ഷൻതന്നുടെ
സിന്ദൂരസാമ്യമിയൻറധരം മമ
തിറമൊടു തന്നതു സേവിച്ചിതമായ്. ൻ

സേവിച്ചതിനുടെ പൂർത്തിവരുംമുൻ
ചേമ്മേ ദുഃഖോർണ്ണവമതിലെന്നെ
[5]പാവമൊടേ കളഞ്ഞാനൊരു മഞ്ഞ-
പ്പട്ടുമുടുത്തൊരു മേഘസമാനൻ
ദീപിതമാമുടലമ്മടവാരുടെ
ദീനം തീർപ്പതു നാകി വിരഞ്ഞവൻ
ശോഭിതമായ് നിർമ്മി[6]ച്ചതുപോലെ
സുഖമുള്ളോൻ പെരികെത്രയുമെൻറാൾ. എ ം

എൻറാലവനെക്കാണുമുപായ-
മെനിക്കെന്തെൻറവൾ [7]വ്യസനംകേട്ടേ
നൻറായ് നിൻവ്യസനം കളയിനേൻറൻ
[8]ഞാനിതുകാലമവൻ വടിവോടെ

1. 'ക്രീഡിക്കുന്നതിൽ', 2. 'മതിൽ', 3. 'ഴുതുന്നവൾ ചോദിച്ചാൾ', 4. 'സുഖതര', 5. 'പാർത്തെ', 6. 'ച്ചൊരു പുരുഷൻ', 7. 'വചനം', 8. 'നാഥ്' ശ: പാഠം.

മൻേറഴിലുമൊരിടത്തുളനാകിൽ
വരുത്തുവനെ[1]ങ്കിലുമവനുടെ രൂപം
നൻറായ് ചൊല്ലുകയെൻറിതു ചൊല്ലി
നലത്തോടെല്ലാരെയുമവിടെ വരച്ചാൾ. ൧൧

വകവകയേ [2]ദേവകൾ ഗന്ധർവമ-
ഹാവിദ്യാധരരൊടു മാനുഷരെയു-
മകമലിവോടെഴുതീട്ടതിൽ വൃഷ്ണികളാ-
മതിലാനകദുന്ദുഭി കൃഷ്ണൻ
പകയർകുലാന്തകനാമലർശരനെ-
പ്പുരിചൊടു പ്രദ്യുമ്നനെയുടനേ ക-
ണ്ടകമതിലുണ്ടായീതൊരു സംശയ-
മനിരുദ്ധനിലതുപോലിവനെൻറാൾ. ൧൨

ഇവനെൻറതിനാണത്തൊടവാങ്മുഖ-
യായേ പുഞ്ചിരിയോടുരചെയ്തതു-
മുവവിയൊടേ കേട്ടിട്ടനിരുദ്ധ-
നുറങ്ങീടിൻറ നിശായാം [3]ചെമ്മേ
അവളാകാശേ ചെന്നഖിലേശ-
നമന്നീടും ശ്രീമദ്ദ്വാരകപു-
ക്കവനെയെടുത്തശ്ശോണിതപുരമതി-
ലാക്കീടനിൾ പോയ് ചിത്തിരലേഖാ. ൧൩

ചിത്തിരരൂപമിയൻറവനുടെ മെയ്
തെളിവൊടു കണ്ടൊരുവനും ചൊൽവാൻ
തത്ര ലഭിക്കരുതാത്ത പുരേയവൾ
സകലഗുണാകരനാമവനോടും
ഭദ്രതരം പാനം ഭോജനമൊടു
ഭക്ഷ്യം ശുശ്രൂഷാദികളോടേ
എത്രയുമാദരവോടു പുണർന്നാ-
ളിതമൊടു സ്രഗ്ഗന്ധാദികളോടേ. ൧൪

1. 'എന്നാലും', 2. 'ദേവാദികൾ', 3. 'അവിടെ' ഗ. പാഠം.

അവിടേ കനകപുരമതിൽ ജാരനു-
മായന്യോന്യം സ്നേഹത്തോടെ
[1]അവിടേ ഗ്രുഢനമായവനുഷയാ-
ലപഹൃതമാകിയ മാനസമോടേ
അവിടേ മേവീടിനനവളതിനാൽ
[2]ഹതമാകിന വ്രതമതിനൊടുകൂടിയ-
തവിടേ കണ്ടറിഞ്ഞാർ ചിലർ ലക്ഷണ-
മാമതിനാലുമതെൻറു ഭടന്മാർ. ൧൭

അൻറവളുടെ കുലദൂഷണമെല്ലാ-
മറിയിച്ചാർ ബാണനു ഭടന്മാർ
ഇൻറാരുവൻപോയതു നാ[3]മറിയോ-
മെങ്കിലുമൊരുവനുണ്ടിവളരികേ
നൻറിയൊ[4]ട്ടുറങ്ങാതേ മേവിൻറു
നായകനേയസ്മാദിക[5]ളെല്ലാം
അൻറുരചെയ്തതു കേട്ടൂട്ടവനു-
മുടൻ ചെൻറാൻ മകളരികേയറിവാൻ. ൧൮

അംബുജലോചനനായ് ശ്യാമാംഗനു-
മായ മഞ്ഞപ്പട്ടുമണിഞ്ഞി-
ട്ടമ്പുകളയ്യുളളവനുടെ സുതനാ-
യഖിലജഗത്തും സുന്ദരവരനായ്
അമ്പിനൊടവളുമതായേ ചൂതിനെ-
യഭിമുഖനായ നിൻറിട്ടു പൊരിൻറതു-
മമ്പെഴുമവരും കുചകുംകുമമിടപെ-
ട്ടുമ്മാലകളൊട്ടുമവനെക്കണ്ടാൻ. ൧൯

കണ്ടതിവിസ്മയ[6]മോടേ വാണൻ
കണ്ടകവധചെയ്യാനായ നേരെ
കൊണ്ടുചിനംപെരുകും ഭടന്മാരൊടു
കൂടെവരിൻറതു വാണൻ[7]ചൊന്മേ

1. 'അതിശയശ്രു' 'ഗ. പാഠം. 2. 'ഹ്രം മാകിയ വ്രതമൊടുകൂടിയ' ക. പാഠം.
3. 'അറിഞ്ഞീ', 4. 'ടേ നിയതം', 5. 'മെൻറിവരാണ്ടുര', 6. 'മായേ' തന്നേ. ഗ. പാഠം.

കണ്ടൊരു ദണ്ഡുമെട്ടത്തെതിർ നിൻറാൻ
കാലന്നു സമനാം പ്രാദ്യുമ്നിയുമതു
കണ്ടു പിടിച്ചാർ ചെൻറ ഭടന്മാർ
കൺകൾ ചുവന്നതികോപത്തോടെ. ൧൮

അതികോപത്തോടു പരിഘം കൈക്കൊ-
ണ്ടവിടെ പ്രദ്യുമ്നന്റെ പുത്രൻ
അതിവേഗത്തോടു തല്ലിനനതിനാൽ
[1]കഴലൊടു തലഭുജമൂരുതകന്നേ
അതുകാലത്തോടീതു ഭടന്മാ-
രതുകണ്ടേറിന കോപത്തോടെ
അതുഃനരം നാഗത്തിൻ പാശ-
മതിന്നാൽ ബന്ധി[2]ച്ചവനെ വാണൻ. ൧൯

വാണൻ നാഗമഹാപാശത്താൽ
വമ്പിനൊടനിരുദ്ധനെ ബന്ധിച്ചതു
വാണൻറെ മകൾ[3] കേട്ടതിനാലേ
വന്നീടും ദുഃഖത്തിനൊടേറ്റം
കേണവളശ്രുജലങ്ങളതിനൊടു
ക്ഷീണമതാം മുഖകമലത്തോടെ
വാണിതു ദുഃഖാർണ്ണവമതിലധികം
മന്നാ! വനിരുദ്ധനിൽ നിനവോടേ. ൨൦

ഇതി ഷഷ്ഠിതമദ്ധ്യായം
സമാപ്തം.

—o—

1. 'അണികളവൊടു തലകൈകകൾ.', 2. 'ബന്ധിച്ചാനിതു', 3. 'കന്യ' ഗ. പാഠം.

## അഥ ത്രിഷഷ്ടിതമോഽധ്യായഃ

അനിരുദ്ധനെയെങ്ങും കാണാഞ്ഞി-
ട്ടഹോ! ബന്ധുജനാൾകളെല്ലാ-
മനശോകിച്ചുകഴിഞ്ഞു മാസ-
മതാമൊരു നാലന്നാൾ നാരദനാൽ
തനിയേ വാണൻ ബന്ധിച്ചവയും
തരസാ കേട്ടരിശത്തോടു പോക്കായ്
അനിരുദ്ധനെ മീളുംപടി പന്ത്ര-
ണ്ടക്ഷൌഹിണി പടയാത്ത്രു നടന്നു. ൧

നടന്നിതു പ്രദ്യുമ്നനൊടു രാമൻ
നന്ദനൊടുപനന്ദൻ സാരണനും
നടന്നിതു ഗദനൊടു സാംബൻ ഭദ്രൻ
നാരായണനാകിയ [1] ശ്രീകൃഷ്ണൻ
നടന്നതിവേഗാൽ ചെന്നസുരേന്ദ്രൻ
നാനാഗുണമുട [2] നഗരം ചുററും
പരന്ന നിരോധംചെയ്തുദ്യാനം
പല മതിലൊടു ഗോപുരമതുമാലം. ൨

അതുകാലം ബാണനുമേറീടി-
ന്ററരിശത്തോടേ രിപ്പടയോളോം
നിതരാമൊത്ത പടക്കോപ്പോടും
നേരെതിർവന്നരുളിന്റാ ദശായാം
മതിലമുടിയിടെയണിയും ദേവൻ
വടിവൊടു നന്ദിയുടേ ചുമലേറീ-
ട്ടുമപ്പൊഴുതേ നിജപുത്രന്മാർകളു-
മായേയമർചെയ്‌വതിന നടന്നാൻ. ൩

നടന്നിതു ബാണനെ രക്ഷിപ്പാനായ്
നാനാഭൂ[3]തഗണത്തൊടുമീശൻ
തുടന്നമർചെയ്തിതു കൃഷ്ണാദികളൊടു
തുലവിയലാതപ്രകാരമനേകം

---

1. 'കൃഷ്ണൻതാൻ', 2. 'ദ്വാരഹനു വളച്ചു' 3. 'ഗണാളികളോടു' ഗ. പാഠം.

പടൎന്ന മഹാജടമീതൊരു നദിയും
പാൽമതിയും ചൂടിൻറരനരിയൊടു
ഇടന്നിതു പോർ ഗുഹനൊടു പ്രദ്യുമ്നൻ
സുമുഖൻ ബാണാത്മജനൊടു സാംബൻ. ൮

ബലനൊടു കുംഭാണ്ഡൻ നല്ലകൃപ–
സമാനമുടേ കണ്ണൻ സാത്യകിയൊടു
ബലമിയലും ബാണനമർചെയ്തു
വെൺചിനമോടന്യോന്യം വെൽവാൻ
നലമിയലും ബ്രഹ്മാദികൾ ചാരണർ
നാനാമുനിസുരസിദ്ധന്മാരും
പലരുമണഞ്ഞിതു യുദ്ധം കാണ്മാൻ
[1]പങ്കജനയനനെ!യൻറാകാശേ. ൯

അൻറു പിനാകിയുടേ പട ഭൂത
പ്രമഥവിനായകകുശ്മാണ്ഡാദികൾ
നിൻറു പൊരുകയരുതാഞ്ഞത്യന്തം
നിമ്മലനച്യുതനുടെ കണയാലേ
മൻറിടെ നിൻറോരോ ദിശിയോടി
മഹാഭയമോടേ പുരിതിനെക്ക–
ണ്ടൻറു പുരാരി മഹാസ്ത്രങ്ങളെയെ–
യ്തതിനെ മുറിച്ചാൻ ശൌരിയുമെയ്തേ. ൰

എയ്തുമുറിച്ചാൻ ബ്രഹ്മാസ്ത്രത്തിനെ–
യിത[2]മീടും ബ്രഹ്മാസ്ത്രംകൊണ്ടേ
എയ്തിതു വായവ്യാസ്ത്രം പാൎവ്വത–
മെൻറതിനാലേ കുരുകുലതിലകാ!
എയ്താനാഗ്നേയാസ്ത്രംകൊണ്ടേ
ഇന്ദുകലാധരനായ ജഗല്പതി
[3]എയ്തിതു പജ്ജന്യാസ്ത്രംകൊണ്ടേ
പെയ്തുകെടുത്താൻ കാർമ്മുകിൽവൎണ്ണൻ. ൧

1. 'പങ്കജനയനാ! അൻറു', 2. മോടു, 3. 'എയ്തുമുറിച്ചിതുനാരായണ ശൎവ്വനെന്നതിനാലേ മനുകുലതിലക' ഗ. ൧൦൦൧.

കാർമ്മുകിൽവർണ്ണൻ പരമേശനെയ-
　　ക്കാലം ജൃംഭണ[1]മസ്ത്രംകൊണ്ടേ
താമത്തുനേരം സ്തംഭിപ്പിച്ചഥ
　　തരസാ ബാണനുടേ പടയെല്ലാം
[2]താമസഗദയൊട്ടു കൊൻറുമുറിച്ചാൻ
　　ഷൺമുഖനും നിജമയിലുമതായേ
കാമവരജ്വരമേററു പൊറാഞ്ഞു ക-
　　നംകെട്ടിട്ടതിദൂരെപ്പോയാൻ. ൮

അതുനാൾ ബലനൊടെതിർത്തസുരേശ്വര-
　　രാകിയ കൂപകർണ്ണൻ കുംഭാണ്ഡനു-
മതുനാൾ മുസലംകൊണ്ടടികൊണ്ടവ-
　　രന്തകന്തർ പുക്കീടിനനേരം
അസ്സുനാളോരോ ദിശിയോടിപ്പോ-
　　യവരുടെ സേനകളതിനെക്കണ്ടേ
അതുനാൾ ബാണൻ വാഹനമേറീ-
　　ട്ടംബുജ[2]നയനനന്നെതിരേ ചെൻറാൻ. ൯

എതിരേ ചെൻറഞ്ഞൂറു ശരങ്ങളെ-
　　യെയ്തിതു ബാണ[3]നനന്തരമുടനേ
അതു[4]കാലത്തവ[5]യോരോന്നേറാരോ
　　അമ്പുകൾകൊണ്ടു മുറിച്ചിതു ദേവൻ
അതുനേരത്തസുരൻവില്ലൊക്കെ-
　　യറുത്തിതു സാരഥിതലയും തേരും
അതിവേഗംചെന്നശ്വങ്ങളെ ഹ-
　　നിച്ചു വിളിച്ചാൻ ശംഖിനെയുടനേ. ൧൦

ഉടനക്കാലം ബാണനുമാതാ
　　കോടവിയാമവൾ പുത്രനെമീൾവാൻ
നടുവേ ചെൻറടൽമൻറിടെ നിൻറാൾ
　　നഗ്നയുമാകി വിരിച്ചണികുഴലും

1. 'അസ്ത്രത്താലെ', 2. 'ലോപനനെ', 3. 'ഒരിക്കൽതന്നെ', 4. 'നേരമ്പു'
5. 'ഓരോന്നീരണ്ടും', ൧. പാഠം

വടിവൊടവാങ്ങമുഖനാ[1]കി മഹാത്മാ
　　മൻറിടെ നിൻറതു കണ്ടേ ബാണൻ
അടർപൊരുവാൻ ചതുരംഗാദികളൊടു-
　　മാഗതനായവൻ നഗരം പുക്കാൻ. ൧൧

പുനരതുകാലത്തൊടിയൊരോ ദിശി
　　ഭൂതഗണാദികൾ പുക്കീടിൻറതു
മനുകുലതിലകാ! കണ്ടു മഹേശൻ
　　മമ്മാ[2]പനിയനെ മുത്തലയോടെ
നിനവൊടു നിർമ്മിച്ചിതു പാദങ്ങൾ
　　[3]നിറന്നൊരു മൂൻറിനൊടേയണിയിൻറതു
പുനരതുകണ്ടൊരു പനിയനെ നൻറായ്
　　പുണ്യാത്മാ താനും നിർമ്മിച്ചാൻ. ൧൨

നിർമ്മിച്ചവനെയയച്ചിതു കൃഷ്ണൻ
　　നീറുമെലിന്തുമണിഞ്ഞാൻ ജ്വരവും
തമ്മിലെതിർത്തു പിണഞ്ഞതുനേരം
　　ദാമോദരനുടെ ജ്വരമതിനാലേ
തിന്മകളെയ്തി മഹാഭയമോടെ
　　ശ്രീകൃഷ്ണൻമലരടി കുമ്പിട്ടാൻ
നന്മയനുഗ്രഹിയെ[4]ൻറീശജ്വരം
　　[5]നാരായണ ശരണം ശരണൻറാൻ.. ൧൩

ശരണമനന്താച്യുത ഗോവിന്ദ!
　　ചരാചരഭൂതഹൃദിസ്ഥിതനേ ജയ!
കരണമൊരീരേഴിനുമറിവാകിയ
　　കാരിയകാരണ[6]നായവനേ ജയ!
മരണഭയാദികളീൻറി നിന്നെ
　　മഹാപുരുഷാ സകലേശ്വര ജയജയ!
ശരണം മായയിനാലീ ലോകം
　　സൃഷ്ട്യാദികൾ ചെയ്യിൻറവനേ ജയ! ൧൪

---

1. 'അമ്മേ ഭഗവാൻ', 2. 'ത്രിശിരസ്സാംജ്വരമവിടെ', 3. 'തിറത്തൊടു മുതൻറതിലൊട്ടുതിറത്തൊടണ്ണയുന്നതു', 4. 'എൻ റരുടെ, 5. 'നാരായണനേ ശരണമതെൻറാൻ', 6. 'കാരണകാര്യ' ശ. പാഠം

അഖിലേശാ! കാലത്തൊടു കമ്മവു-
മഥ ദൈവം ജീവൻ സ്വഭാവവു-
മഖിലമഹാഭൂതങ്ങളും മഹാന്ത-
മിതാമി തഥാ കരണാദികളെല്ലാം
സകലം നിന്മായാവൈഭവമിവ-
തന്നോടു വേറായ് നിൻപദകമലം
സുഖമൊടു വന്ദിക്കിന്റേനെൻറു
തുടൎന്നൊരു ഭക്ത്യാ വന്ദനചെയ്താൻ. ൫൦

ചേതസി[1] നിന്നുടെ പനിയന്നാലേ
ചെമ്മേയുളവാമുഷ്ണത്തെക്കൊ-
ണ്ടേതുമെനിക്കു പൊറാ പാലിച്ചരു-
ളില്ലൊരു ഗതി മറെറൻറീവണ്ണം
ആതുരനായ് മൊഴിയിൻറതിനേക്കേ-
ട്ടഖിലജഗത്തും പൂൎണ്ണനമായേ
ബോധമയൻ താനാകിയ ദേവൻ
ബുദ്ധിയഴിഞ്ഞിവയരുളിച്ചെയ്താൻ. ൫൧

താനിതു കേളെൻജ്വരമതിനാലേ
തനിയേ[2]യുള്ള ഭയങ്ങളകൻറിന്നി
മാനിതമാം നിന്നുടെ സ്തുതികൊണ്ടേ
മനസി കുളുത്തിതു [3]മുത്തലയോനേ,
ദീനതയുണ്ടാകാതിനിയൊരുവനു
നീയും ഞാനുമിവണ്ണം ചെമ്മേ
താനുള്ളവാകിയ കഥ നിന[4]വീടിൽ
സത്യമിതെൻറിതു നാരായണനും. ൫൨

നാരായണനെ നമസ്കൃതിചെയ്തു
നടന്നിതു [5]പനിയനുമാജ്ഞയിനാലേ
നാരായണനൊടു പോക്കു രഥോപരി
നലമൊടു വാണനുമേറിച്ചെന്നാൻ

1. 'നീ നിൎമ്മിച്ച, ജ്വരത്താൽ', 2. 'ഞങ്ങൾ ഭീതികളിനക്കിതകൻറ, 3. 'ത്രിശിരസ്സേ കേൾ', 4. 'ചിന്തിക്കിൽ' 5. 'ജ്വരവുമിതരവാളത്താൽ', ഗ, പാഠം,

നാരായണനനും ചക്രംകൊണ്ടു
നരേന്ദ്രാ വാണനുടേ കരമന്നാൾ
ഓരോന്നറവിടെ മുറിച്ചു [1]മരങ്ങൾ-
ക്കുള്ള കൊമ്പൊക്കെ മുറിക്കുംപോലെ. ൭൮

പുനരശ്ശുകാലം വാണനുടേ കൈ
പുരുഷോത്തമനരിയിൻറതിനെക്ക-
ണ്ടിനിയ മഹാനും കമ്പാദികളോ-
ടീശ്വരനച്യുതനോടരൾചെയ്യാൻ
മനമതുമുതലായുള കരണാദികൾ
വടിവൊട്ടു പാത്താലെങ്ങും കാണ്മാൻ
തനിയേയെങ്ങുമിയൻറീടാതൊരു
തത്സ്വരൂപം താനായതു നീയേ. ൭൯

നിന്നുടെ നാഭി നഭസ്സനലൻ മുഖം
നിരക മഹാസ്വർഗ്ഗം രേതസ്സുമ-
മ്മുന്നകിലംബുവതാകാശം ചെവി
ഉരുവിയതംഘ്രി മനസ്സുണിമതിതാൻ
നന്നെറി ചേർന്നാദിത്യൻ കണ്ണതു
നാട്ടകിൽ ജ്വരം മഹാവലയാഴികൾ
പന്നഗശയനാ! ഇന്ദ്രൻ പാണികാൾ
പാക്കിൽ നിനക്കൌഷധികളിരോമം. ൮൦

ഓക്കിൽ മഹാകേശം മേഘങ്ങ-
ളുപസ്ഥമതിൻെറ പ്രജാപതി ചെമ്മേ
പാക്കിൽ വിരിഞ്ചൻ ബുദ്ധി ഹൃദയം
പങ്കജനയനാ! ധമ്മമിതെല്ലാം
നീക്കമിയൻറീടാതീവണ്ണം
നിരൂപണംചെയ്യീടിലിലോകം നീ
ആക്കറിയാമവിടം സകലത്തിന-
മാത്മാവായതു നീയേയെൻറും. ൮൧

1. 'തരുവുടെ ശാഖകളൊക്കെ' ഗ. പാഠം.

എൻറും മറ പാലിപ്പാനായുമി-
തെങ്ങളുടേയ ഹിതത്തിന്നായും
നൻറിയൊടിവിടേ വന്നവതാരം
നാരായണ! ചെയ്തതു നീയെല്ലൊ
എൻറുമൊരാദിയുമന്തവുമീൻറിയൊ-
രേകനുമായ് ത്തുരിയാതീതനുമായ്
നിൻറ പരാപരമാകിയ ബ്രഹ്മം
നിന്തിരുവടിതാനേ സകലേശാ!. ൨൨

തന്നുടെ ഛായയുമാം മേഘംകൊടു-
ത്താന്മ[1]രുവിൻറ സൂരിയനെങ്കിലും
ഉന്നുകിൽ മേഘാദികളൊടു രൂപവു-
*മൊക്കെക്കൊട്ടിൻറിതു രവിയതുപോൽ
നൻനെറിചേൎന്നിട്ടും നിജമായയിൽ
നൻറായേ മറയിൻേറാനെങ്കിലു-
മെൻറും മായാമഹദാദികളെയു-
മെല്ലാം നീ കാട്ടിൻറതു ദേവാ!. ൨൩

നിന്നുടെ മായയിനാൽ മോഹിതരായ്
നിത്യാത്മാവാം നിന്നേയറിയാതേ
നന്മയിയൻറൎത്ഥങ്ങൾ കളത്രം
നല പുത്രാദികളാമാഴിയിലേ
തിന്മകളറിയാതേ മുഴകീട്ടു
തിറമൊടിയന്നുമിവണ്ണം നില്പോ-
രിമ്മനുജാതികളോരോ ജാതിയി-
ലെങ്ങും ജനനംചെയ്യഖിലേശാ!. ൨൪

അഖിലേശ്വരനേ! നിന്നുടെ കൃപകൊ-
ണ്ടവനിയിലൊരു നരവരനായാലും
സുഖമേ നിന്നെസ്സേവിക്കാതവർ
ദുഃഖിക്കിൻറിതു നീളെയനേകം

1. 'മറയിൻറ' ഗ· പാഠം.

സകലേന്ദ്രിയങ്ങളുടേ സ്വാമിയല്ലവാൻ
തന്നുടെയാത്മാവാമീശനെ വി-
ട്ടകന്നാരെഴിയിൻറവരമ്മതേ വി-
ട്ടയ്യോ വിഷപാനം ചെയ്യിൻേറാർ. ൨൫

അജനൊടു മുനിമാരിന്ദ്രാദികൾ[1] പുന-
രാത്മാവാമീശ്വരനായിട്ടും
ഭജനംചെയ്തീടിൻറതു നാമം
പങ്കജനയനാ! യനുഭവമോടെ
നിജ മായാവൈഭവമതുകൊണ്ടേ
നിഖിലജ്ജഗത്തും സൃഷ്ടിസ്ഥിതിചെ-
യ്തയനഖിലാത്മാവാം നിന്നോടി-
തപേക്ഷിക്കിൻേറനിതു കേളെൻറ. ൨൬

ഇൻറിവനെക്കൊല്ലായ്കയെനിക്കിവ-
[2]നിഷ്ടമതിൽ പ്രിയനാകയിനാലെ
നൻറിവകമ്പടി ചെയ്ത പ്രസാദം
നല്ല പ്രഹ്ലാദനു ചെയ്തതുപോലെ
എൻറതു കേട്ടഖിലേശനമരുൾചെ-
യ്തന്തോൻേറ നിന്തിരുവടിയിച്ചരക-
ളൊൻറതു തന്നേ സന്തോഷം മമ
ഉണ്ടോ പുനരതിനൊരു കുറയെൻറ. ൨൭

എൻറും മമ വംശത്തിലൊരുത്തനെ-
യെൻറും കൊല്ലായ്കെൻറതിരന്നാൻ
നൻറിമികും പ്രഹ്ലാദനിവന്നിതു
നാട്ടകിൽ വെലിതനയൻ പുനരെൻറ
ഇൻറിവനുടെ മദമറുവാനായ്ക്കരെ-
മേവയുമൊക്കെയരിഞ്ഞിനി നാമുള്ള
നൻറിമികും ശിവലിംഗാർച്ചനമതു
നാഥാ! ചെയ്തിടുവാനതിനായേ. ൨൮

1. 'ഇവർ, 2. 'ഇഷ്ടൻ' ശ. പാഠം,

ആകിലിവന്നൊരു ഭയമൊരുടത്തുമ-
    തില്ല ഭവാന്റെ പാർഷമൈശ്വര്യമ-
മാകുമിവൻ മരണാദികളീൻറി-
    യതെൻറീവണ്ണമിയന്ന പ്രസാദം
വേഗമിയന്നതുനേരത്തസുരൻ
    വിശേശ്വരനടിമലർ കുമ്പിട്ടാൻ
നാഗവരങ്ങളെ മേനിയിലണിയും
    നാഥന്റടേയരുളാലതുകാലം. ൧൯

അതുകാലത്തുഷയോടേ കൂടീ-
    ട്ടനിരുദ്ധനെ രഥമേററിച്ചെമ്മേ
ചിത്രമായ കരൊഴ്ച്ചയെ വച്ചതുനേരം
    ശ്രീകൃഷ്ണനമവർകളെ[1]യതിമോദാൽ
മതിമാനായ മഹാനൃപവീരാ!
    വടിവൊടു മൂന്നു നടത്തിക്കൊണ്ടായ്
ചിത്രമാകിയ പടചൂഴ മഹാനഗർ
    [2]ഇവനനുരാഗവശേന പുകുന്താർ. ൨൦

പുക്കിതു വാദ്യരവാദികളോടേ
    പുരുഷോത്തമനും ശ്രീമദ്ദ്വാരക
പുക്കിതു ശ്രീ[3]കൈലാസേ പശുപതി
    ഭൂതഗണാദികളൊമവരോടെ
ഇക്കഥ നിനവീടിൻേറാരാരിതു-
    മ്പത്തൊടു പ്രാതക്കാലേ നൻറായ്
ഉൾക്കനിവോടുളനാമവനൊരു ഭയ-
    മുണ്ടാകായിതു നിശ്ചയമല്ലോ. ൨൧

ത്രിഷഷ്ടിതമാദ്ധ്യായം

സമാപ്തം

1. 'അന്ന', 2. 'ശിവങ്കരരാഗ', 3. 'കൈലാസം ഭവനം' ഌ. പാഠം.

## അഥ ചതുഷ്ഷഷ്ടിതമോദ്ധ്യായഃ.

ഇതമൊടൊരുന്നാൾ യദുകുമാരവരന്മാരാ-
യ്ടും നല്ല രുഗ്മിണിതന്തുജനൊടു സാംബൻ
അധികമാവരാദിയായ് വീരർ പലർക്കൂടീ-
ട്ടമ്പൊടുകളിച്ചു[1]പവനെ വിലസുമന്നാൾ
മതിനികർ സമാനമിയലിൻറവർ മുഖംപോയ്
വാടിയിതു ദാഹമതുകൊണ്ടു ജലപാനം
ചിതമൊടു ചെയ്‌വാനുടനനേരമതു കണ്ടാർ
ചെൻറു ജലമീൻറിയൊരു കൂപമതു മന്നാ!. ൧

മന്നവ! നിരുദകമതാകിയൊരു കൂപേ
വാണ്ണിട്ടുമൊരോന്തിനെ മഹാമലസമാനം
നൻനെറിയൊടേയവർകൾ കണ്ടു കൃപയോടെ
നലമൊടു കരേററുവതിനാകിയുളവാകം
മന്നിലുള്ള പാശമതുകൊണ്ടുമതതാഞ്ഞേ
[illegible]ധവനൊടോതിനതു കേട്ടു സകലേശൻ
ചെൻറു[2]കളിയെൻറപടി വാമകരമൊൻറാൽ
ചെമ്മെയഥ കൊണ്ടു[3]കരയേററിനനഴറാൽ. ൨

ആക്കമൊടന്നേരമമരോത്തമനനേരാ-
യംബരമൊടാഭരണം മാലകളണിഞ്ഞേ
ഭാഗ്യപുരുഷന്നുടെ കരസ്പരിശമൊൻറാൽ
പാരിടെ നിറഞ്ഞവനൊടൊൻറിതരുൾചെയ്യാൻ
മാറ്റ്മൊടവന്നുടെയ ധർമ്മമതിന്നേളും
മാമഹിമ ലോകമതിലെങ്ങു[4]മറിവാനായ്
നീക്കമിയലാതപടി ചൊല്ലു മമ[5]യെല്ലാം
ദേവവരനെൻറുമറിയിൻറു തവ കണ്ടാൽ. ൩

എന്തതൊരു കർമ്മമതു ചെയ്തിവിടെയോന്താ-
യിങ്ങനെ ലഭിച്ചതതനില്ല തവ യോഗ്യം
ചന്തമൊടതേവയുമുരക്കറിവതിന്നായ്
ചാലെയിനിയെൻറപടി കേട്ടു നൃഗരാജൻ

1. 'വിപിനേ', 2. 'മചാരവ്വാടതിൽനിൻറു 3. 'കരയാക്കിനനിലമെല്ലാം', 4. 'അറിവായി', 5. 'നിജ്ജാർ' ഗ്ര. പാഠം.

മന്ദരമൊരാമയുമതായ്ച്ചമന്ന ദേവൻ
ചേവടി[1]പണിന്തു നയമോടിതു മൊഴിന്താൻ
സുന്ദരമതായ വചനേന വരുണനെൻറ
[2]സൂനു സുഗനെൻറഹമറിന്തരുളിന്നും കേൾ. ൮

ഇൻറിതൊരു വസ്തുവും നിന്നാലറിഞ്ഞിടാതൊ-
ൻേറതുമില്ല നീ സർവ്വസാക്ഷിയതിനാലേ
മൻറിലിയലിൻറ പൊടിയും വരിഷധാരാ
മററു[3] മണലത്ര പുനരത്ര പശുദാനം
വെൻറിയുടെ കൊമ്പു നല്ല [4]ഹേമമവയാലേ
വെള്ളികൊണ്ടുടൽ ഖുരങ്ങൾ കെട്ടിയുള മാലാ
നൻറയുള്ളവററിനെ മുദാ മമ കൊടുത്തേൻ
നായക! തഥാപരി കിടാങ്ങളതിനോടെ. ൯

ആടകളൊടാഭരണമാദികളണിഞ്ഞേ-
റാദരവു ചേൎന്നൊരു തപസ്സിനൊടു നിത്യം
കൂടിന ദ്വിജേന്ദ്രരവർകൾക്കു ദിവസം ഞാൻ
കൂറകൾ പശുക്കളൊടു ഭൂമികൾ കന്യാവും
ഹാടകമൊടാനരഥമാദി നല്ല ശയ്യാ-
മാദി പല ദാനമതുചെയ്തു പല യാഗം
കൂടെയിതമോടുചെയ്തു[5] പൂർത്തങ്ങളെ മററും
കൂറുവതിനേതുമെളുതല്ലിതു മുകുന്ദാ!. ൰

ഞാനൊരു ദിനം ദ്വിജവരന്നു പശുദാനം
സാദരവിനോടു മമ ചെയ്തതതുതന്നെ
പോന്നു മമ ഗോധനമതിങ്കലതുകൂടി
പോന്നതുമറിഞ്ഞതില്ല ഞാനമതുതന്നെ
മാനമിയലിൻെറാരു ദ്വിജന്നു ചെയ്തു ദാനം
മാമഹിമയോടു പിന്നെയപ്പശുവുമായേ
പോനവഴി തന്നിൽ മമ ഗോവറിയിതെൻറാൽ
പൂർവ്വദിനമപ്പശുവു ദാനമതു കൊണ്ടോൻ. ൧൧

1. 'ചിൽ പിണ്ണ്', 2 'സുന്ദരസുതൻ', 3 'ഉററുപു', 4. 'പൊന്നുകൊണ്ടുനന്നായ', 5. 'വ്രത' ഗ പാഠം.

ദാനമതെനിക്കു നൃഗനിൻറു ചെയ്യിതെൻറ
ദാനമതു വേണ്ടിനവനിങ്ങനെ പിണങ്ങി
താനുടനെന്നൊടിരുവരും വന്തു മൊഴിന്താർ
തന്നതു ഭവാൻ പുനരിതെൻറതു ദിനേ താൻ
മാനമൊടു ദാനമതു വേണ്ടിന ദ്വിജേന്ദ്രൻ
മററവനെന്നോടപഹരിച്ചതു നീയെൻറും
താനുടനിവണ്ണമവർ ചൊല്ലുവതിഖേദം
[1]താൻ മമ വളന്നിതകതാരിലഖിലേശാ!. വൃ

ആയവണ്ണം ഞാനനുസരിച്ചവർകളോട-
ൻറാദരവിനോടിരന്തു നിങ്ങളിലൊരുത്തൻ
ദയയൊടു തരേണമതിനിൻറു തരുവൻ ഞാൻ
ദിവ്യത തകും പശുവു ലക്ഷമതിനാലേ
തീയതു വരാതപടി കാത്തിടുകയെൻറ
ദീനമൊടിരന്ന വചനത്തിനിരുപേരും
പോയിനർകൾ തത്ര യമരാജ[2]ഗൃഹം ഞാന-
പ്പോതു മരുവീതു യമദൂതർ പലരായേ. ൻ

ആയിനതുകാലമുടനൊൻറിതരുൾ ചെയ്യാൻ
ആദരവിനോടു യമരാജൻ മമ[3] ചെയ്യും
മായവ തഥാവരിയ ദാനമതിനന്തം
മാനസമതിങ്കലറിയാഞ്ഞശുഭം മുമ്പിൽ
പോയനുഭവം ചെയ്യിടുകെൻറപൊഴുതോന്തായ്-
പ്പോന്നിങ്ങു ചമഞ്ഞിതഹമപ്പൊഴുതു നിൻെറ
തൂയപദതാർ നിനവകൻറതില്ലയേതും
സൂക്ഷമമവിടം പുനരിൻറളവുമെൻറാൻ. ഫര

എൻറുപെരുകീടുമൊരു താപമുടയോനാ-
യീടു മമ മുമ്പു തവ കാണ്മതിനു ഭാഗ്യം
നൻറിയൊടു വൻറിടുവതെങ്ങനെ മുനീന്ദ്രർ-
നാടി മറതന്നിലു[4]മരിൻറ പൊരുളല്ലോ

1 'താങ്കിളുവമർന്നിതക', 2. 'നകർ', 3. 'ചെയ്യും', 4. 'അറിയിൻറ' ശ. പാഠം.

എൻറുമറിവായൊളിവുമായുണൎവ്വുമായ് നി-
ൻറീടുമഖിലേശ്വര[1]ശരൺ ശരണമെൻെറ
നൻറിയൊടു ദേവകിതനൂജനമതാകും
നാഥ ശരണം വിട നൽകീടടിയനെൻറാൻ. ൧൧

എൻറടിയിണക്കമലം വീണു വണങ്ങീടു-
ന്നീശ്വരനടേയൊരരുളായഥ വിമാനം
ചെൻറു കരയേറി നരർകാൺക നടന്നീടും
നേരമമരംചെയ്തിതഖിലേശൻ നരവീരാ!
നൻറിയൊടുടൻ പരിജനങ്ങളവരോടെ
സൂക്ഷ്മമതുമാകമൊരു ധൎമ്മവുമധൎമ്മം
നിൻറപടി വീരവരരാകിയ നൃപന്മാർ
നിത്യമറിവാനതിനു സത്യവചനത്താൽ. ൧൨

ആകിൽ വിഷമല്ല വിഷമുണ്ടതിനു മന്ത്രൌ-
ഷധികൾ ദ്വിജന്മാർധനമതായ വിഷമുണ്ടാൽ
ചാകയൊഴിഞ്ഞില്ലൊരു പ്രതിക്രിയ ഹുതാശൻ
താൻ നരുങ്ങുടൻ നകക്കിലും ദഹനമാകാ
ഏകജനമുണ്ടു വിഷമെങ്കിലവനേ ചാ-
വെയ്യുവതിതല്ല പിരമസ്വം നകന്നീടി-
ൻറാകിലവനുള്ള കുലമൊക്കെ മുടിയിൻറു
പാക്കുമതു പാലനമതാകയല്ല നൂനം. ൧൩

ആയവണ്ണം[2]വമ്പൊടനുവാദമതു ചെയ്തി-
ച്ചന്തണധനം നകക്കിൽ മൂൻറു പുരുഷന്മാർ
പോയ് മുടിഞ്ഞു പിന്നെയവർ വമ്പുകൊണ്ടുതന്നെ
പ്രവൃത്തിചെയ്തു വിപ്രരുടെയൎത്ഥമതു കൊണ്ടാൽ
തീയതിണയഞ്ചു ചെയ്തു പത്തുമതു മൂൻറും
തീയതുവരായവർ കൊടുത്ത ധനമുണ്ടാൽ
പോയിടും നശിച്ചു പിരമസ്വമതു തൻെറ
പ്രവൃത്തികൊടു തൻധനമതാകില്ലൊരുമെൻറും. ൧൪

1. 'ശ, നിന്നംഭ്രമ്മകരംകൊണ്ടന്നേൻ', 2. 'അമ്പോട്' ശ. പാഠം.

എൻറും നരകെയ്തമൂടനന്തണധനം ചേ-
ന്നീട്ടമൊരു വമ്പൊട്ടു പറിച്ചിടുകിൽ നൂനം
മൻറിലതു താനങ്ങു കൊടുത്തതുമന്യന്മാർ
മററങ്ങു കൊടുത്ത പിരമസ്വം നകന്നീടിൽ
ചെൻററുവരായിരം മഹാവരിഷം നൻറായ്
[1]ചെമ്മെയവർ വിഷ്ടയിലെഴും കൃമികളായേ
മൻറിലമലൻറതു വിപ്രധനമുണ്ടാൽ
വന്നിടുകയില്ല ഗുണവും പെരുകവണ്ണാം. ൧൭

വാണ്ണിടുകയില്ല നൃപർ തന്നുടെയ രാജ്യം
മാനവുമഴിഞ്ഞവർ പരാജിതരുമായ്പ്പോം
താനലിവിനോടു പിരമസ്വം നകന്നീടിൽ
സത്യമതെവനും നരകെയ്തമതു നൂനം
താണ്ണകുലം മേവി നടന്നാൻ പതിതനായേ
താനൊരു ദ്വിജൻ പുനരതെങ്കിലുമവന്നെ
താനങ്ങു ബലാൽ ദരിശനം ചെയ്തിടും നേരം
താണ്ണു വണങ്ങീടുകവൻ ഞാനെന്നു നിനന്തേ. ൧൮

ഞാനുടനവണ്ണമതു വിപ്രരെയിതെൻറും
ഞായമൊടു വന്ദനം ചെയ്യുൻറതുപോലെ
താനിതമൊടേ തൊഴുക നിങ്ങളുമവണ്ണം
[2]സാദരവെഴും വചനമങ്ങു പകയാവോർ
നൂനം നരകെയ്തവതുമിക്കഥയെയിപ്പോൾ
നോക്കുവിൻ വിചാരമൊടിതെൻറരുൾചെയ്തീശൻ
താനും നിജ കോയിൽമരുവിൻറനന്തിതമ്പാൽ
[3]തത്തനയന്മാരുമിതമുററ [4]നൃപവീരാ! ൧൯

ചതുഷ്ഷഷ്ടിതമമദ്ധ്യായം
സമാപ്തം.

---

1. 'ചേർന്നവരമേദ്ധ്യമതിലേ', 2. 'നേരുചെയ്യേനതിനിതെ,' 3. 'തത്ത, 4. 'മന്ന' ശ. പാഠം.

## അഥ പഞ്ചഷഷ്ടിതമോഽധ്യായഃ.

വീരാ! ബന്ധുജനങ്ങളെയെല്ലാം
വിരവൊടു കാണ്മാനായേ ബലനഥ
നേരേ വാഹനമേറി നടന്നാൻ
നിതരാം ഗോകുലമതിലിതമായേ
പാരാതേ ചെന്നീടിനനേരം
പരിചൊടു വന്നാശ്ലേഷം ചെയ്താ-
രോരോ ഗോപികൾ ഗോപന്മാർകളു-
മുണ്ടാം ഹർഷജലത്തോടണന്തേ. ൧

അണഞ്ഞു പണിഞ്ഞു പിതാക്കളെയവർകളു-
മാശ്ലേഷം ചെയ്തരഷാശ്രുക്ക-
ളണിഞ്ഞിതു രാമന്റേ തിരുമേനിയി-
ലാശീർവാദങ്ങളുമനേകാ
അണിഞ്ഞു യഥോചിതമാംപടിയവിടെ-
യണച്ചു യുവാക്കളെ വൃദ്ധ[1]ന്മാരെ
[2]വണങ്ങി മുദാ [3]ഗോപാലന്മാരഥ
വടിവൊടു ചെയ്താർ കുശലവിചാരം. ൨

ചേത[4]സ്സിങ്കൽ കൃഷ്ണനെ നൻറായ്
ചിന്തിക്കയിനാലേ ചത്രാദിക-
ളാദരവോടഖിലാർത്ഥങ്ങളെയു-
മവന്നു സമർപ്പണമാക്കിച്ചെയ്തേ
നീതിയൊടിയലും ഗൽഗദവാക്കു നി-
റന്നീടിൻറതുകൊണ്ടുരചെയ്താർ
മേദിനി വാഴുന്നേറാനോ [5]കൃഷ്ണൻ
ബന്ധുജനത്തോടു ദുഷ്ടരെ വെൻറേ. ൩

വെൻറതു കംസനെയൊരു സുഖമായിതു
വീരാ! യസ്മാദികളെയിതെല്ലാം
നൻറിയൊടേ നിനവീടുവതുണ്ടോ
നരവരനാം ശ്രീകൃഷ്ണനിതെൻെറ

1. 'ന്മാർകെ', 2. 'ഉയരെ', 3. 'ഗോപന്മർ', 4. 'സി സതത.', 5. 'കണ്ണൻ്ഗ', പാഠം.

എൻറരുൾചെയ്യരുളുന്ന ദയായാം
അസിതാപാംഗനിരീക്ഷണമൊടു വ-
ന്റൊൻറു മൊഴിന്താർ ഗോപാംഗനമാ-
രുരപെറുമലധരനോടതുകാലം, ൪

അതിസുഖമൊടു പുരസ്ത്രീവല്ലഭനായ്
മരുവീടിൻറിതുമല്ലീ കൃഷ്ണൻ
ചി തമൊടു മാതാക്കന്മാർ തമ്മെ
ചിന്തിപ്പതുമുണ്ടോ പുനരെൻെറ
അതിനിടയിൽച്ചിലനേരത്തസ്മാ-
ദികളുടെ കഥയുമുരപ്പതുമുണ്ടോ
ബത! പതിമാതൃസുതാദികൾ തമ്മെ
വെടിഞ്ഞും കാമി[1]ച്ചതിനെ മറന്നാൻ. ൫

അലിവൊടു കേൾപ്പിൻ വൈകാതെ ഞാ-
നാഗതനാമെൻറരുളിച്ചെയ്തതു
ഫലമായില്ലതു വളുസം തത്ര
പറഞ്ഞതുമെൻറാലിവനുടെ വചനം
അലിവൊടു വിശ്വാസം പുരനാരിക-
ളാത്മാവങ്കിൽച്ചെൽവതുമെങ്ങനെ
പലകപടാദികളുണ്ടവനതിനു
പറഞ്ഞീടിൻറവിടത്തുമിതെല്ലാം. ൬

ഏററ മനോഹരമാകിയ മന്ദ-
സ്മിതമൊടു കൂടിയ നോക്കുകൾകൊണ്ടും
വേറു പുരാംഗനമാരുടെ ഹൃദയം
വി നൊടു തൻവശമാക്കീടിൻറോൻ
കൂറുകവേണ്ടിയിനിയവനുടെ കഥ
കൂറുക മററൊൻറവനസ്മാദികൾ
തേറുക കൂടാതേ പോകിൻറതു
തിറമൊടവണ്ണം നമുക്കമിതെൻറാർ. ൭

1. 'ച്ചതിരാക്കുമ്പോൾ, ഗ. പാഠം.

എൻറീവണ്ണമരത്തവനോടെ തൊഴിൽ
　　ഇനിയ വചസ്സോടു നോക്കുകൾ പുഞ്ചിരി
കൊൻറാരോൻറു നിനച്ചുനിനച്ചു-
　　മുരളുന്നു കരഞ്ഞീടിൻറതു രാമൻ
അൻറാദരവൊടു കണ്ടനുജന്നുടെ
　　അതിസുഖമീടിയ വാർത്തകളാലേ
നൻറായനുസരണം ചെയ്താനതു
　　നല്ലനുസരണാദികളിൽ വിശേഷാൽ. ൮

നലമൊടു ചൈത്രം വൈശാഖവുമിവ
　　നാമമിയന്നീടും മാസത്തിനെ
ബലനതിസുഖമവർകൾക്കുണ്ടാവാൻ
　　വെൻറിയൊടേ മരുവിൻറതു കാലം
മലയജനോടും സേവിതനായ മ-
　　ഹായമുനോപവനേ മധുപാനം
പല ഗോപാംഗനമാരൊടുകൂടി-
　　പ്പരമാനന്ദമെഴുംപടി ചെയ്താൻ. ൯

ചെയ്താൻ മധുപാനാദികളതിനാൽ
　　ചേർന്നീടിൻറാനന്ദത്തോടേ
ചെയ്തിതു ഗാനവിനോദാദികളതു
　　[2]ചേൽമിഴിമാർകളുമായതു കാലം
ചെയ്തിതു വാനവർ ദുന്ദുഭിയൊച്ചകൾ
　　ചെമ്മേ കുസുമമഹാമഴ സതതം
ചെയ്തിതു ഗന്ധർവ്വാദികൾ മുനിമാർ
　　ചേലൊടു കൂടിയ സ്തുതികളുമൎച്ചാ!. ൧൦

അംഗനമാർകളുമായേ മധുപാ-
　　നാദികൾ ചെയ്തു വനാ[3]ദികൾതോറും
സംഗമൊടേ[4]നടന്നിട്ടു കളിച്ചു ത-
　　ഥാ പെരുമാറീ മാമദ[5]മോടേ

1. 'വിളമ്പി', 2. 'ദേവൽ', 3. 'അളിൽത്തീളേ', 4. 'ടഞ്ഞു കളിച്ചു നടന്നു', 5. 'മത്താടവിടെ', ഗ. പാഠം,

അക്കൊരു കണ്ണത്തിൽ കണ്ഡലമണി-
ഞ്ഞ ഷണാംബുജനയനൻ ബലനുടനേ
അങ്കു ജലക്രീഡക്കായ് യമുനയെ-
യാഹ്വാനം ചെയ്താരുതുനേരം. ൧൧

അതുനേരത്തവിടേ യമുനാനദി-
യാഗതയാകാഞ്ഞീടിനനേര-
ത്തതികോപത്തൊടലാഗ്രം കൊണ്ടേ
അരചാ! വിചകർഷണമതുചെയ്താൻ
നിതരാം നീയെന്നുടെയാജ്ഞാമതു
[1]നീക്കമിയൻേറ ധിക്കാരം ചെ-
യ്തതുമൂലം മമ ന്തറു നറുക്കവ-
നലമതിനാലേകയൻറു മൊഴിന്താൻ. ൧൨

ആനതുകാലം യമുനാനദി വ-
ന്നലധരനുടെ മലരടികുമ്പിട്ടേ
താനിതു ചൊന്നാൾ; [2]രാമമഹാപ്രഭു
[3]സാകർഷണ തവ വിക്രമമേതും
ഞാനിതറിഞ്ഞില്ലഖില[4]ത്തിന്നെയും
നാഥാ! ശിരസി മുദാ കട്ടപോലെ
[5]മാനമൊടണിയിൻറവനേ! [6]ജയജയ
മാധവ! ശരണം മോചയയെൻറാൾ. ൧൩

എൻറതു കേട്ടിട്ടവളെ വിമോചി-
ച്ചിനിയ വരാംഗനമാർകളുമായേ
അൻറു ജലക്രീഡാദികൾ ചെയ്താ-
നാനത്തലവൻ കരിണികളോടെ
നൻറിയൊടേ ചെയ്യിൻറതുപോലേ
നലമൊട്ടു തത്ര കരേറിനകാല-
ത്തൻറസിതാംബരമാഭരണാദിക-
ളവിടേ ദാനംചെയ്തിതു യമുനാ. ൧൪

1. 'നീങ്ങയിവണ്ണം'. 2. 'സങ്കർഷണ ജയ', 3. 'സകലേശ്വര',
4. 'ജഗത്തിനെ', 5. 'മാനസ', 6. 'ജയ', ഗ.പാഠം.

അവിടേയാടകളാഭരണാദിക-
    ളതിശയമാകിയ മാലയണിഞ്ഞി-
ട്ടവിടേ ശോഭിതനായിതു രാമനു-
    മരചാ!യൻറു ബെലൻ[1]ഫലമതിനാൽ
അവിടേയാകർഷിച്ചിതു വഴിയേ-
    യാഗതമായതു കാണ്മാനിൻറും
അവിടേയുണ്ടമലന്റെ വീയ്യവു-
    മാമതു സൂചിപ്പാനിതമായേ. ൧൯

ഋതമായീവണ്ണം പല രാത്രിക-
    ളേകമിതെൻറതുപോലേ പോയിതു
മതിമാനാകിയ ബലനൊടുകൂടി മ-
    ഹാസുഖകരമാം വചനംകൊണ്ടും
അതുനാളസിതേക്ഷണൻമുതലായുള-
    വാകിയ ലീലാദികളെക്കൊണ്ടും
നിതരാമംഗനമാരുടെ മനസി നി-
    റഞ്ഞിതു സന്തോഷങ്ങളനേകം. ൧൰

പഞ്ചഷഷ്ടിതമോദ്ധ്യായം

സമാപ്തം.

---

## അഥഷട്ഷഷ്ടിതമോദ്ധ്യായഃ.

ആദരേണ ഗോവ്രജം ബെലൻ ഗമിച്ചിതെൻറു(താൻ)
    നീതിയോടറിഞ്ഞു ദൂതനെസ്സപൌണ്ഡ്രകൻ തഥാ
മാധവന്നു ചൊല്ലുവാനി വാൎത്തയും മൊഴിന്തു താ-
    നാദരേണ വിട്ടനെൻ ഇതജ്ഞനാകി മന്നവാ!. ൧

വാസുദേവനാകി മണ്ണിൽവന്നു ഞാൻ ജനിച്ചതും
    വാസുദേവൻ ഞാനിതെൻറ[2]വാലരാം വചസ്സിനാൽ
ആദരേണ ചിന്തചെയ്തിടിൻറതൊൻറു ന്യായമല്ല
    ഏതുമൊൻറു കൃഷ്ണനോടുരയ്ക്കയെൻറു ചൊല്ലിനാൻ. ൨

---

1. 'ബലം', 2. 'ബാലർതൻ വചസ്സുകേൾപ്പാൻ' ഗ. പാഠം.

എൻറു ദ്വാരകാപുരത്തിലിതത്തിനോട്ടു ചെന്നു നി
　　ന്നുരചൊല്ലെൻ വേഷമൊക്കണിഞ്ഞിട്ടൻറതേവയും
ഇൻറു നീ[1]കളഞ്ഞു പാദതാർ വണങ്ങല്ലായ്കിൽ നീ
　　വന്നെതിർത്തു പോർചെയ്തിട്ടു വാനിലോകമെയ്തു
(പോയ്. ൩

ഇവണ്ണമീയിതെൻെറ വാക്ക് തത്തിനോട്ടു കൃഷ്ണനായ്
　　അവണ്ണമങ്ങുണർത്തുവാനണഞ്ഞു ദ്വാരകാമതിൽ
ഏവണ്ണമങ്ങുരത്തു വിട്ടതേവയുമണത്തിനാ–
　　നൌവണ്ണമേയണഞ്ഞു ദൂതനാദരേണ വീരനെ!. ൪

വീരരുഗ്രസേനരാദിവീരർ പൌണ്ഡ്രകന്നരത്ത-
　　തോരു വാക്കു ദൂതൻ വൻറുരത്തതൻറു കേട്ടടൻ
പാരമായ് ച്ചിരിച്ചിതൻറു പാർമന്നാ! വനന്തരാ
　　നാരണൻ രഥത്തിന്മീതു നന്മയോടങ്ങേറിനാൻ. ൫

ഏറവേഗമീട്ടും നല്ല തേരുമേറി മാധവൻ
　　ക്രൂറൊണ്ണാത വമ്പനായ പൌണ്ഡ്രകൻവധത്തിനായ്
വീറൊടന്നു ചെന്നപോതു വേഗമോട്ടു പൌണ്ഡ്രകൻ
　　ചീറിവന്ന സേനയൊട്ടു ചെഞ്ചമ്മേയെതിർത്തനൻ. ൬

　　ഏതിരേയക്ഷൌഹിണിപടയോട്ടമി–
　　　　തംവിളയും നിജബന്ധുവതാകിയ
　　മതിനേരാനനമുടെ കാശീശ്വര–
　　　　മന്നവൻടെ പട മൂൻറക്ഷൌഹിണി
　　അതിനോട്ടുംകൂടീട്ടപ്പൌണ്ഡ്രക–
　　　　നരപാ! മുടികടകാദികൾ കൌസ്തുഭ–
　　മതിനോട്ടും മലർമാല ചതുർഭുജ–
　　　　മതിലരിശംഖാദികളൊട്ടു വന്നാൻ. ൭

　　വന്നിതു പീതാംബരധരനായേ
　　　　മന്നാ! ഗരുഡധ്വജമതിനോടേ
　　മുന്നിൽ മഹാബലവാൻ പൌണ്ഡ്രകനൃപൻ
　　　　മുഖ്യമതാം നിജവേഷത്തോടെ

1. 'നീക്കിമന്നു', ഗ. പാഠം.

അന്നരികേ വന്നസിഗദശൂലമൊ-
ടമ്പുഗദാദികൾ വേലൊടു തോമര-
മെന്റിവയോടു വിട്ടതികോപത്തോ-
ടെതിർത്തതു കണ്ടു ചിരിച്ചാനമലൻ. ൮

അതുനേരത്തവനന്റെ പ്രയോഗി-
ച്ചായുധഗണവുമവൻപടയാകിയ
മദയാനകളശ്വങ്ങളൊടു
മററു മഹാരഥവും കാശീശൻ
ഇതമായ് മേവിന സേനയുമെല്ലാം
ഈശ്വരനാകിയ കൃഷ്ണൻതന്നുടെ
അസിയോടൊരുഗദ ചക്രമിവറേറ-
റന്തകനുടയ പുരംപുക്കതു പോയ്. ൯

അന്തക[1]നുടയ പുരം രഥവാജിക-
ളാനകളൊടു കാലാൾ പലവൊട്ടകം
വെന്തു മഹാവനമതിലൊരു പവനൻ
വീ[2]ശുംനാൾ വീഴും മരമതുപോൽ
സന്തതമുടലുയിരററു പതിച്ചേ
തരസാ ഭൂമി നിറഞ്ഞിതുമവിടെ
പന്തുകളിച്ചിതു ഭൂതപിശാചുകൾ
വകവക നരിയോടു നായ്കഴുകന്നാൾ. ൧൦

അന്നാൾ പൌണ്ഡ്രകനോടരുൾ ചെയ്താ-
നരചാ! കൃഷ്ണൻ ദൂതനൊടിതമായ്
എന്നോടറിയിപ്പാൻ ചൊല്ലീടിയ
തി[3]പ്പോൾ ചെയ്യിന്റേൻ[4]ഞാനെന്റെ
നന്റായെന്നോടു സാമ്യമതായൊരു
നടവരനെപ്പോലെ ചമയും ന
ഇന്നാളിച്ചിഹ്നങ്ങളെയെല്ലാ-
മിത കളയിന്റേനെന്റാനമലൻ. ൧൧

1. 'ന്റെ ഭവനെ', 2. 'യ്യം', 3. 'പ്പെട്ടത 4. 'എന്നെ', ഗ. പാഠം,

എൻറരുളിച്ചെയ്തിട്ടു കളഞ്ഞാ-
    നീടിന കോപത്തോടു രഥാദികൾ
വെൻറി മികും ശ്രീ[1]ചക്രം തന്നാൽ
    വീരാ! ഖണ്ഡിച്ചവനുടെ തലയും
നൻറിമികും കാശീശൻതലയും
    നലമൊടറുത്തതുമൊരു മൂൻറമ്പാൽ
വെൻറവനൊടവനുടെ ഗോപുരമാഗ്ഗേ
    വീഴുംപടിയെയ്താൻ പുനരുടനേ. ൧൨

ഉണർ[2]വ്വീടും വായ്‌വസ്ത്രുംകൊണ്ടേ
    ഉമ്പർപുരാനെയ്തിട്ടവനുടെ തല
നിണമോടേ കാശീശൻതന്നുടെ
    നിറമിയലും ഗോപുരമതിലട്ടാൻ
മണമീടും മലർമാമഴ വാനവർ
    വടിവൊടു ചെയ്തിൻറളമേറേററി-
ട്ടണിനഗരം പുക്കു ശ്രീകൃഷ്ണനു-
    മരചാ![3]യെയ്തിയ വെൻറിയിനോടെ. ൧൩

എയ്തിയ വൈരംകൊണ്ടാ കൃഷ്ണനെ-
    യിതമൊടു ധ്യാനിക്കയിനാൽ പൌണ്ഡ്രക-
നെയ്തീ ഭഗവദ്രൂപം തന്നേയു-
    മെല്ലാപ്പാപത്തൊടു വേറായേ
എയ്തിനർ കാശിപുരേ മരുവീടി-
    ൻറിനിയ മഹാജനമഗ്ഗോപുരമതി-
ലെയ്തിയ ശിരമേ വന്നുടെയൊന്നിളു-
    മെൻറു നിരൂപിച്ചുടനറിവുററാർ. ൧൪

അറിഞ്ഞിതു കുണ്ഡലമൊടു കിരീട-
    മിവാദികൾ കണ്ടരചൻതലയെൻറ-
തറിഞ്ഞു കരഞ്ഞാർ ഭാര്യാപുത്രരൊ-
    ടാദിമഹാബന്ധുക്കളും മററും

1. 'ചക്രംകൊണ്ടന്നേ', 2. 'വ്വിരല്യ', 3. '[illegible]ചെയ്തിട്ടവൻ', 'നിങ്ങ
[illegible] പാഠം

അറിഞ്ഞവ്വണ്ണം താതന്റെ ശേഷക്രിയ-
യരചാ! ചെയ്തു സുദക്ഷിണനവിടെ
നിറഞ്ഞുളവാകിയ [1] ഭൃത്യാദികളൊടു
നിതരാമന്ത്യേഷ്ടിക്രമമോടെ. ൨൫

ഉടനേ പിതൃഹന്താവിനെ വെൽവാ-
നടനേ സാദ്ധ്യന്മാർ [2] ളുമായി
വടിവിനൊടവിടെ പശുപതിയാകിയ
മഹേശ്വരനേ പരിചോടർച്ചിച്ചാൻ
അടിയിണവന്ദിക്കിൻറവർകാംക്ഷക-
ളഖിലം നൽകീടിൻറമലാത്മാ
ഉടനരചെയ്താൻ പിതൃഹന്താവിനെ
[2] ദൃഢമനമോടു ജയിപ്പാനായേ. ൨൬

ആയതുനാളന്തണരൊടുകൂടീ-
ട്ടഭ (വ്യാ?ചാ) രത്തിന്റടേ വിധിപോലേ
നീയിതുനാൾ പരിചരണം ചെയ്തിട്ടു
നിതരാം ദക്ഷിണപക്ഷവക[3] ദേവനെ
ആയിതുനാൾ നിൻ നിനവിലഭിച്ചിട്ടു-
മന്തണർ ഭക്തന്മാരെയൊഴിഞ്ഞതു-
മായവന്നിതു ഫലമേയെ [4] രുള്ളതു
മനസി ധരിപ്പാനായരുൾ ചെയ്താൻ. ൨൭

താനതുകേട്ടഖിലേശ്വരനായി-
ത്തരസാ മാരണമായതു[5] ചെയ്താൻ
മാനവനേ! യതുനേരം കണ്ടാൻ
വളഞ്ഞകിറോടെരിതീക്കനൽനയനം
താനതികഠിനമതാമാസ്യത്തൊടു
താടികളും ചെമ്പിച്ച നിറത്തോ-
ടാനതുകലം ഹോമകുണ്ഡമ-
തിങ്കലതീവ ഭയങ്കരമായേ. ൨൮

1. ‘കൃത്യാ’, 2. ‘യൻറ ഛയിച്ചതിനാലേ ഛീരനും’, 3. ‘ചന്നിയെ യെദന്ത’, ശ ൦൦. 4. ‘ആയവനിതുഫലിയാരിവൻ’, ക. പാഠം. 5. ‘മാമളു; ശ. ൨൦൦.

കരമതിലിളകിന ശൂലത്തോടെ
കാലാഗ്നിക്കെതിരാംമാഷ്ടങ്ങളെ
വരമിയലും നിജനാവിന്നാലേ
വടിവൊടിലേഹനമതിനെച്ചെയ്തും
ധരണികലുങ്ങുംവണ്ണം ചെല്ലേ
താനതുകാലം ദ്വാരകവാസികൾ
മരണഭയാദികളോടേ കണ്ടു
മഹാപുരുഷോത്തമനടിമലർ തൊഴുതാർ. ൧൯

അടിമലർ തൊഴുതഭയം തരികെന്നേ-
റശ്രുജലത്തൊടിരന്നതു കേട്ടവ-
രുടയവനാകിന ശ്രീപുരുഷോത്തമ-
നണർവൊടു ചൂതുപൊരുന്ന ദശായാം
വടിവൊടു പുരികളെയെല്ലാം വഹ്നി
ദഹിപ്പിച്ചീടാനണയുംപോഴുല
തടയരുതാതപ്രകാരം ചെയ്വതു
നാകലേശൻ കണ്ടരുളിച്ചെയ്താൻ. ൨൦

അരുളിച്ചെയ്തിതു പേടികളായ്ക്ക-
ന്നഖിലജഗത്തും തിങ്ങി നിറഞ്ഞ
പരിചിൽ വരും മാരണമതു മാറവും-
പടി നിജചക്രത്തിനെയഖിലേശൻ
വിരവൊടയച്ചൊരുകോടി ദിനേശൻ
വെൻറിയൊടുദയംചെയ്വതുപോലെ
വരുമൊരു[1]തേജസ്സോടേ ക്രൂരി മ-
ഹാചക്രം പുനരൻറു നടൻറു. ൨൧

അൻറച്ചക്രത്തിനുടേ ശോഭക-
ളാമതിനാലേ ഭഗ്നമുഖന്നായ്
വെൻറിയുമീൻറി കൃത്യാനലനതു
വീരാ! തത്ര നിവൃത്തനുമായേ.

1. 'ശോഭാദികളൊട്ടു' ഗ. പാഠം.

ചെൻറു സുദക്ഷിണിനൊരു മാരണമായ്
ചെമ്മെ വാരാണസിയെ പ്രാപി-
ച്ചൻറിത്തിക്കുകളോടു കൂടവനെയു-
മറവേ ദഹനംചെയ്തിതു നൻറായ്. ൨൨

നൻറായതിനരികേ തൃച്ചക്രം
നരവരനുടെ നഗരങ്ങൾ പെരുമ്പ-
[1]അന്നേവയുമതിൽ മാളികഗോപുര-
മാദിമഹാഭണ്ഡാരവുമെല്ലാം
മൻേറഴിനെയും ദഹിപ്പതിനാകി
മഹാഗ്നി ജ്വലിച്ചു നശിപ്പിക്കുമ്പോൾ
അൻേറവയുമേ സംഹാരംചെ-
യ്തഖിലേശ്വരനരികായീ ചക്രം. ൨൩

ചക്രിരപാണി മുകുന്ദൻതന്നുടെ
ചരണസരോജംതന്നിലനേകം
ഭക്തി ജനിച്ചു ദിനംപ്രതിയിക്കഥ
പാടുകിലും കേട്ടീടിലുമുത്തമമായ്
ഭക്തികളോടു വിചാരണചെയ്തി-
ട്ടുടനെ നിരൂപിച്ചീടിലുമെൻറും
മുക്തിവരും പാപത്തോടുവേറായ്
മുഖ്യമതായേ നൃപവരവീരാ! ൨൪

ഷട്ഷഷ്ടിതമാദ്ധ്യായം
സമാപ്തം.

---

## അഥസപ്തഷഷ്ടിതമോദ്ധ്യായഃ.

വീരനിരാമനുടെ കഥയിന്നും
വേഗമൊടറിയിച്ചീടുകയെൻറ
വീരനൃപൻവചനം കേട്ടമ്മുനി
ഭവൻറിയൊടിനിയും നീ കേളെൻറാൻ

---

1. 'മന്നവനേയു', ഗ- പാഠം.

വീരവരാ![1] നരകന്നുടെ സഖിയായ്
വിവിദൻ[2] മൈന്ദന്നുടേ ഭ്രാതാവായ്
പാരിടമുമ്പേയുളനരിവരനൊരു
പർവ്വതസാമ്യമതാമുടലോടും. ൫

അതി[3]വെലവാനാം നരകനെ[4]മാധവ-
നമരിൽ വധിച്ചതിനുടെ ഹേതുവതായ്
അതിനൊരു സഖ്യതയാനാമ്പാടിയെ
അഥ നഗരഗ്രാമാദികളെല്ലാം
അതുപൊഴുതെങ്ങും പുട്ടാനതുമ-
ല്ലചലാദികളെയെടുത്തതിനാലും
മധുമഥനൻ മരുവും ദേശങ്ങളെ
വകവകയെങ്ങു നരുക്കിനനൃപാ!. ൬

അരചാ! ബാഹുല്യാമാഴിയിലേ-
യംഭസ്സിനെയുദ്ധാരണം ചെയ്തി-
ട്ടരികേയുള്ള മഹാദേശങ്ങളെ-
യവനഥ മഗ്നമതാക്കിച്ചെയ്തും
പരിചീ[5]ടിന മുനിമാരാശ്രമങ്ങളും
പറഞ്ഞീടിലവരുടെ പഥ്യാദികളെയു-
മരിവീരൻ പീഡിച്ചാനെത്രയു-
മവിടേ മൂത്രപുരീഷാദികളാൽ. ൭

പുരുഷന്മാരൊടു നാരികളംതമ്മെ
ല്പൊലിവൊടു ഗുഹകളിലേ നിക്ഷേപി-
ച്ചരിവീരൻ ചില മലകളതിന്നാ-
ലഴകൊടടച്ചീടും മനുവീരാ!
പരമാദരവൊടിവണ്ണമനേകം
പാൽമൊഴിമാർകളുടേ കുലദൂഷണ-
മൊരുപോലേ ചെയ്തിപ്പടിയിവനാ-
ലുളവായീയുപരോധമനേകം. ൮

1. 'വരൻനരകന സഖിയായെ', 2. 'വീരൻ', 3. 'ബലവാൻ' 4. 'മധുസൂദനൻ', 5. 'ബ്രഹ്മർഷിമാരുടെ ശ്രേണിയിൽ പാരമേശ്വരചൊല്ലിട്ടുള്ളി സംസ്കൃതി' ശ. പാഠം.

ഏകദിനം മടവാർകളുമായി-
ട്ടിതമൊടു രാമൻ മധുപാനോത്സവ-
മാകിയ കൌതുഹലമൊടു മത്തനു-
മായതുകൊട്ട്[1]വിഹ്വലനായന്നാം ൫
കോകിലവാണികളോടേ ഗാനം
കൂടെച്ചെയ്തു മുദാ "രേവതക"മ-
താകിയ ഗിരി മേവിടറിൻറതുനാം
അവിടെച്ചെൻറിതു വാനരവീരൻ.

വാരണവരനെതിരായേ രാമൻ
മാനിനിമാരുടെ മദ്ധ്യേഗതനായ്
വീരതയായ് മേവീടിൻറതുനാം
വ്രീറൊടു കണ്ടരിവീരൻ ചെമ്മേ
നേരൊരു മാമരമേറി ശ്ലാഖകൾ
നിതരാം ധാർഷ്ട്യത്തോടു കുലുക്കി
[2]ചീരിതവചനം കിലുകിലശബ്ദം
ചെയ്തു ഗുദം കാട്ടീടിന[3]നേരം. ൬

ഏററം മാനിനിമാരുടെ മുമ്പാ-
ലിതമൊടു[4]ഭ്രൂക്ഷേപാദികളാലും
മാററലർകാലാ! ഭാഷിച്ചീടിന-
വാറതിനാലേ [5]വഞ്ചിതരായാർ
ചീററമിയൻറതുകണ്ടേ രാമൻ
[6]പാഷാണംകൊണ്ടവനെയെറിഞ്ഞാൻ
പോററിയെ നിന്ദനചെയ്തരിവീരൻ
പുനരമ്മദിരാകലശമെടുത്താൻ. ൭

എടുത്തമ്മദിരാകലശമുടച്ചവ-
[7]നിതമുടെ വാസസ്സുകളേ കീറി-
യടുത്തരിവീരനിവണ്ണം നിന്ദി-
[8]ച്ചതിനെയും മററുമൊരോന്നാൽ ചെയ്യും

1. 'താദൃക്ഷനായ', 2. 'ഭ്രൂക്ഷേപത്തോടു', 3. 'നേട്ടം,' 4. 'കകാഞ്ഞ ചന്ദം കൊണ്ടും', 5. 'ലജ്ജിത, 6. 'തിറമൊടുകൽകൊണ്ട ഴുതെറിയ', 7. 'ഈറടിയ', 8. 'ക്ഷോരോദ്ധാടചെയ്യുന്നപരായം, ഗ. പു:0ം,

ഒട്ടക്കമില്ലാ[1]തുപരോധനമെല്ലാ-
മോർത്തു ബലൻ[2] വധംചെയ്‌വാനവിടെ
എടുത്തിതു [3]മുസലമവൻ മനുവീരാ!
[4]ഏറെയെരിഞ്ഞീടും ചിനമോടെ. ൨൮

ചിനത്തോടു മാമരമങ്ങരിവീരൻ
തെളിവിനൊടങ്ങു പറിച്ചിലയെല്ലാം
പുനര[5]തിനെക്കളഞ്ഞിട്ടതിനാലേ
പുണ്യാത്മാ [6]തന്നുടെയ ലലാടേ
ചിനമൊടു തല്ലിനനതു ബലദേവൻ
ചെൻറു പ്രതിഗ്രഹണം ചെയ്തവനെ-
ച്ചിനമൊടടിച്ചാൻ മുസലമതാൻറാ-
ലാന്നൊഴുകീ രുധിരം പുനരതിനാൽ. ൨൯

അരിവീരൻ പിന്നെയുമൊരു മാമര-
മരിശത്തോടു പറിച്ചിലയൂരി-
ച്ചുരതമൊടേ തല്ലിനനതു രാമൻ
സഹസാ തൂരന്തരക്കിന[7] നേററം
പെരികീടും ചിനമോടേ വിവിദൻ
പിന്നും പിന്നുമെടുത്തു മരങ്ങളെ
അരചാ! തല്ലിനനവയവ രാമനു-
മവിടെ മുറിച്ചു മുസലംകൊണ്ടേ. ൩൦

കൊണ്ടേ ചിനത്തോടു വാനരവീരൻ
കുരുകുലവീരാ! ഊർവ്വിനമെങ്ങും
കണ്ട മരങ്ങൾ പറിച്ചു സമസ്തം
കൈക്കൊണ്ടതിതു കളഞ്ഞിതു രാമൻ
നുവക്ഷമതായീ വനമതു കണ്ടേ
ശിലകളരത്തുടനധികമെറിഞ്ഞാൻ
ചീററമതായതുനാൾ മഴപോലെ
വിരവൊടു രാമനെ വെന്നരിവീരൻ. ൩൧

1. 'തിവരയല്ല രെന്നുടന്', 2. ' മവരനചെയ്‌വാൻ', 3. 'ഫലവും മുസലവുമുടനെ', 4. 'വെരങ്ങിമകങ്ങിളകും', 5. 'അവീരം', 6. 'വിനടെ മലനടുവേ', 7, 'മനരം'ഉ.പാഠം.

അരിവീരൻ വർഷിച്ചീടുക-
ഖലം മുസലംകൊണ്ടു നറുക്കി
ല്പുരമാരരവൊട്ടു ലീലകണക്കെ
പരിചൊട്ടു രാമൻ മേവിനകാലം
പെരികീട്ടും ചിനമോട്ടു കപീന്ദ്രൻ
പിന്നെയൊരു താലസമാനമതാകിയ
കരതാർകൊട്ടു രാമനുടേ മാർവ്വിൽ
കമ്പൊടടിച്ചാൻ മുഷ്ടികളാലേ. ൫൨

മുഷ്ടിയെ മുസലംകൊണ്ടു [1]തടുത്തു
മുന്നിട്ടുവരുന്ന കപീന്ദ്രനെ വെൽവാൻ
[2]ഇഷ്ടമൊടവനുടെ ചെവിതന്നരികേ-
യേറിവരുന്ന ചിനത്തൊട്ടു രാമൻ
[3]ഞെട്ടനവേ താഡിച്ചതിനാലേ
നിതരാമരി പരനൊരു മലപോലെ
പെട്ടനെ വണ്ണാനുയിരൊട്ടു വേറായ്
പിമ്പമരാദികൾ ജയജയയെന്റാർ. ൫൩

എണ്ണം മുനിമാർ വിദ്യാധരരോടും
യക്ഷരുമെന്റിവരാദികളെല്ലാം
തിങ്ങിന ഭക്ത്യാ പൂവർഷിച്ചിതു
സകലേശ്വര! ശരണെന്റു പുകണ്ണു;
ചെങ്ങിന കോപത്തോടേ രാമൻ
തിറമൊടിവണ്ണം വിവിദനെ വധചെ-
യ്തങ്ങു പുകന്താൻ സ്വപുരം സർവ്വജ-
നാദികളാലും പർണ്ണിതനായേ. ൫൪

സപ്തഷഷ്ടിതമാദ്ധ്യായം
സമാപ്തം.

———— ൦ ————

1. 'കളഞ്ഞു' 2. 'ഞെട്ടുന്നനെ' 3. 'ഇഷ്ടമോടായിടിയുളിച്ചതിനാൽ' ഗ. പാഠം,

അഥ അഷ്ടഷഷ്ടിതമോഽധ്യായഃ

ആയതലോചനയാകിയ ലക്ഷണ-
യാമവൾ ദുര്യ്യോധനന്നുടെ പുത്രിയെ
നായകനാകിയ സാംബൻ നേരേ
നലമിയലിൻറ സ്വയംവരമതിലേ
തൂയമനസ്സോടരിച്ചവളെ കണ്ടു
തുടൎന്ന ചിനത്തൊടു ചൊന്നാർ കൌരവർ
തീയവർ നമ്മെമതിക്കാതംചെ-
യ്തിവളെക്കൊണ്ടേപോയതു പാൎത്താൽ. ൧

പാൎത്തിടിലെന്തൊന്റെ ചെയ്യിൻറതു
പരിചൊടു വൃഷ്ണികളിവനെക്കെട്ടുകിൽ
പാൎത്തലമിവർ നമ്മുടെ കൃപകൊണ്ടേ
പാലിപ്പിതു നഹി സിംഹാസനവും
വീൎത്തൊരു വൈരത്തോടവർ വരികിൽ
ചെമ്മേയിവനെക്കെട്ടിനനല്ലു കേ-
ട്ടാൎത്തിയൊടേ പോമെൻറിതു കർണ്ണനൊ-
ടാദിസുയോധനദുശ്ശാസനന്നും. ൨

ദുൎമ്മദമീടും ശലനൊടു ഭൂരി
ദുരാത്മാക്കന്മാരാമിവർ വിദുരരെ
നമ്മയതാകിയ ഗാന്ധാരിയെയു-
മതിക്രമണംചെയ്തവനെയന്നേരം
[1]ചെമ്മെയതൻറുടനേ ബന്ധിപ്പാൻ
ചെല്ലിൻറതിനെക്കണ്ടേ സാംബൻ
നന്മ വരുംപടി വില്ലും ശരവും
നലമൊടെടുത്തു തിരിച്ചാനപ്പോൾ ൩

തിരിച്ചിതു സിംഹസമാനംപോലെ
[2]തിറമൊടു സാംബൻ[3]തന്നൊടെതിർത്തു,
മറുത്തുശരൌഘം ചെയ്താർ കൌരവർ
മന്നാ! നിൽ നില്ലെൻറുരചെയ്തേ

1. 'ചേൎച്ചതില്ലാതെ', 2. 'ഹിത.' 3. 'അവനൊടെതിൎത്തു,' ഗ. പാ.

ചെറുത്തതുകാലം കണകൾ പൊഴിന്താർ
ചിനമൊടു ക്ഷുദ്രമൃഗാദികളോടു-
[1]മറുത്തിട്ടമരിനികർ ജാംബവതീയുടെ
മകനായീടിന സാംബൻനേരെ. ൮

നേരെതിർവന്നീടും തേരാളികൾ
നിതരാം [2]കോപാവേശത്തോടെ
ക്രൂടാറിനെയും മാററാസ്ത്രംകൊ-
ണ്ടവിടേ പിടിച്ചാനഥ സാംബൻ
വേറവർ വാഹനം ഘന്നാലിന്നാൽ
വീരാ! സാരഥിയെയുമൊരോന്നാൽ
പാരിടെയീവണ്ണം പോർ കണ്ടു
പുകണ്ണാർ കൌരവർ സാംബനെയേററം. ൯

ഏററം കോപത്തോടതിൽ നാല-
രെതിർത്തു കളഞ്ഞവനുടെ വാഹനവും
മാററലർകാലാ! വില്ലും ശരവും
വടിവിൽ മുറിച്ചാനൊരുവൻ ചെമ്മേ
ചീററമൊടേ സാരഥിയെ[3]യുമത്തേർ
തെളിവൊടിവണ്ണം വഴികേടോടേ
പോററിയുടേ മകനാം സാംബനെയവർ
പൊരുതിഹ ബന്ധിച്ചതു പുനരതുനാൾ. ൧൦

നാരദനാലീ വൃത്താന്തങ്ങളെ
നലമൊടു കേട്ടു യദുപ്രവരന്മാർ
വീറൊടു കുരുവരരോടമർചെയ്യാൻ
വിരവൊടു ഭാവിച്ചീടിനഭാവം
വീരനിരാമൻ കണ്ടനുനയമൊടു
വൃഷ്ണികളുടയ ചിനം തളരുമ്മാ-
റേറിയ മാധുര്യാമൃതവചന-
മിയൻറനന്നതുകാലം മന്ന[4]വരനേ! ൧൧

1. 'രുത്താടിച്ചാൻ', 2. 'യഷ്ടിനഃകുപിതോദ്ദം', 3. 'യോദ്ധാക്കൾ,' 4. 'വീരാ,' ത. പാഠം.

മന്ന[1]വരനേ! സ്വോപാദ്ധ്യന്മാർകളു-
മായ് മററും കുലവൃദ്ധരുമായേ
ദിനകരനികരെതിരായ രഥോപരി
[2]ചമനമൊടു കരയേറീട്ടഥ രാമൻ
അന്നനയമോടേ[3] ഹസ്തിനപുരമതി-
ലവിടെയുമുപവനമദ്ധ്യതിലേ ചെ-
ന്ററിനിയിവരുടെ നിനവഖിലം കണ്ടീ-
ടെന്റവൾവരെ നിയോഗം ചെയ്താൻ. ൮

ചെന്റുദ്ധവർ ധൃതരാഷ്ട്രരെ വന്ദന-
ചെയ്തു ഭീഷ്മരെയും ദ്രോണരെയും
നന്റിമികും ദുര്യോധനനെന്റിവർ
ന[4]യമൊടു കുശലവിചാരംചെയ്താൻ;
അന്റവിടേ ഹലധരനാഗമനെ-
ന്റതിനെക്കേട്ടേ കൌരവരെല്ലാം
ചെന്റിതു മംഗലപാണികളായേ
ശ്രീബലഭദ്രനുടേയരികരചാ!. ൯

അരികേ ചെന്റഭിവാദ്യംചെയ്താർ
ഹലധരനുടയ മഹാത്മ്യമറിന്തവർ
കുരുവീരന്മാരർഘ്യാദികളും
ക്രൂട മുദാ ചെയ്തിട്ടന്യോന്യം
പരമാദരവൊടു കുശലവിചാരം
പരിചൊടു ചെയ്തുടനേ ബന്ധുത്വം
മറിയാസ്ഥാനമുരത്തിതു രാമൻ
മുടിമന്നൻ യദുവീരൻ വചനം. ൧൦

മന്നവർമന്നൻ യദുവരവീരൻ
വടിവിനൊടിതുനാരംനിങ്ങ[5]ളെയെല്ലാം
നൻനെറിയോടാജ്ഞാപിച്ചതിനെ
നലമൊടു കേട്ടീടുക വൈകാതെ

1. 'വീരൻ', 2. 'തിമമോ', 3. 'ഹസ്തിനപുരമതിലന്ററയുടെയുപവനമദ്ധ്യത്തിലെ ചെന്റിനിയിവർ നിനവഖിലം കണ്ടീടെന്റവരെ നിയോഗം ചെയ്താൻ രാമൻ?', 4. 'ചേമമോ', 5. 'ളൊക്കടെല്ലാം', ഗ. പാഠം.

മന്നവർകുലവംശോത്ഭവനാകിയ
ബാലനെയന്യായത്തോടു പലരാൽ
മന്നിടെ ബന്ധിച്ചതിനെയയയ്ക്കുള്ളു
[1]മാററി വരായ്വാനും ബന്ധുത്വം. ൧൧

വെലൻടെ വചനം കുരുവരർ കേട്ടഥ
വീരാ! തങ്ങളുടേയ പരാക്രമ-
മുലകിടെയതിനെതിരാകിയ വചന-
മുരത്തു കേട്ടതികോപത്തോടെ
നലമൊടു തങ്ങളിൽ നോക്കിച്ചൊന്നാർ
നാമിതു കേട്ടീടിൻറതു വിസ്മയ-
മുലകിടെയിനിയ ചെരിപ്പുണ്ടോ വ-
ന്നണവ്വോടു മടിമേലേറീടുന്നു. ൧൨

ഇൻറി[2]ക്കുന്തിയുടേയ വിവാഹമി-
തൊൻറിന്നാലുളവാം ചാർച്ചയിനാൽ
മൻറടെ നമ്മൊടു കൂടിയിരിപ്പാൻ
വൻറീടിൻറിതു യദുവീരന്മാർ
[3]എൻറതുമല്ലാ കുട മണി മകുടം
രത്നാസനമൊടു ശംഖും തഴകളു-
മിൻറിവകൾക്കുളവായതുമെല്ലാ-
മീ നമ്മു[4]ടയയുപേക്ഷാദികളാൽ. ൧൩

ആകയിനാലേ നിർല്ലജ്ജന്മാ-
രായേ യദുകുല[5]വരനപശാസന-
മേകിനതെങ്ങിനെ ഭീഷ്മദ്രോണാ-
ദികളുടെയനുവാദംകൂടാതേ
ഭോഗസുഖാദികളിന്ദ്രൻതാനും
പൊലിവൊടു സേവി[6]പ്പില്ലെൻറല്ലാ-
മാകിയവചനം രാമനു കേൾപ്പി-
ച്ചുണിനഗർ[7]പുക്കാർ കുരുവീരന്മാർ. ൧൪

1. 'മുറിവു 2. 'ധിടെപൃഥയുടെയ സ്വാഭാവതിൽ...', 3. 'ഇന്നുകുടതഴയൊടുമണിരശ സനമൊടുശംഖം ചാമരമെല്ലാമിന്നിവർകൾ', 4. 'ടെയൊരുപേക്ഷയതിന്നാൽ', 5. 'കുരനൃപവരശാസനം', 6. 'ച്ചീടലന്നെല്ലാ', 7. 'പൂക്കാർകുരുവരരും', ഗ.പാഠം.

കരുവരരുടെ ദുശ്ശീലവചസ്സോടു
 കൂടിയ തിക്കാരങ്ങളുമെല്ലാം
വിരവൊടു രാമൻ കേട്ടും കണ്ടും
 വീറൊടു പ്രഹസന്നായിതു ചൊന്നാൻ;
കരുതുക ദുഷ്ടജനത്തിന്നെൻറും
 കണാകാണാ ശാന്തത പുനരെൻറാൽ
വരുവതവക്കൊരു ദണ്ഡമടക്കം
 വകവകയേയിവർ കശ്മലരെൻറ. ൧൭

ഏററിയ കോപമിയൻറ യദുക്കൾ-
 ക്കീശ്വരനാകിയ ശ്രീകൃഷ്ണനും
വേറിവർകളെയനുസരണംചെയ്തൊരു
 വേഴ്ചകുറിച്ചേ വന്നതുനേരം
കൂറിനർ പൊട്ടന്മാരായേററം
 ക്രൂരതരാത മഹാകലഹങ്ങളി-
ലേറിയ കോപത്തൊടു മാനികളാ-
 യെന്നോടധിക്ഷേപാദികൾചെയ്താർ. ൧൮

അന്ധകവൃഷ്ണികൾ ഭോജകുലാധിപ-
 രാമവർകൾക്കും നൃപനാമവനുടെ
സുന്ദരമാകിയ ശാസനമൊഴിയേ
 സൂക്ഷിച്ചീടുകിലിന്ദ്രാദികളും
ചിന്തനചെയ്തില്ലനൃപനപ്പോൾ
 ചെമ്മേ നൃപനല്ലെൻറിവർ ചൊന്നാർ
എന്തൊരു കൃഷ്ണനുമില്ലപോൽ യോഗ്യത-രാൽ
 യിനിയ നൃപാസനമതിനു വിശേഷ ൧൯

അയനൊടു മുനിമാരിന്ദ്രാദികൾ പുന-
 രംബുജസംഭവയാമവളാലും
നയമൊടു പൂജിതമാമടിമലരുടെ
 നാരായണനു നൃപാസനമെങ്ങു?

1. 'ശ്ലോ' ഗ, പാഠം.

വിയനൊ[1]ടരിപ്പമിതൊൻററിവാൻപണി
        വീരന്മാർ കുരുവരരാമവർപോൽ
ഭുജബലമീടും വൃഷ്ണികുലത്തിന
        ഭ്രമാ കൊടുത്തിതു വാണ്ണിടുവാനായ്. ൧൮

ആകയിനാലേ നാമെല്ലാമി-
        ങ്ങരിയ ചെരാപ്പു വരാതതു തലപോൽ
ഈ കഷ്ടം മാനിതരായ് മദമോ-
        ടിയന്നീടുന്നവരുടനീവണ്ണം
വേഗമൊടുരചെയ്തീടിയ വചനം
        വേറൊരു സംബന്ധത്തൊടുക്രൂടാ-
താകയിനാലിതു കേട്ട പൊറുപ്പാ-
        നാമോ പുനരൊരുവനുമാതെന്റെ. ൧൯

എൻറാൽ നിഷ്കൌരവമാക്കാന്റെ-
        നിബ് ഭ്രമിയെയെൻറലധര[2]നായെ
മന്റെഴിനെയുമെരിക്കുംവണ്ണം
        വടിവൊടെരാഞ്ഞിടും മാഴിയോടെ
നൻറായ് ഫലമതിനുടയഗ്രത്താൽ
        നാനാഗ്ഗുണമായല്പം 'ഗജസാഹ്വയ'-
മന്റെ തള്ളിക്കളെവാൻ ഗംഗയി
        ലവിടെ വലാച്ചാനതിചിനമോടെ. ൨൦

അ[3]ന്റെരത്തിളകീട്ടു ചുഴന്റെറാ-
        ൻറവാടേ കപ്പൽസമാനമതായേ
ചെൻറു പതിപ്പാൻ ഗംഗയിൽ നേരേ
        ചെൽവതു കണ്ടിയലും ഭ്രമമോടെ
വന്നിതു സാംബനെയും പെണ്ണിനെയും
        വടാവൊടു മുമ്പു നടത്തിക്കൊണ്ടേ
നൻമനറി ചേന്നീടും രാമനു ന-
        മസ്തേയെൻറാർ കുരുവീരന്മാർ. ൨൧

1. 'ടിരി', 2. 'ന്മുക്കേ', 3. 'ന്നഗരത്തിന്നുള്ള', ഗ. പാഠം.

വീരശിഖാമണിയാകിയ രാമാ!
വിശേഷശാ! അസ്മാദികൾ നിന്നുടെ
വീരിയമേതുമറിഞ്ഞീടാതേ
[1]വീരാ! പൊട്ടന്മാരായേററം
നേരിതുകാലം ചെയ്തപരാധം
നീ [2]ന്ത്രപിച്ചു പൊറുത്തരുളച്ചെ
യ്തോരു മഹാകോപം നമ്മെ പ്രതി-
യീടായ ശിക്ഷാ മററല്ലേതും ൨൨

മറെറാരു [3]ദ്വേഷമിയന്നും നമ്മൊടു
മത്സരമായിട്ടും പുനരല്ലാത
കുററമിയന്നിടാതെ ഭവാനുള്ള
കോപമിയന്നതടങ്ങുംവണ്ണം
പററിന പാദാംഭോരുഹമതിലേ
[4]പലവഴി വീണു പുകണ്ണേ കൌരവർ
മുററിയ പേടിയൊടേ നിന്നവരൊടു
മോദിതനായേ രാമനുമേററം. ൨൩

ആയിരമിരുപതുകൂട്ടം വാരണാ-
മശ്വം നൂറായിരമത്തേരും
നായകനേ! യതുപോലേ ദാസികൾ
നന്റായാളരണാദികളോടെ
തൂയമനസ്സൊടു സ്ത്രീധനമായേ
ദുര്യോധനനാലേ നൽകീടിന-
തായവയെല്ലാം കൈക്കൊണ്ടവരുടെ-
യനുവാദേന നടന്നിതു രാമൻ. ൨൪

രാമൻ നിജപുരിയെ പ്രാപിച്ചതു
രാജാ! ബന്ധുജനാദികളോടെ
താമസിയാതിരിയാച്ചു സുഖിച്ചു
തഥാ [5]ലക്ഷണയൊടു കൂടിയിരുന്നാൻ;

1. 'പൊട്ടന്മാരാമവരെന്നതു നീ ഓർത്തു', 2. 'ചിന്തിച്ചുപൊറുത്തരുളീടുക നീതിയുടെ പടി കോപിച്ചതു നമ്മുടെ ശിക്ഷയതെന്റെ നന്മക്കോ തേററം', 3. 'കോപമി', 4. 'പേർത്തും വീണു', 5. 'സന്തോഷമായ', ഗ. പാഠം.

രാമനുടേ വീൎയ്യം സ്പൎ[1]ശിപ്പാൻ
രാജേന്ദ്രാ!വിൻറും 'ഗജസാഹ്വയ'-
മാമതു ദക്ഷിണഭാഗമുയൎന്നു-
മഹോ! താണിട്ടുമിതുത്തരഭാഗം. ൨൫

അഷ്ടഷഷ്ടിതമാദ്ധ്യായം
സമാപ്തം.

---

അഥ ഏകോനസപ്തതിതമാദ്ധ്യായം.

പരിചൊടു നരകാസുരനെ വധിച്ചൊരു
പതിനാറായിരമങ്ഗനമാൎകളെ
യൊരുപൊഴുതിന്നാലേ ചെയ്തീടിന-
നമ്പർപുരാനുദ്വാഹമിതെന്റെ
പരിചൊടു കേട്ടന്നാരദമാമുനി
ഭക്ത്യാ[2]വതിനെട്ടൎശിപ്പാനായ്
വിരവൊടു ശ്രീമദ്ദ്വാരക പുക്കാൻ
വസ്മയമാകിയ മാനസമോടെ. ൧

മതിൽ മണിമാടം മാളിക ഗോപുര
[3]മാടപ്രാവരയന്നം മയിൽ കുയിൽ
അതിലുള[4]രത്നാദികൾ പല ദീപമൊ-
ട്ടാദിവിതാനാദികളുമനേകം
ചിത്രമിയലിൻനൃത്യാനാദികളൊടു
തിങ്ങിന ചതുരംഗാദികളോടും
പുഷ്പമ തഴുത്തമരാ[5]വതി നികരാം
പുരമിതു പുക്കാൻ നാരദമുനിവൻ. ൨

1. 'ചിപ്പാ', 2. 'ഭക്തിയുടത്', 3. 'ഇതമിയലുന്നമ', 4. 'ഭൂതാരണവുംകൾ',
5. 'നികഹാരചെന്ന പുകന്തിതു ശ്രീനാരദമുനിയവിടേ, ഗ. പാഠം.

നാനാജ്ജാതിവിചിത്രിതമാകി
നരേന്ദ്രാ! വിശ്വകമ്മാവിന്നാലേ
വാനോർനഗരിസമാനമതായേ
വടിവൊട്ടു നിമ്മിച്ചീടിന നഗരേ
മാനേർമിഴികളൊരുരണ്ടായിര-
മാമവരുടെ ഗേഹം സമമായേ
താ[1]നൊന്നിന്നൊരു മേന്മവരാതേ
തത്ര മുദാ നിമ്മിച്ചിതുമെല്ലാം. ൩

അതിലൊരു ഗേഹേ ചെൻറിതു നാരദ-
നാകിയ മാമുനിവൻറതു കണ്ടാൻ
മതിലൂടെയകമേ വിദ്രുമമയമായ്
മംഗലമാം സ്തംഭങ്ങളുമനേകം
അതിലൊരലംകൃതമായതു വൈഡൂ-
രിയമതു ദിക്കുകളന്തിരനീലം
പുതുമകിളന്ന വിതാനാദികളും
പുനരഥ മുത്തിന്മാലാദികളും. ൪

ആനക്കൊമ്പുകൾകൊണ്ടു ചമത്തിട്ട-
മാസനമതിന്മേൽ രത്നമിഴക്കി
ഞാനതുപോലിയലും പൎയ്യങ്കം
താമിവകൊണ്ടുമലംകൃതമായേ
മാനിതമാകിയ [2]ജാലയവാതിൽ
മഹാമണിമയമാകിയ ദീപങ്ങളു-
മാനതിനാലക[3]ലിൻറിതിരിട്ടു-
മഹോ സുഖമടിയ ധൂപാദികളും. ൫

സുഖതരമാ[4]യ വയസ്സോടു വേഷം
സുമുഖതിയാഭരണാദികൾ സമമായ്
സകലഗുണാദികളുടെ ചേടികളൊരു
സഹസ്രാദികളൊടും ചേൎന്നേ സുഖമൊടു

1. 'നാരദവൊടു മോ ക. പാഠം. 2. 'ചാലകവാ', 3. 'മെന്നവെരി',
4. 'കിയ രൂപവയസ്സോടു' ഗ. പാഠം.

മോ[1]വീട്ടും ദേവിയുമായ് സുന്ദര–
വരനഖിലേശൻ കൃഷ്ണനെ
അകമലിവോടേ കണ്ടിതു മാമുനി–
യരചാ!യതിസുഖമാകിയ ഭവനേ. ൩

കണ്ടെഴുന്നേററമ്മുനിയുടെ പദതാർ
വന്ദിച്ചർഘ്യംപാദ്യംകൊണ്ടേ
കൊണ്ടൽവർണ്ണൻ ചെയ്തിതു നിജശയനേ
[2]കൊണ്ടായ് വച്ചഥ കാൽകഴുകിയ നീർ
കൊണ്ടിതു മൂർദ്ധാവിങ്കൽ ജഗൽഗുരു
ക്കുറാമതിനെന്തുകൊണ്ടിയർത്ഥം
പണ്ടും ബ്രാഹ്മണഭക്തനതേവം
പങ്കജനയനൻ കുരുകുലതിലകാ! ൪

കാർമ്മുകിൽവർണ്ണൻ [3]താനനുനേരം
കനിവിനൊടരുളിച്ചെയ്താൻ മുനിയൊടു
നാമിനിയെന്തേ വേണ്ടുവതിതു നര–
നാരായണസമനേ!യെൻറിത്ഥം
ആമൊരു വചനം കേട്ടന്നാരദ–
–നരുളിച്ചെയ്തിതു സകലജഗത്തിനു
ന മധുസൂദന! കർത്താവായതു
നിർമ്മലസൃഷ്ട്യാദികൾ ചെയ്‌വതു നീ. ൫

അൻറൻറയൊടു ഭക്തന്മാരാ–
മവരെപ്പാലിപ്പാനവതാരം
വെൻറിയോടേ ചെയ്യും നിൻപദതാർ
ബ്രഹ്മാദികളും ചിന്തയിലനിശം
എൻറും നിനവീടിൻറതുമിപ്പട–
മിതമൊടു സൽഗതി വരുവാ[4]ൻ നാമം
നൻറിയൊടേ ചിന്തനചെയ്തിട്ടു
നടപ്പതിനേകുക ഭൂമിയിലെങ്ങും. ൬

1. 'വീണിട്ടും', 2. 'സരഭസമോടു', 3. 'പൃച്ഛിതിദ്ധയാദെ', 4. 'വാനമേ' ന. പാഠം.

എൻ്റിതപേക്ഷിച്ചന്യഗൃഹം പു-
ക്കീടിനനേരത്തവിടെയുമച്യുതൻ
നൻ്റിയൊടർഘ്യം പാദ്യംചെയ്തു
നാരദനോടേ പുനരിതു ചൊന്നാൻ
ഇൻ്റിനി നാമെന്തൊൻ്റേറ വേണ്ടുവ-
തെൻ്റച്യുതനരുളിച്ചെയ്തതു കേട്ടൊ-
ൻ്റുരിയാടാതന്യഗൃഹം പുക്കാ-
നുടനേ ശ്രീനാരദമാമുനിവൻ. ൧൦

മുനിവൻ മറെറാരിടത്തിന്നമാകി മു-
തിൻ്റടങ്ങേ ചെൻ്റവിടെ[1]ക്കണ്ടാൻ
കനിവൊട്ടു താമരറാലിപ്പതു സുതനെ-
ക്കണ്ടിതു മറെറാരെടത്തു കളിപ്പാൻ
പുനരുടനാരംഭിക്കിൻ്റവയും
പൊലിവൊട്ടു ഹോമാദികൾ ചെയ്യിൻ്റതും
മന്നവരനേ! സന്ധ്യാദികൾ ചെയ്‌വതും
മറെറാരിടത്തു സുഖിക്കിൻ്റവയും. ൧൧

അസിചർമ്മങ്ങളെടുത്തു കളിപ്പതു-
മശ്വഗജാദികളേറി നടപ്പതു-
മിത്രമൊട്ടു വന്ദികളാൽ വന്ദിതനാ-
യീടിൻ്റതു വീരാസനമതിലേ
അതിസുഖമായുദ്ധവർ സാത്യകിമുഖ-
ലായവരോടേ കൂടി നിരൂപണ-
മിത്രമായ ചെയ്[2]വതുമലിവൊട്ടു കണ്ടാ-
നിനിയ ജലക്രീഡാദികൾ താമും. ൧൨

ആദരവോടേ പശുദാനാദിക-
ളന്തണർകൾക്ക കൊടുപ്പതുമവിടേ
ഇതിഹാസാദികൾ മറെറാരു ഗേഹേ
പ്രിയമാരാമവരോടും കൂടെ.

1. 'കണ്ണനാൾ', 2. 'പരിചിൽത്തോടവിടെച്ചെയ്‌വതു' ന, പാഠം.

ഹാസ്യകഥായാം താമിതമോടേ
    കേൾക്കിൻറതുമിഹ തന്മയമായി–
പ്പരമോപാസനമാവതു ചെയ്‌വതു–
    മഗ്ഗുരുവരർശ്ശുശ്രൂഷയുമവടേ. ൫൩

അവിടേ യുദ്ധാരംഭം ചിലരോ–
    ടഗ്രജനോടേ കൂടി നിരൂപണ–
മവനിയിലെങ്ങും മംഗല്യങ്ങളെ–
    യാത്മജ[1]ന്മാർക്കു വിവാഹംചെയ്‌വാൻ
ഉവനിയിലെങ്ങും സമതകൾ ചേർന്നതി–
    പുണ്യംചേർ കന്യാകന്മാർകളെ–
യവിടേ കല്പിക്കിൻറതുമപ്പുരി–
    ചാത്മജന്മാരുടെ വേളിയുമെല്ലാം. ൫൪

എല്ലാ ദേവതമാരെയും നൻറാ–
    യിതമോടേ പൂജിച്ചീടിൻറതു–
മുല്ലാസത്തോടു നായാടിൻറതു–
    മുടനശ്വാദികളേറിപ്പോയേ
മെല്ലേ [2]പൂങ്കാവോടഥ പൂത്തം
    [3]വിസ്മയമാമമ്പലമെൻറിത്ഥം
മല്ലാർതോളാ! പെരുവഴിയെങ്ങും
    വടിവൊടൊരുക്കീടിൻറതു കണ്ടാൻ. ൫൫

വടിവീടും മന്ത്രിമാർകളുമായ്
    വഴിവഴിമന്ത്രം മന്ത്രിരചാലയിൽ
ഉടനേ [4]ചെയ്‌വതുമന്തഃപുരമതി–
    ലുമ്പർപുരാൻ പ്രച്ഛന്നനമായേ
നടന്നീടിൻറതുമവരവർഭാവം
    നലമൊടറിഞ്ഞീടിൻറതിനായേ
വെടിവവർകാലാ! നാരദമാമുനി
    വിരവൊടു[5]കണ്ടു ചിരിച്ചിതു ചൊന്നാൻ. ൫൬

1. 'മ', 2. 'ആരാമത്തിൽ, നടപ്പുള്ള', 3. 'വിവിധമതായ് ക്രീഡിച്ചുകൊണ്ടേ', 4. 'ഉടനെ ചെയ്തിട്ടുള്ള പുരമതിലെങ്ങും ഛന്നമതായ പെരുമാറ്റങ്ങളെ പരപുരിയിങ്കലുമവരെല്ലാർ ഭാവന', 5. 'പ്രഹസനനായി ചൊന്നാൻ' ത. പാഠം.

ഇത്ഥം കേൾ നിന്നുടെ യോഗമഹാമാ-
യാദികൾ യോഗീശ്വരന്മാരാലും
എത്തിനാലും കാണരുതാതാം തമ്പ-
ന്റീശ്വരനേ! നിങ്കൽ ഭക്തിയിനാൽ
ഇത്തനാൾ കണ്ടേൻ നിൻ മായാമത്ത-
മെൻറാൽ നന്മഹിമാമത്തു ചിന്തി-
ച്ചതിമോദേന നടന്നീടിന്റേറ-
നവനിയിലെങ്ങും പരമാനന്ദാ!. ൱൧

പരമാനന്ദാ! നിങ്കൽ തിങ്ങിന
ഭക്തിയിനാൽ മഹാമാദികൾ നിന്റെറ
പരിചാടിയ ഭക്തന്മാൎക്കെൻറും
പല ചാലറിയിച്ചും പാടീടും
തരമോടേ മേവുന്റേറനെൻറിത്ത
സഹസാ കേട്ടറിയിച്ചിത്തു കൃഷ്ണൻ
കരുതീടുക കൎമ്മത്തിന മൊല്ലും
[2]കൎത്താവും ഞാനേ പുനരെങ്ങും. ൱൨

എങ്ങും പൂൎണ്ണനമായേകനമാ-
യെല്ലാരുടെ ജീവാത്മാവായും
തങ്ങിന ദേവനെയൻറു ഗൃഹസ്ഥന
തങ്ങിന ധൎമ്മാദികളൊടു മുനിവൻ
അങ്ങതുകാലത്തിരെണ്ണായിര-
മംഗനമാ[3]രുടെ ഗേഹങ്ങളി[4]ലേ
എങ്ങും കണ്ടാശ്ചൎയ്യത്തോടുമെ-
ഴുന്നരുള നാരദനാജ്ഞയിനാൽ. ൱൩

അഖിലേശ്വരനീവണ്ണം മാനുഷ-
നനുവൎത്തനമാം ധൎമ്മമനുഷ്ഠി-
ച്ചുകതാരഴിയെ വരാംഗനമാരാ-
മവരുടെ ഹാസനിരീക്ഷണം മുതലായ്

1. 'കൎത്താ', 2. 'വക്താവും', 3. 'ൎകളു', 4. 'ൽ' ന. പാഠം.

സുഖമായീടിന രതിഭാവത്തൊടു
സുന്ദരമാകി രമിച്ച മഹാകഥ
അകതാരഴിയെക്കേട്ടു രസിപ്പവ-
രാത്മാവീശ്വരനാമത്രനൂനം. ൫൦

ഏകോനസപ്തതിതമാദ്ധ്യായം
സമാപ്തം.

---

## അഥ സപ്തതിതമാദ്ധ്യായം.

അംബുജലോചനനുഷസി തദാ പുന-
രാദരവോടേ കുക്കുടജാതികൾ
ഇമ്പമയൻറവർ കൂകിന ധ്വനികേ-
ട്ടെഴുന്നേററതുനേരത്തുളവാകും
തൻപരിതാപംകൊണ്ടേ രുഗ്മിണി
സഹസാ ശാപംചെയ്തിതു കോഴിയെ
ഇമ്പമിയൻററതിന്നുടെ ബാഹുക്കളി-
ലെയ്തിയതിന്നുടെ വിശ്ലേഷത്താൽ. ൧

അവിടേയുഷസി മുകുന്ദനെഴുന്നേ-
ററാത്മാവിനെയെങ്ങും പൂർണ്ണനുമായ്
തിറമാംമാറുപവാസംചെയ്തു തി-
റത്തൊടു കർമ്മസമർപ്പണമെല്ലാം
അവിടേ ചെയ്തുടനേ നീരാടിയ-
നന്ത[1]രമവിടെവിധിച്ചതുപോലെ
അവനീശാ! സൂക്ഷ്മ[2]സ്ഥാനത്തെയു-
[3]മമ്പൊടു ചെയ്താൻ പരമാനന്ദൻ. ൨

സ്നാനംചെയ്തു[4]ടയാടയണിഞ്ഞു ത-
ഥാ സന്ധ്യകളുംചെയ്തു മുകുന്ദൻ
മാനവവീരാ! ഗായത്രീമുപ-
വാസനംചെയ്താദിത്യനമർഘ്യം

---

1. 'അനന്തൻ പണ്ടു', 2. 'മന്ത്രയ് സ്നാനം', 3. 'മഖിവൊദ', 4. 'ന്ധ', ശ, പാഠം.

താനതു ചെയ്താൻ ദേവന്മാൎക്കും
തരമൊടു മററൃഷികൾക്കു പിതൃക്കൾ-
ക്കാനവർ മുമ്പായ് സൎവ്വജനത്തെയു-
മപ്പുകൾകൊണ്ടവിടെ പൂജിച്ചാൻ. ൩

അവിടെക്കോമപ്പട്ടുകൾ മുത്തി-
ന്മാലകളെൻറിവയിറെറാടു കൂട്ടം
നവമാകിയ ഗോക്കളെയീരണ്ടു ന-
ലത്തൊടു വത്സാദികളെയു[1]മരചാ!
തവമീടും വിപ്രാദികളുക്കു ത-
ഥാ കൊമ്പോടു കുളമ്പും കെട്ടി-
ട്ടവിടെപ്പാലേറുള്ളവ നോക്കീ-
ട്ടച്യുത[2]നവിടെ ദാനംചെയ്താൻ. ൪

താന്നടനേ ഗോക്കളെ വന്ദിച്ചു ത-
ഥാ വിപ്രന്മാരിർഷിമാർ ദേവത-
യാനവൃ ഗുരുഭൃതാദികൾ തമ്മെ-
യണിഞ്ഞുടനേ ശേഷപുഷ്പങ്ങളെയും
മാനിതമാം മുടികടകാദികളൊടു
മാലകളനുലേപാദികൾ കൊണ്ടും
മാനവവീരാ! കൃഷ്ണൻ തിരുവടി
മംഗലമാകെയലംകൃതനായാൻ. ൫

അഖിലജഗൽഗുരുവച്യുതനമല-
നനത്തുലകത്തിന്നാഭരണമാകിയ
നാഥനനന്തനലംകൃതനായേ
നലമൊടിരുന്നവനനന്തരമവിടെ
ച്ചിത്രസുഖേന തഥാ കണ്ണാടി തി-
റത്തൊടു കണ്ട പശുക്കളെ വിപ്രരെ
ആദരവോടു നിരീക്ഷണമതു ചെ-
യ്താനരചാ! പരമാം ദേവതയും. ൬

1. 'ളൊടുമുമ്പാൽ', 2. 'നടനേ' ഗ, പാഠം.

പരദേവതയും വന്ദന ചെയ്തു പ-
　　രംപുരുഷൻ പൌരന്മാർകൾക്കും
നിരവേ പ്രകൃതിജനത്തിനമാത്യകൾ
　　നിർമ്മലമായിച്ഛിച്ചവയെല്ലാം
കരതാർകൊടു ദാനംചെയ്തററം
　　കനിവിനൊടനുലേപാദികൾ വെററില
പരിചീടിയ മാലകളിവ തത്ര പ-
　　കുത്തുകൊടുത്താൻ ഭാൎയ്യാക്കൾക്കായ്. ൭

ഭാരിയമാക്കും വിപ്രന്മാക്കും
　　പൌരന്മാക്കും നൽകിയശേഷം
വീരിയപുരുഷൻ താനുപയോഗം
　　വീരാ! ചെയ്തവനന്തരമവിടെ
മാരുതവേഗമിയൻറ രഥത്തിനെ
　　വടിവിൽ വരുത്തിന സൂതനുടേ കൈ
സാരതയോടു പിടിച്ചേറീതൊരു
　　സവിതാവുദയം ചെയ്തതുപോലെ. ൮

അതുകാലത്തുദ്ധവസാത്യകിമുത-
　　ലായുള്ളവരൊടുകൂടെത്തേർമേൽ
ഋതമായേററ നടന്നന്തപ്പുര-
　　മെയ്തീടി[1]സ്ററംഗനമാർതൻെറ
പുതുതായ് മേവിന പുഞ്ചിരിമുവായ്
　　പ്പൊലിവോടേ മേവീടിൻറീക്ഷണ-
മതിനാലേ കൂടവരുടെ മാനസ-
　　മപഹരണം ചെയ്തിട്ടു നടന്നാൻ. ൯

നടന്നിതമോടേ ചെൻറു മഹാസഭ
　　നലമൊടു പുക്കു മുദാ ശ്രീകൃഷ്ണൻ
ഉടൻ കനിവോടേ വൃഷ്ണികളാലുമ-
　　ണവൊടു ചുഴലപ്പെട്ടവനായേ
പടന്ന മഹാതേജോരൂപത്തൊടു
　　പരമാസനമതിന്മീതഖിലേശ-
നുടൻ വടിവൊടിരുന്നീടിനനമര-
　　ന്മാരുടെ നടുവമരാധിപസമനായ്. ൬൦

1. 'ട്ടംബതീജിമാർ' ബ. പാഠം.

ആയതുകാലത്തുപമന്ത്രികൾ വ-
[1]ന്നാസ്യ്'രസാദികൾകൊണ്ടു പുകണ്ണാർ
ആയതുപോലെ[2]നടന്മാർനത്ത-
ക്യാദികളവിടെ താണ്ഡവമതിനാൽ
തൂയമനസ്സോടു മാഗധന്മാരും
സൂതന്മാർ വന്ദികളിവർ വീണയു-
മായവണ്ണം കുഴൽ ശംഖിവകൊണ്ടേ
നായകനെപ്പുകഴ്ന്നീടിനാരേററം. ൫൫

പുകണ്ണവർകൾക്കും ദാനംചെയ്തു പു-
രാണകഥാദികളെ'ക്കേൾപ്പിച്ചു
പുകണ്ണിതു പൂവ്മതാമേയൊരുവൻ
പുരുഷോത്തമനെ മുദാ മനവീരാ!
വണങ്കിയണെന്തു മഹാത്മാവേ! കോം
മന്നവരായ ജനങ്ങളെയിൻവു
പിണങ്ങി മഹാമലഗുഹകളിൽ വച്ചാൻ
പെരിയ മഹാബലമാഗധവീരൻ. ൫൬

വീരൻ മാഗധനായ നൃപേന്ദ്രൻ
വീറൊടു ദിഗ്വിജയം ചെയ്തന്നാൾ
സാരതയോടട[3]തൊഴവതിനൊട്ടു ത-
ഥാ മടിയായ നൃപേന്ദ്രരെയെല്ലാം
വീരതയോടു പിടിച്ചു തളച്ചേ
വിശേഷശാ!യൊരു ഗിരിഗുഹയാമതിൽ
നാരായണനേ! വച്ചാന'[4]നൃപ-
രുടെ നയമീടുന്നൊരു ദൂതൻ ഞാൻ. ൫൭

ഞാനവരുടെ വിധിയാലേ വന്നിതു
നാരായണ! സകലേശ! നമസ്തേ
ഞാനികളാമവരുള്ളിൽ വിളങ്ങും
ജ്ഞേയവുമായറിവായവനേ! നമ

1. 'ന്നവിടെ', 2. 'നടന്നോ', 3. 'പുകണ്ണിതു വിപ്രന്മാർ പുനരെവിടെ പോയിവാടിയൻറീടിങ്കലെല്ലാം അങ്ങനെ തള്ളുന്നു പാപമശേഷമരിന്നാൽ തത്ര പുണ്യമടിനതാഴുമല്ലു', 4. 'നൃപവരന്നി[illegible]നെത്തിനെന്നറിഞ്ഞതാകും' ഗ പാഠം.

താനുടനറിവായ് നിൻറീ ലോകം
സഹസാ സൃഷ്ടിസ്ഥിതിസംഹൃതി ചെ-
യ്തുനമില്ലാതവണ്ണം നിൻറീടി-
ൻേറാംകാരപ്പൊരുളായവനേ! നമ. ൫൪

അഖിലത്തിനു കർത്താവാകിയ നീ-
യാദരവൊടു സത്തുക്കളെയുമെല്ലാം
സുഖമൊടു പാലിപ്പാനവതാരം
ദുഷ്ടരെ വധചെയ്വാനും ചെമ്മേ;
സകലഗുണാദികളോടേ ചെയ്തു
സകലേശാ! നിൻഭക്തന്മാരാ-
മഗതികളാകിന ഞങ്ങൾക്കുളവാ-
മാപത്തുകൾ മാറ്റുന്നാലല്ലോ. ൫൫

എൻറും നിൻഭക്തന്മാക്കൊരു[1]വനു-
മെയ്തീടാ ദുഃഖാദികളെൻറാൽ
ഇൻറങ്ങൾക്കിതു[2] വരുവാൻ കാരണ
[3]മെയ്തിയ കർമ്മത്തിൻഫലമത്രേ.
എൻറാന്മഗധേശൻ ചരവാരിയമാ-
മെൻറൊരു[4]കർമ്മമഹാപാശത്താൽ
മൻറാടെ ബദ്ധന്മാരാമെങ്ങളെ
മാധവനേ! പരിപാലിച്ചിട്ടു നീ. ൫൬

നിന്തിരുവടിയോടു പതിനെഴുവട്ടം
നാതരാം വന്നീടുന്ന പടയോടെ
വന്തമർചെയ്തതുനാളവനുടെ പട
വംശമറുത്തു നീ കളിപോലെ;
എന്തിനു നാൾ നിൻഭക്തന്മാരാ-
യീടിൻറവരെ വിരോധിപ്പവരുടെ
അന്തകനാവാൻ [5]കുററമതെന്നോ-
ൻറരചന്മാരുടെ ദൂതൻ ചൊന്നാൻ. ൫൭

1. 'ന്നൊ', 2 'വൻഠളു ബന്ധങ്ങൾ', 3. 'കീടിയ', 4. 'കർമ്മത്തിനു',
5, 'നമ്പരൊന്മകുററങ്ങൾ, ശ. പാഠം

നാരദമാമുനിവന്നമത്തുനേരം
നലമൊടെഴുന്നരുളീതത്തുകണ്ടേ
നാരണനനുജന്മാരൊടുകൂടി ന-
മസ്കൃതി ചെയ്തർഘ്യാദികളോടെ
പൂരണനായ മുകുന്ദൻ തത്ര പു-
കുന്നു മഹാമുനിയോടിതു കേട്ടു
നാരദനേ! യരുളിച്ചെയ്തീടുക
നമ്മൊടു പാണ്ഡവരുടെ വൃത്താന്തം. ൧൮

അതു കേട്ടമ്മുനിയരുളിച്ചെയ്താ-
നഖിലേശാ! നിന്നുടെ മായാദികൾ
ഇതമായേ കണ്ടേൻ പലവട്ടവു-
മീശ്വരനേ! [1]നിന്മായയിനാലേ
നിതരാമീ ലോകം സൃഷ്ടിച്ചും
നിതരാം [2]പാലിച്ചിട്ടു മുടിപ്പതു-
മതുമെല്ലാം പൂർണ്ണനമായേ നി-
ൻറംബുധിമരുവം താമരയിലപോൽ. ൧൯

അംബുജനയനാ! നീ സർവ്വത്തെയു-
മറിയുന്നേറാനെന്റാൽ പാണ്ഡവരുടെ
തമ്പു[3]കഴീടും വൃത്താന്തങ്ങൾ സ-
മസ്തം സകലേശാ! നിന്മായാ-
മിമ്പമെഴും മാനുഷവേഷംകൊ-
ണ്ടിവിടേ മേവീടും നിന്നൊടു ഞാ-
നമ്പിനൊടറിയിക്കിന്റേനവരുടെ-
യാത്മാവിങ്കൽ നിനച്ചതുമിതുനാൾ. ൨൦

ഇതുനാൾ രാജമഹാസൂയം ചെ-
യ്തിടുവതിന്നൊരപേക്ഷ ഭവാനി-
ൻറതിനാധാരവുമായേ നിൻറി-
ട്ടക്രതു ചെയ്യിപ്പിച്ചിടേണം

1. 'നിന്നുടെമായയിനാലെ', 2. 'രക്ഷിട്ടു', 3. 'കഴിഞ്ഞീടും' ക.പാഠം.

അത്തുകാലം നിന്തിരുവടിയെക്കാ-
ണ്മതിന്നായേ മറയവർ നലമൊടു
പുത്രനായ് മേവിന ഭക്ത്യാ വന്നു പു-
കണ്ണീടിനേൻറാർ പങ്കജനയനാ!. ൨൭

പങ്കജനയനാ! നിന്മാഹാത്മ്യം
പാടീട്ടും കേട്ടിട്ടു നിനപ്പവർ
എൻവും ശ്വപചന്മാരായീടില്ല
മീശ്വരനേ! ശുദ്ധന്മാരാമവർ
എങ്കയിനാലേയന്നയനേന്ദ്രിയ-
മാദികളാലേയഭിമർശിപ്പവർ
തങ്ങളുടേ സൽഗതി വരുവാനൊരു
സങ്കടമുണ്ടാകാ പുനരത്തും. ൨൮

എല്ലാടത്തും നിൻപാദോദക-
മെല്ലോ ശുദ്ധമതാക്കീടുന്നത്
കല്യാണം സകലത്തിനുമെൻെറ
കനിവൊട്ടു മുനിവൻവചനം കേട്ടേ,
മെല്ലേയുദ്ധവരോടരുൾ ചെയ്താൻ
വിശേഷശന്നൊരു പക്ഷത്തിലുമേ
ചൊല്ലാത്തുളവഴി കാണ്മാൻ ചൊല്ലുക
ചെയ്യത്തുമെന്നെൻേറ നാമിപ്പോൾ. ൨൯

സപ്തതിതമോദ്ധ്യായം

സമാപ്തം.

---

## അഥ ഏകസപ്തതിതമാദ്ധ്യായം

---

ഇത്ഥം കേട്ടുദ്ധവരസ്സഭതന്നി-
ലിരിന്നീടിൻറ മഹത്തുകൾ നിനവിൽ-
മത്തുകാലം ശ്രീകൃഷ്ണൻ തനവിനു-
മാദരവീടിയ വചനം ചൊന്നാൻ;

മ[1]തിപോലിടിയ വ[2]ദനമിയന്റ മ-
　　ഹാമുനി വന്നറിയിച്ചൊരു കാൎയ്യവു-
മിയ്യുകാലം നൃപവരരുടെ രക്ഷയു-
　　മിവിടേ കൎത്തവ്യം നിന്നാലേ, ൧

ഇക്കാൎയ്യം രണ്ടും സാധിച്ചാ-
　　ലെങ്ങും നിന്നുടെ കീൎത്തിയുമുണ്ടാം
എക്കാലവുമാകയിനാൽ മാഗധ-
　　നെങ്കിൽ മഹാനാഗം പതിനായിരം
ഉൾക്കോപങ്ങളിയന്റ വെലങ്ങളൊ-
　　ടൊരുമിച്ചുള വെലവാനെ വധിപ്പതി-
നിക്കാലം ഭീമന്നൊഴിവൊരുവരു-
　　മില്ലവനേ സമവെലവാനെൻറും ൨

അവനും സേനാദികളൊടു ചെന്നാ-
　　ലരുതു ജയിപ്പാൻ ദ്വന്ദ്വം യുദ്ധം
അവനൊടു ചെയ്യിൽ ജയിക്കാമെത്രേ.
　　യതിനൊരു കഴിവിതു വിപ്രരുമായേ
അവനുടെ തേവാരം കഴിയുംപൊഴു-
　　താവതിരപ്പിതു ദ്വന്ദ്വം യുദ്ധം
അവനപ്പോൾ നിജശിരമൊരു വിപ്രന-
　　പേക്ഷിക്കിലുമതു ദാനംചെയ്യും. ൩

അതു നിന്നുടെ സന്നിധിയാംമാറ-
　　ങ്ങനിലസുതൻ പൊരുതിട്ടു ജയിപ്പാ-
നതിനു നിമിത്തം നിൻതിരുവടി താ-
　　നാകയിനാലമരാളികളെല്ലാം
അതിവെലമീടിയ രാവണ[3]വധചെ-
　　യ്തതുനാളീടിന കീൎത്തികൾപോലേ
പുത്തുതായേ കീൎത്തിച്ചീടിൻറതു
　　പുരുഷോത്തമനേ! മാഗധവധയും. ൪

1. 'ഠ', 2. 'ച', 3. 'രാവണന്റ', ഗ. പാഠം.

മാഗധവധയുഭയാത്ഥമതായേ
വരുമിവിടേ പുനരത്രയുമല്ലഹോ
നീ കനിവോടു നിനച്ചവയെല്ലാം
നിതരാം സാധിപ്പാനൊരുപായം
വേഗമിയൻറതുമിക്രതുവെൻറിതു
വിസ്മയമാംമാറുദ്ധവർവാക്യമ-
തായിയ സാരത കേട്ടി[1]ട്ടവരുടേ
സമ്മാനിച്ചേയിതുമിതമായീ. ൭

ഇത്ഥമാംമാറഖിലേശനനന്തര-
മിനിയ മഹാഗുരുഭ്രതന്മാർകളെ
അത്തനാം വന്ദിച്ചവരാലാജ്ഞയു-
മഗ്രജനോടേററിട്ടഥ ചെമ്മേ
മതിപോലീടിയ വേഗമിയൻറ മ-
ഹാരഥമതിലേ ചെന്നുകരേറീ-
ട്ടുടനേരത്തസ്തിനപുരമതില-
ങ്ങരചാ! പ്രാപിച്ചാ[2]നങ്ങിതമായ്. ൮

ആനകളശ്വരഥം കാലാളിവ-
യാദിമഹാസേനാപതിമാരോ-
ടൂനമില്ലാത മഹാശംഖധ്വനി-
യോടു പെരുമ്പറ പടഹം മററും
മാനിതമാകിയ വാദ്യരവത്തോടു
മന്നാ!വാഭരണാദ്യനുലേപന-
മായതിനാലും ശോഭിതനായി-
ട്ടംബുജലോചനനങ്ങു നടന്നാൻ. ൯

നടന്നിതു ദിവ്യാഭരണാദികളോടു
നാനാവാഹനമാമതിന്മീതു
ടൻടന്നഖിലേശ്വരനുടെ ഭാരിയമാർ
ചുഴലപ്പെട്ടായുധപാണികളാൽ

1. 'ദ്ദേവരു', 2. 'നതാവശാത്' ഗ. പാഠം.

പടനിരള പരിജനവും മടവാരൊട്ട
[1]പാൎത്ഥിവനേ! പല വാഹനമേറീ
നടന്നിതൊരോ കൂട്ടങ്ങളുമായേ
നാരായണനൊട്ട കൂടത്തുകാലം. ൮

അതുകാലത്തിററകളൊട്ട കേതകി-
യംബരമോടേ കംബളമിവകൊ-
ണ്ടിതമാകിയ ചില വീട്ടുകളോട്ടും
ശ്രീകരമാകിയ പാത്രത്തോട്ടും
പുതുതാകിയ ചാമരമൊട്ട കൊടി കുട-
പുണ്യംചേർ കടകാളികിരീടമൊ-
ട്ടതിശോഭിതമാംമാറു നടന്നാ-
രംബുജനയനനുടേ ചുഴലെങ്ങും. ൯

അംബുധിയെങ്ങനെ മത്സ്യാദികൾകൊ-
ണ്ടരചാ! ശോഭിക്കിൻറതുപോലേ
ഉമ്പർപുരാൻ പരിശോഭിതനായി-
ട്ടുണർവ്വോടെഴുന്നരുളിൻറതുനേരം
അമ്പൊട്ട നാരദമാമുനി കൃഷ്ണനെ-
യകമേ വന്ദിച്ചാനന്ദിതനായ
ളുയമിയൻറട്ടും [2]സൽഗതിയോ-
ടിതമായ ഗ്ഗഗനാന്തരമേ പോയാൻ. ൧൦

ആയതലോചനനാകിയ മാധവ-
നരചന്മാരുടെ ദൂതിനു ചൊന്നാൻ
തീയവനാകിയ മഗധേശ്വരനെ-
ത്തിറമൊട്ട കൊല്ലിൻേറനിനിയെൻെറ
നീയിതു നൃപവരരോടറിയി[3]ച്ചിഥ
നീക്കീട്ടുക മനതാരിൽ മഹാഭയ-
മാമതുതന്നേ നൃപവീരന്മാ-
ക്കറിയിച്ചാൻ ദൂതനുമതുകാലം. ൧൧

1. 'നായക', 2. 'കൃതികൊട്ട സുഖ' ... 'ച്ചരും' ത. പാഠം.

ദൂതന്റെ വചനം കേട്ടനൃപർ
 ദുഃഖമകററുവതിന്നഖിലേശ്വര-
നാദരവൊട്ടു വന്നീടിൻറവു പാ-
 ൎത്ഥവീടേ മേവീടിൻറിതു ചെമ്മേ
മാധവനാനൎത്തം സൌവീരം
 മരുഭ്രമികൾ വിനശനമലനഭീകളെ
നീതിയൊടങ്ങു കടന്നു പുരങ്ങളെ
 നിതരാം ഗ്രാമാദികളുമൊരോന്റേ. ൫൨

അന്നു ദൃഷദ്വതിയാകിയ നദിയെയു-
 മവിടേ തരണംചെയ്തു സരസ്വതി-
യെന്നു മഹാതീൎത്ഥം പാഞ്ചാലമി-
 തം വഴിയെയും നാട്ടും കടന്നേ പോയ
ചെന്നാവു മത്സ്യനൃപേന്ദ്രൻനാട്ടിൽ
 തെളിവൊടതും തരണംചെയ്തുടനേ
മൻറിടെയൊളിവട്ടം 'ഗജസാഹ്വയം'
 മന്നാ! പ്രാപിച്ചിതു സകലേശൻ. ൫൩

മന്നൻ ധൎമ്മതനുജൻ കൃഷ്ണൻ
 വന്നതുകണ്ടിയലും സന്തോഷാൽ
ചെന്നെതിരേററിതു പാദ്യാദികളൊട്ട
 ചെമ്മേ സോപാദ്ധ്യന്മാരോടെ
അന്നവിടേ മേവും പരിജനമാ-
 മവരൊട്ടു കൂടയിണഞ്ഞാശ്ലേഷം
നന്നെറിയോടേ പണ്ടും പിന്നും
 നലമൊട്ടു ചെയ്താൻ പരമാനന്ദൻ. ൫൪

ആനന്ദത്തൊട്ട ഭീമൻ കൃഷ്ണനെ-
 യാശ്ലേഷിച്ചു കിരീടിയുമുടനേ
മാനംചേൎന്നശ്വിനിതനയന്മാർ
 വന്ദനചെയ്താശ്ലേഷംചെയ്താർ

താന്നവിടേ കുലവൃദ്ധന്മാർ
തങ്ങളെയും ഗുരുഭ്രതന്മാരെയു-
മാനന്ദേന പണിന്തിതു കൃഷ്ണനു-
മരചൻ ധർമ്മസുതൻ ഭീമനെയും. ൧൩

മന്നന്മാർ കുരുസൃഞ്ജയകേകയ-
ന്മാർകളെ മാനിതമായ്പ്പൂജിച്ചിതു-
മന്നാൾ മാഗധന്മാരൊടു വന്ദിക-
ളവിടേ പൌരാണികർ ഗായകന്മാർ
മന്നാ! ഉപമന്ത്രികളിവർ പടഹം
മററു മിഴാവൊടു ശംഖുകൾ വീണക-
ളെൻേറവം മുതലാകിൻറതുകൊ-
ണ്ടിതമൊടു മാധവനെസ്സേവിച്ചാർ. ൧൪

ഇത്തമൊടു ബന്ധുജനത്താൽ പൂജിത-
നായേയേററം വർണ്ണിതനായ്പ്പോയ്
പുതുമ കിളന്ന മഹാനഗർ പുക്കാൻ
പുണ്യാത്മാ മധുസൂദനനപ്പോൾ
അതിലതുകാലമനേകം ഗജതുര-
ഗാദികളുടെ മദജലമതിനാലേ
അധികനനഞ്ഞ മഹാമാർഗ്ഗങ്ങളു-
മവിടേ കണ്ടിതു നൃപവരവീരാ!. ൧൫

വീരാ! തോരണമോടു കവാടം
വിസ്മയമായ വിതാനാദികളും
ഓരോ പൂർണ്ണമഹാകുംഭങ്ങ-
ളുയന്നീടിൻറ കൊടിക്കുറകളും
നേരേ മണിമയമാകിയ ദീപം
നിറന്നീടിൻറ മഹാധൂപങ്ങളും
ഓരോന്നേ കണ്ടമരാവതിയുമി-
തിന്നോടൊപ്പായെന്നു പുകണ്ണാർ. ൧൬

അപ്പുരിമേവീടിൻറ സ്ത്രീജന-
മംബുജലോചനനാഗമനം കേ-
ട്ടപ്പുറെ നിന്നേ സംഭ്രമവശരാ-
യിഴഞ്ഞിയല്വം വസ്ത്രാദികളോടേ
അപ്പൊഴുതവ:ടേ ഗോദോഹനചെ-
യ്‌വതുപോൽ പാൽകാക്കുന്നവർ താമും
അത്ഭുതമായ്യുണ്ണിനിരുന്നീടി-
ൻറവരുമതൊക്കെ മറന്നു നടന്നാർ. ൧൯

ഒക്കത്തെക്കപ്പെതിമാർകളുമാ-
യുണവൊട്ടു ശയനാദികളിൽനിന്നവർ
വെക്കം പതിമാർകളെയുമപേക്ഷ്യ-
ച്ചീശ്വരനുടെ ലാവണ്യമതാം സുധ
ഉൾക്കനിവോടേ പാനംചെയ്താ-
രുടനേ ലോചനപാത്രംകൊണ്ടി-
ട്ടിയല്വം മന്ദസ്മിതമൊട്ടു ചേർന്നി-
ട്ടീക്ഷണമാകിയ പൂജകൾ ചെയ്താർ. ൨൦

പൂകണ്ണാർ സർവ്വജനങ്ങളുമവിടേ
പുരുഷോത്തമനാം ശ്രീകൃഷ്ണനുടെ
പുഷ്കരപത്രമതാകിയ നയനം
പൂർണ്ണശശാങ്കനൊടെതിരാം മുഖവും
ഉൾക്കനിവോടവർ പാനംചെയ്താ-
രുടനേ ലോചനപത്രംകൊണ്ടുവ-
രെക്രിയയിലും മന്ദസ്മിതമൊട്ടു ചേ-
ന്നീക്ഷണമാകിയ പൂജകളാലേ. ൨൧

തേന്മൊഴിമാർ മണിമാടം മതിലും
തെളിവിനൊടേറി മുകുന്ദനുടേ മേൽ
തേന്മലരുവും മലർമാല്കൾ കളഭം
തെളിവൊട്ടു വർഷിച്ചാർ മഴപോലെ

തന്മനസാ പുണർന്നാണ്ടതി പല പല
താരകൾ പതികളുടെ തന്മദ്ധ്യേ
താൻ മധുസൂദനൻ പതികളുടെ
തൻനടുവേ കണ്ടിട്ടിളു ചൊന്നാർ. ൨൨

ഇവരെ[1]ന്തൊരു സൽക്രിയ ചെയ്യുന്നു പുന-
രിവരുടെയധരാമൃതം നുകവാനൊരു
തപമോ ജപമോ ദാനാദികളോ
താനതുമെന്റിവർ മൊഴിയുന്നളവേ
അവിടേ[2]മററു മഹാപുരവാസിക-
ളവരവരോരോ കാഴ്ചകൾ വച്ചാർ
അവനിപതീശാ! വന്തഃപുരജന-
മച്യുതനെക്കണ്ടാനന്ദിച്ചാർ. ൨൩

ആനന്ദേന ഗൃഹത്തിൽ മുകുന്ദനെ-
യാഗമനം ചെയ്യിച്ചഥ പൂജാം
മാനമൊടേ ചെയ്യിച്ചു യുധിഷ്ഠിരർ
മാനസസുഖമൊടു പരവശനായാൻ
മാനിനു നേർമിഴിയാളെക്കുന്തിയെ
മാധവനൻറു വണങ്ങിയണച്ചവൾ
താനിതമോടാശ്ലേഷം ചെയ്താൾ
സാശ്രുജലത്തൊടു പൂർണ്ണയുമായാൾ. ൨൪

ആയതലോചനയാകിയ ദ്രൗപതി-
യവിടെയണഞ്ഞു സുഭദ്രയുമായേ
മാധവനുടെ ശ്രീപാദം തൊഴുതഥ
മായവനുടെ ഭാര്യാക്കളെയെല്ലാം
ആയവണ്ണം സൽക്രിയ ചെയ്തിളു പൃഥ-
യാമവളുടെ വിധിയാൽപ്പലഭൂഷണ-
മായവകൊണ്ടി[3]ട്ടുടനേ ദ്രൗപതി-
യന്യവധൂക്കളെയും പുനരിതമായ്. ൨൫

1. 'ന്തേതയൊരു', 2. 'വന്നു', 3. 'ട്ടുടനേ പാഞ്ചാലിയും' ഗ. പാഠം.

ഇത്തമാംമാറേ പടയൊടമാത്യർക-
ളുന്നിയ മഹാഭാര്യ്യാക്കന്മാരൊട്ടു-
മത്തനാളാഗതനായ മുകുന്ദനെ-
യരചൻ ധർമ്മതനൂജൻ നൻറായ്
പുത്തതായീടിയ [1]സാധനമോടേ
പൂജിച്ചിതു പൂജിതനായ് കൃഷ്ണൻ
മതിമാനായ കിരീടിയുമായ [2]പല
മാസമിരുന്നിതു പ്രിയകരനായേ. ൨൩

ഏകസപ്തതിതമാദ്ധ്യായം
സമാപ്തം.

## അഥ ദ്വിസപ്തതിതമാദ്ധ്യായം:

പ്രിയ[3]തരനായൊരുനാൾ ഗുരുവരരൊട്ടു
ബ്രാഹ്മണരും നൃപവൈശ്യന്മാരും
ഭുജബലമീടിയ ശൂദ്രന്മാരും
പുനരഥ ബന്ധുജനാദികളോടെ
നയമൊടിരുന്നിടിൻറ യുധിഷ്ഠിരർ
നാരായണനാകിയ ശ്രീകൃഷ്ണനൊ-
ടിയലൊട്ടു ചൊന്നാൻ മാധുര്യ്യാദിക-
ളീടിയ വചനഗുണാദികളാലേ. ൧

ഈടുടയ സന്തോഷേണ മഹാക്രതു-
വെൻറതിനെക്കൊണ്ടേ ഞാൻ നിന്നൊട്ടു
കൂടിയ നല്ല വിഭൂതികൾ പൂജാം
കുറവുപെടാതേ ചെയ്‌വതിനായേ
നേടിയതിന്നൊരനുഗ്രഹമേകുക
നിത്യം ശുദ്ധമനസ്സുകളോടേ
കൂടി മുദാ തവ പദതളിർ തൊഴുവോർ
കൂടീടിൻറതുപോൽ നിന്നോടേ. ൨

നിന്നുടെ പദതളിർ സേവിപ്പാനായ
നിഖിലജനങ്ങളുമിക്രതുതന്നിൽ
വന്നിട്ടുമവർകളെയും കണ്ടീടാം
വകവകയേ കുരുസൃഞ്ജയന്മാരിൽ

1. 'പൂജകരാരകാണ്ടേ', 2. 'ചി' 3. 'ക' ഗ. പാഠം.

നിന്നുടെ ഭക്തന്മാരെയുമേററം
    നിതരാം ദ്വേഷിക്കിൻറവർതമ്മെയു-
മിൻറിവരുടെ കണ്ടീടാമവരുടെ-
    യിനിയ ഫലപ്രാപ്തികളെയുമെല്ലാം. ൩

എൻറിതമം ഭഗവാൻ നൃപവചനമി-
    തത്തൊട്ടു കേട്ടിട്ടരുളിച്ചെയ്താൻ
നൻറു നിനക്കിതു തോൻറിയതെൻറാൽ
    നല കീർത്തിയുമുണ്ടാമഹ ലോകേ
ഇൻറു സമസ്തനൃപന്മാരെയും വെ-
    ൻറിതമൊട്ടു തൻവശമാക്കിയിലോകം
ഒൻറൊഴിയാതേ സർവപദാർത്ഥവു-
    മുണ്ടാക്കിച്ചെയ്തീടുകയെൻേറ. ൪

ഇൻ[1]റീലോകമഹാപാലന്മാ-
    രിവരുടെയംശത്താലുള്ളരായേ
വെൻറിമികും നിൻ ഭ്രാതാക്കന്മാർ
    വേറിതുമവരാലേ സാധിക്കും
മൻറിടെ ഞാനോ ജിതനായ നിൻറാൽ
    മററും മൽഭക്തനുമാം നിന്നോ-
ടിൻറാരു ദേവന്മാരും പകയാ-
    യീടാ[2]നൃപന്മാരോ പുനരെല്ലോ. ൫

എല്ലാമീവണ്ണം ശ്രീകൃഷ്ണ-
    നിതത്തിനൊടരുളിച്ചെയ്തതിനെക്കേ-
ട്ടുല്ലാസത്തൊടു ദിഗ്വിജയത്തി-
    ന്നുടനേ ദക്ഷിണദിക്കിനു ചെമ്മേ
മല്ലാർത്തോളൻ സഹദേവനെയും
    വടിവൊടു സൃഞ്ജയന്മാരെയുമേകീ-
തല്ലോ നകുലനെ മത്സ്യന്മാരൊടു-
    മേകീ പശ്ചിമദിക്കിൽ നൃപേന്ദ്രാ! ൬

1. 'ൻറവി', 2. 'ഭൂപാലന്മാരോ,', ഗ. പാഠം.

ഇന്ദ്രതനൂജനെയൻറു വടക്ക-
    ങ്ങേകീ കേകയന്മാരൊട്ടു കൂടീ
ട്ടിന്ദ്രനടേ ദിക്കിനു മദ്രന്മാ-
    രാമവരൊട്ടുകൂടിബ് ഭീമനെയും
ഇന്ദ്രസമാനപരാക്രമരാമിവ-
    രേവരുമെല്ലാ നൃപരെയും വെൻറി-
ട്ടിന്ദ്രനു നേരൊളിവാമഗ്രജൻറടെ-
    യിതമേ[1]റീടിന പദതളിർ തൊഴുതാർ. ൧

തൊഴുതു മഹാക്രതു ചെയ്‌വാനായേ
    സുഖമാംമാറിയലും ദ്രവ്യങ്ങളെ
ഉഴറി വരുത്തിന കാലത്തവിടെയു-
    ണവ്വൊട്ടു മാഗധനജിതനിതെൻറേ
അഴകൊടു കേ[2]ട്ടതിനെന്തൊരു കഴിവെ
    ൻറതിനെച്ചിന്തിക്കും നൃപവരനായ്
അഴിവൊടതിന്നൊരുപായം ചൊന്നാ-
    നച്യുതനങ്ങവർ ചൊല്ലിയതവിടേ. ൨

ചൊല്ലിയ വണ്ണം നൃപനനുവാദാൽ
    സുന്ദരവരനാകിയ ശ്രീകൃഷ്ണൻ
നല്ല കിരീടിവൃകോദരനോടും
    നാഥാ! വിപ്രവരന്മാരായേ
അല്ലലശേഷം തീർപ്പാനായ്പ്പോ-
    യന്തണർഭക്തനുമാകിയ മാഗധ-
നില്ലമമന്നവനോടിതു ചൊന്നാൻ
    ഇതുകേൾ ഭദ്രം നിനക്കിയൽകെൻറേ. ൩

ഇൻറതിദൂരേ നിൻറു വരിൻറതു-
    മേററം ബ്രാഹ്മണഭക്തൻ നീയെ-
ന്നെൻറതു കേട്ടിനിയെങ്ങളപേക്ഷി-
    ച്ചീടിൻറതു നീ തൻറിടവേണം

1. 'ഭീടും പദകമലം', 2. 'ട്ടിങ്ങനേ, ശ. പാഠം.

എൻറുമിരക്കിൻറവർകൾക്കെന്തോ-
ന്നിതമൊടിരക്കരുതാത്തതെല്ലാം
വെൻറിയൊടേ ദാനംചെയ്‌വോക്കും
വീരാ! നല്കരുതാതെതുമെന്തേ. ൧൭

എന്തിതന്നിത്ത്യമതാ[1]യയുടമ്പുകൊ-
ടേററം ധമ്മംചെയ്തു യശസ്സിനെ-
യന്തരമെങ്ങുമയൻറീടാതേ-
യഖിലജഗത്തു നിറപ്പതു നൻറായ്
മന്ദരതോളാ! ശിബിയൊടു ബലിയും
മററുമരിശ്ചന്ദ്രനുമിവരെല്ലാം
എന്തൊരു ധമ്മംചെയ്തു യശസ്സു-
മിയററി[2] മുക്തിയുമെൻറതിനാലേ. ൧൮

അന്നേരത്തവരുടെ വചനങ്ങളു-
മാകൃതിയെയുമിവയെല്ലാം മാഗധ-
നന്നാൾ കണ്ടിവരന്തണരല്ലിതു-
മരചന്മാരി[3]വരെൻറതറിഞ്ഞേ
ചൊന്നാൻ ദുസ്ത്യജമാമെൻതലയും
ശോഭയൊടേ കാംക്ഷിച്ചിടിലും ഞാൻ
ഇൻേറരം തൻേറനതു ചൊല്ലുക-
യെന്തൊരപേക്ഷകൾ വിപ്രന്മാരേ!. ൧൯

വിപ്രനമായിബ്ബലിയൊടു ഭൂമിയെ
വിശേഷൻ [4]വ്യാജേനയിരന്നിതു
അപ്പൊഴുതതിനെയറിഞ്ഞു മഹാബലി-
യഖിലവുമമലന്നു ദാനംചെയ്താൻ;
അപ്പുകഴിൻേറക്കും പുനരുണ്ടാ-
യാകയിനാലഴിയിൻറവുടമ്പുകൊ-
ടെപ്പുകഴിയലുംപടി ദാനം ഞാ-
നിതമൊടു ചെയ്യിൻറിതു വിപ്രക്കായ്. ൨൦

1. 'മിഖു', 2. 'ററിഞർ', 3. 'ർപ്പനരെ', 4. മററുചൊടുമിരന്നാൻ, ഗ. പാഠം.

എൻറിന്നിനവൊടു മാഗധവചന-
മിയൻറതു കേട്ടഖിലേശൻ ചൊന്നാൻ
നൻറിതു നിന്നൊടു ദ്വന്ദ്വം യുദ്ധം
നാമിതപേക്ഷിക്കിൻറിതു വീരാ!
ഒൻറവ ഭീമനിവനനുജന്നിവ-
നോൎത്തറികൎജ്ജുനനെൻറുമതെന്നെ
നൻറിയൊടേയറിയിൻേറനല്ലോ
നാമം കൃഷ്ണനിതെന്നു വിശേഷാൽ. ൫൪

ആകയിനാൽ നാമന്നം കാംക്ഷി-
ച്ചല്ലിവിടേ കേൾ വൻറിതുമെൻറതു
വേഗമൊടേ മാഗധനിതു കേട്ടു
വെകിണ്ടു ചിരിച്ചീ വചനം ചൊന്നാൻ;
നീ കരുതീടുക ചെയ്യിൻേറനിതു
നിതരാമെന്നെപ്പേടിച്ചേ പോയ്
ആൎകലിതൻ മദ്ധ്യേ മരുവീട്ടും
നിന്നൊടു പടപൊരുതുന്നില്ലിനി ഞാൻ. ൫൫

പൊരുവാനെതിൎപ്പോരാവതിബാലൻ
ബുദ്ധിബലത്വവുമില്ല കിരീടി-
ക്കൊരുപോലേയെന്നോടമർചെയ്വാ-
നോക്കിലവൻ ഭീമന്നതുമെന്തേ
പെരികാദരവിനൊടന്നു മൊഴിന്തു
[1]പുറത്തു ഗമിച്ചു കൊടുത്തവനൊരു ഗദ
പരമാദരവൊടെടുത്താനൊരു ഗദ
പാരിടെ നിൻറമർ ചെയ്വാൻ പിന്നം. ൫൬

ആയുധമായ ഗദാപാണികളാ-
യന്യോന്യം ജയകാംക്ഷിതരായേ
തീയെരിയും[2]സമമാം മിഴിയോടും
ചിന്നംവളന്നിടിയലറിൻറതുപോലെ

1. 'പുറപ്പെട്ടു പൻ കൊടുത്തൊരു ഗദയും', 2. 'നയനങ്ങൾകളുടും
ക. പാഠം.

പോയിടഞ്ഞീടിന ഗദയുടെ ധ്വനികൾ
        പുനരേവം വളൎന്നിടവും വലവും
ആയതുകാലം മിന്നും പിന്നെ-
        മനേകമിടഞ്ഞമർചെയ്തിതു മന്നാ!. ൫൭

മന്നാ! രംഗഗതന്മാരായ മ-
        ഹാനടന്മാർ പലരെൻറതുപോലെ
അന്നാളാനയൊടാന[1]പിണഞ്ഞിട്ടു-
        മതുപോലേയിരുവരുമന്യോന്യം
അന്നാൾ വജ്രസമാനമിയൻറിട്ടു-
        മദ്ധ്വനിയൻറുളവായിതു നന്നായ്
മന്നാ! രണ്ടു മഹാഗദ തങ്ങളിൽ
        വടിവൊട്ടു തട്ടീടിൻറതുനേരം. ൫൮

അന്നേരം തോൾ കടിതടമംഘ്രിയൊ-
        ടരചാ! [2]പാണിയൊട്ടുരു കണക്കാൽ
എൻേറവംമുതലാമംഗങ്ങളി-
        ലിരുവരുടേ ഗദകളുമന്യോന്യം
അന്നാൾ പ്രാപിച്ചിട്ടു നറുങ്ങി-
        താനയെരിക്കിൻകൊമ്പു തകൎത്തിട്ടു-
മെന്നേ തത്ര മഹാബലവാന്മാ-
        രവരുടേ മുഷ്ടികൾകൊണ്ടു[3]മിടിച്ചാർ. ൫൯

മുഷ്ടികൾകൊണ്ടും മുട്ടുകൾകൊണ്ടും
        മൂർദ്ധ്നിയിൽ മൂർദ്ധ്നി കൊടേവമിടിച്ചി-
ട്ടൊട്ടു[4]ലർകാലാവന്യോന്യം പാ-
        ഞ്ഞുടലിലും മററംഗങ്ങളിലെല്ലാം
ഞെട്ടനെ വെട്ടീടിൻറിടിപോലേ
        നിഖിലജഗത്തു നിറഞ്ഞു മഹാധ്വനി
ഒട്ടു തളർച്ചയുമെങ്ങുമിയൻറി-
        ല്ലൊരുജ്ജാതിയുമിരുവൎക്കുമന്നേരം. ൬൦

1. 'യെതിർത്തിട്ടു', 2. 'രത്നി', 3. 'മ', 4. 'ഉടൻ' ഗ. പാഠം.

അന്നേരത്തവരിരുവക്കും പുന-
    രഭ്യാസം ബലമോടോജസ്സിവ
മന്നാ! സമമായേയുളവായിതു
    വായുതനുജന്നും മഗധേശ്വരന്നും
അന്നാളവലോകനമതിനാലേ-
    യംബുജലോചനനാമഖിലേശ്വര-
നൊന്നാർമതലി മരുത്തനയന്നും പുന-
    രുണ്ടാക്കീടിനൻ ബലമതിശയമായ്. ൨൧

ആയതലോചനനാകിയ മാധവ-
    നവിടേ ശകലദ്വയമായ് മാഗധ-
നായവനുടെ ജനനത്തെയും മാതാ-
    വൻറു പുറത്തുകളഞ്ഞതുമുടനേ
നായകനേ! യപ്പുരമതിലെങ്ങും
    നായകിയായ് ജരയാകിയ രാക്ഷസി
തുയമനസ്സോടു ശകലംചെയ്തതു
    സൂക്ഷിച്ചാൻ പരമാദരവോടേ. ൨൨

പരിചൊടു മാഗധനെക്കൊൽവാനൊരു-
    പായവുമോത്തറിവുററഖിലേശൻ
വിരവിനൊടൊരു വൃക്ഷത്തിൻകൊമ്പിനെ
    വീരാ! കീറി മറിച്ചവനിലേ
കർവെലമീടിയ ഭീമനുടേ മുൻ
    കരുണാകരനിട്ടതുകൊടറി[1]ഞ്ഞാൻ
അരികേ ശത്രുവധത്തിനുപായവു-
    മനിലാത്മജനായീടിയ വീരൻ. ൨൩

വീരനൊടൊരുകാൽ പാദംകൊണ്ടേ
    [2]വീറൊടു തത്ര ചവിട്ടീട്ടന്യം
കരമതുകൊണ്ടു പിടിച്ചു പിളന്നാൻ
    കരി തരുശാഖ പൊളിക്കും[3]പോലെ

1. 'അറിവുററ', 2. 'വീരം', 3. 'പിളക്കും' ഗ. പാഠം.

പരിചൊട്ടു ഗുദംമുതലായ് തലയോളോം
പാരിടെയിട്ടതുനേരം മഹാജന-
മൊരു കാലൊരു തോളൊരു കൈയൊരു മാ-
റ്വൊരു കണ്ണൊരു ചെവിയെൻറവ കണ്ടാർ. ൨൪

കണ്ടതുകാലത്താഹാ!യെൻറു് ക-
രഞ്ഞിതു പുരവാസികൾ ഭീമനെയഥ
കൊണ്ടിതു മാറ്വിലണച്ചഖിലേശൻ
കൂട മുദാവനജനമതുകാലം
ഇണ്ടൽകെട്ടംപടി മഗധേശപരനാ-
യിതമൊട്ടു മാഗധപുത്രനെ വച്ചിതു
കൊണ്ടിതു മഗധാലയമതിൽനിൻേറ
കൂട മുദാ നൃപവീരരെയെല്ലാം. ൨൫

ദ്വിസപ്തതിതമാദ്ധ്യായം
സമാപ്തം.

## അഥ ത്രിസപ്തതിതമാദ്ധ്യായം.

വീരാ! വിംശസഹസ്രത്തിനു മേ-
ലെണ്ണൂറും നൃപവീരരെ നേരേ
ഗിരിഗുഹയാമതിൽ വച്ചാൻ നിതരാം
നിതരാം മാഗധനമരിൽ ജയിച്ചേ
ആരേ ഗതിയെൻേററെ വിലാപി-
ച്ചത്യന്തം മലിനന്മാരായവർ
താരാർമകൾമണവാളനെയവിടേ
തടനു മുദാ കണ്ടിതു പുനരരചാ!. ൧
കണ്ടിതു വള കടകം മോതിരമിവ
കൈകളിലായുധമരിഗദശംഖും
കണ്ടിതു പത്മം മഞ്ഞൾപ്പട്ടുകൾ
കാഞ്ചിയൊടേ വനമാലയുമൊളിവാർ

1. 'രഞ്ഞു പുരജനവും' ഗ. പാഠം.

കണ്ടു കിരീടമഹാമകരക്കുഴ
    കാറൊളി[1]വർണ്ണനുടെയ മഹാമണി
കണ്ഠത്തു നൂപുരവും മറിവുദരേ
    കനിവിൽ നിറന്നാഭരണവുമെല്ലാം. ൨

കനിവൊടു പാനംചെയ്യുംപോലെ
    കണ്ണുകളാൽ നാവാലേ ലേഹന-
മനിശം നാസികവാഘ്രാണംചെ-
    യ്‌വതുപോൽ ചിത്തം പുണരുംപോലെ
പുനരതുകാലത്തനൃപരെല്ലാം
    പുരുഷോത്തമനെക്കണ്ടുളവാകിയ
കനിവൊടു പാദസരോജം തൊഴുത-
    ക്കാലം നമസ്കൃതിചെയ്തു [2]പുകണ്ണാർ. ൩

നമസ്കൃതി ചെയ്തു[3]വരെപ്പാലിക്കും
    നാരായണനേ! ശരണം നമൊ നമഃ
നമുക്കുപരോധവുമില്ലിമ്മാഗധ-
    നൻറായ ചെയ്തതു നിൻകൃപതന്നെ
ഭ്രമിച്ചരുളിൻറതു രാജ്യശ്രീകൊടു-
    പേയാകിൻറവർകൾക്കില്ല നന്മ
ഭ്രമിച്ചിടുമത്ഥാദികൾ സുഖമെൻേറ
    പെരികെക്കാണിൻേറാ നിൻമായാ. ൪

അഖിലാത്മാവാം നിന്നെയറിയാതേ-
    യാത്മാവീയുടലെൻറു നിനച്ചേ
പകയായ്[4]പ്പലരെ വധിച്ചു നൃപശ്രീ
    [5]വാണ്ണിതു സുഖമെൻേറ ചിന്തിച്ചോം
സകലേശാ!യെന്നാൽ നിൻകൃപയാൽ-
    ത്തങ്ങിന മദമഴിയെപ്പുനരെങ്ങൾ-
ക്കകതാരിടെ നിൻപാദസരോജമ-
    തിന്മേൽ ചിന്തയുറച്ചിതുമെല്ലോ. ൫

1. 'നിറമക്കൌസ്തുഭമണിയും', 2. 'പുർണ്ണൻ', 3. 'പർപാലകനാകിയ', 4. 'പാർത്തി', 5. 'വന്നാൽ' ഗ. പാഠം.

എല്ലാജ്ജാതിയും നിങ്കൽ ഭക്തിയി-
യൻറങ്ങുകൊണ്ടേ രാജ്യശ്രീയും
മെല്ലേ സ്വർഗ്ഗാദ്യന്ദ്രുതിയുമിഹ
മൃഗതൃഷ്ണാംഭസ്സിന്ന നികരെൻേറ
എല്ലാം കണ്ടിതു മിന്നും നിൻപദ-
മേററം നിനപ്പാനും സംസൃതികളിൽ
വല്ലാതേ വിഴാതപ്രകാരവും
മാധവനേ!യരുളുക ക[1]നിവെൻറാർ. ൩

കരുമാമുകിൽനിറമുടയോ! ജയ ജയ
കണ്ണാ! വസുദേവാത്മജനേ! ജയ
ചരണോപാസനചെയ്യവർ [2]ദുരിതം
ചരതമറുത്ത ടിൻറവനേ! ജയ
പരമാനന്ദ! പരംപൊരുളേ! ജയ
പാലകനാകിൻറവനേ! ജയ ജയ
അരുമാമറയിലുമുൾപ്പൊരുളായ് നി-
ൻറച്യുതനേ! [3]ശരണം ചരണൻറാർ. ൧

എന്നീവണ്ണം നൃപവീരന്മാ-
രിതമൊട്ടു വാഴ്ത്ത മുകുന്ദൻ സുഖമേ
നൻറായവരൊട്ടു സുഖകരമാകിയ
നലവചനാദികൾ കൊണ്ടരുൾചെയ്താൻ
ഒൻറാലും കുറവിൻറി ദിനംപ്രതി-
യുണ്ടാമഖിലാത്മാവാമെന്മേൽ
നൻറായീടിന ഭക്തിയിതൊൻേറ
നമ്മൊടിരന്നതു നിങ്ങളതെല്ലാം. ൨

നമ്മൊടു നിങ്ങളിരന്നതു സത്യം
നരകന്നർജ്ജുനൻ നഹുഷൻ യവനൻ
പന്മലസാമ്യംചേർ ദശകണ്ഠൻ
മററുമൊരോവസുരേശ്വരരെല്ലാം

1. 'ഴി', ക, പാഠം. 2. 'ദുഃഖം', 3. 'ജയ', ശ, പാഠം.

തിന്മകളെയ്യുന്നർ ശ്രീമദമതിനാൽ
തെളിവൊടു നിങ്ങളിതോത്തുരചെയ്തു
നന്മകളത്രേയിനി രക്ഷിപ്പാൻ
നലമൊടു നിജ നിജരാജ്യം ചെന്റേറ. ൯

ചെന്റു സുഖേനയറിഞ്ഞിടുകീയുടൽ
ചൈതന്യത്തൊടു വേറാകയിനാൽ
നീതിയൊടെന്നുടെ ലംകയിനാലും
നീ സുപ്പെട്ടു കാണായ്കയിനാലും
ആദരവോടഹമല്ലുടലാത്മാ-
വായതു ഞാനതു നീയായെന്നെ-
ന്റോതിയ വാക്യാദികളെക്കൊണ്ടു-
മുണൎത്തീതാത്മാവിനെയഖിലേശൻ. ൧൦

ഉണൎന്നഖിലാത്മാവാകയയെന്നേ-
ലൂന്റിയ മാനസരായാത്മാവേ
ഉണൎന്നിടുകെന്റുരചെയ്തരചന്മാ-
രുടെ മജ്ജന[1]കർമ്മത്തിന്നായേ
മണംകിളർകുഴലികൾ തമ്മെയുമേകി
മഹാപുരുഷന്മാർകളെയിവരോടു-
മിണങ്ങി മുദാ നീരാടി നൃപന്മാ-
രിതമൊടലംകൃതരായിതു നന്റായ്. ൧൧

അലംകൃതരായവർ മഗധേശ്വരപതി-
യാകിയ സഹദേവന്നാലന്റു
നലം[2]കിളരും തുകിലാഭരണാദികൾ
നന്റായിവകൊടു പൂജിതരായേ
അലംകൃതരായോരോ കളഭാദിക-
ളാമതിനാലും മാലകളാലും
വിളങ്ങിന മുടികടകാദികളാലും
വിനോദമെഴുംപടി ശോഭിതരായാർ. ൧൨

1. 'മാമതിനാലും', 2. 'കലരും' ന. പാഠം.

ശേഷിതരായേ രഥഗജമശ്വം
　　　ശാകമകൻറു കരേറി നൃപന്മാർ
ദീപിതമായ മുകുന്ദപദാബ്ജം
　　　ദൈവികത്തൊട്ടു[1]വന്ദിച്ചേററം
താപമകൻററനയമായീടിയ
　　　സകലേശ്വരവചനാദികളെക്കൊ-
ണ്ടാവിക്കുളൂത്ത നടന്നവർ നിജനിജ-
　　　യണിനകരംപുക്കാ[2]രതമരയേ. ൧൩

സുഖമൊടിരുന്നംബുജനയനന്നുടെ
　　　സുന്ദരമായ മഹാവ്യാപാരം
അകമലിവോടറിയച്ചും പ്രകൃതിക-
　　　ളായ ജനത്തിനിവണ്ണമിരുന്നാർ
അഖിലജഗല്പതി മാരുതിയെക്കൊ-
　　　ണ്ടമരിൽ ജരാസന്ധനെ വധചെയ്യി-
ച്ചകമലിവോടു തഥാ പൂജിതനാ-
　　　യവിടേ പുനരഥ സഹദേവന്നാൽ. ൧൪

നലമൊടു പാർത്ഥന്മാർകളുമായേ
　　　നാരായണനിന്ദ്രപ്രസ്ഥം പു-
ക്കലിവൊടു ശംഖുവിളിച്ചു ജയിച്ചു-
　　　തറിഞ്ഞു പ്രകൃതിജനങ്ങളുമെല്ലാം
വെലമിയലും മാഗധനെ വധിച്ചുള്ള
　　　വീരൻ ധർമ്മതനൂജനു കൃഷ്ണൻ
നലമൊടു പാർത്ഥന്മാരൊടുകൂടി
　　　നമസ്കൃതിചെയ്തറിയിച്ചാനെല്ലാം. ൧൫

ത്രിസപ്തതിതമാദ്ധ്യായം.

സമാപ്തം.

---

അഥ ചതുസ്സപ്തതിതമാദ്ധ്യായം

അറിയിച്ചതിനെക്കേട്ടു യുധിഷ്ഠിര-
　　　രാനന്ദംകൊണ്ടാക്ഷിപ്തനമായ്
നെറിയിൽപ്പുരുഷോത്തമനുടെ വീര്യം
　　　നിതരാം ചിന്തിച്ചിട്ടിതു ചൊന്നാൻ

---

1. 'ചിന്തി', 2. 'രതീസുഖമൊടെ, ഗ. പാഠം.

അറിയിപ്പതിനെളുതല്ലയൊരുത്തനു-
മഖിലാത്മാവാം നിന്നുടെയാഗമത്തെ
നെറിയിൽ മൂടീടിൻറിതു ശിരസാ
നീലഗളേശനൊടാദ്ര്യജനെല്ലാം. ൧

ഏകനുമായറിവായ് പൂർണ്ണനുമാ-
യീടും നിനക്കൊരുനാളും കർമ്മംകൊ-
ണ്ടാഗതമായില്ലേയൊരു വർദ്ധന-
മാമതു ലയവും രവിയെപ്പോലെ
[1] ആകയിനാൽ നിൻഭക്തന്മാർക്കഹ-
ഹംഭാവങ്ങളടമ്പിലെങ്ങും നഹി
വേഗം ഭക്തന്മാർക്കേയതുതാൻ
വിശേഷശാ! കാണിൻറിതു ഭാവം. ൨

ഇതിനെയുരത്തു വസന്തം കാലമി-
താഗതമായ ദശായാം ചെമ്മേ
മതിവദനൻ ധർമ്മാത്മജനൻറു മ-
ഹീസുരവരരാമവർകളെ നൻറായ്
പരിചിനൊടിത്തിക്കുകളായ് കൊണ്ടിതു
പങ്കജനയനൻ കൃഷ്ണൻതന്നുടെ
അതിസുഖമീടിൻറനമോദംകൊ-
ണ്ടാനന്ദിച്ചീടിൻറവരേററം. ൩

അന്നു ഭരദ്വാജൻ ദ്വൈപായന-
നസിതൻ ഗൌതമനോടു വസിഷ്ഠൻ
നൻറിമികും കണ്വൻ മൈത്രേയൻ
നല ജൈമിനിയൊടു വിശ്വാമിത്രൻ
ഒൻറ സുമന്തു പരാശരഗർഗ്ഗന-
മുടനേ സുമതിമതുച്ഛന്ദാസുരി
നൻറിമികും പൈലൻ ഭാർഗ്ഗവനെയും
നരവരനിത്തിക്കുകളായ് കൈക്കൊണ്ടാൻ. ൪

1. 'ആകയ്കൊണ്ടാൽ', ൧. പാഠം.

ആയത്തുനാൾ വൈശമ്പായനനെയു-
മഥ പർവ്വനെയക്കാശ്യപധൌമ്യനെ
നീയറി വീതിമഹാഗോത്രനെയും
നിതരാം വീരമഹാസേനനെയും
ത്തു ഖമമഹാപുരുഷൻ ച്യവനനെയും
സുഖമൊടു കവഷന്നകൃതവ്രണനെയു-
മായിവരാദിമഹാമുനിവീരരെ-
യവിടെക്കൊണ്ടുത്തു ഋത്വിക്കുകളായ്. ൭

കൊണ്ടിതു ഭീഷ്മരെയും ദ്രോണരെയും
കൂടെ മുദാ വിദുരരെയും നൻറായ്
കൊണ്ടിതു പുത്രന്മാരൊടു കൂടെ
കുരുകുലവീരാ! ധൃതരാഷ്ട്രരെയും
ഇണ്ടൽ കെടുംപടിയവിടേ യാഗ-
മിതത്തൊടു കാണ്മാനായേ വന്നിതു
എണ്ടിചയിലുമുള്ള ദ്വിജന്മാർ നൃപവര-
രിനിയ വണിക്കുകൾ ശൂദ്രാദികളും. ൮

ആദിയിലവിടേയന്തണർ സ്വർണ്ണമ-
തായിയ ലാംഗലമതിനാലുഴുതിതു
ചേതസ്സുഖേന മഹാക്രതു ചെയ്‌വാൻ
ചെമ്മേ കല്പിച്ചവനിയെ നൻറായ്
ആദരവോടു വിധിച്ചതുപോലേ-
യരചനെയും ദീക്ഷിപ്പിച്ചാരവർ
നീതിയിനോടു പുരാ വരുന്നന്ന
നിറന്നുപകരണം പോലുള്ളവായീ. ൯

ാചാന്നുകളാകിയ[1]പാത്രമതവിടേ
പൊലിവൊടു കാണപ്പെട്ടിതുമന്നാൾ
വന്നിതു [2]ശിവനയനിന്ദ്രാദ്യമരകൾ
[3]മാമുനിമാർ വിദ്യാധരരെല്ലാം

1. ‘പാത്രത, 2. ‘ഭ, 3. ‘മാമുനിസിദ്ധകൾ വിദ്യാധരങ്ങം. ഗ. പാഠം.

എന്നിവർ മററും [1]യക്ഷോരാക്ഷസ-
　　രിന്നിയ മഹാകിന്നരർ ചാരണരും
വന്നിതു രാജമഹാസൂയത്തിന
　　മന്നവരും നിജപത്നികളോടെ. ൮

പങ്കജനയനൻ ശ്രീകൃഷ്ണനുടെ
　　ഭക്തനിവന്നുപപന്നമിതെന്റേ
എങ്ങും മഹാജനമാമവർ മനസി വി-
　　യന്റു പുരാ വരുണനെയമരന്മാർ
എങ്ങനെ ചെയ്യിപ്പിച്ചു മഹാക്രതു-
　　വെന്റതു[2]പോൽ ധർമ്മാത്മജനെക്കൊ-
ണ്ടങ്ങതുകാലം ചെയ്യിപ്പിച്ചാ-
　　രമ്പിനൊടത്ഥിക്കുകളെല്ലാരും. ൯

എല്ലാജനവും കൂടി നിരൂപി-
　　ച്ചവിടേയഗ്രമഹാപൂജാമിതു
മെല്ലെ ചെയ്‌വാനർഹതയേവനു
　　വേണ്ടുമതെന്ററിയാഞ്ഞതുനേരം
ചൊല്ലീതിതമോടേ സഹദേവൻ
　　സുഖമൊടു കേട്ടീടുക സജ്ജന[3]മേ
കല്യാണാത്മാവാകിയ കൃഷ്ണനു
　　കാണിവിടേ ശ്രേഷ്ഠതയമിതെൻറാൻ. ൧൦

എൻറുമതെല്ലാദ്ദേവതമാർകളു-
　　മിന്നിയ മഹാദേശത്തൊടു കാലവും
മന്നിടെയുള്ള ധനാദികളഗ്നിക-
　　ളാഹുതിയും മന്ത്രാദികൾ സാംഖ്യം
നൻറിമികും യോഗങ്ങളും മററും
　　നാനാജാതികളോടേ കൂടുമി-
തിൻറീ വിശ്വം പാർത്തീടിൽ പുരു-
　　ഷോത്തമനിൻറിയില്ലേതുമിതെന്റേ. ൧൧

1. 'യക്ഷകരം', 2. 'പോതും', 3. 'മിത്ര' ന പാഠം.

ഏകനുമായറിവായൊളിവായ് നി-
ൻറങ്ങും പൂർണ്ണനുമായ് ജനനാദിക-
ളാകിയ ദോഷമതിന്നൊട്ടു വേറാ-
യാത്മാവായ നിന്റെ നിജമായയാം
ആകിയ ശക്ത്യാ സൃഷ്ടിസ്ഥിതിചെ-
യ്തഖിലജഗത്തും സംഹൃതിചെയ്യുന്നു-
മേകനിവൻ ശ്രീനാരായണനാ-
മീശ്വരനാവതുമൊന്റിവനെന്റെ. ൧൨

ഇവനേ വിശ്വമതായ് നില്ക്കിന്റതു-
മീ വിശ്വത്തിന്നു കാരണനാവതു-
മിവനേ വിശ്വത്തിന്നു സാക്ഷിയുമാ-
മെങ്ങും നിന്റീടിന്റതുമിവനേ
ശിവനാദ്യജൻ മുനിമാർകളും നിജനിജ
ശിരസി മുദാവിവനുടെ പദകമലം
നവമായേ പൂജിപ്പതുമെന്റാൽ
നാന്മറയിന്മുടിവായതുമിവനേ. ൧൩

ഇവിടേയിവനെപ്പൂജിച്ചീടുകി-
ലെല്ലാരും പൂജിതന്മാരായിതു-
മിവിടേയെന്റാലീ ശ്രീകൃഷ്ണനെ-
യ്തമൊട്ടു പൂജിച്ചീടുകയെന്റെ
അവിടേ സഹദേവൻ പുനരിങ്ങനെ-
യറിയിച്ചതിന്നെക്കേട്ടു മഹാജന-
മവനെന്നു നിന്റു പുകണ്ണാർ നന്റിതു-
മറിയിച്ചീടിന വചനമതെന്റെ. ൧൪

ഇതമൊട്ടു സഹദേവൻവചനത്തെയു-
മിനിയ മഹാജനമവർ നിനവിനെയും
ചിതമൊടറിഞ്ഞലിവോട്ടു യുധിഷ്ഠിര-
രീശ്വരനാകിയ ശ്രീകൃഷ്ണനായ്

അതുപൊഴുതേ പൂജിച്ചു്ധമരചാ!-
യംബുജനയനൻറേ പാദോദക-
മതിനെക്കൊണ്ടു കുളിച്ചാൻ ഭൂയ്യൊ-
ടനുജന്മാരൊടുകൂടെ നൃപേന്ദ്രൻ. ൧൩

കുറകളാഭരണാദികൾ[1] കളഭം
കൂടെ മനോഹരസുരഭിതമാലാം
കുറയാത മഹാഭക്തിയിനാൽ
കുറവുപെടാതേ പൂജിതനായാൻ
ഹോ അവിടേ സകലേശ[2]നിവണ്ണം
വെൻറിയൊടേ കണ്ടിട്ടു മഹാത്മാക്കൾ
കൂറിനർ ജയ ജയ നമ ശരണെൻറിതു
കുറയാതാളവും പുനരവിടേ. ൧൪

അവിടേ സർവ്വജനങ്ങളുമേററം
അംബുജലോചനനെപ്പുകഴിൻറള-
മവിടേ കേട്ടു പൊ[3]റാമയിനോട്ടട-
നരിശത്തോ[4]ടതുനാം ശിശുപാലൻ
അവിടേ വന്നു കരങ്ങളുയർത്തി-
ട്ടധികമധിക്ഷേപാദികൾ ചൊന്നാൻ
"ഇവിടേ നല്ലജനങ്ങളിരിക്കയി-
ലിവനെപ്പൂജിച്ചതുമാരെ"ന്നേറ. ൧൫

"ജന്മ തപോവിദ്യാദിവ്രതങ്ങള-
മിനിയ മഹാതത്ത്വജ്ഞാനങ്ങള-
മെൻറിവയുള്ള മഹാമുനിമുഖ്യരെ-
യേവരെയും വച്ചേച്ചിതുകാലം
കന്നമറിഞ്ഞീടാതൊരു ബാലനെ-
ടേ വചനംകേട്ടിഗ്ഗോപാലനെ-
യിൻറിവിടെപ്പൂജി[5]ച്ചതു പാർത്താ-
ലെത്രയുമതിമൂഢന്മാരെ"ന്നേറ. ൧൬

1. 'ദ്രവ്യവാക്കുട്ടമ്പാലികൾ ലേഖകളുംകൂ', 2. 'ശ്ചിന്നളരെ.'
3. 'വക്കതൊഞ്ഞില്ലരി', 4. 'ടെടന്തശി', 5. 'പൂജനതൊന്നിപ്രഭോഷത്തതാ
ന്നുമരന്നാം', ഗ. പാഠം.

എന്നും സജ്ജനസമ്മതരായി-
ട്ടീടിയ മുനിഗ്ഗുരുഭ്രതന്മാർകളെ
ഇൻറവിടേ തിരക്കാരംചെയ്തി-
ട്ടിവിടേയൊരു ബാലൻവചനത്താൽ
മൻറിടെ മാതുലവധചെയ്തവനൊരു
വണ്ണാശ്രമങ്ങളുമിൻറി നടപ്പോ-
നൊൻറിവനെൻറാൽ പൂജിപ്പാ[2]നിതി-
നുചിതമിതെന്തില്ലേതുമതെൻേറ. ൧൯

എന്നും സ്വസ്ഥനമാ[3]കി നടപ്പോ-
നെങ്ങും പാത്താലൊരു ഗുണമില്ലിവ-
നെൻറിതുമല്ല മഹാജനമവരാ-
ലേററം സേവിതമാം[4]ദേശങ്ങളെ
ഇൻറിവിടേ കളഞ്ഞാഴിയിൽ മേവുമി-
വന്നഹത്വമിതെന്തിപ്പൂജ-
ക്കെൻറുമിതില്ല മഹാകുലദൂഷക-
നോക്കുംതോറുമിവൻ പുനരെൻേറ. ൨൦

എൻറീവണ്ണമനേകം നിന്ദി-
ച്ചീടിയ വാക്യം കേട്ടു മുകുന്ദനു-
മൊൻറുരിയാടീല്ലഖിലമഹാജന-
മൊക്കെച്ചെവിപൊത്തീടിന കേട്ടേ
എൻറതുമല്ല ശപിച്ചാരവനെ-
യിതേവന്നീശ്വരനേ ഭക്തരെയും
മൻറിടെ കെഴുവതു കേട്ടു നിലച്ചിടിൽ
മാറാ ദുരിതമിതരിനരകെയ്തും. ൨൧

അരിശത്തോടേ പാണ്ഡവർ കേകയ-
ന്മാരൊട്ടു സൃഞ്ജയമത്സ്യന്മാരും
വിരവിൽ കൊൽവോമിവനെയിതെൻറവർ
വെൻറിയൊട്ടുത്ഥാനംചെയ്തുളവേ

1. 'ളെ', 2. 'നിന്ദിതനല്ലയിതെന്നുമതന്നേ', 3. 'ത്തായി'
4. 'മാകിയ ദേശം' ഗ. പാഠം.

പെരികെബ്ഭർത്സനചെയ്തവർ തമ്മെ-
പ്പിന്നും വാളും പരിശയുമേന്തി-
ക്കരുതിപ്പോർ പിണവാൻ ശിശുപാലൻ
കുറവൊട്ടു തത്ര തുനിഞ്ഞാനരചാ!. ൨൨

അരചാ! ശ്രീകൃഷ്ണന്നതുനേര-
ത്തരചന്മാരെ നിവാരണചെയ്തി-
ട്ടരികേ ചക്രമെടുത്തതികോപമൊ-
ടണയും ശിശുപാലൻതല നൻറായ്
പരിചോടവിടെയറുത്തതുനേരം
പങ്കജനയനനൊടേ കൂടിപ്പോയ്
വിരവൊടവന്നുടെയാത്മമെവർക്കും
വിസ്മയമായീതതിനെക്കണ്ടേ. ൨൩

അതി[1]ദ്വേഷത്തൊടു ജന്മം മൂൻറിലു-
മച്യുതനെച്ചിന്തിക്കയിനാലേ-
യതിദൂരേ പോയി ജന്മാദിക-
ളാകിയ ദുഃഖം മുകതന്നമായീ
വി[2]ധിയാലേ ധർമ്മാത്മജ[3]നക്രതു
വീരാ! ചെയ്തിതുവവട്ടതമാം കളി-
യതു ചെയ്തീടിയനന്തരമർത്ഥിക-
ളായവർകൾക്കും ദക്ഷിണചെയ്താൻ. ൨൪

തരമൊടു ധർമ്മാത്മജനാലേയിതു
സാധിച്ചവനൊടു സുഖകരമായി
പരിചൊടിരുന്നിതു കതിചിന്മാസം
പങ്കജനയനനുമന്നൃപനോടേ
[4]തരസാ കൊണ്ടനുവാദം നിജപുരി
[5]തത്ര പുകുന്താൻ ഭാര്യകളോടേ
ഉരചേർ നല്ലവമാത്യന്മാരൊടു-
മൊക്കൊരുമി[6]ച്ചൊരു സുഖകരമായേ. ൨൫

1. 'വൈര', 2. 'വിധിയെഴുമപോലെ', 3. 'നരപ്പുംഗം', 4. 'തര
മൊടു', 5. 'തരസാ പുക്കിതു മേലിയദാരൊടും', 6. 'ച്ചുതി, ഗ. പാഠം.

സുഖകരമായ മഹാക്രതു ചെയ്തു
സുരാധിപനോടൊളിവായതുകാലം
സകലമഹാഭൂസുരനൃപരെന്നിവർ
തൻ നടുവേ മേവും നൃപനാലേ
സുഖമൊടു പൂജിതരായാരേററം
സുരരും നൃപരൊടു ഭൂസുരരെല്ലാം
അകമലിവോടു തഥാ നിജഗേഹ-
മമന്ന മുകുന്ദനെയും പുകണ്ണരചാ!. ൨൩

അരചൻ ദുര്യ്യോധനനൊഴിഞ്ഞേവരു-
മവിടേ നിൻറാഗതന്മാരായാർ
അരചാ! ധർമ്മാത്മജനുടെ ശ്രീക-
ണ്ടനുശോകം ദുര്യ്യോധനനുണ്ടായ്
പരിചിനൊടിക്കഥ കീർത്തിക്കിൻറവർ
പാപത്തൊടു വേറായ്ബ് ഭക്തരുമായ
വിരവൊടു മുക്തന്മാരാകിൻറോർ
വിശേഷശപരനൊടു കൂടൊൻറായി. ൨൪

ചതുസ്സപ്തതിതമാദ്ധ്യായം
സമാപ്തം.

---

അഥ പഞ്ചസപ്തതിതമോഽദ്ധ്യായഃ

ഇതമധികം ദുര്യ്യോധനൻ[1]നൊഴിഞ്ഞി-
ഞ്ഞേവക്കും വന്നു പുനരെൻറതു
മതിവരനേൻ നൃപവീരൻ കേട്ട-
മ്മാമുനിയോടേ ചോദ്യംചെയ്താൻ
ഇതമെന്തിൻറിയതാ ദുര്യ്യോധന-
നെന്തതിനൊരു കാരണമെൻറതു കേ-
ളുളപൊഴുതരുളിച്ചെയ്തിതു ശ്രീശുക-
നതിനുള കാരണവും നൃപനോടേ. ൧

I. 'നെഞ്ചിനുള്ളതേ' എ. പാഠം.

നൃപവരന്റെടെയ മഹായജ്ഞത്തിന്ന
    നിതരാം ബന്ധുജനാദികളെല്ലാം
അവനുടെ പരിചര്യക്കായ് ബ്ഭീമ-
    നടുക്കളെയിന്നദ്ധ്യക്ഷനമായാൻ
പ്രബല ദുര്യോധനനും കലവറയായ്
    പിമ്പൊരു സല്ക്കാരത്തിന്ന ചെമ്മെ
സഭയിൽ മുദാ സഹദേവനഹോ ധന-
    സാധനമതിന്ന തഥാ നകുലൻതാൻ. ൨.

നലമൊടു പാദക്ഷാളനമതിനായ്
    നൻറായ്പ്പുക്കിതു ശ്രീകൃഷ്ണൻ പുന-
രലിവൊടു പാദമഹാശുശ്രൂഷ-
    യ്ക്കജ്ജുനനവിടെ വ്ളമ്പുവതിന്നായ്
നലമൊടു ദ്രുപദനൃപേന്ദ്രനമേററം
    നൻറായ്ദ്ദാനംചെയ്‌വാൻ കണ്ണന-
മലിവൊടു പുക്കാർ വിദുരരൊടാർദ്ദ്ര-
    ക്യാദിവികണ്ണനമിവർ നിരൂപണരായ്. ൩.

ആയതുകാലം ധമ്മാത്മജനോ-
    ടമ്പിനൊടുതപികളുകൾ വിദപജ്ഞന-
മായവരോടു സുഹൃത്തുകളെൻറിവ-
    രാദികളുടെയാരാധന മററും
മായകൾ കൂടാതെയുള്ള ദക്ഷിണ
    മമ്മാ ചൈദ്യൻ കൃഷ്ണനൊടൊൻറാ-
യായവനന്തരമവഭൃതമാം കുളി
    അവിടെച്ചെയ്തു യുധിഷ്ഠിരരരചാ!. ൪

അവിടേ ശംഖുമിഴാവൊടു തുരിയ-
    മാനകമൊടു ഗോമുഖമിത്യാദികൾ
ഭുവനിപതീശന്റെടേ നീരാട്ടിന്ന
    പൊങ്ങിയ വാദ്യരവങ്ങളനേകം

ശിവ ശിവ! നൎത്തകിമാർ ഗായകന്മാർ
ചേലൊടു വീണാവേണുരവംകൊ-
ണ്ടു[1]വരവർ സുഖമാംമാറു പ്രയോഗി-
ച്ചിതുമമരേന്ദ്രപുരം പ്രാപിച്ചിതു. ൭

പ്രാപിച്ചിതു സൈന്യാദികളോടേ
പരിചൊടു സൃഞ്ജയന്മാരും കേകയർ
ശോഭിച്ചീടിന[2]പുരികളിൽ നൻറായ്
ശോഭിതരായ യദുക്കളുമെല്ലാം
പ്രാപിച്ചു കോസലനൃപന്മാരും
പാർമന്നവൻറെയാജ്ഞയിനാലേ
പ്രാപിച്ചു [3]നിജനിജഗേഹം പോയ്
പ്രാഭവമൊടു വാദ്യാദികളോടേ. ൮

വാദ്യരവാദികളൊടു [4]നൃപവീരൻ
വടിവൊടു നീരാടിൻറവുനേരം
ചീൎത്തസുഖേന നരന്മാർ നാരികൾ
ചേൎന്നുള്ളാഭരണാദികളോടേ
ചേൎത്തണിമേനിയിലഭ്യംഗാദികൾ
ചേലൊടുക്കൂടിന കുങ്കുമസാന്ദ്രം
ചേൎത്ത മഹാമഞ്ഞളുമിവ കൊണ്ടേ
തേച്ചിതമോടു കുളിച്ചാരേററം. ൯

ഏററം[5]നിജകാന്തന്മാരോ[6]ടിത-
മായിത്തേച്ചു കുളിക്കിൻറപ്പോൾ
മേററമായീടിൻറംഗനമാർ
വേറവിടേ തപല്വാക്കുകളാലേ
ആററിൻർ നിജനിജകാന്തന്മാരുടെ-
യനുജന്മാർമേലന്തണർമേലും
പോററി തൊഴുംപടി പിന്നും പിന്നും
പൊങ്ങിന ഹാസനിരീക്ഷണമോടെ. ൰

1. 'ആ,വിസുഖം വരുമാറു', 2. 'നിജനിജപുരി പോയ്', 3. '..നടക', 4. 'നൃപശ്രീരൻ' 5. 'നിജനിജകാന്തന്മാരാൽ', 'ചിത', ഗ. പാഠം,

പൊങ്ങിന ഹാസനിരീക്ഷണമോട്ട
പൂമാന്മാർകളുമായിട്ടംഗനമാ-
രങ്ങു കളിച്ചീടിൻറ ദശായാ-
മവിടേ മലിനമനസ്സുകളെല്ലാം
[1] തിങ്ങിന കാമശരാതുരരായേ
തനിയേ ക്ലിന്നാംബരമാരാമവർ
തങ്ങളുടേ കടിതടമുലതുടയൊട്ട
തൻമുഖകാന്തികളെൻറിവ കണ്ടേ. ൯

കനിവിനൊട്[2]ടൃത്വിക്[2]ക്കുകൾ നൃപവരനെ
[3] പത്നിയൊടേ കൂടീട്ടഗ്ഗംഗയിൽ
ഇനിയ സുഖം വരുമാറവഭൃതമാ-
യീടിയ കുളി സൽക്കൎമ്മത്തോടെ
പുനരഥ ചെയ്യിപ്പിച്ചതുനേരം
പൊലിവൊട്ട ദേവകൾ കുസുമമഹാമഴ
മനമഴിയേ ചെയ്താർ ദുന്ദുഭിയൊട്ട
മററു സമസ്തരുമതിസുഖ[4] മായീ. ൧൦

സുഖകരമായ് നീരാടി നൃപേന്ദ്രൻ
സുഖമൊടലംകൃതനായേ ദക്ഷിണ
മഖമതു ചെയ്യിച്ചൃത്വിക്കുകളൊട്ട
മററു സദസ്യന്മാൎക്കുമനേകം
അകമലിവോട്ട മഹാധനരത്നൌ-
ഘാദികളാടകളെൻറിവ ദാനം
സുഖമൊട്ട ചെയ്താൻ ബന്ധുജനാദി-
സുഹൃത്തുകളന്യജനത്തിനുമെല്ലാം. ൧൧

എല്ലാ നൃപവരരും മുനിമാർകളു-
മിനിയ സദസ്യന്മാരൊട്ട ദേവകളു-
ള്ളാസത്തൊട്ട പിതൃഭ്രതാദിക-
ളൊക്കവിടേ പൂജിതരായേററം

1. 'തങ്ങിന കാമവേരികളാ', 2. 'ടൻറ നൃപനെ,' ഗ. പാഠം, 3, 'കാന്തി, ക. പാഠം. 4. 'കരരായ'' ഗ. പാഠം'

കല്യാണംചേർ മാനസരായിത്തു-
        കാലം നൃപവരൻറെയാജ്ഞയിനാൽ
മെല്ലേ പോയ് നിജനിജപുരി പുക്കാർ
        മേനിവിളങ്ങെയലംകൃതരായേ. ൧൨

ആയയതുകാലം ഭഗവൽഭക്തനു-
        മാകിയ ധർമ്മാത്മജൻറെ യാഗം
തൂയമനസ്സിനൊടന്നു പുകണ്ണാർ
        [1]സുന്ദരമാകിയ വാണിയിനാലേ
നായകനായ് നിജബന്ധുജനത്തൊട്ടു
        നാരായണനാകിയ[2]ശ്രീകൃഷ്ണൻ-
[3]മായതിസുഖമൊടിരുന്നു യുധിഷ്ഠിര-
        രച്യുതനിൽ പ്രിയകരനായേററം. ൧൩

അച്യുതനൻറ യദുക്കളെയെല്ലാ-
        മമ്പൊട്ടു ശ്രീമദ്ദ്വാരക പൂവാൻ
ഇച്ഛയൊടേ വിധിചെയ്തു നൃപേന്ദ്ര-
        നിതംവിളയുംപടിയവരുടെ നിവാസം
മെച്ചമൊടേ ചെയ്തിൻറതിനാലേ
        മേവിയ സുഖമൊടു ധർമ്മാത്മജനും
അച്യുതനിൽ പ്രിയനായതിനാലേ-
        യാനന്ദത്തിനൊടവിടെയിരുന്നാൻ. ൧൪

നാരായണൻറെ ഭക്തനമായ
        നരേന്ദ്രനുടെ [4]മാഹാത്മ്യം കണ്ടൊരു
പോരായ്മപ്പാടോർത്തതിദുഃഖം
        പൊങ്ങീ ദുര്യോധനനു വിശേഷാൽ
നേരേ സുരവരനോടസുരേന്ദ്രൻ
        നിറന്ന നരേന്ദ്രന്മാരുടെ ലക്ഷ്മീ
ഒരോൻറിതമൊടു നാനാവിധമാ-
        യൊക്കവിടേ വിലസുന്ന പ്രകാരം. ൧൫

1. 'ഉടനെയനേകപ്രകാരം ചെമ്മേ', 2. കൃഷ്ണനോട്', 3. 'കൂട', 4. 'മഹിമയും' എ° പാഠം.

ആലയമതിൽ നവകുംകുമഹാര-
പയോധരമാർ ശ്രീകൃഷ്ണൻമഹിഷിക-
ളാലൊളിവീടിയ ശോഭകളാലു-
മഹോ മയനിൎമ്മിതമാം സഭയാലും
മാധവിന്റെ തേജസ്സതിനാലും
മററനുജന്മാർ കാന്തിയിനാലും
[1]ചാലൊളിവോട്ടു നിറന്ന യുധിഷ്ഠിരർ
താനൊരു സിംഹാസനഗതനായേ. ൬൰

ആനതുകാലത്തമരേന്ദ്രനു നിക-
രായൊളിവീടിയ ധൎമ്മതനൂജനെ
മാനിതനായസിഹസ്ഥനമായി
മഹാബലവാൻ ദുൎയ്യോധനൻ നേരെ
താനതുകാലം കണ്ടിട്ടുവാനായ
തരമൊടണഞ്ഞീടിന്റ ദശായാം
മാനവവീരാ! ജലം നിലമെന്റ
മനസി നിനച്ചു നടന്നാനെല്ലോ. ൬൧

നടന്നു ജലത്തിടെയങ്ങു പതിച്ചിതു
നൻറായ ജ്ജലം നിലമെന്നു നിനച്ചു
നടന്നിതു വസ്ത്രാന്തങ്ങൾ ഗ്രഹിച്ചു
നാഥാ! മയമായാമോഹിതനായ്
തുടന്നിതു ഭീമനുമതു ചിരികൊണ്ടേ
സുന്ദരിമാർ മടവാരും നൃപരും
അടങ്ങുകയെന്റു വിലക്കും നൃപനെ-
യതിക്രമണം ചെയ്തിട്ടു ചിരിച്ചാർ. ൬൨

ആനതുകാലം കൃഷ്ണൻതന്നുടെ-
യനുമോദം കൊണ്ടേറെ ഹസിച്ചിതു
മാനിതനാം ദുൎയ്യോധനനുടനേ
വാടിന മുഖമൊടവാങ്മുഖനായേ

1. 'താനൊ' ജ. പാഠം.

താനതുനേരം പോയിതു വേഗം
തന്നുടെ ഗജസാഹ്വയമതിൽ നൃപനും
ദീനതയായിതു ഹാഹാശബ്ദം
നിറഞ്ഞു പൊട്ടുന്നനവേ മനുവീരാ!. ൧൯

മനുകുലവീരാ! ഭൂപാരക്ഷയം
മാനസമതിലേ കണ്ടതുമൂലം
കനിവൊടു കൃഷ്ണൻ ചൊല്ലീല്ലന്റതു
കാലം മോദിതനായാനത്രേ
മനുവരനാകിയ ദുര്യോധനനൊരു
മാനസമതിലുളവായ ദുരാത്മത
പുനരതുതന്നെ മൂലവുമെന്റിതു
പുണ്യാത്മാ മുനിവരനരുൾ ചെയ്താൻ. ൨൦

പഞ്ചസപ്തതിതമോദ്ധ്യായം
സമാപ്തം.

—o—

അഥ ഷട്സപ്തതിതമോദ്ധ്യായഃ.

വരബലമുള്ള സാല്വനെ വെന്റവാറിതു കൃഷ്ണനിന്നും
വടിവൊടു കേൾക്ക നീ പുനരൻറമ്മാമുനിവൻനൃപന്നോ-
ടരുൾചെയ്തു ചേദിപന്നുടെ ബന്ധുവാകിയ സാല്വനും മ-
റ്റരചരിൽ ¹മുമ്പനാകിയ മാഗധൻ പുനരെന്റിതെല്ലാം
വരിയിണ നീണ്ടിരിണ്ടകണ്ണാൾ മാനിനി രുക്മിണിതൻ
വടിവിയലും വിവാഹമതിങ്കൽ വീറൊടു യാദവന്മാർ
പരിചൊടു ചെന്റു പോർ ചെയ്തപോരിലിൻറിതുരത്തു
[സാല്വൻ
പലരുമറിഞ്ഞിടുംപടി മൂഢനായൊരു സത്യവാക്യം. ൧

സത്യമയാദവീം ഭുവനത്തെയെന്റു വരുത്തുവൻ ഞാൻ
സങ്കടമില്ലിതിന്നിനിയെന്നുരത്തു മഹേശ്വരന്മേൽ
ഭക്തനുമായ് വനത്തിലിരുന്നുപാസനചെയ്തു മേന്മേൽ
പരിചൊടു വത്സരം ദിനമെയ്തി മേവിന കാലമെൻറും

1. 'വൻപ്' ഖ. പാഠം.

മുക്തനുമായവൻ മുനിമാരുടെ[1]യകതാരിൽ മേവും
    മൂവുലകിന്നുമീശ്വരനായ മൂൎത്തി പുരാരിദേവൻ
തത്ര വരം വരിച്ചുകൊള്ളെന്നു നാഥനരുളുന്നേരം
    സാല്വനുമന്നേരമന്നു വന്ദനം ചെയ്തുനിന്നിവണ്ണം. ൨

വാനവദാനവാദിമനുഷ്യഗന്ധൎവ്വോരഗന്മാർ
    ബാധ[2] ചെയ്യാതവണ്ണം നിനച്ചിടത്തു ചെല്ലിൻറ യാനം,
താനിതപേക്ഷ വൃഷ്ണിവംശത്തിനു ഭയമാകിയെൻറ
    താനവനന്നിരന്നതിന്നു മഹേശ്വരനങ്ങിവണ്ണം
താനുരചെയ്തരുളുകൾകൊണ്ടു സൗഭമതെൻറ യാനം
    തന്നൊടെതിൎത്തിടിൻറവർതൻ പുരത്തെ ജയിക്കുംവണ്ണം
മാനിതനായവന്നു കൊടുത്തുടൻ മറഞ്ഞു മഹാത്മാ
    മാനമൊടേയതും കരേറി[3]യന്നവനും നടന്നാൻ. ൩

ആനതുകാലമെങ്ങും നിനച്ചിടത്തവിടത്തിലാമ്മാ-
    റഴകൊടു ചെല്ലും പുരത്തിൻമീതു നൃപേന്ദ്രവീരൻ
താനതുകാലം വൻപടയോടു വൃഷ്ണികളിൽ കനംപോയ്
    തങ്ങിന വൈരമോടു കരേറിയായുധജാലമോടേ
ദീനത വന്നിടുംപടി തത്ര ദ്വാരകതന്നിൽ മേവും
    ദീപ്യതചേൎന്ന ഗോപുരം മാടം മാമതിലുദ്യാനം
കാനനഭൂമിയഗ്നിപിടിച്ചപോലെതിരാകിയെയ്തു-
    ക്കാലനു നേർ നടന്നിതു സാല്വൻ വെൺകണയാലനേകം. ൪

കല്ലു മരങ്ങൾ തപ്പങ്ങൾ പാമ്പയൊടുരുൾപാറ മററും
    കാണിതു ചണ്ഡമാകിയ ചക്രവാതമിടിത്തീകൊണ്ടും
ചൊല്ലരുതാതോളം ഭയമെയ്തിയന്നഗരിക്കു മേന്മേൽ
    സൂക്ഷ്മമറിഞ്ഞിടാതവണ്ണം മറച്ചു രജസ്സുകൊണ്ടും
അല്ലലിവണ്ണമേ പലപാടു കണ്ടു നൃപേന്ദ്രവീര-
    ന്നായിന സാല്വനാൽ മനുവീര! തൻ പ്രജയോടു നിങ്ങൾ-
ക്കില്ല ഭയം കളഞ്ഞിടുവനിതെന്നുരുൾചെയ്തു തേർമേ-
    ലേറി നന്മാരനായിന കാൎഷ്ണി ചിന്നമോ[4]ടുമന്നാൾ. ൫

1. 'ഹൃദയത്തിൽ', 2. 'വരാ', 3. 'മ', 4. 'ടന്നേരം', ശ. പാഠം.

ചിനമൊട്ട പോക്കു സാത്യകി ചാരുദേഷ്ണനും മററു[1] സാംബൻ
ചേന്ന ജനങ്ങളൊട്ട ശപവല്ലപുത്രനമെൻറിവരോ
മനു[2]കുലവീരരാകിയ ഭാനുവിന്ദനുമംഗദൻ പോർ
മഹിമ[3]മികച്ചെഴും ശുകസാരണൌ പുന[4]രാദിയെല്ലാം
കനാവിവ വിൽ വളച്ചു തളച്ചു പൂണിമുറുക്കി ബാണം
കരതളിരാലെടുത്തു തിരിച്ചു ചൊവ്വവരു ി മേന്മേൽ
പുനരഥ ചട്ടയിട്ടു ചുഴന്ന വമ്പടയോട്ട പോക്കായ്
പൊലിവൊട്ട ചെന്നെതിത്തിതു വാഹനാളികളൊട-
ന്നേരം. ന്ധ

അൻ ഭടുക്കൾ സാലപനോടെത്തി യുദ്ധമതവ ഘോഷി-
ച്ചമരവരേശന്മാരൊട്ട ദാനവേന്ദ്ര[6]രെതിത്തീടും പോൽ
വെൻറിയൊ[7]ടേ പൊരുതൻറളവൻറു സാലപനനേകം മായാ
വീറൊട്ട ചെയ്‌വതേവയുമങ്ങഴിച്ചൊരു ലീലപോലെ
ാന്ദിമികുത്ത രുക്മിണിനന്ദനൻ പുനരങ്ങവൻെറ
നല്ല പടനായകന്നുടെ പീഡചെയ്തിരുപത്തുനാലും
ഒൻറുമൊരമ്പിനാലൊരുന്തുറു സാലപന്നടയ[8]മെയ്യെ-
യൊരുനൊടിമുമ്പു സേനകൾ മെയ്യിലെയ്തിതോരോന്നു
(കൊണ്ടും. ൭

ഒരുപടി ചെയ്തവൻകണ സേനാനായകർ മെയ്യിൽ മുമ്മൂൻറു-
ടനവർ വാഹനങ്ങളിലിങ്ങനെയമർചെയ്തതെല്ലാം
പരിചൊട്ട കണ്ട ബന്ധുജനങ്ങൾ ശത്രുജനങ്ങൾ മററും
പലരുമതീവ നൻറുനൻെറൻറു നിൻറു പുകണ്ണുതേററം
കരുതരുതാക്കുമപ്പുരമെങ്ങനെ പുനരെൻറു നൻറായ്
ക്കറവൊട്ട കാണലാമൊരടത്തു; മറെറാരടത്തു കാണാ-
മൊരുപടി രൂപമങ്ങൊരിടത്തനേകനിറങ്ങൾ കാണാ-
മുടനൊരിടത്തു പാക്കിലതീവ [9]വിസ്മയം മന്നർമന്നാ! വ്യ

മന്നവർമന്നവാ! പുരം മൻറിലങ്ങൊരിടത്തു കാണാം
വാനിലും മാമലക്കടന്മീതു നീരിലുമങ്ങനേ താൻ
നിൻറു ഭ്രമിച്ചീടിൻറിതലാതചക്രമിതെൻറപോലെ
നേരത്തുകാലം വീറൊട്ട യാദവേശപരന്മാർകളെല്ലാം

1. 'സാലപൻ', 2. 'ചര', 3. 'തഴ', 4. 'രന്തിവെല്ലാം', 5. 'ടെതു
ത്ത്', 'ർ പൊരു നടേമേല', 7. 'ടങ്ങെതിത്തുമുഖന്ന', 8. 'മേലെ', 9. 'വിനോ
ദമായിട്ടും' ഗ. പാഠം.

നൻറെറിയോടിത യാതൊരിടത്തിലപ്പുരമങ്ങു കാണും-
    നാളലതീവ സായകമാരിപെയ്തിതു [1]മാനവേന്ദ്രൻ
തന്നുടെയ സേനയഗ്നിസമാനമാക്കി ദുരാസദങ്ങൾ
    സായകമേററുലഞ്ഞിതനേകമൻറു നൃപേന്ദ്രവീരാ! ൯

അന്നസുരേന്ദ്രനാകിയ സാല്വനും പടയും ചിനത്തോ-
    ടായുധജാലമാമഴ നേർ പൊഴിഞ്ഞിതുകൊണ്ടു പീഡാ-
മൊൻറുമിയൻറതില്ല യദുക്കളാനവർകൾക്കുമന്നാ-
    ളൊക്കവെർ പോർചെയ്തിൻറവിടത്തുനിൻറു ത്യജിച്ചില്ലേതും
വെൻറിതഴത്ത രുക്മിണിനന്ദനനിരുപത്തിനാലും വേ-
    റുടനൊൻറുമെയ്ത ശരങ്ങൾ കൊണ്ടതിപീഡിതന്നായി
നിൻറദ്യുമാന്മഹാഗദകൊണ്ടവന്നണിമാറിലേററം
    നേരെതിർചെന്നടിച്ചലറീടിനാനതികോപമൊടേ. ൧൦

കോപവശേന സാല്വനുടേയമാത്യനതാം ദ്യുമൻ താൻ
    ക്രൂട മുതിന്നവൻ ഗദകൊണ്ടു തല്ലിനതേററനേരം
താപമിയൻറു ചോരിയണഞ്ഞിടും മണിമാറിനോടെ
    താനതുകണ്ടു ദാരുകപുത്രനാകിയ സൂതൻ നേരെ
ശോഭിതമായ തേരതുകാലം വാങ്ങിനനൻറന്നേരം
    സൂതനൊടേ മൊഴിന്തിതു കാർഷ്ണി മോഹമകൻറിവണ്ണം
ശോഭനമല്ല നീയിതു ചെയ്തവാറു യദുക്കളാരും
    ശോഭകെട്ടും പ്രകാരമിവണ്ണമെയ്തിയില്ലേതുമെൻറും. ൧൧

എത്തിയെതിർത്തു പോർപൊരുന്നേരം മാററലരൊട്ടു പേടി-
    ച്ചേവനൊരുത്തൻ വാങ്ങിനതെൻറ യാദവന്മാരിൽ
(നീ ചൊൽ
യുക്തമതല്ല പോക്കണഞ്ഞൊരുകാലമിതെന്നുടെ തേ-
    രൊത്തവണ്ണം നിനക്കുപസർപ്പണംചെയ്തതോർത്തീടുമ്പോൾ
എത്രയുമല്ല സാരഥിമാരിൽ നീയതിപൊട്ടനായോ
    അമ്പാടലാര ലെയ്തുകയോയിതച്യുതരാമന്മാരുടെ മുൻ
തത്ര മുതന്നു ചെന്നിട്ടുംനേരമെന്തറിയിപ്പിതയ്യോ!
    താനിതു യുക്തമായമർ തോററുപോന്നിതു ഞാനി
(തെൻേറാ. ൧൨

1. 'സാല്വവീരൻ', 2. 'അഭ്ലേറ്റ' 3. 'ചൊല്ലി', ഗ. പാഠം.

തോററവനെയിവനെന്നമർതന്നിലെൻറ സ്വസാക്കന്മാർ
തൻ തോഴികൾ ചാൻറുള്ളോർകളും മററു ഭ്രാതൃജനങ്ങളു
[മെല്ല
മേററരമായുരത്തു ചിരിപ്പതെന്തു നിനക്കു സൂതാ!
വേറിട്ടുകാലമന്ധത വന്നവാറമർതന്നിൽ നീ ചൊൽ
ചീററമിയൻറിവണ്ണമുരത്ത കാർഷ്ണിയൊടൻറു ചൊന്നാൻ
തേറിത്തു സൂതധർമ്മ,മമർകളത്തിൽ രഥികമൊട്ടേ-
ററതാതെ മോഹമിതെയ്തിൽ രക്ഷകൾചെയ്തു സൂത-
[1]ന്നപ്പടി മററവനെയുമെൻറതറിഞ്ഞരുളൊൻറുവീരാ! (ഹന്ത
വരിൽ മുമ്പനായ നിനക്കു വൻഗദ മാർവിലേററം
വീറൊടു തല്ലിനാനതുനേരമെയ്തിയ മോഹമെല്ലാം
തീരുമളം പൊറുപ്പിത്തു യുദ്ധമെൻറു നിനച്ചു വാങ്ങി
തേറിത്തു പൊട്ടനായുമിതല്ല മററടലാരിലേതും
കാരിയമോർത്തുമല്ലടിയൻ കനക്ക നിന്നിൽ [2]ദയാവിൽ
[3]കാരണമെൻറു നിൻറതുമെൻറിതിൽ ബത മൂലമെൻറാൽ
തേരിത്തു ഞാൻ നടത്തുവൻ നീ നിനച്ചവണ്ണം കുമാരാ!
തേറുകയൻറു ദൂരത്തു കേട്ട കാർഷ്ണിയുമൊൻറു ചൊ
[ന്നാൻ. ൭൮

ഷട്സപ്തതിതമോധ്യായം

സമാപ്തം.

---

അഥ സപ്തസപ്തതിതമോധ്യായഃ.

ചൊല്ലിയവണ്ണമാചമനാദി ചെയ്തണിമേനി തന്മേൽ
[4]ശോഭിതമായ ചട്ടയുമിട്ടെടുത്തു ശരങ്ങൾ ചാപം
അല്ലലെതിർത്തവർക്കു ചെയ്തീടുന്നൊരു ദ്യുമാന്റെ മേ-
ലണിഞ്ഞൊടു മൂൻറു വെങ്കണയെയ്തു വാഹനം നാലുകൊണ്ടും
നല്ലൊരു വില്ലുമക്കൊടിയൊടു സൂതനെയങ്ങൊരൊൻറാൽ
നീരണപുത്രനാകിയ രുക്മിണീതനയൻ നശിപ്പി
ച്ചല്ലൽവരുത്തിയിട്ടുടനേയെതിർത്ത നരേന്ദ്രവീര-
ന്നായിവൻറെ ശിരവും മുറിച്ചു തൊരമ്പിനാലെ.

---

1. 'അല്പ', 2. 'തകംപോയ', 3. 'കാരിയമിതറി', 4. 'പൊന്നിറമായ
ശ. ൧൦൦;

അമ്പുകൾകൊണ്ടു സാല്വന്റെ വലന്തല തോളിതെല്ലാ-
 മറ്റ ലയാഴിയിങ്കലമിണ്ണുപോയിതു സാംബനാലും
വമ്പിയലിന്റെ സാത്യകിയാദിയാമവരാലുമേവം
 വമ്പകയോടു പോർചെയ്തിതേഴവിംശതിയും ദിനാന്തൻ
അമ്പൊടു ധർമ്മനന്ദനനാരു മഹാക്രതു ചെയ്തു ചൈദ്യ-
 ന്നന്തകന്തർ വക്കന്തവനന്തരം ചിലനാൾ മുകുന്ദൻ
ഇമ്പമെഴുംപ്രകാരമിരുന്നു തദ്ഗൃഹേ പൂവാനാ-
 യേവരൊടേയനുജ്ഞയുമേററു പോയിതു തേരുമായേ. ൨

തേരുമതേറി[1]നടന്നതുനാളനേകനിമിത്തദോഷം
 ദേവനുമന്റു കണ്ടു മൊഴിന്താനിവിടെക്കു ഞാനും
വീരനിരാമനൊടുമിതിങ്ങു പോന്നതുകാലമപ്പോൾ
 വീരൊടു ചൈദ്യബാന്ധവരായ വീരനൃപാധിപന്മാർ
മാരുതവേഗമൊടണഞ്ഞിട്ടു പീഡകൾചെയ്‌വരിപ്പോൾ
 വാനലകിന്നു നേരൊളിവായിട്ടും മമ ദ്വാര[2]കക്കെ-
ന്റാരണകാരണൻ പന്നെയും നിരൂപണചെയ്തു
 സാല്വനാമവനെ ബലത്തെയുമപ്പുരത്തെയും വീരവീരാ! ൩

വീരരിൽ മുമ്പനായ്പ്പലമായയൊടുമിയന്റെ സാല്വൻ
 വീരൊടു ചേന്നുവന്നെതിരേ നടത്തു രഥത്തെ നീയെ-
ന്റൊരു വചസ്സു ദാരുകനന്റു കേട്ടു രഥത്തെ വേഗത്തൊടു
 നടത്തിനാനമലൻ നിനച്ചവണ്ണം നരേന്ദ്രാ!
[3]വീരാവരാധിപൻ കൊടി ഗരുഡൻ കൊടിക്കടയാളമായേ
 വേഗമിയന്റെ തേരൊടുകൂടെ വന്ന മുകുന്ദനെക്ക-
ണ്ടൊരു മഹാചിന്തത്തൊടു പന്നഗാരിയുടെയ മെയ്മേ-
 ലോങ്ങിയണഞ്ഞു വിട്ടിതു ശക്തിസാല്വ[4]നെതിർത്തനേരം. ൪

നേരെതിർവന്നീടിന്റൊരു ശക്തി പാവകനോടു നേരായ്
 ദിക്കുകളൊക്കവെയിളകുംതരം മുഴങ്ങീട്ടനേകം
മാരുതവേഗമൊടണയുന്നനേരമൊരമ്പിനാലെ
 മാധവനും മുറിച്ചിതു നൂറു നൂറു നുറുങ്ങുംവണ്ണം

---

1. 'യങ്ങു നടന്ന കാലം', 2. കായാ', 3. '...ീരം ചേന്നവെന്നേയൻ', 4. എതിർത്തുടനേ' ശബ്ദം

വീരരിൽ മുമ്പനാകിയ സാലപനെപ്പതിനാറുവാണം
വേഗമിയൻറ സൌഭമതായിടിൻറ പുരത്തെയെയ്താൻ
[1]നാരണനങ്ങനേകശരങ്ങൾ സൂര്യ്യനോട്ട സാമ്യം
നലവക ചേൎന്നീടിൻറവകൊണ്ടു മാമഴയെൻറപോലെ. ൮

കൊണ്ടൽവൎണ്ണന്നിടത്തുകരം വിഭേദമണഞ്ഞു സാലപൻ
കൂടതുകാലം വീൎണ്ണതു ശാൎങ്ഗവും കൈയിൽനിൻറു ദേവ-
ന്നിണ്ടലിയൻറയ്യോ! പുനരെൻറു ദേവജനാദിയെല്ലാ-
മേറ മഹാ[2]സുപന്നതുനേരമാൎന്നിവൎണ്ണം മൊഴിന്താൻ.
കണ്ടരുളെൻ ശരങ്ങൾ വരിൻറവാറവയേറു നീ പോയി-
ക്കാലപുരം പുകിന്തിട്ട, നമ്മുടെ സഖിയായവന്നായ്
കൊണ്ടൊരു കല്പനം ചെയ്ത പെൺ നമ്മുടെ മുമ്പിൽനിൻേറ
കൂടെ മഹാബലത്തൊട്ട കൊണ്ടുപോന്നതു നീയതെല്ലോ. ൯

അതുപൊഴതൊന്നരത്തിതു ദേവനും ബഹുഭാഷണം കൊ-
ണ്ടരിയൊരു കാൎയ്യമില്ലറി പൌരുഷങ്ങളൊഴിഞ്ഞു വന്നി-
ങ്ങധികമണഞ്ഞു മൃത്യുവിനെ ധരിച്ചരുളാതെ നിന്നോ-
ടമയുമതെൻറുരത്തു കരുത്തിനാൽ ഗദയും മഹാത്മാ
ചിതമൊടെടുത്തു വിട്ടിട്ട വേഗമൊടതു ചെൻറവൻെറ-
ത്തിറവിയ[3]മെയ്യിലേറെറാഴകം നിണത്തൊട്ട കമ്പിതനായ്
ചതി ചെയ്വതിന്നു മെല്ലെ മറഞ്ഞു നിന്നസുരേന്ദ്രവീരൻ
താനതു കാലം വാനിടെ മായയാദികൾ ചെയ്വതിന്നായ്. ൰

ആനതുകാലം വന്നൊരുവന്നരത്തിതപൂൎവ്വമായ് നി-
ന്നമ്മയുടെ ചൊല്ലാൽ മമ വന്നു, താതനെയങ്ങു സാലപൻ
ദാനമിയൻറിട്ടംപടി ബന്ധനംചെയ്തു കൊണ്ടുപോയാൻ
ദേവ! ദയാപര! പുനരെൻറു കേട്ടു മുകുന്ദൻ നേരേ
താനിതുക്കുറിനാ, നമരാദിമാരസുരേന്ദ്രരാലും
ഒത്തൊരുമിച്ചു പോർചെയ്കിലും ജയിക്കരുതാത രാമൻ
താനണയത്തിരിക്കയിലെങ്ങനെയസുരേന്ദ്രവീരൻ
താതനെ നീതനായ് ബലവാനഹോ വിധിയെൻ വി-
(ശേഷാൽ. വ്വ

1. നാരായണ മര, 2. 'സുര', 3 'മാറി,' ഗ. പാഠം.

വിധിബലമൊൻറുമെൻറു മുകുന്ദനൻറുരചെയ്യുന്നേരം
വിരവൊടു സാല്വനും വസുദേവരായൊരു മായകൈകൊ-
ണ്ടതിബലമൊടെടുത്തമലനുടെ മുന്നിൽനിന്നു ചൊന്നാ-
നാകിലിരക്ഷചെയ്യരുതിൻ നിൻപിതാവിതു ഞാൻ വധിപ്പൻ
ഇതുപൊഴുതേ തുടങ്ങിനതെൻറടുത്തു കരത്തിൽ വാളാ-
ലിടിയിടയിൻെറ ചൊല്ലുകൾ ചൊല്ലി വെട്ടിമുറിച്ചു കണ്ടും
അതുപൊഴുതിട്ടവാറഥ കണ്ടു മോഹിതനാകി ദുഃഖി-
ച്ചറിവില്ല[1]യാത ജാതികളെൻറപോൽ നരനാകയല്ലേ. ൯

നരവരനേ!യറിഞ്ഞിതു ദേവനും നേടികൊണ്ടു സാല്വൻ
നലമൊടു ചെയ്തിതാസുരിയായ മായയിയൻറതെല്ലാം
പരിചൊടു തേറിനാനതുകാലമ[2]ച്ചുതനുടെയുടമ്പും
പലവുരചെയ്തു ദൂതനെയും കിനാവിനു സാമ്യമായി
പരമപുമാനുടെ കരമൊൻറിൽനിൻറു പതിച്ചു വില്ലും
പാണിമുറിഞ്ഞതും പല മായനാദികൾ കൊണ്ടു സാല്വൻ
ഒരു തുയർ മാനസത്തിൽ വരുത്തിയെൻറതു സജ്ജനത്തി-
ന്നൊണ്മയുമായതില്ലവിടം ധരിച്ചിടുകിന്നും വീരാ!. ൧൦

വിണ്ണവരോടു മാമുനിമാരും മാന്മിഴിയാൾ മലപ്പെൺ
മേവിയ ഭക്തിയൊടരനും വിരിഞ്ചനൊടാദിയോരോ
മണ്ണിലും വിണ്ണിലും മരുവിൻറ നല്ല ജനങ്ങളെല്ലാം
മാനസതാരഴിഞ്ഞു ശിര[3]സ്സിന്മേലിവൻ മല്ലടിത്താർ
തിണ്ണം നിറച്ചു പൂജിതമായിടും പരമാത്മരൂപം
ശ്രീപുരുഷോത്തമന്നസുരേന്ദ്രനാലുളവായ മോഹം
എണ്ണുകിലജ്ഞരുള്ളിലൊഴിഞ്ഞു നല്ല ജനത്തിനുണ്ടാ-
യില്ലയിരിട്ടു പാവകനുമ്പു മാനിതമാവതുണ്ടോ. ൧൧

മാനിതനായനേകശരങ്ങളെയ്തുള്ളിൻറ സാല്വൻ
മാമദയാനനേരൊളിവൊടു പോർചെയ്തീടിൻറവൻെറ
മാനിതമായീടിൻറ കിരീടവും നല്ല വില്ലുമന്നാൾ
മാധവനൻറുത്തു ശരങ്ങളാൽ പുനരി[4]ട്ടശേഷം

1. 'യഖ', 2. 'അച്യുത', 3. 'സ്സു തന്നിലിവന്നടിത്താർ', 4. 'നേരം'
ശ. പാഠം.

മാനവവീരനേ! ഗദകൊണ്ടു തല്ലി സൌഭമതൻറതെങ്ങും
മാനതമായ് ട്ടുന്ന പുരത്തെയും ശതധാ നുറുക്കി
താലലടാഴതൻ നട്ടുവെയത്തി മുകുന്ദനപ്പോൾ
താനതു കണ്ടു മേദിനിമീതു പാഞ്ഞഥ സാല്വൻ
നിൻറാൻ. ൧൨

അൻറുടനേ മറിഞ്ഞിട്ടും വല്ലമപ്പുരവും വ സജ്ജി-
ച്ചവനിയിലേ കുതിച്ചു കരത്തിനാൽ ഗദയേന്തി നേരേ
വെൻറിയൊടേ ചെല്ലിൻറതുകണ്ടെട്ടത്തൊരു വള്ള യമ്പാ
വേഗം മുറിച്ചു കൈയൊടുകൂടെയഗ്ഗദയും മഹാത്മാ
കൊൻറിടുവാനൊത്തതു ചക്രമക്കസമാനമായേ
കൂടെ വളങ്ങിനൊൻറതു കൊണ്ടു സാല്വനുടെ ശിരസ്സു
ങ്ങൻറു കിരീടകുണ്ഡലമെൻറ് വറെറാട്ടുകൂടറുത്താ-
നച്യുതനാദികാരണനംബുജക്ഷണനായ ദേവൻ. ൧൩

ആയ സ്വരൂപമാകിയ സൌഭവും പടനായകന്മാ-
രായവർ തമ്മെയും നൃപനായ സാല്വനെയും മഹാത്മാ
മായവനാദികാരണനൻറു കൊൻറരുള്ൻറനേരം
മാനസതാരിലിടിയ കോപമൊടഥ ദന്തവക്ത്രൻ
മായകളൊടുകൂടിയ സാല്വനൻറാരു ബന്ധുകൃത്യം
വാധ വരാതവണ്ണമിയററുവാൻ മധുസൂതനന്നൊ-
ടായവർ ചെയ്വതിന്നണഞ്ഞാൻ പടാദിയതെൻറപോലേ-
യാഴിയുമൂഴിയും നടുങ്ങുംവണ്ണം മനുവീരവരാ! ൧൪

സപ്തസപ്തതിതമോദ്ധ്യായം

സമാപ്തം.

---

അഥ അഷ്ടസപ്തതിതമോദ്ധ്യായഃ.

വീരരിൽ മുമ്പനാകിയ സാല്വനും ശിശുപാലൻ മററും
വീറൊടു പൌണ്ഡ്രകൻ മഗധശനും പരലോകമേവ
വീരതയൊടു പുക്കതു കേട്ടു പോക്കു തുനിഞ്ഞുടൻ താൻ
വീറൊടു ദന്തവക്ത്രൻ മഹാഗദാധരനായന്നേരം, [1]

---

1. 'മ' ഗ. പാഠം.

പാരൊട്ടു വാനമാഴിയുമൊക്കവേയിളകീട്ടുംവണ്ണം
പാരമിയൻറ കാൽ നടയോടെതിൎത്തു മുകുന്ദനോടേ
നേരുരചെയ്തനൻ സുഖമെത്രയും തവ കണ്ടതില്പോൾ
നേരെതിൎത്താവന്നാകിൽ വധിപ്പതിഗ്ഗദകൊണ്ടി-
[ത്തെൻറാൻ ൫

എന്നുടെ വാന്ധവാദികൾതമ്മെ നീ വധചെയ്തതിന്നി-
ന്നേറമൂതിൻറ നിന്നുയിൎപ്പോക്കുവൻ ഇന്നിയെൻമുരത്ത -
ട്ടൻറ മഹാഗദാമതുകൊണ്ടു മൂൎദ്ധ്നിയിന്മീതടിച്ചി-
ട്ടണ്ഡജവും നട്ടുങ്ങലറീടിനാനതുനേരമെങ്ങും
വന്നതില്ലേ തളൎച്ചയും മാധവന്നതുമല്ല തൻേററെ വൻഗദ
കൊണ്ടവന്നുടെ മാൎവിലൊൻറങ്ങടിച്ചനേരം
മണ്ണിടെ വീണ്ണനൻ ഉടഞ്ഞിട്ടും മാൎവൊട്ടു ദന്തവക്ത്രൻ
മാമരമെൻറപോലുയിരും പിരിഞ്ഞിതുനേര[1]മന്നാൾ. ൬

മണ്ണിൽ വിരഞ്ഞിട്ടും മുടിയോട്ടുകൂടവനുള്ളവാത്മാ
മാധവനൊട്ടു ചെൻറാരുമിച്ചു നിൻറതുകണ്ടെല്ലാക്കും
വന്നിതു വിസ്മയം പുനരൻറ കോപവശേന വന്നാൻ
വാളൊട്ടു[2]തോല്പരം, കരതണ്ടുകൊണ്ടങ്ങെടുത്തു നൻറായ്
ചെ[3]ൻറി[4]യലും വിഡുരഥനേയും തഥാ സകലേശനപ്പോൾ
ചിനമൊട്ടു ചക്രമാമതുകൊണ്ടറുത്തവനീങ്കലിട്ടാൻ
[5]നൻറിതുമെൻറുകണ്ടമരാദിമാമുനിമാരും മററും
നായകനെപ്പുകണ്ണു പൊഴിഞ്ഞിട്ടും കുസുമത്തിനോടേ. ൭

ഇങ്ങമിതൻറ സാലപനെയും മഹാപുരമായ സൌഭം
എൻറതു ദന്തവക്ത്രൻ വിഡൂരഥന്നെയുമന്നു കൊൻറി-
ട്ടുത്തലറുത്തു ദേവകൾ വിദ്യാധരചാരണന്മാ-
രാമവരാൽപ്പുകണ്ണു പൊഴിഞ്ഞിട്ടും കുസുമാദിയൊടേ
ശക്തരുമായ വിഷ്ണികളോട്ടുകൂടെ മുകുന്ദനമ്പാൽ
താനിതമീട്ടും വമ്പടയൊട്ടുക്കൂടൊരുമിച്ചു നൻറായ്
തത്രപുരം പുകുന്തിതു വാദ്യഘോഷങ്ങളോട്ടുമന്നാൾ
സാദരമൊട്ടു വെൻറികലന്നിട്ടും വടിവൊട്ടു നേരേ. ൮

1. 'മണോ', 2. 'തോൽവ', 3. 'ൎാണയു', 4. 'ശിരമത്' 5 'നമറിതെൻറ' ൭. പാഠം.

വെൻറികിളന്ന പാണ്ഡവന്മാരോട്ടുതുറവുവേർ പോക്കു
[നൻറായ്
വേലമൊട്ടുദ്യമം ചെയ്തീടിൻറവാറതു കേട്ടു രാമൻ
ഇൻറിവിടെയൊന്നിക്കിഹ തീർത്ഥയാത്രയതിന്നുപോ-
ന്നിങ്ങുചിതം മുദാ പുനരെൻറു ചിന്തനചെയ്തനേരം
ചെന്നു പ്രഭാസതീർത്ഥവുമാടി ദേവർഷിമാർക്കുമെല്ലാം
മേലൊട്ടു തർപ്പണംചെയ്തതിന്നു[1] സരസ്വതീം പു-
ക്കൻറു പൃഥൂദകം പുനരങ്ങു ബിന്ദുസരസ്സുമാടീ-
ട്ടംബുജലോചനൻ ത്രിതകൂപമാകിയതീർത്ഥവും[2]താൻ. ൫

താനതു കണ്ടു തത്ര വിശാലതീർത്ഥവും ബ്രഹ്മതീർത്ഥം
തരമൊട്ടു ചക്രതീർത്ഥവും പ്രാചിയായ സരസ്വതിയും
[പോയ
മാനിതമായീട്ടും യമുനാമഹാനദി ഗംഗയെൻറി-
മ്മംഗലമായ തീർത്ഥവുമാടി നൈമിശം മേവിനേരേ
താനതുകാലം നൈമിശം വാണ്ണീടിൻറിർഷിമാർകളെല്ലാം
സരസിജലോചനൻ ബലഭദ്രരാമനെ വന്നു വന്ദി-
ച്ചൂനമില്ലാത്ത പൂജകളും തഥാ കനിവൊട്ടു ചെയ്താ-
രുടനവിടേയുരുത്തിയ മാധവനെന്നെയണഞ്ഞു മേന്മേൽ. ൬

അണയവിയൻറിട്ടും പരിപാലരാമവ[3]രോട്ടുക്കൂടീ-
ട്ടമ്പൊട്ടു സൽകൃതന്നുമതായിരുന്നരുളിൻറ നേരം
അവിടെയിരുന്നുകൊണ്ടെഴുന്നേററു വന്ദനചെയ്തീടാതെ
അഴകൊട്ടു വിപ്രർതൻ നടുവേയൊരാവണമീതിരിക്കും
അന്തിപകൾ ചേന്നീടിൻറൊരു സൂതനെപ്പുനരൻറു കണ്ടു-
ററിശമിയൻറവൻ പ്രതിലോമജാതിയതായവന്നെ
ത്തണയ മഹാമുനിപ്രവരർക്കു തൻനടുവേയിരിപ്പാ-
നവർകളിൽ വെൻറിചേന്നിയലിൻറൊരാവണമിതി-
[ലെൻേറ. ൭

1. ‘ക’, 2. ‘തീർത്ഥംപൃക്കൻ’, 3. ‘ഹരവ’ ഗ. പാഠം.

എന്നും മറമങ്ങളെപ്പരിപാലനം ചെയ്‌വതിന്നു ഞാൻ വ-
ന്നിന്നിവിടെപ്പിറന്നിളമാകയാലതിദുഷ്ടബുദ്ധ്യാ
നന്റിമികത്ത മാമുനിമാരുടേയരികേയിരിക്കും
നയമറിയാത സൂതനെയിന്റു കൊൽവതു യോഗ്യമോ-
(ത്താൽ

എന്റതുമല്ല ശ്രീശുകമാമുനിപ്രവരന്നൊടേ കേ-
ട്ടീടിന ധമ്മശാസ്ത്രമനേകമുണ്ടതിനാലുമെന്റും
നന്റിയില്ലാതവനെ വധിപ്പതിന്നർഹതപമുണ്ടി-
ന്നാളില്ലായ്കിലെന്നൊരു ധമ്മപാലകനായതെന്റേ. ൮

എന്റതുരത്തെടുത്തൊരു ദർഭതന്നെയൊരസ്ത്രമായ്-
ക്കൊണ്ടീടിന കോപമൊടു വധിച്ച സൂതനെയങ്ങിരാമൻ
അന്റതുകണ്ടു ദുഃഖിതരാകി മാമുനിമാർകൾ ചൊന്നാ-
രഴകല്ലതൊന്റു ചെയ്തതധമ്മം നീയിതു പാക്കിലേററം
മന്റിടെ നിന്റിയററിന സത്രം നാമിതെ ടുങ്ങവോളോം
മാനിതമാറൊരാവർണയും കൊടുത്തിതു സത്രവായിസ്സു
എന്റതുമല്ല വിപ്രവധം കൃതം[1] സമമാം ഭവാനാ-
ലെന്നുപഠിച്ച വേദമങ്ങന്നിയായമതായിതാ പോയ്. ൯

പോയിനി നീയിതിന്നു പ്രതിക്രിയാദികൾ മറെറാരുത്തന്
പുനരുടനേ വിധിച്ചരുള്ളാതവണ്ണമിയററുകെന്റി-
ന്ന്യായമതൻറുകേട്ടതുചെയ്‌വൻ മുഖ്യമതായതെന്ന-
ന്നാളിൽ നടേ ചെയ്യേണ്ടുവതെന്റതൊന്നരുൾചെയ്ക-
(യെന്റേ

മായവനന്റു കേട്ടിവനിന്നു മെന്നുടെ യാഗമായാൽ
വാധവരാതൊരായുവ്വേലങ്ങളിന്ദ്രിയമെന്റിവെല്ലാം
ആയവയേവയിറെറാടു ജീവനതപമിയററുവൻ ഞാ-
നാദരവോടിതെന്റതിന്നുത്തരം മുനിമാർകൾ ചൊന്നാർ
(൧൦

എങ്കിലതെങ്ങൾ വാക്കിനും നിൻ ശരത്തിന മൃത്യുവിന്നി-
ന്റങ്ങമിയന്റിടാതപരാധമോത്തു ചെയ്കിടെന്റേ
മംഗലമായിടും വചനങ്ങൾ കേട്ടരുൾചെയ്തു രാമൻ
മാനസതാരഴിഞ്ഞവരോടു വന്നൊരു പുത്രനായേ

1. ഭേദം ഗ. പാഠം.

അങ്ങുളവാമിന്നുമൊരു സൂതനായുവ്വെലങ്ങളെ-
ൻറ ത്ര്യാദികളെട്ട പുത്രനതായ് ജനിച്ചതുമച്യുതനാത്മാ-
വെങ്ങുമിതെൻറ വേദവചസ്സിനാലുമിവൻതന്നത്താന്നിന്നു
നിങ്ങൾക്കു ചൊൽവതിനായിപ്പുരാണകഥാദിയെല്ലാം. (൧൧

ഇന്നുമിതെന്തു നിങ്ങളപേക്ഷചൊൽവതുചെയ്‌വൻ ഞാ-
നെൻേറവമറിഞ്ഞിടാതപരാധമൊന്നതു ചെയ്‌വതി (ന്നായ്
ഉന്നിയെന്നെട്ട നല്ലുപകാരമായിനിയെൻറതെല്ലാമുള
വചനങ്ങൾ കേട്ടരുൾചെയ്തു മാമുനിമാരന്നേരം
ഇൻറിവിടെയിതിലബലപുത്രനാകിയ വല്വലൻ വ-
ന്നേറുപരോധമെങ്ങൾക്കു വേഗികളിൽ ചെയ്യിൻേറാൻ
ഒന്നവർകലനെ! പവ്വങ്ങൾതോറുമതിന്നു നിന്നാലൊരു
ഗുണമിൻറു ചെയ്കിലവൻ വധം കൃതമാകവേണ്ടും. ൧൨

അവനടനെങ്ങൾ വഹ്നിയിൽ വന്നു മൂത്രപുരീഷമെൻറി-
ത്ര്യാദികളോട്ട മാംസമൊടാസവങ്ങളെയിട്ടനേകം
ശിവ ശിവ! ചെയ്തിടിൻറുപരോധം മററുമസംഖ്യമെൻറാൽ
ചെയ്തവനെച്ചിനത്തൊട്ട നീ വധം പുനരിൻറതിന്നാൽ
തവമിയലിൻറ മാമുനിമാരുടെ ഗുണമെയ്തുമേററം
സാഹസമൊട്ട തത്ര ഭവാൻ നടന്നൊരു വത്സരാന്തം
ഭുവനിയിലുള്ള തീൎത്ഥങ്ങളാടി നല്ലനമാകയെൻേറ
പൊലിവൊട്ട രാമനോടിതമാക മാമുനിമാരുരത്താർ. ൧൩

അഷ്ടസപ്തതിതമോഽദ്ധ്യായം
സമാപ്തം.

## അഥ ഏകോനാശീതിതമോഽദ്ധ്യായഃ.

ആനന്തുകാലം പർവദിനം വ-
ന്നാഗതമായതുനേരം വല്വല-
നാന മഹാവസുരൻ പാംസുക്കളെ-
[1]യതിവരിഷംചെയ്തതികാറേറാടെ

1. 'അഭി' ഗ. പാഠം.

താൻനടനെങ്ങും ദുർഗ്ഗന്ധാദികൾ—
തങ്ങുമമേദ്ധ്യമയം വർഷംചെ—
യ്തതാനവിടേ യാഗാദികൾ ചെയ്തിട്ടു—
മശ്ശാലയിലൊരു ശൂലവുമായേ. ൭

ശൂലമെടുത്തസുരൻ വന്നവിടെ
തൂകുമമേദ്ധ്യമയും വർഷം ക—
ണ്ടാലന്നുകർ നരനോടതികോപ—
മതിന്നോടലധരനാകിയിരാൻ
നീലനിറം കലരിന്റൊരു മാമല
ദംഷ്ട്രാഗ്രഭ്രുകുടിയൊടുതാമ്രം
പോലിയലും ശിഖയോടെ വന്നു പ—
രോധംചെയ്‌വതുമവിടെക്കണ്ടാൻ. ൮

ആനതുകാലത്തംബരചരനാ-
മസുരാധിപനെ ഹലാഗ്രംകൊണ്ടേ
താനിതമോടു വലിച്ചഥ മുസലം
തന്നാലേ തലമീതതികോപാൽ
മാനവവീരാ! തല്ലിനനേരം
മാലിപുരം വീടായിതു ദാനവ—
നാനവനവിടെ വമിച്ചീടും രുധി—
രാദികളോടു നുറുങ്ങീ തലയും. ൯

ആദരവോടതു കണ്ടു മഹാമുനി—
മാർകളണഞ്ഞു പുകണ്ണാശസ്സുകൾ
ഓതിനനേരം മഹാകലശങ്ങളെ
ഉമ്പർപുരാനമരാധിപരെല്ലാം
ചേതസുഖേനയയററിനപോലേ
ചെമ്മേ വൃത്രവധാനന്തരമതു
മാധവനിതമൊടു ചെയ്തുകൊടുത്തിതു
വാസസ്സുകളോടു രത്നാദികളും. ൧൦

1. ഖ, ഗ പാഠം

അതിശയമാകിയ വാടാമാലക-
ളംബരമാഭരണാദികളെല്ലാം
ഇതമൊടു വെങ്ങിട്ടാജ്ഞയുമെല്ലാ-
മേററന്തണരൊടു കൌശികതീൎത്ഥം
മതിവദനന്നാടീട്ടു സരോവരാ.
മന്നാ! വൽലോമവുമായ് പ്രാപി-
ച്ചതിഗുണമുള്ള പ്രയാഗതീൎത്ഥവു-
മാടിയമന്നിതു പുലഹാശ്രമവും. ൭

മഹിമ[1]മികും ഗോമതിയും ഗണ്ഡകി
മററു വിപാശാ ശോണത്തിങ്കലും
മുഹുരിതമിടിയ ഗംഗാമാടി മു-
ദാ ഗംഗാസാഗരമതുമെല്ലാം
സഹിതഗുണാദികളുടയ മഹേന്ദ്രൻ
തന്നിലിരിക്കും ഭാൎഗ്ഗവരാമനെ
മുഹുരപി വന്ദിച്ചങ്ങു നടന്നാൻ
മുഖ്യതപേർ ഗോദാവരിയരികേ. ൮

അരികെയവണ്ണം പമ്പയുമാടീ-
ട്ടമ്പൊടു ഭീമ മഹാരഥി പ്രാപി-
ച്ചരചാ! ഷണ്മുഖനെത്തൊഴുതുടനേ-
യാലയമാം ശ്രീശൈലം രാമൻ
വിരവൊടു നമുക്കു നമസ്കൃതി ചെയ്തഥ
വെങ്കടവും കാമാക്ഷിയിലും ക-
ണ്ടൊരു സുഖമീടിയ കാഞ്ചിപുരത്തിലു-
മണവൊടു ചെന്റു നമസ്കൃതി ചെയ്താൻ. ൯

താനതുകാലം കാവേരിയിലും
തരമൊടു തീൎത്ഥങ്ങളെയാടിപ്പോയ്
മാനിതമാകിയ ശ്രീരംഗത്തു മ-
ഹാപുരുഷോത്തമനെത്തൊഴുതുടനേ

1. 'ത' ഛ. പാഠം.

താമ്ര ഷഭാദ്രിയിലുംവന്ദിച്ചു ത-
    ഥാ ദക്ഷിണമധുരാമമർപോക്കനെ
മാനസമലിവൊടു വന്ദിച്ചവിടെയു-
    മൻപൊടു രാമേശ്വരമതു പുക്കാൻ. ൮

പുണ്യമിയറും രാമേശ്വരമതു
    പുക്കു മഹാതീർത്ഥങ്ങളുമാടി-
ട്ടെണ്ണി മഹാഗുണമീടിയ ഗോക്കളൊ-
    രീര[1]യ്യായിരം വിപ്രന്മാക്കായ
അന്നു കൊടുത്തു[2]ടനേ കൃതമാലയു-
    [3]മൻപൊടു താമ്രമഹാപർണ്ണിയിലും
ചെൻറിതു മലയാചലമതിലിതമായ്-
    ച്ചേന്നവഗസ്ത്യനെയും കൈതൊഴുതാൻ. ൯

തൊഴുതിതു കന്യാതീർത്ഥവുമാടീ
    സുഖമൊടു ദുർഗ്ഗാദേവിപദാബ്ജം
തൊഴുതിതനന്താപുരി പ്രാപിച്ചു
    സുരാസുരവന്ദിതദേവപദാബ്ജം
തൊഴുതിതു കേരളമതിലിതമീടിയ
    സൂക്ഷ്മമതാം തീർത്ഥങ്ങളും ത്രിഗർത്തം
തൊഴുതിതു ഗോകർണ്ണാഖ്യം മേവിന
    ധൂർജ്ജടിപാദാബ്ജത്തെയുമന്നാൾ. ൧൦

അന്നഥ ദ്വൈപായനിയാമാര്യയെ-
    യവലോകനമതു ചെയ്തു മഹാത്മാ
ചെൻറിതു 'ശൂർപ്പാഗാം'മതിങ്കൽ
    തെളിവൊടു താപിപയോഷ്ണിയുമെല്ലാം
മന്നവ! നിർവിന്ധ്യയെയും ദണ്ഡകം
    മററു മഹാരേവാമതുമെല്ലാം
നൻനെറിയോടാടീട്ടു പ്രഭാസം
    നലമൊടു പുക്കാൻ രോഹിണിതനയൻ. ൧൧

1. ഓരോന്നും, 2. 'ദക്ഷിണമക്കായ്', 3. 'അഴകൊട്' ശ. പാഠം.

പുക്കതുകാലം വിപ്രവരന്മാർ
    പൊലിവൊടു കുരുപാണ്ഡവരുടെ പോരിൽ
ഒക്കെ മുടിഞ്ഞിതു നൃപവരരെൻറ-
    ങ്ങുടനേ കേട്ടവനീഭാരം പോയ്
മിക്കതുമെൻറതറിഞ്ഞേ രാമൻ
    വീറൊടു ഭീമസുയോധനരാമവർ
തക്ക മഹാഗദ കൊണ്ടമർ ചെയ്വതു
    [1]സഹസാ മററുമിതെൻറു നിനന്താൻ. ൧൨

നിനച്ചു കുരുക്ഷേത്രം പുക്കളവേ
    നിർമ്മലനാകിയ ധർമ്മാത്മജനും
മനക്കനിവോടേ കൃഷ്ണാർജ്ജുനനും
    മററു യമാദികളും കൈതൊഴുതാർ
ഇനിപ്പുനരെന്തോൻറരുൾചെയ്യിൻറതു-
    മെൻറു നിനച്ചവരൊൻറും മിണ്ടീ-
ല്ലനത്തുലകത്തിനെയും മുടിതൻ നടു-
    വണിയിൻറംബുജലോചനനോടേ. ൧൩

അംബുധിയിളകും പോലേ ഭീമനു-
    മരചൻ ദുര്യ്യോധനനും ചെമ്മേ
മുമ്പൊടു പിമ്പു ചുഴന്നുമനേകം
    മുനിവൊടണഞ്ഞു ഗദാപാണികളായ്
വമ്പൊടു പോർചെയ്യിൻറതുനേരം
    വടിവൊടു രാമനരത്തിതു നിങ്ങൾ-
ക്കമ്പൊടു ചൊല്ലാം കരബലമൊരുവ-
    ന്നഭ്യാസം മറേറവനിതെൻേറ. ൧൪

എൻറാൽ സമബലവാന്മാർ നിങ്ങളി-
    തെൻറതറിഞ്ഞമർ ചെയ്വതടങ്ങുക-
യെൻേറ രാമനരത്തതിനിരുവരു-
    [2]മേറിയ രാഗദ്വേഷംകൊണ്ടേ

1. 'മരസാ 2. ഏറീട്ടും ദ്വേഷാദികളോടെ', ഗ.പാഠം.

ഒൻറാലും വചനം കൈക്കൊണ്ടി-
　　ല്ലുണ്ടാം ദുഷ്കൃതദുർവ്വചനാദികൾ
നൻറായോൎത്തിരുവരുമമർചെയ്താർ
　　നട്ടങ്ങും വണ്ണം ജയകാംക്ഷിതരായ്. ൧൫

ആയതുനാൾ വിധിബലമെൻറിതിനെ-
　　യറിഞ്ഞു ബലൻ ശ്രീമദ്ദ്വാരകയിൽ
പോയുടനേ[1] പിത്രാദികൾ മോദം
　　പൊലിവൊട്ടു ചെയ്തു തഥാ നൈമിശമെഴും
ഉയ മഹാമുനിമുഖ്യരെയെല്ലാം
　　സുഖമൊട്ടു വന്ദിച്ചവർകളുമുടനേ
ദയയൊട്ടു യാഗാദികൾ ചെയ്യിച്ചിതു
　　നിൎമ്മലനാകിയ ബലനെക്കൊണ്ടേ. ൧൬

വെലനവർകൾക്കുപദേശം ചെയ്തിതു
　　വിശ്വമിതാത്മാവിൽ സ്ഥിതനെൻറും
നലമൊടറിഞ്ഞിട്ടകെങ്ങും വ്യാപ്തൻ
　　നാട്ടകിലെൻറുമിതൊൻറിന്നോട്ടും
വിലസുകയില്ലയിതെൻറുമതെൻറും
　　വേദാന്താൎത്ഥമതാകിയ ബ്രഹ്മം
ചലനമില്ലാതവണ്ണം തേറീട്ടുക
　　താനേയെൻറിതു മാമറയാലേ. ൧൭

എൻറിതുരത്തവട്ടതമാം സ്നാന-
　　മിതത്തൊട്ടു ചെയ്തവർ പത്ന്യാദികളോട്ടും
നൻറിമികുത്താഭരണം കൊണ്ടേ
　　നലമൊടലംകൃതനായീ രാമൻ
മന്നിടെ മററുമനേകമിവണ്ണം
　　മന്നാ! രാമനുടേ കഥയിക്കഥ
വെൻറിയൊടേ കേട്ടുരചെയ്യിൻറവർ
　　വിശേഷശരഭക്തന്മാരാമേ. ൧൮

ഏകോനാശീതിതമാദ്ധ്യായം
സമാപ്തം.

1. ‘പ്പ’ ത. പാഠം.

## അഥ അശീതിതമോദ്ധ്യായഃ.

ആമത്തുകാലം കുരുകുലവീരനു-
മമ്മുനിവരനൊടു ചോദ്യം ചെയ്താൻ
സീമയിലാത മഹാഭക്തിയിനാൽ
ശ്രീകൃഷ്ണൻതിരുവടി കഥയിനും
ആയവയന്യങ്ങളതായുള്ളവ-
യരുളിച്ചെയ്യാഖിലേശ്വരവീര്യം
നാമിതമൊടു കേട്ടേവനു തൃപ്തി ത-
ഥാ വന്നീടിന്റില്ലതു നൂനം. ൭

നലമൊടു നാരായണനുടെ നാമം
നാവതുകൊണ്ടു ജപിച്ചു നമസ്കൃതി
തലയതിനാലേ ചെയ്തു മഹാത്മാ
തന്നുടെ കഥ കണ്ണംകൊടു കേട്ടും
പലപൊഴുതും മനസാ ചിന്തിച്ചും
പാണികളാലേ വന്ദിച്ചിടലും
ഫലമതുടമ്പിനിയന്റിതു നയനം
ഭക്തജനത്തിനെ നോക്കീടുകിലും.

ഈടിന കനിവൊടു മുനിവരനത്താ-
നപ്പടി നൃപനുടെ വചനം കേട്ടേ
മാടണിതോളാ! കൃഷ്ണന സഖിയായ്
മററു ജിതേന്ദ്രിയനായ് ഭക്തനുമായ്
കൂടെ വിരക്തനുമായ് ശാന്തനുമായ്
കുറവുപെടാതു ഗൃഹസ്ഥനുമായേ
ഷ്ടിയുള്ളായാനൊരു വിപ്രേന്ദ്രൻ
കുചേലനവൻ മഹിമാദികൾ കേളായ്. ൮

കേൾക്ക കുചേലനുടേ ദാരിദ്ര്യം
കേവലമുടലു മെലിഞ്ഞു ഞരമ്പുകൾ
മാർഗ്ഗമതായേ കാണാമല്ലോ
മററും കുത്സിതമാം ചേലയുമായ്

നിക്കമില്ലാത മഹാപതിവ്രതയായ്
നിയതം പതിശുശ്രൂഷകൾകൊണ്ടും
ഭാഗ്യവതീയുമതായവളോടു പ-
രൻപുരുഷനിൽ നിനവോട്ടുളനായാൻ. ൪

ആയവനെന്തു ബലാൽ വന്നിട്ടുള-
വാകിയ ദ്രവ്യംകൊണ്ടു പുലന്നേ
മായവനോടു തനിക്കുള്ളെ കൃത
മന്നാ! ഭാൎയ്യാവോടു പറഞ്ഞും
പോയിതു കാലമനേകമൊരുന്നാൾ
പൊലിവൊട്ടരത്താൾ ഭത്താവേ! നീ
പോയിതുനാൾ ധമ്മിഷ്ഠനഭാഗിയ
പുരുഷോത്തമനെക്കാൺക വിശേഷാൽ. ൫

കണ്ടാൽ നമ്മുടെ ദാരിദ്ര്യതയും
കമലലക്ഷണനറവേ തീൎത്തീടും
പണ്ടേ ശ്രീപതിയല്ലോ ഭഗവാൻ
പാരാ സത്തുകളാശ്രയനായി
കണ്ടാലധികമനോഹരനായേ
കനിവൊട്ടു ശ്രീമദ്ദ്വാരക വാണി-
ട്ടുണ്ടേ യദുവൃഷ്ണ്യന്ധകരാമവ-
രുടെയീശ്വരനായേ മരുവിൻേറാൻ. ൬

എൻറും ഭക്തന്മാൎക്കായേയവ-
നിതമൊട്ടു സ്വാത്മാവിനെയും ദാനം
നൻറിയൊടേ ചെയ്യിൻേറാനെൻറാൽ
നമ്മുടെ ദാരിദ്ര്യം കളവാനായ്
ഒൻേറതും കുറവെൻറവൾ വചനം
കേട്ടുണ്ടായഖിലേശനെ നൻറാ-
യിൻറിതമൊട്ടു കാണ്മിൻറതു കാൎയ്യ-
മെൻറു നിനച്ചവളോടിതു ചൊന്നാൻ. ൭

ഇത്തുകേ[1]ളല്പമതാം കാഴ്ച്ചയെ ന-
യിൻറു പ്രദാനം ചെയ്തീടെൻറതി-
നത്തുനാൾ നാലുദ്വിജന്മാർമനപ്പു-
ക്കവരൊ[2]ട്ടു നാലു മഹാപിടി നെല്ലും
ചിത്തമായ്ക്കൊണ്ടന്നതിനെയിടിച്ചവൾ
ചെമ്മേ തണ്ഡുലമയമാമവലിനെ-
യത്തുനാൾ ഖണ്ഡിതമാം [3]ചീലയിൽ വ-
ച്ചാദരവോട്ടു കൊടുത്താളല്ലോ. ൮

അത്തുമായ് ശ്രീമദ്ദ്വാരക പൂവാ-
നൻറു നടന്നു[4] മഹാവിപ്രേന്ദ്രൻ
ഇത്തുനാൾ ഭാഗ്യമില്ലാതെയിനിക്കി-
ൻറീശ്വരനാകിയ കൃഷ്ണനെ നൻറായ്
നിതരാം കാണ്മതുമെങ്ങനെയെൻറു നി-
രൂപണമോടേ ചെൻറു കടന്നാൻ
അത്തുനാൾ മൂന്നു മഹാഗുല്മങ്ങളു-
മരികേയുള്ള ദ്വാരങ്ങളുമെല്ലാം. ൯

എല്ലാ ഗുണഗണമീടിയ മഹിഷിക-
ളീരെണ്ണായിരമാമവരോടേ
കല്യാണാത്മാവംബുജനയനൻ
കനിവൊട്ടു വൃഷ്ണികളാൽപ്പരിവൃതനായ്
ഉല്ലാസത്തൊടിരുന്നീടിൻറതി-
ലൊരു ഗേഹേ ചെല്ലിൻറ ദ്വിജേന്ദ്രനെ
മെല്ലേ കണ്ടെഴുന്നേററാശ്ലേഷം
വിശ്വേശ്വരനതിസുഖമൊട്ടു ചെയ്താൻ. ൧൦

ചെയ്താൻ ഹർഷാശ്രുക്കളുമേററം
ശ്രീപതി നിജപര്യങ്കത്തിന്മേൽ
എയ്തീടിയ സാദരവോടേ വ-
ച്ചിതമൊട്ടു പാദോദകമതിനാലേ

1. 'മേതാൻം', 2. 'ടുപക്ഷിച്ചൂരു', 3. ',ചേ', 4. 'കുചേലബ്രാഹ്മണൻ' ത്ര,പാഠം.

ചെയ്താൻ സ്നാനമനന്തരമവിടേ
    ചേലൊടു കൂടീടിന്റൊരു പൂജകൾ
ചെയ്താനന്റു ജലാദികളാലും
    സ്രക്കൊടു താംബൂലാദികളാലും. ൧൧

ആനമ്രനാം മലിനാംബരധരനാ-
    യതികൃശനാകി നരമ്പുകളാലേ
താനുടലെങ്ങും വ്യാപ്തനമാകിയ
    തൻഭക്തനെയഖിലേശ്വരനങ്ങാൽ
മന്നിന്നി വെൺചാമരമതിനാലേ
    വടിവൊടു വീചീടിനളിവ കണ്ടേ
താന്മുവായിതു വിസ്മയമവിടേ
    തങ്ങി നിറന്ന ജനത്തിനനേകം. ൧൨

കരുണാകരനതുനേരമവന്നുടെ
    കൈകൾപിടിച്ചാദൌ ഗുരുവിന്റെ
പരിചീടിയ ഗേഹേ മരുവുന്നാം
    പലവുളവായ കഥാദികളെല്ലാം
ഉരചെയ്തവിടേ കേട്ടിതു ഗുരുവി-
    ന്നൊരു ദക്ഷിണചെയ്തീടിയ ശേഷം
പരമാദരവൊടു സദൃശയുമാകിയ
    ഭാര്യാപരിഗ്രഹണം കൃതമല്ലീ?. ൧൩

എല്ലാനാളും ശാന്തനമാകി-
    യിരുന്നീടിന്റിതു നീ വനവാസം
മെല്ലെ ചെയ്തിന്റവരേപ്പോലെ
    വീടനമാകിയതെന്ററിയിന്റേൻ
നല്ലാരോടും ഞാനിന്റിപ്പടി
    നാനാലോകങ്ങളെ രക്ഷിപ്പാൻ
മെല്ലേ വീടനമാകിയിരുപ്പിതു
    വചനമായതു ശാന്തനമായേ. ൧൪

ശാന്തനമാകിയ ശ്രീഗുരുവരുള്ളാൽ
സകലമഹാനിജ്ഝമത്തോടേ
പോന്നൊരു മോഹാദിയിൽ വീഴാതേ
പരനിലുറച്ചരുള്ളും വഴിയോടേ
ശാന്തനമായീടിൻറ ദാസജൻ നിജ-
സകലമഹാകർമ്മാദികളാലും
താഴ്ന്തിനിയേ ഗുരുശുശ്രൂഷചെയ്യോർ
തങ്ങളെനക്കു പ്രിയം പുനരെൻറും ൧൭

എൻേറവം വചനങ്ങളെയരുൾചെ-
യ്യിതാമോടു പിന്നെയുമരുളിച്ചെയ്യാൻ
അന്നാദരവൊടു നാമിരുവരുമാ-
യലവൊടു ഗുരുപത്ന്യാവരുള്ളാലേ
നൻറായ വിറകിനു പോയൊരു വിപിനേ
നലമൊടു പുക്കളുനാള്ളൊരു കാററിനൊ-
ടൻേറ വൻറിളു കൊടുതായൊരു മഴ-
യതുകൊണ്ടേററം പീഡ തരായോം. ൧൮

ആയതുകാലം തന്നേ സൂൎയ്യനു-
മസ്തമനം പ്രാപിച്ചാനതുനാൾ
പോയി വെളിവങ്ങവനിയിലെങ്ങും
പൂൎണ്ണവുമായിതിരിട്ടിന്നാലേ
ആയതിനാലേ കുഴികൾ നിരന്നിട-
മാമതറിഞ്ഞില്ലതു മഴയാലും
തൂയ മഹാമിന്നൽപ്പിന്നരിടയേ
തോൻറിയതും പുനരുണ്ടിതനേകം. ൧൯

അന്നേരം നാം കൈകൾപിടിച്ചി-
ട്ടവിടേയെങ്ങും നടന്നു പലന്നിതു
എന്നേ കഷ്ടം! ശിഷ്യകളേ നാ-
മെങ്ങും കണ്ടില്ലെൻറതി ഖേദാൽ

1. 'ക,' 2. 'യ്‌വവർ,' 3. 'ഭക്ത്യവുടെ ചൊല്ലുകൾ,' 4. 'പോയ ഇകാന്തിമധ്യത്തിടെ,' 5. 'ഉൽകൊണ്ടെ നിദ്ദന്നൻ,' തവു ശ. പാഠം

വന്നീടും സാന്ദീപനിഗുരുവിൻ
മലരടിതൊഴുതോം നാം വിറകും വ-
ച്ചന്നേരം നമ്മെ പ്രതി ഗുരുവിനു-
മതികാരുണ്യമിയന്റിതു ചൊന്നാൻ. ൧൮

നലമിയലും ഭാവത്തൊടു ഗുരുവിനു
നന്റായ് സൎവ്വമൎപ്പണമായ് ച്ചെ-
യ്കല് വൊടിരിപ്പിതു ശിഷ്യകൾ ധൎമ്മമ-
തേയെല്ലാം നിങ്ങൾക്കേ കൃതമായി
പലമിതിന്മീത ല്ലിവിടെയും മേലും
പരിചൊടു ഞാൻ ബോധിച്ചവയെല്ലാം
ഫലമായ്‌വരികയിതെന്റതികൃപയൊടു
പരമാനന്ദമെഴുംപടി ചൊന്നാൻ. ൧൯

ഏവം മററുമനേകം കൎമ്മ-
മിയന്റ നമുക്കായതിനെക്കേട്ടേ
മേവിന സുഖമൊടുരത്തിതു വിപ്രൻ
വിശേഷശരനായിന നിന്നോടേ
മേവുകയാൽ ഗുരുശുശ്രൂഷാദികൾ
വിയനൊടനുഷ്ഠിക്കാഞ്ഞതു നാമെ-
ന്തേവയുമേ കൃതമായ് സൎവത്തിനു-
[1]മീശ്വരനായതു നീയേയെല്ലോ. ൨൦

അശീതിതമാദ്ധ്യായം
സമാപ്തം.

---

അഥ ഏകാശീതിതമോദ്ധ്യായഃ.

എല്ലാമെന്റീവണ്ണം ദ്വിജനാ-
ലിതമുരചെയ്തതു കേട്ടരുൾചെയ്താൻ
മെല്ലേ പുഞ്ചിരിയോടഖിലേശൻ
വേഗമവൻ വന്നതിനുടെ മൂലം

1. 'സൎവ്വതോവം' ശ. പാഠം.

[1]നല്ലാതോൎത്തിട്ടെന്തൊരു കാഴ്ചന-
  മൂക്കു ഭവാൻ കൊണ്ടുവന്നതു കുറയെ-
ൻറില്ലേതും ഭക്തന്മാരല്പമെ-
  നിക്കു തരിൻറതനേകമിതെല്ലോ. ൬

അനേകമഭക്തന്മാർ തന്നാടില-
  മതിലൊരു കൃപയില്ലേതുമെനിക്ക്
[2]മനസ്സുഖമോടൊരു പത്രം പുഷ്പം
  മററു ഫലം ജലമാകിലുമെല്ലാം
അനേകമിനിക്കു പ്രിയം പുനരെൻറാ-
  ലരുളുക കൊണ്ടുവന്നീടിയ കാഴ്ചയ-
നേകമതെൻറരുൾചെയ്തതു കേട്ടുമ-
  തങ്ങു കൊടുത്തില്ലേ [3]നാണിച്ചേ. ൭

അവനുടെയാഗമനത്തിനു കാരണ-
  മാമതു ഭാൎയ്യാവിൻ ചൊല്ലാല-
ൻറവിടെയറിഞ്ഞിവനില്ല ധനങ്ങളി-
  ലാദരവെന്നവൊഴിഞ്ഞിനിയെൻറും
ഭുവനിപതീശനറിഞ്ഞിനിയവളുടെ
  ബുദ്ധിസുഖംവരുമാറൊരു സമ്പ-
ത്തിവിടേ ചെയ്യിതുമെൻറു നിനച്ചാ-
  നേററം മനുജൎക്കും ദുൎല്ലഭമായ്. ൮

മാധവനിതിനെയുരത്തൊരു ശീലയിൽ
  വടിവൊടു ബന്ധിച്ചീടിന പൃഥുകം
സാദരവോടെന്തിതു തന്നീടിലി-
  തധികസുഖം മമ എന്നരുൾചെയ്തേ
ചേതസുഖേനയെടുത്തതിലൊരു പിടി
  സേവിച്ചുടനേ വാരിയനേരം
നാഥനുടേ കൈ ശ്രീ പിടിപെട്ടിതു
  നാരായണനേ! മതിയതുകൊണ്ടേ. ൯

1. 'എല്ലാമേതാ', 2. 'പ്രിയമനമവനൊ', 3. 'മജ്ജയിനാൽ' ഗ. പാഠം.

കൊണ്ട സുഖത്തിനൊടന്നിശി വിപ്രൻ
കൂടെ മുദാ നിവസന്നായുഷ്യയെ
കൊണ്ടൽവർണ്ണൻ വിപ്രനു യാത്രാ-
വിധി കൂറീടുന്ന നേരം നിജ[2]ഗേഹേ
അണ്ടർപതീശനൊരല്പം ദ്രവ്യവു-
മൻറു കൊടാഞ്ഞതിലിടിയ നാണവു-
മുണ്ടഖിലശരനാൽ കൃതപൂജയു-
മോർത്തുടനേ ദ്വിജനങ്ങു നടന്നാൻ. ൮

ആദരവോടു മുകുന്ദനൊരോന്നി-
ന്നാലേ പൂജിച്ചീടുമവസ്ഥകൾ
ചേതസുഖേന നിനച്ചാശ്ചര്യം
ചെന്നിവനെങ്കൽ ഭക്തനുമായേ
നീതിയൊടിയലിൻറവനു ധനം ഞാൻ
നിതരാം നൽകിൻറില്ലതുകൊണ്ടേ
ബോധവുമീൻറി മദിച്ചിട്ടമെൻറ
ബുദ്ധി ജനിച്ചിതുമെന്നിൽ കൃപയാൽ. ൯

എൻറീവണ്ണം നിനച്ചു നിനച്ചവ-
നിതമൊടു നിജഗേഹാന്തികമതിലേ
ചെൻറീടിൻറാളമരാവതിയൊടു
ചേന്ന മഹാമണിമാടമൊരോൻറ
അൻറാദരവൊടു കണ്ടുഗ്ഗേഹമി-
താരുടെയോരിതിനെന്തൊരവസ്ഥയു-
മെൻറവം ചിന്തിച്ചിട്ടവിടേ
നോക്കിനനേരമിവണ്ണം കാണായ്. ൰

കണ്ടിതു സൂര്യപ്രഭയൊടു നേരായ്
കാഞ്ചനമായ മഹാമണിമാളിക[1]
കണ്ടിതു മുത്തിൻമാലകളാലേ
കനിവൊടു തീൻറീടിൻറ വിതാനം

1. മാടം' ത. പാഠം.

കണ്ടിതു പൂൎണ്ണമഹാകുംഭാദി ക-
വാടം മണിതോരണം മതിലെൻറിവ
കണ്ടിതുമുദ്യാനം മയിൽ, കിളി, കുയിൽ
കാലംജ്ഞാനി പിറാവരയന്നം. ൮

അന്നനടയ്യേതിരാമംഗനമാ-
രവർകൾ മഹാരമയെൻറതുപോലെ
മന്നൊളിവീടിയ ശോഭ തഴയ്ക്കും
വേറു മഹാഭൂഷണമിവകൊണ്ടും
കന്നനെടുംകയലെക്കണ്ണികളൊടു
കാമനു നേരൊളിവായ പുമാന്മാ-
രെൻറിവരോടും ശോഭിതമാകി-
യിയൻറീടും ഗൃഹമതിനെക്കണ്ടാൻ. ൯

അതുകാലത്തതിസംശയമാനസ-
നായുഴലും ദ്വിജവരനെക്കണ്ടി-
ട്ടെതിരേററാർ വാദ്യധ്വനിയൊടുകൂ-
ടേററ മുദാ പത്നിയുമതുനേരം
പതിയാഗതനെൻറതിനെക്കേട്ടൊരു
പരമാനന്ദത്തോടേ ചെൻറള-
വതുകാലം വന്ദിച്ചിതു പ്രേമാ-
ശ്രുക്കളൊടേ തൻപതിയുടെ പദത്താർ. ൧൦

പതിയുടെ പദാതർ വന്ദനചെയ്തവൾ
പരവശമാനസസന്തോഷംകൊ-
ണ്ടതുകാലം നിജകണ്ണുമടച്ചി-
ട്ടാശ്ലേഷംചെയ്താൾ മനമതിനാൽ
പതിയും സപത്നീസ്ത്രീനികരായേ
പതിവ്രതയെപ്പല ചേടികളോടേ
അതുനേരം കണ്ടാശ്ചരിയപ്പെ-
ട്ടവിടേ പുക്കാൻ മന്ദിരമതിലേ. ൧൧

അതിലേ പുക്കളുനേരം മണിമയ-
മാകിയ ദീപാവലികൾ സഹസ്രം
പുത്തുതാകിയ രത്നസ്തംഭത്തൊടു
പുണ്യമതാം ശൌയ്യാദികളോടും
നിതരാം വീചിന ചാമരവ്യജനം
നിറന്ന വിദാനാദികളുമൊരോന്റേ
അളകാലത്തമരാവതിയൊടു നിക-
രായൊളിവോടേ കണ്ടാനെല്ലോ. ൧൨

കണ്ടിതു പൊന്മയമാകിയ പാത്രം
കനിവൊടനേകതരം പുനരവിടേ
കണ്ടിതുമാസനപന്തിയൊരോന്റേ
കാഞ്ചനമയമാം മററുമനേകം
കണ്ടിതു ദാരിദ്ര്യാദികൾ മാം പ്രതി
കമലേക്ഷണനീടിയ കൃപയോടെ
അണ്ടർപതീശനു നേരുളവാകിയൊ-
രാലയമായതുമക്ഷണമതിനാൽ. ൧൩

ഈക്ഷണമതിനാൽ സർവ്വസമൃദ്ധിയു-
മിതമൊടെനിക്കിഹ ദാനംചെയ്യു-
മോക്കിലനേകം മഹാവിസ്മയമിതു-
[1]മോമനയോടു ഭവാനു തരിന്റേറൻ
നീക്കമിയൻറീടാതെശപ്യം
നിതരാമെൻററിയിച്ചതുളളാതെ
ആകിയ ധർമ്മം പർജ്ജന്യനു നിക-
രാദരവോടഗതിതപം കണ്ടേ. ൧൪

ആദരവോടഖിലേശൻ താനേ-
യത്യല്പം ചേർന്നീടും പൃഥുകമ-
തായിയ തണ്ഡുലം നിജകരതാർകൊ-
ണ്ടാദാനം ചെയ്തിട്ടുപജീവനം

1. തെളിവിനൊടിൻെറ', ൩. പാഠം.

ചേതസ്സുഖേന[1] തഥാ ചെയ്തതുമിഹ
ശ്രീപതി ദാശാർഹന്നിവയോർത്താൽ
ഏതുമരപ്പതശക്യമിതെന്തോ-
ന്റീശ്വരനരുതായിന്റതുമെന്റും. ൪൭

എന്റും നിന്നുടെ പാദസരോജ-
മിതത്തൊടുപാസനചെയ്‌വതിനായും
മന്റിടനിന്റോ ഭക്തന്മാരൊടു
[2]മനസ്സ സൗഹൃൽഭാവം വരുവാനും
നന്റിമികും നിന്നൊടു സഖ്യതയും
നാരായണനേ! ദാസ്യതയും മമ
വെന്റിയൊടരുളുക ജന്മംതോറും
വിശ്വേശ്വരനേ! പങ്കജനയനാ!. ൪൮

നലമൊടിവണ്ണം ഭാവത്തോടേ
നാരായണനു സമർപ്പണമായ്ച്ചെ-
യ്തലിവൊടു ചെയ്യും കർമ്മമനത്തു-
മഹംഭാവം വിട്ടുടലില്ലമെങ്ങും
നലമൊടു ചെയ്ത ഗൃഹസ്ഥാശ്രമമതു
നാരായണഭക്തനുമായിക്കഥ
ഉലകിടെയാർ പാടിന്റവരവർ പോ-
യുമ്പർപുരാന്റെ ഭക്തനമാമേ. ൪൯

ഏകാശീതിതമോദ്ധ്യായം

സമാപ്തം.

---

അഥ ദ്വ്യശീതിതമോദ്ധ്യായഃ.

മന്നാ! വൊരുനാൾ സൂര്യഗ്രഹണം
വന്നിതു കല്പാന്തത്തിലവണ്ണം
നന്റായെന്റതിപോലതിമുമ്പേ
നലമൊടു തത്ര കുരുക്ഷേത്രത്തിൽ

---

1. 'മുഖേ', 2. 'മനസ്സി', ഗ. പാഠം.

മൂന്നേ ഭാൎഗ്ഗവരാമൻ ചിന്നമൊട്ടു
മൂവെഴുവട്ടം ക്ഷത്രിയവധചെ-
യ്തന്നാളന്നിണമാമതിനെക്കൊ-
ണ്ടവിടേയൊമ്പതു കയം നിൎമ്മിച്ചാൻ. ൧

ആന മഹാതീൎത്ഥത്തിൽ പുനരതി-
നൎക്കു 'സമന്തംപഞ്ചക'മാകിയ
മാനമേഴും ക്ഷേത്രം പോയ് പുക്കിതു
മാധവന്മാരൊടു യദുവരരോടേ
താനതിസൽക്കൎമ്മാദികൾ ചെയ്താർ
സകലമഹാദുരിതൌഘമറുപ്പാൻ
മാനിതമായവർ വാഹനമേറി
മഹാകോലാഹലമോടതുകാലം. ൨

അതുകാലത്തവിടെത്തീൎത്ഥങ്ങളു-
മാടി[1]മഹാപശുദാനാദികളെയു-
മിതമായ വിപ്രവരൎക്കു കൊടുത്താ-
ൎന്നിയ മഹാ[2]വന്നാദികളെല്ലാം
അതിശോഭിതമായീടിയവംബര-
മാഭരണാദികൾകൊണ്ടുമണിഞ്ഞവ-
രിതമായ് കൃഷ്ണനിലേറിയ ഭക്തി-
യിയൻറിട്ടുകെൻേറ പ്രാൎത്ഥനചെയ്താർ. ൩

[3]ചേതസ്സുഖമൊട്ടു ദാനാദികളും
ചെയ്തു തഥാവന്തണരനുവാദാൽ
നാഥാ!വന്നാദികളുമദിച്ചവർ
നലമിയലും [4]വൃക്ഷത്തിനുമൂട്ടിൽ
ആധാരം ഭുവനത്തിനു താനാ-
യാകിയ കൃഷ്ണന്മേൽ മനം വെയ്ത്തവർ
ബോധാനന്ദത്തൊടു പോയ്പ്പുക്കു മു-
ദായിരുന്നീടിനർ വൃഷ്ണികളെല്ലാം. ൪

1. 'പശോ', 2. 'ദേവാദനമജ്ജതാമ്പം', 3. 'ചെയ്താർ', 4. 'തരുണാം', ത. പാഠം.

എല്ലാ സംബന്ധികളും ബാന്ധവ-
രിനിയ സുഹൃത്തുകളെന്റിവരന്നാരം
നല്ലാരോടേ കൂടൊരുമിച്ച ന-
രേന്ദ്രാ!വക്ഷേത്രത്തിന[1]വന്നാർ
ചൊല്ലാം മത്സ്യോശീനരകോസലർ
ശോഭിതരാകിയ കൌരവർ സൃഞ്ജയ-
രെല്ലാം കേകയന്മാർ കുന്തികളും മ-
ററിതമുടെ കേരളന്മാരൊട്ടു മററും. ൭

[2] മററുമൊരോ ദേശങ്ങളിൽനിന്റേറ
വൻറിതു നൃപവീരന്മാർ കൃഷ്ണനെ
നററവമോടേ ചിന്തിച്ചീടിന
നന്ദാദികളൊട്ടു ഗോപന്മാരും
മറെറാരു നേരം കൃഷ്ണനിലെൻറി മ-
നം വച്ചീടാതീടിയ ഗോപികളും
പററിനർ പലനാളും കാണ്മാനായ്
പാർത്തീടും നയനാദികളോടേ. ൮

ആദരവോടേ വന്നീടിൻറവ-
രന്യോന്യം ഹരിഷാശ്രുക്കളോടേ
ആദിമഹാസന്തോഷാതിശയ-
മതിന്നൊടു കൂടീടിൻറാശ്ലേഷം
ചേതസുഖേന മുദാ ചെയ്തീടിനർ
ചേർച്ചക്കൊത്തപ്രകാരം ചെമ്മേ
ആദരവോടംഗനമാർ തങ്ങളെ-
യംഗനമാർകളുമവിടെയനേകം. ൯

അവിടേ വൃദ്ധന്മാർകളെ വന്ദി-
ച്ചഭിവാദം[3]ചെയ്തൻറു യുവാക്കളു-
മവിടേ കുശലവിചാരംചെയ്തി-
ട്ടു[4]ച്യുതകഥകളുരത്തന്യോന്യം

1. 'ത്തിന-,' 2. 'മററം,' 3. 'അഭിവാദിതന്മാരാകി,' 4. 'അച്യുതന്റെ കഥകളെ,' ഗ. പാഠം.

അവിടേ കുന്തിയുടപ്പിറന്നോരെയു-
മവരുടെ പുത്രന്മാരനുജത്തിക-
ളുവരെയുമവരുടെ പുത്രന്മാരെയു-
മത്രമൊട്ടു ശ്രീകൃഷ്ണനെയും കണ്ടാർ. ൮

കണ്ടു കളഞ്ഞാർ [1]ദുരിതമശേഷം
കഥകളൊരോന്നു പറഞ്ഞന്യോന്യം
കണ്ടുരചെയ്താർ വസുദേവനൊടു
കാൎകുഴലാളൊരു പുണ്യമിതേതും
കണ്ടിതുമില്ലൊരുനാളുമെനിക്കറി
കാരണമതിനാപത്തു വരുന്നാൾ
കണ്ടിടുമാരുമതില്ല ഭവാന്മാർ
കനിവിൽ വിചിരിപ്പതുമില്ലേതും. ൯

ഇനിയ സുഹൃത്തുകൾ സുതപിതൃവൎഗ്ഗവു-
മേററുമേ ഭ്രാതാക്കളുമാരും
പുനരൊരുനാളും നിനയ്ക്കയുമല്ലവർ
ബുദ്ധിയിൽ ദൈവമദക്ഷിണമാം നാൾ
കനിവിനൊടിതിനെക്കേട്ടുരചെയ്താർ
കയൽമിഴിയാളാകിയ പൃഥയോടേ
ഇനിമയാരസൂയ നിനക്കിയലാതവ-
യീശ്വരവിധി സകലവുമെൻററി നീ. ൧൦

അറി നീ കംസനുപന്നാൽ പാഡിത-
രായോരോ ദിശി പുക്കിതു നാമും
നെറിയേയിപ്പോഴീശ്വരകൃപയാൽ
നിജനിജഗേഹം പുക്കിതുമെൻേറ
ളുറവോടുരചെയ്തുടനതുകാല-
ത്തുഗ്രമഹാസേനാദികളോടേ
തിറമോടാഗതരാം മന്നവരെ-
ത്തെളിവൊടു പൂജിച്ചിതു സുഖമായേ. ൧൧

1. 'ദുഃഖം' എ. പാഠം.

ആയതുകാലം ഭീഷ്മദ്രോണരു-
　　മംബികതനയൻ ഗാന്ധാരീസുതർ
തായൊടു പാണ്ഡവർ സഞ്ജയർ വിദുരൻ ത-
　　ഥാ കൃപർ ഭോജവിരാടന്മാരും
തൂയ മഹാഭീഷ്മകനും നഗ്നജിദ്
　　ദ്രുപദൻ കാശിമഹാനൃപന്മാരും
ദയയൊടു മിഥിലാധിപനും കൃഷ്ണനെ
　　ദരിശിച്ചതിനാൽ നന്മുഖരായാർ. ൫൨

ആദരവോടേ മററുമൊരോ നൃപ-
　　രായവരെല്ലാം തീൎത്ഥസ്നാനം
ചേതസുഖേന ലഭിച്ചതുനേരം
　　തെളിവൊടലംകൃതരായഥ ചെമ്മേ
ആദരവോടേ പശുദാനാദിക-
　　ളന്തണരാമവർകൾക്കു കൊടുത്തി-
ട്ടാദ പുരാൻ ശ്രീകൃഷ്ണനിൽ വന്നുള-
　　വാകൊരു ഭാവവുമെൻററതിരന്നാർ. ൫൩

അന്നൃപരെല്ലാം മാധവന്മാരാ-
　　ലലിവൊടു പൂജിതരായിതുരത്താർ
മൻറിടെ വൃഷ്ണികളേപ്പോലേയൊരു
　　മാഹാത്മ്യം ചേൎന്നോരു നരരുണ്ടോ
എൻറും യോഗികളാലുമിവണ്ണ മി-
　　തെൻററിയാതഖിലേശനെ [1]നിയതം
നൻറിവരുംപടി കാൺകയിനാലേ
　　നല്ലതുമിതിന്മീതെന്തോൻററിയോം. ൫൪

അലിവിനൊടിവരെക്കണ്ടും തൊട്ടുമ-
　　നന്തരമനുഗമനാദികൾ ചെയ്തും
നലമോടു വാൎത്തപറഞ്ഞുമിതൊക്കെ ന-
　　ലത്തൊടിരുന്നു ഭുജിച്ചു കിടന്നും

1. 'യെല്ലാ' ഗ. പാഠം.

ഉലകിടെയിവരൊട്ടു ചാച്ചർയ്യമിനി വ-
    ന്നണ്മായിട്ടുക തത്ര ഭവംപ്രതി
നിലവരുമെങ്കിലിതെൻറിതിരന്ന-
    നിമ്മ്മലമാകിയ ഭാവത്തോടേ. ൮൭

ആയവിടേ കൃഷ്ണൻമുതലായുള-
    രാകിയ വൃഷ്ണികൾ വന്നിതു നൻറായ്
തൂയമനാദികളൊട്ടു നന്ദാദികൾ
    [1]സുഖമൊടറിഞ്ഞണഞ്ഞിട്ടാശ്ലേഷം
ആയതുകാലം ചെയ്തിതു വസുദേ-
    വാദികൾ തമ്മെയുമഥ ബലദേവരു-
മായതലോചനനാകിയ കൃഷ്ണനു-
    മടിയിണ തൊഴുതാർ നന്ദനെ നേരേ. ൮൮

തൊഴുതവർകളെയാശ്ലേഷം ചെയ്തു സു-
    ഖേന തഥാ മൂർദ്ധ്നിയിലും മുകന്ന-
ന്നഴുതിതു പ്രേമാശ്രുക്കളതിന്നൊട്ടു-
    മഴികോഴപ്പെട്ടോൻറുമിതേതും
തൊഴുതവരോട്ടരിയാടീല്ലരചാ!
    സുമുഖിയശോദയെ ദേവകി താനും
പഴുതുപെടാതാശ്ലേഷംചെയ്തിതു
    പരമാനന്ദത്തൊട്ടു രോഹിണിയും. ൮൯

ആദരവോട്ടരചെയ്തു യശോദയൊ-
    ടാത്മജരിൽ പ്രിയരാമംഗനമാർ
ഏതൊരു മിത്രത നിങ്ങൾ ചെയ്തീടിയ-
    തിൻറു മറപ്പതു കംസഭയത്താൽ
ഏതുമൊരാശ്രയമീൻറിയ പുത്രരെ-
    യെങ്ങനെ മാതൃജനാദികളെപ്പോ-
ലേതുമുപദ്രവമീൻറിപ്പാലി-
    ച്ചിതമൊട്ടു പോഷണചെയ്തവയോർത്താൽ. ൯൦

1. 'സുഖമാമ്മാരു' ഗ. പാഠം.

താനതുനേരം ഗോപാംഗനമാർ
സരസിജലോചനനാകിയ കൃഷ്ണനെ
ദീനത ചിരകാലം കാണാഞ്ഞു തി-
രഞ്ഞുളവാകിയ താപമശേഷം
താനതിവേഗാൽ തീർത്തിതു കണ്ണകൾ
തന്നുടെ കൊണ്ടിട്ടങ്ങു പുണർന്നവർ
മാനവവരാ! കൃഷ്ണനൊ[1]ടൈക്യത
വന്നിതു പരമാനന്ദത്തോടേ. ൧൯

പരമാനന്ദൻ പുനരൻറവരേ
പരിചിനൊടേകാന്തത്തെ പ്രാപി-
ച്ചുരചെയ്താൻ കുശലങ്ങളെയിതമായ്
ക്രൂടെയണഞ്ഞാശ്ലേഷം ചെയ്തേ
കരുതിടുവിൻ ഞാൻ വൈകിയമൂലം
കണ്ടകരാകിയ ശത്രുക്കളെ വധ
ഒരുപാടേ ചെയ്തീടിയതതിനാ-
ലോർപ്പിതുമുണ്ടോയെന്നെയിതെൻേറ. ൨൦

ഇൻറുപകാരം ചെയ്തതു ചിന്തി-
ച്ചിടാതവനെന്നെൻേറന്നെക്കൈക്കൊ-
ണ്ടിൻറു നിനപ്പില്ലല്ലീ നിങ്ങളി-
തെല്ലാമീശ്വരവിധിയോരോ നാൾ
നൻറിയൊടൊരിടത്തേ യോജിപ്പതു
നൻറാ വേറാകിൻറതുമെൻറാ-
ലിൻറിതു മൽഭക്തിയിനാലേ പോ-
യെല്ലാ ദുരിതവും നിങ്ങൾക്കൻേറ. ൨൧

എല്ലാ ഭൂതങ്ങൾക്കുമിതാദിയു-
മിടയുമൊടുക്കവുമാകിൻറതു ഞാ-
നെല്ലാ സാക്ഷിയുമായ് നില്ക്കിൻറതു-
മീശ്വരനായറിവായൊളിവായേ

1. 'ടമുന്നാൾ' ഗ. പാഠം.

മെല്ലേയെൻറതറിഞ്ഞിട്ടേന്മേൽ
　　വേറാകാതു നിനയ്ക്കു ചരാചര-
മെല്ലാമായതുമെൻററിയിച്ചാ-
　　നിതമൊട്ടു ഗോപാംഗനമാരോടേ. ൨൨

ഗോപാംഗനമാരംബുജനയനൻ
　　കൂറിയ തത്വജ്ഞാനംകൊണ്ടേ
താപാദികൾ വേറിട്ടവനോടേ
　　സഹിതരുമായാർ ഭാവംകൊണ്ടേ
ദീപാദികൾ വരുന്നേരമിരുട്ടതു
　　നേരേയെപ്പടി പോവതവണ്ണം
ഗോപാംഗനമാരജ്ഞാനംപോയ്
　　കൂടെ മുഴുത്തിതു ഭക്തി വിശേഷാൽ. ൨൩

ഭക്തിവശേനയിരുന്നിതു കൃഷ്ണൻ
　　പങ്കജസംഭവനാദികൾപോലും
നിത്യം നിന്നുടെ ശ്രീപാദാംബുജം
　　നറുകയിൽ വച്ചുപവാസിക്കോൻറാർ
എത്രയുമതു ഗേഹേ മരുവീടി-
　　ൻെറങ്ങളുടേ മനതാരിൽ നിനക്കും
ഭക്തിയനുഗ്രഹസഹിതം മേന്മേൽ
　　പാൽമതിപോയ് വളരിൻറതുപോലെ. ൨൪

ദ്വ്യശീതിതമാദ്ധ്യായം
സമാപ്തം

---

അഥ ത്ര്യശീതിതമോദ്ധ്യായഃ.

അന്നാളിങ്ങനെ ഗോപാംഗനമാ-
　　ൎക്കൻപൊടനുഗ്രഹവും ചെയ്തുടനേ
മന്നാ! ധൎമ്മാത്മജനാദികളൊടു
　　മംഗലമാകിയ കുശലവിചാരം
അന്നാൾ ചെയ്തവരെപ്പൂജിച്ചാ-
　　നഖിലേശ്വരനവരും പൂജിതരായ്
ചൊന്നാനവനുടെ ദൎശനമൊൻറാൽ
　　ദൂരത്തായാകിയ പാപത്തോടേ. ൧

അഖിലജനങ്ങളും നിന്നെസ്സേവി-
ച്ചാനായുടലാഗ്രഹണം ചെയ്തിതു,
അകമലിവോടിനിയാകയ് നാൽനി-
ന്നവതാരാദികളും കഥ ചെമ്മേ
സുഖമൊടു കൃഷ്ണപുടേന ശ്രവിപ്പവർ
ദുരിതമശേഷം പോയിടുമെൻറാൽ
[1]സകലഗുണാലയമാം നിന്മേനി ത-
ഥാ ദർശിച്ചാൽ ദുരിതമറാതോ ൨

ആകയിനാലഖിലാത്മാവാകിയ-
ഖണ്ഡവുമായറിവാകയൊളിവായ് നി-
ൻറകവുമാകി യതിപ്രവരന്മാ-
ർക്കീശചരനാകിയ നിൻപദകമലം
മോഹവശേന തൊഴന്നേറാമെൻറിതു
മൊഴിയേ കൃഷ്ണവധൂജനമോടേ
കോകിലവാണിയുമാകിയ ദ്രൌപദി
ക്രൂറിയ വചനവുമിഹ കേൾക്കെൻേറ. ൩

എങ്ങനെ വൈദർഭി! ജാംബവതീ!-
യിനിയൊരു ഭദ്രേ! സത്തിയഭാമേ!
ഇങ്ങൊരു കാളിന്ദീ! ചൊൽ സത്യേ!-
യിത്തമീടും മിത്തിരവിന്ദാവേ!
തങ്ങിന ഗുണഗണമുടെ ലക്ഷണയേ!
തത്ര മുകുന്ദനുടേ പത്നികളേ
ഇങ്ങറിയിക്ക വിവാഹം നിങ്ങളെ-
യെങ്ങനെ ചെയ്തിതു കൃഷ്ണനിതെൻറാൾ. ൪

ഇതമൊടു ശിശുപാലന്നു കൊടുപ്പാ-
നെന്നുടെ ഭ്രാതാക്കന്മാർ കല്പി-
ച്ചതുനാളവർന്നടുവേ നിൻറമലൻ
ഹരണം ചെയ്താനെന്നെയിതെൻേറ

1 മന്ദതകനിറമാം' ഗ. പാഠം.

ഇത്ഥം വൈദൎഭി മൊഴിഞ്ഞളവവിടേ-
        യിതമൊടു സത്യാഭാമയുരത്താൾ
അത്ഥ നിജദേശം പോവാനെന്നെയു-
        മച്ഛൻ മുകുന്ദനു ദാനംചെയ്തു. ൬

മുനിവോടിരുപത്തേഴ്ദിനം പോർ
        മുറിവുപെടാതേ ചെയ്തലവോടേ
മനസിയിവൻ സീതാപതിയെൻറും
        വടിവൊടറിഞ്ഞെന്നെയും മണിയോടേ
കനിവൊടു ദാനംചെയ്തിതു താതൻ
        കമലാക്ഷിയുമാകിയ ഞാനിവനുടെ-
യിനിയൊരു ദാസിയുമെൻററിയിച്ചാ-
        ളിതമൊടു ജാംബവതീ പുനരെന്റേ. ൭

അമ്പൊടു പാദസ്പൎശം കാമി-
        ച്ചരിയ തപസ്സുകൾ ചെയ്തിടുമെന്നേ
തമ്പുകഴൊടു പാൎത്ഥനമായ് വന്നു ത-
        രത്തൊടു പാണിഗ്രഹണം ചെയ്താൻ
എൻപവനുടെ ദാസിയുമറി ഞാനെ-
        ൻറിതു കാളിന്ദിയുരത്തതിനരികേ
അമ്പൊടു സത്യാ ദ്രൌപദിയോടുട-
        നറിയിച്ചീടിനളാദരവാലേ. ൮

വമ്പിയലും വൃഷഭങ്ങളെയേഴം
        വധചെയ്തെൻമകളെക്കൈക്കൊൾകെ-
ൻറമ്പതു നൃപവീൎയ്യത്തിന്നെയറിവാ-
        നെളുതായ് കല്പിച്ചിതു മമ താതൻ
വമ്പൊടതിന്നെ ലഭിച്ചഖിലേശൻ
        മാനസസുഖമാംമാറു വിവാഹം
തമ്പുകഴോടേ ചെയ്തിതുമെൻറതു
        തത്ര്വരത്താൾ മിത്തിരവിന്ദാ. ൯

ഉരത്തിതു സതതം ചിത്തം കൃഷ്ണനി-
ലൂൻറീടിന്നോനെന്നുടെ താതൻ
വരുത്തി മുകുന്ദനെ മാതുലനുടെയൊരു
മരുമകനെൻറൊരു ചാർച്ചയിനോടേ
കരുത്തിലിയൻറക്ഷൌഹിണിപ്പടയൊടു
കാമിനിമാർ സഖിമാരവരോടു-
മൊരിക്കമെതായേ ദാനംചെയ്താ-
നൊരുമനമാമതിനോടേയെൻറാൾ. ൯

എൻറതുകാലം ദ്രൌപതിയോടേ-
യിതമൊടു ലക്ഷണ താനുരചെയ്താൾ
നൻറിമികും നാരദനുടെ വചനം
നലമൊടു കേട്ടെന്നുടെ ചിത്തംപോയ്
നിൻറിതു ശ്രീകൃഷ്ണന്മേൽ തന്നെ
നിതരാം മാനസമതുകണ്ടെന്നുടെ
നൻറിമികും താതനുമിതമായേ
വേറു സ്വയംവരമായ ഘോഷിച്ചാൻ. ൧൦

ഇച്ഛയെനിക്കു മുകുന്ദന്മേലെ-
ൻറിതമൊടറിഞ്ഞതു സാധിപ്പാനായ്
മെച്ചമതായ് മത്സ്യേന്ത്രം നിനക്കും
വീരൻ പാർത്ഥനെയെയ്തുവതിന്നായ്
ഇച്ഛിതമോടുളവാകിയവണ്ണ-
മിതിന്നവിടെ പുനരുണ്ടു വിശേഷം
നിശ്ചിതമല്ല ബഹിർഭാഗത്തിതു
നീയറി ജലമതിൽ ദൃശ്യമിതെല്ലാം. ൧൧

ഇതിനേക്കേട്ടു നൃപന്മാരെല്ലാ-
മിതമൊടു സോപാദ്ധ്യന്മാരോടേ
അതിവേഗം വന്നാർ ശസ്ത്രാദിയി-
ലതികുശലന്മാരായവരെല്ലാം

അതുനാളെന്നുടെ താതൻ നിജപുര-
മതിലേ വന്നവരേപ്പൂജിച്ചാൻ
ഇതമായീടിന സന്തോഷത്തോ-
ടിതിനെയുരത്താനൻറവരോടേ. ൫൨

അവരിൽച്ചിലർ ചാപത്തെയെടുക്കരു-
താഞ്ഞുമെടുത്തതു പൂട്ടരുതാഞ്ഞും
ഭുവ[1]നെ നിൻറു വലിക്കരുതാഞ്ഞും
ഭുവനിയിൽ വീണ്ണിതുമതിനടിയാലേ
അവനെവ മാഗധനും ഷേദിപൻ മ-
റററിലസുതൻ ദുര്യോധനകർണ്ണരും
ഇവർതാൻ വില്ലുവളച്ചു തളച്ചി-
ട്ടെങ്ങുമവസ്ഥിതി[2]യെൻററിയാഞ്ഞാർ. ൫൩

ആനതുകാലത്തർജ്ജുനനംഭ-
സ്സതിലേ മത്സ്യാഭാസമറിഞ്ഞി-
ട്ടൂനമില്ലാതവണ്ണം വാണങ്ങളെ-
യുണവ്വിനൊടെയ്താൻ ഷേദിപ്പാനായ
താനവ ചെൻറതിന്മേൽ സ്പരിശിച്ചിതു
തത്ര മറിഞ്ഞില്ലിങ്ങനെ നൃപവരർ
മാനികളായവരൊക്കെയകൻറിതു
മാനമതീൻറിയ നാണത്തോടേ. ൫൪

ഉടനേ വില്ലു വളച്ചു തളച്ചി-
ട്ടമ്പർപുരാൻ ശ്രീകൃഷ്ണൻ തിരുവടി
വടിവിനൊടൊരു കളിയെൻറതുപോലെ
മത്സ്യാഭാസം ജലമതിൽ നേരേ
അടവായ്ക്കണ്ടിട്ടെയ്തു മറിച്ചാ-
നാദിത്യനമഭജിത്താകിൻറതിൽ
വടിവോടേ നിൻറീടിനകാലം
വാനവർ ജയശബ്ദാദികൾ ചെയ്താർ. ൫൫

1. 'ഭൂമിയിൽ', 2. 'യിൻ', ഗ. പാഠം

ആനതുകാലമഹം വസ്ത്രാഭര-
ണാദികളാലുമലംകൃതയായേ
മാന്നിമാരൊടു ശ്രീളാസഹിതമ-
താകിയ ഹാസനിരീക്ഷണമോടേ
മാനവവീരന്മാരവരവരുടെ
മാനസമൊക്കെയിളക്കും വണ്ണം
താനിളകീടും നൂപുരമോടു ത-
ഥാ കനിവോടു പുകുന്തിതു രംഗം. ൯൩

പുനരതുകാലം ചുററും നിന്റൊരു
ഭൂപതിമാർകളെയേവരെയും ഞാൻ
ഇന്നതാകിയ മുഖപത്മം കൊണ്ടൊ-
ൻറീടിയ ഹാസനിരീക്ഷണമിതമായ്
കനിവോടേ ചെയ്തിട്ടൊരു മാലാം
കൈകൊടെടുത്തഖിലേശപരന്മേല-
ന്നതാപം പോംവഴിയിട്ടതു പോ-
യംബുജനയനൻ മാവിൽ വിളങ്ങീ. ൯൪

വിളങ്ങിന ശംഖാനകപടഹാദികൾ
വേറു നടന്മാർ നടനം ചെയ്തു
വിളങ്ങി ഗായകന്മാരും[1] ഗാനം
വെൻറി തഴത്തീടിൻറ ദശായാം
വളന്ന മഹാ[2]പോരാമപ്പാടൊടു
മന്നവർ പോക്കു തുനിഞ്ഞാരൻറു
വിളങ്ങിന തേരൊടുമവരുടെ മദ്ധ്യേ
വിശേഷശൻ വടിവോടു നടന്നാൻ. ൯൫

വടിവൊടു സിംഹം കുറുനരി നടുവേ
വമ്പിൽ നടന്നീടിൻറ കണക്കേ
കുടതഴചമരികളോടമർ ചെയ്‌വാൻ
കൂടെ മുതിന്ന നൃപേന്ദ്രരെയെല്ലാം

1. 'മിവണ്ണം' 2. 'മഹാജ്ഞപ്പാടൊടു' ഗ. പാഠം.

വടിവിനോടോടിച്ചെന്നു രഥോപരി
വച്ചതു നേരത്തെന്നുടെ താതൻ
വടിവൊടു നൽകിയ സ്ത്രീധനമോടും
മന്നവർ നടുവേ തത്ര നടന്നാൻ. ൧൯

ആനകളൊടു തേർ കുതിരകൾ കാലാ-
ളാഭരണാദികൾ ചേടികളെൻറിവ
താനൊരു സ്ത്രീധനമാകിയനേകം
തത്ര മുദാ കൊണ്ടന്നു വിവാഹം
മാനിതമായ് ചെയ്തവനുടെ ചേവടി
മാഹാത്മ്യത്തൊടു ശുശ്രൂഷിപ്പാൻ
താനുള്ളായവൾ ഞാനുമിതെൻററി
തരമൊടു ലക്ഷ്മണതാനുരചെയ്താൾ. ൨൦

ഉരചെയ്താളഥ മഹിഷികൾ ഭൌമനെ-
യുണവൊടു കൊന്നവനുടെ പടയോടെ
വിരവിനൊടാഹൃതമായുപയമനം
വെൻറിയൊടേ ചെയ്തവനുടെ പദതാർ
[1]വടിവോടേ ശുശ്രൂഷിപ്പതിനായ്
പങ്കജനയനനു ഞങ്ങളുളായെ-
ൻറുരചെയ്താരെല്ലാരുമവന്മേ-
ലുണ്ടായീടിന ഭാവത്തോടെ. ൨൧

എൻറും ബ്രഹ്മാ തന്നുടെ പദവിയു-
മിതമോടെ പാതാളാധിപതിത്വവും
നൻറിമികിൻറിന്ദ്രത്വവുമിൻറു ന-
മുക്കില്ലാഗ്രഹമേതുമിവൻെറ
വെൻറമികും പാദാംബുജമതിലേ
മേവിയ ഭക്തിയൊഴിഞ്ഞിനി[2]യെൻെറ
അൻറുരചെയ്താർ കൃഷ്ണവധൂജന-
മരചാ ദ്രൌപദിയോടതുകാലം. ൨൨

ഇതി ത്ര്യശീതിതമാദ്ധ്യായഃ
സമാപ്തഃ.

1. 'പരിചോടു', 2. 'യാരുതാരം', ഗ. പാഠം.

## അഥ ചതുരശീതിതമോഽദ്ധ്യായഃ.

അതുകാലത്തീവണ്ണം കുന്തിയു-
[1]മരചൻ സുബലനുടേയ തനൂജയു-
മതുപോലേ പാഞ്ചാലി സുഭദ്രയു-
മായിവർ കൃഷ്ണവധൂക്കളിവണ്ണം
മധുസൂദനനിലിയൻറൊരു ഭാവ-
വശേന മൊഴിന്തതു കേട്ടു പ്രീതിയൊ-
ടിതമായ് നിൻറതുകാലം മുനിവര-
രോവരുമവിടേ വന്നുളരായർ.

വന്നിതു കൃഷ്ണരാമദിദൃക്ഷയൊടിഹ വ്യാസപുത്രൻ
വ്യാസനുമശ്വലനും നല്ല ഭാർഗ്ഗവോസിതനും വസിഷ്ഠൻ
വന്നിതു[2]വാമനൻ ച്യവനൻ[3]സദാനന്ദൻ വാമദേവൻ
വാനവരാലും വന്ദിതനായ രാമനു ശിഷ്യരോടേ
വന്നിതു ഗൌതമൻ പുലഹൻ പുലസ്ത്യനൊടഗസ്ത്യൻ
[4]മാമുനിവൻ ബൃഹസ്പതി ബ്രഹ്മപുത്തിരരംഗിരാവും
വന്നിതു മാർക്കണ്ഡേയനും നല്ല കൌശികഗാധകന്മാർ
മററു മഹാമുനിപ്രവരേന്ദ്രരാമവരൻറു മന്നാ! വ

അന്നു മഹാമുനിപ്രവരേന്ദ്രരാമവർതങ്ങളെക്ക-
ണ്ടലിവൊടു പാണ്ഡവാദിനൃപേന്ദ്രമാധവന്മാരും [5]നൻറായ്
ചെൻറു പണിന്തിരുത്തിയവർക്കൊരർഘ്യങ്ങളും ചെയ്തു നൻറായ്
ത്തിറമിയലുംവിചാരണചെയ്തുടൻ കുശലം വിശേഷാൽ
ഒന്നുമൊഴിന്തിതം മുനിവീരരൊടു മുകുന്ദനെന്തോ-
ന്നുള്ളതുഭാഗ്യമോർത്തീടിൽ നിങ്ങളെച്ചിതമൊടു കാണ്മാൻ
ഇന്നു ലഭിച്ചവാറിതു ദുർല്ലഭം അതുമല്ലയിപ്പോ-
ഴിവിടെ ജനിച്ചതിൻ ഫലവും നമുക്കു ലഭിച്ചിതെല്ലോ. ന

എല്ലയിലാത ഭക്തിവശേന നിങ്ങൾ പദാംബുജം ക-
ണ്ടിതമൊടു വന്ദനംചെയ്തു[6]മർച്ചനാദികൾ ചെയ്തുകൊൾ-
[വാൻ
ചെല്ലുകയില്ലൊരല്പതപസ്വികൾക്കതിനുള്ള കർമ്മം
ചിതമൊടു മുച്ചൂലിലാമയമായൊരീശ്വരന്മാരെ നൻറായ്

1. 'അരച' 2. 'നാരദൻ', 3. 'ശതാനന്ദനാം മുനീന്ദ്രൻ', 4. 'രാമദേവൻ', 5. 'മെല്ലാം', 6. 'വച്ചാദികളർച്ചൻ, ഗ: പാഠം.

വല്ലഭമോടനേകദിനങ്ങൾ സേവചെയ്താലതിന്നാൽ
വന്നിട്ടവീതുമുണ്ടൊരു നന്മ സാധുജനത്തെയിപ്പോൾ
വല്ലപ്രകാരവും കനിവൊട്ടു കണ്ടരുളിൻറിതൻേറ
വൻറിട്ടും മോക്ഷമില്ലതിനൊൻറു സംശയമെതുചെയ്യും. ൪

ഇതമുടെ സൂൎയ്യനഗ്നിജലംമനംമതിവാനംവായ്യെൻറിവരെ
നിനപ്പവക്ഷലം മെല്ലെ നിൻറ നശിച്ചിട്ടും പോയ്
അതുപടിയല്ല ഞാനികൾ നോക്കിനാലറവെയഘംപോ-
യകലുമതേയുമല്ലയിവജഞ്ഞ്[1]മോഹിതരായുടമ്പിൽ
സതതമൊരോ കളത്രസുതാദിയൎത്ഥങ്ങളന്നവററിൽ
സാദരവൊട്ടു തീൎത്ഥങ്ങൾ മൃച്ഛിലാമയമീശ്വരനെ-
ൻറിതു നിനവോടിരിപ്പവരേവരും കഴ്തക്കനേരാ-
മിനിയതുമെൻെറന്മാനസമെൻറു മാധവനും
[മൊഴിന്താൻ. ൫

താനിതു മാധവൻ വചനങ്ങൾകേട്ടു മുനീന്ദ്രരെല്ലാം
താമൊരു വിസ്മയത്തൊടു കൂടിയിട്ടിവണ്ണം മൊഴിന്താർ
ഞാനമതാകിയേകനമായ നീയയെന്നായരന്നായ്
നാരണനാകിനിൻറു ജഗത്തിയററിയഴിപ്പതെൻറും
മാനിതനായ നിന്നുടെ മായയാൽ അഖിലേശ്വരനായ്
മാമറ നാലിനും പൊരുളായ നിന്നെയിവണ്ണമെൻെറ
താനിതറിഞ്ഞുകൊള്ളുവതിന്നരിപ്പമൊരുത്തനെൻറും
താമിതുമാകയാൽ ശരണം നമോ നമ ദേവദേവാ! ൬

ദേവ! ദയാപരാ! സകലേശ്വരാ! പുനരിന്നെങ്ങൾക്കും
ദേവനമായ നിന്നുടെ സംഗമത്തെയിയൻറമൂലം
കേവലം നമ്മുടെ തപസ്സിനും ജനനത്തിനും മററും
കേളിപെടിൻെറ വിദ്യകളുക്കും നൽകതിയെൻറിതെല്ലോ
പൂവിൽമടന്തതന്മണവാളനേ പരമാത്മകന്നായ്
പൂൎണ്ണനമായ നിന്നെയീ യാദവാദിനൃപേന്ദ്രരെല്ലാം
ഏവരുമിങ്ങറിഞ്ഞരുളിൻറിതില്ലിവണ്ണം മേവി-
ൻറീശ്വരനേ! ശരൺശരണൻറു മാമുനിവീരരെല്ലാം. ൭

1. 'മാനിത' ഗ. പാഠം.

മുനിവരമാധവാദികളൊടും ധൎമ്മതത്വജ്ഞനൊടും
മൂടിമന്നനായിടും ധൃതരാഷ്ട്രരൊടുമിവണ്ണം നൻറായ് –
പ്പൂനരിതമൊടു കൊണ്ടനുവാദമൊടു നടന്നുടൻ പോയ്
പൊലിവൊടു തങ്ങളാശ്രമമെയ്തുവാൻ നിനവുററനേരം
മുനിവരർതമ്മെ വന്ദനചെയ്തുടൻ വസുദേവർ ചൊന്നാൻ
മുഴുവനർക്കകൎമ്മങ്ങളൊടു ബദ്ധനമാമതിന്നി –
ൻറിനിയൊരു കൎമ്മമെന്തിഹ ചെയ്വതെൻറിവ കേട്ടനേര –
ത്തിതമൊടു നാരദന്നരുൾചെയ്തു മാമുനിമാർകളൊടേ. ൮

ഇതു വസുദേവർ ചൊന്നതിനൊട്ടു വിസ്മയമേതും വേണ്ടാ –
യിനിയൊരു കൃഷ്ണനെസ്സുതനെൻറ കല്പനചെയ്തു നമ്മോ –
ടിതമൊടു മോക്ഷസാധനമായ കൎമ്മമപേക്ഷചെയ്താൻ
ഇവിടെയതേയുമല്ല ദിനം മനുഷ്യനൊരുത്തനെത്താൻ
സതതമെടുത്തു കാൺകിലതൊൻറനാദരണത്തിൻമൂലം
സാദരവില്ലാ ഗംഗയണഞ്ഞവൎക്കിതു ഗംഗതന്നിൽ
ചിതമൊടു മററുതീൎത്ഥങ്ങൾനല്ലതെൻറതുമൊൻറുകണ്ടേ
ചെൻറുടനാട്ടമെൻറതുപൊലിവാനകടുന്ദുഭിക്കും. ൯

ആദരവോടു ദേശികവാക്കിനാലനുഭൂതിയെക്കൊ –
ണ്ടാഗമമാദിയാമതുകൊണ്ടു മാനസതാരിൽ നിത്യം
ചേതസുഖേന കണ്ടരുളിൻറ ബോധമനന്തമെങ്ങും
തിങ്ങിനിറഞ്ഞു നിന്നൊരുനാളുമൊൻറുകൊടെങ്ങുമേതാൻ
ഏതുമുപദ്രവമീൻറിനിറഞ്ഞിടും പരമാത്മരൂപമീശ്വരനാ –
മിവന്നെയറിഞ്ഞിടാഞ്ഞിതു ചോദ്യമെൻേറാ –
ത്താദരവൊടു ചൊല്ലിനർ മാമുനിശ്വരസാധുവാവൊ –
ൻറാനകദുന്ദുഭിക്കുളവായ ചോദ്യങ്ങൾ തമ്മോടൻേറ. ൧൦

എങ്കിലിതിൻേറ കൎമ്മങ്ങളൊടു വേവ്വിടുവാനിതംചേ –
ൎന്നീടിന കൎമ്മമാവതു കേശവന്നെ മഖങ്ങൾകൊണ്ടേ
സങ്കടമീൻറി വന്നിടുവാനുമിൻറിതു ചെയ്ക നൻറായി
സത്തുകൾ ശാസ്ത്രമാകിയ കണ്ണിനാലതു കണ്ടു ചൊന്നാർ

മംഗലമായ നൽവഴി മോക്ഷമാമതിനും വിശേഷാൽ മ-
    റ്റില്ലിതന്നീതിന്നേ ഗൃഹമേധികൾ[1]ക്കിനിയെങ്കയാലും
ഇങ്ങിതുചെയ്തു ദേവമുനീന്ദ്രരൊടു പിതൃക്കളെച്ചെന്നിട്ടു-
    മൂന്നങ്ങളോടും വിമുക്തനാം സുഖവും വരും കാൺ. ൫൫

കാണിതു നിന്നുടെ സുതനായതീശ്വരനെന്നിൽ മനം പോയ്
    കാമങ്ങളോടു വേറുപെടും പ്രകാരമിയൻറ ഭാവം
പേണിയിതെൻറമെൻറിർഷിമാരുരത്തളിരിൻറതെല്ലാം
    ഭേദമകൻറിടുംപടി കേട്ടു ഭൂമിയിൽ നളെ നൻറായ്
വീണുവണങ്ങിയമ്മുനിമാരെയിത്ത്വിക്കുകളായ് വരിച്ചാർ
    വേഗമതീവ ധാമ്മികനാംവന്നെ മുനിമാരെല്ലാം
കാണവിടേ വിധിച്ചതുപോൽ മഖങ്ങൾ ചെയ്യിച്ചു തൻറ-
    ക്കാമ[2]മതീവ ശുദ്ധതചേന്ന സാധനമാമതിന്നാൽ. ൫൬

അതുപൊഴുതേയിവൃഷ്ണികളും മടന്തയരും നൃപന്മാ-
    രവരവർ മററുള്ളോരും മുനീന്ദ്രരും ചിതമായ്ക്കുളിച്ചി-
ട്ടിതവിയ മാലയാഭരണാദിയാടകളെൻറിവററാൽ
    ഇതമൊടലംകരിച്ചു സുഖേന കാഴ്ചകളോടു വന്നാർ
പുതുമയിനൊടു നാത്തകിമാരും മാഗധന്മാരുമെല്ലാം
    പൊലിവിനൊടാടിനാരതു പാടിനാർ നല്ലഗീതം മററും
തരുന വിധിച്ചപോലവിടെ മഹാക്രതുചെയ്തു മേന്മേൽ
    ദാനങ്ങളും തഥാ വസുദേവരൻറു നൃപേന്ദ്രവീരാ! ൫൭

അന്നുടനിത്ത്വിക്കുകൾക്കിതമീടും ദക്ഷിണചെയ്തു വേണ്ടി-
    ൻറധികമഹാധനങ്ങൾ അനന്തരം മടവാരുമായേ
ചെന്നുടനേയിരാമഹ്രദന്തം തന്നിൽച്ചിതമായിക്കുളിച്ചു
    ശ്രീ[3]മയമായ പൂജയകരണങ്ങൾകൊണ്ടുമലംകരിച്ചേ-
നൻറിവരും പ്രകാരമെല്ലാജനത്തിനുമന്നദാനം
    നലമൊടുചെയ്തു ദാനങ്ങളും തഥാ നൃപവീരരെല്ലാം
മൻറിടെ മാധവന്നെയനേകം വാഴ്ത്തിയനുജ്ഞയോടെ
    വാണ്ണുനർ പോയി ഗൃഹം ക്രതു പിന്നയും പുകണ്ണിട്ടനേകം.
[൫൮

1. 'ദകളും വത്മാ കാ', 2. 'കാമം', 3. 'കരമായചം' ഗ. പാഠം.

അന്നജരുമായുധിഷ്ഠിരർ കുന്തിയും ധൃതരാഷ്ട്രപുത്രന്മാ-
രൊട്ട ഭീഷ്മദ്രോണരും[1]നാരദൻ ഭഗവാൻ വിയാസൻ
ഇനിയ സുഹൃജ്ജനത്തൊട്ട ബന്ധുവർഗ്ഗം യദുക്കളെച്ചെ-
ന്നിതമൊട്ട ചെയ്തു നല്ലനുവാദമൊട്ട ഗൃഹം പുകന്താർ
മൻകുലവീരർ മററുമൊരോ ജനങ്ങളൌവ്വണ്ണമേ പോയ്
വാണ്ണിതു തങ്ങൾതങ്ങളുടെ ഗൃഹം പുനരൻറു നൻറായ്
കുനിവൊട്ട നന്ദനാദികൾ മാധവാദികൾ ചെയ്തു പൂജാം
കനിവൊണ്ട കൊണ്ടുമേവിനർ ബന്ധുവത്സലനാകിയന്നാൾ
[൭൫

നലമൊട്ടരത്ത[2]നെൻ വസുദേവർ നന്ദകരം പിടിച്ചെ
നയമൊട്ട നീ നമുക്കുപരോധമേ ചെയ്തിരുൻറ കാലം
കുലമതിലെൻറുമേ മറവാതു ചെയ്തുപകാരമിപ്പോൾ
ക്രൂവതിന്നരിപ്പമിതൻറ ശ്രീകൊട്ട മത്തരായേ
അലിവൊട്ട കണ്ടിടിന്നതുമില്ല നിങ്ങളെയെൻറിവണ്ണം
അശ്രുജലാദിയൊട്ടുരചെയ്തു പൂജയിയററിയേവം
വിലസിനർ മൂൻറുമാസമതിൻറനാളേ ഗമിപ്പിതെൻേറ
വേറുരചെയ്തു നന്ദനൻ മുകുന്ദന്മേലിയൻറ മോഹാൽ ൭൬

ഇങ്ങനെ മൂൻറു മാസങ്ങൾ പോയശേഷം മുകുന്ദനും മ-
ററിനിയ വെലൻ പിതാവു നൃപേന്ദ്രനുഗ്രവരെൻറിതെല്ലാം
അങ്ങുകൊട്ടുത്തൊരാഭരണങ്ങൾ പട്ടുകൾ പാത്രവും മ-
ററഴകിയലും പരിഷ്കൃതമെൻറിവാദികൾ മറേറാരോൻെറ
മംഗലമാകെ വേണ്ടിയനന്തരം അനുവാദമൊടേ മാനസ-
താരിലീടിന ഖേദമോടൊരു കണ്ണനീർ പോ-
ന്നിങ്ങു നിറഞ്ഞതന്നൊട്ടുക്രൂടെ നന്ദനും മററു ഗോപ-
ന്മാരുമിവണ്ണമേ നിജവീട്ട പൂവതിനായ് നടന്നാർ. ൭൭

നടന്നിതു ഗോപിമാർകളും മാധവന്നെ മനസ്സിൽ നൻറായ്
നലമൊട്ട വച്ചു കണ്ട പ്രതിക്രിയാദികൾ മററു കാണാ-
ഞ്ഞിട്ടാ വിരഹാദികൊണ്ടുമിവണ്ണമേയവർ പോയകാല-
ത്തിതമിയലിൻെറ വൃഷ്ണികളാടിമാസമണഞ്ഞതെല്ലാം

1. 'ദ്രോണിശ്ശ ഭ' ക. ഖ. പാഠം. 2. 'ഭനർ' ഗ. പാഠം.

വടിവൊട്ടു കണ്ടു ദ്വാരവതീം പുകന്തിയ്യു മററുമൊരോ
മഹിമതഴൂത്തീടിൻെറ മഹാജനാ യദുദേവന്മാർ ത-
മ്മുടയ മാഹാത്മ്യമേവയുമേയുരത്തു നിനച്ചമേ പോ-
യുറവൊട്ടു തങ്ങൾ വീട്ടുപുകന്തിതെൻററിമന്നാമന്നർ
[ന്നോ. ൮൮

ചതുരശീതിതമോദ്ധ്യായഃ
സമാപ്തഃ.

---

## അഥ പഞ്ചാശീതിതമോദ്ധ്യായഃ.

മന്നവർമന്നനേ! ബലനൊട്ടുകൂടെ മുകുന്ദൻനേരേ
മൺമീചെ വീണു വന്ദനചെയ്യീടിൻററയു കണ്ടൊരുന്നാൾ
നൻനെറിചേൻനീട്ടും വസുദേവർ മാമുനിമാർവചസ്സും
നലമൊട്ടുകേട്ടും മററിവ പ്രവൃത്തികണ്ടുമൊരോൻറതിന്നാൽ
വന്നിട്ടും വിസ്മയാദികളൊട്ടു ചൊല്ലിനൻ നിശ്ചയംചേർ
മാനസതാരിനോടവരീശ്വരൻപുനരെൻറു കൈക്കൊ-
ണ്ടെൻററിയിൻറതൊൻറഖിലത്തെയു വൈകയിലിൻറ മായ-
യ്ക്കീടിയ കാരണം നിങ്ങളെന്നിതില്ല വികല്പമേതും. ൧

എങ്ങൊരിടത്തു നിൻറുളവായീടിൻററിതു ലോകമെങ്ങെ-
ങ്ങിതമൊട്ടു നിൻറീടിൻറതിനെന്തൊരാശ്രയമൊൻറി
[തിന്നാ-
യിങ്ങുളവായിടിൻറ പ്രയോജനങ്ങളുമെന്തിതേതൊ-
ന്നിതിൻ സ്വരൂപമേതൊരു നാളിയൻറിതുമെൻറിതെല്ലാം
ഇങ്ങു നിരൂപണം ചെയ്കിൽ നീ സമസ്തമധോക്ഷജ-
നിന്നിതവിയ മായകൊണ്ടഖിലത്തെയും വടിവൊട്ടു സൃഷ്ടി-
ച്ചങ്ങതിൽ ജീവനായ് സുരമാനുഷാദികളാകി നൻറാ-
യവിടെയിയൻറിട്ടും കരണങ്ങളാവതു നീ മുകുന്ദാ. ൨

നീരതും ചന്ദ്രനും പുനരഗ്നിയർക്കനുമക്ഷങ്ങൾക്കു നിറമിയ
[ലിൻറ
കാന്തികൾ തേജസ്സൊട്ടു പ്രഭാവസത്തായി
നീയതു മാമലകളുളവായീടിൻെറാരു ധൈര്യം മററും
നീയവ നാക്കിയൻെറാരു ഗന്ധവും നല്ല വൃത്തിയും നീ

നീയതുമപ്പുവിന്നുടെ തർപ്പണത്തോടു [1]പ്രാണനും നീ
നീയനലന്നുടെയ ബലങ്ങൾ ചേഷ്ടയുമോജസ്സും നീ
നീയതു വാനം ദിക്കുകൾ ശബ്ദമക്ഷരവർണ്ണഭേദം നീ
പ്രണവത്തോടാകൃതിയും പൃഥക്കൃതി താനും നീയേ. ൩

ഇന്ദ്രിയങ്ങൾ ഇന്ദ്രിയത്തിൽ ദേവതയങ്ങിവിററി-
ന്നീടിനിററന്നീടും വിഷയങ്ങളുവതു നീയതെൻറും
ഛന്ദമതായ ഭൂതങ്ങൾ മൂലമാകിയ താമസാഹംകാരവു-
മിന്ദ്രിയത്തിന്നു മൂലമാകിയ തേജസ്സും നീ
എന്നു പ്രതീതമാത്രമതായ ദേവകൾ മൂലമായ് നി-
ൻറീടിയ സാത്വികം തവ കേളിവററിന്നു ജീവനും നീ
അന്തമിയൻറിവററിന്നു സാക്ഷിയായററിവായ് വിനാശാദിക
ളിൻറിനിൻറരുളിൻറ[2] വീശ്വരനെൻറും നീയേ. ൪

നിൻഗുണത്രപമാകിയ മുഗ്ഗുണങ്ങളുമെൻറതും നീ
നിർഗ്ഗുണനായും ബ്രഹ്മവുമാകി നിൻകൽ നിൻമായയാലേ
സൽഗ്ഗുണമായീടിൻറതിലങ്ങബദ്ധനുമാകിയൊൻറായ്
സാക്ഷിയുമായ് നിൻറരുളിൻറ നിന്നെയറിഞ്ഞിടാഞ്ഞേ
ഫൽഗ്ഗുവതായ സംസൃതിയിങ്കൽ വിണ്ണരുളിൻറതെൻറും
പാപമദഹായിമ്മാനുഷജാതിയെൻറതു നില്ലയെൻറും
സൽഗ്ഗുരുവായ നീയവനിയ്ക്കു [3]വ്യസനങ്ങൾ തീർപ്പാൻ
താനിതുകാലം വന്നു ജനിച്ചിതെൻറതറിഞ്ഞുകൊണ്ടേൻ. ൫

കൊണ്ടൽവണ്ണായിവണ്ണമുരത്തീടിൻറിതു നീയുമെൻറാൽ
ക്രൂറിന വാർത്തയും മുന്നം നീ നമ്മോടതുമൂലമറയും ,
കണ്ടിതു നിന്നേ ഞാനഖിലേശ്വരൻ പുനരെൻറിതേവം
കണ്ടിട്ടുവാനുമെന്നുടലെൻറ ഭാവങ്ങൾ നീങ്ങുവാനും
തൊണ്ടർമനസ്സിലും വിലസിൻറ നീ മമ പുത്രനെൻറ-
തൊൻറരുളാതവണ്ണമിതിന്നുമിൻറാരനുഗ്രഹം നീ-
യിണ്ടൽകെട്ടും പ്രകാരമനുഗ്രഹിക്കയിനിക്കു [4]മേന്മേൽ
[5]ഈശ്വരനേ! ശരൺകരണാദികാരണനേ! [6]നരേന്ദ്രാ!, ൬

1. 'പ്രാണൻ വിൺ', 2. 'ഈശ്വരനായതും നീ', 3. 'ദുഃഖമതേ കെടുപ്പാൻ', 4. 'ദേവ', 5. 'ദേവദയാപര', 6. 'മുകുന്ദാ, ഗ. പാഠം.

താനിതിവണ്ണമേ പുകണ്ണോരുനേരമുരത്തു ദേവൻ
സാദരവൊട്ട പുത്രരുമായിടിൻറയെങ്ങൾക്കിദാനീം
ആദരവൊട്ട സൂക്ഷ്മമതായ ജ്ഞാനമുരത്തതെല്ലാ-
മാതരവേറുകെങ്ങളിലെൻററിഞ്ഞരുളിൻറു ചെമ്മേ
താതനും ജ്ഞാനുമമ്മയും ഗോകുലങ്ങളുമാരിയെന്നും
താനിതു പാക്കിൽ മററു ചരാചരങ്ങളുമെൻറിതെല്ലാം
ആദിയുമന്തമിൻറിയ രൂപമായൊളിവാകിയ ആത്മാ-
വാകിയ ബ്രഹ്മമെയതു മററില്ലേതുമതെൻറ നൂനം. ൧

എൻറരുൾ മാധവൻ വചനങ്ങൾകൊണ്ടു ഭ്രമങ്ങളും പോ-
[1]യിതമിയലിൻറ മാനസനായിനാൽ വസുദേവർ ചെമ്മേ
അൻറരുളച്ചെയ്യാൻ ഗുരുവിന്നു ദക്ഷിണ രാമകൃഷ്ണന്മാർ
മൃതനായ പുത്രനെ നൽകിയെൻറതു ദേവകീതാൻ
ഒൻറതു കേട്ടു വിസ്മയമാനസേന മുകുന്ദരാമായോ-
മനയൊട്ടു നിങ്ങളെയാദിനായകരൻറിവണ്ണം
ഇൻററിയിൻറു ഭൂമിയുടെയ ഭാരമകററുവാനാ-
യിവിടെ ജനിച്ചതും നിങ്ങളാശ്രയം മമ കേൾപ്പിനിന്നും! ൨

ഇനിയ മഹാഗുരുപ്രവരന്നു ദക്ഷിണ നിങ്ങൾ മുമ്പേ,
യമപുരം മേവും നന്ദനനെക്കൊട്ടുത്തതു കേട്ടെനിക്കും
പുനരൊരു കാംക്ഷയൊണ്ടിഹ കംസനാൽ കൊലചെയ്ത മേവും
പുത്രരെയിൻറു കണ്ടിടുവാനിതെൻറതു കേട്ടനേരം
കനിവൊട്ടു കൃഷ്ണരാമനുമായ് മഹാസുതലം പുകുന്താൻ
കഴലിണ കൈപണിന്തിതണന്തിതാദരവോടന്നേരം
മൻകുലനായകാ! സകലേശ്വരാധിപന്മാക്കു നൻറായ്
വടിവൊടിരുത്തിയർഘ്യങ്ങൾ ചെയ്തു മാവെലിതാനും
[നൻറായ. ൩

അർഘ്യങ്ങൾ ചെയ്തു പാദസരോരുഹം കഴകീട്ടും നീർകൊ-
ണ്ടാദരവാൽ കുളിച്ചു കുടുംബമാമതിനൊട്ടും നൻറായ്
ഇക്രിയകൾക്കു സാക്ഷിയുമായിടിൻറ മുകുന്ദനായേ-
യിതമിയലിൻറയാഭരണാദിയാടകളാലും നൻറായ്

1. 'നിറ' ഗ, പാഠം

സൽക്കരണങ്ങൾ ചെയ്തു തഥാപണിന്തിവണ്ണം പുകണ്ണാർ
സാദരവൊടു ഗൽഗദമായീടിന്റ വചസ്സിനാലേ
ഉൾ[1]ക്കനിവൊടു വന്ദനചെയ്തടിന്റവരുള്ളിൽ മേവു-
ന്നൊരാണ്മയുമാകി നിന്റ പരാത്മകായ നമോ നമസ്തേ. ൧൦

ആദിയുമാകിയന്തവുമാകിയെങ്ങും നിറഞ്ഞു താനാ-
യഖിലചരാചരങ്ങളുമാകി നിന്റരുളും മുകുന്ദാ!
നീതിയിനൊടു നിങ്ങൾ പദാംബുജം തൊഴുവാനതെന്റും
നിനവുകൾ ചെയ്തീടിന്റവർ താനും ദുർല്ലഭമാകയാലും
എത്തുമിതില്ല സംശയം നിങ്ങളിന്നഗരീങ്കലിപ്പൊ-
ളിതുപൊഴുതിങ്ങുവന്നതനുഗ്രഹം സകലേ[2]ശാ! കേൾ
ഏതൊരു ജാതി ദാനവസിദ്ധയക്ഷനിശാചരന്മാ-
രേറി ദ്വേഷമൊടും നിനച്ചു നിന്നൊടു ചേർന്നുകൊണ്ടും
[൧൧

കൊണ്ടൽവർണ്ണാ! നിന്നെച്ചിലർ ഭക്തിയൊടു നിനച്ചു മേന്മേൽ
ക്രൂരതതാതളം ഭയമോടു മറ്റൊരുജാതി നന്റായ്-
ക്കണ്ടരുളുന്റു കാമവശേന ഗോപികൾ വൈരമൊന്റാൽ
കൂടിനർ നിന്നോടേ ചിലർ കാണനുസ്മൃതിയെന്നതന്നെ
ഉണ്ടതൽകെട്ടന്റതിനുടെ മൂലമാകയിനാലിന്നിന്മേ-
ലേതൊരുജാതി നിത്യമിയന്റ ചിന്തഭവിച്ചീടിന്റു
മണ്ടുമതൊന്റിനാൽ ദുരിതം, ലഭിച്ചിടും മുക്തിയെന്റും
മാമറ തന്നുടേ പൊരുളായ നിന്നൊടുകൂടിയൊന്റായ്.
[൧൨

നിൻപദപങ്കജം നിനവുററു നിൻതിരുനാമമെല്ലാം
നിയതമുരത്തു നിന്മഹിമാദികേട്ടു നമസ്കരിച്ചി-
ട്ടമ്പൊടു ദുഃഖരൂപമതായീടിന്റ ഗൃഹാന്തകൂപേ-
യഴകൊടു മേവി നിന്റീടിലും വരേണമനിക്കതിന്നായ
എമ്പതി നിന്റനുഗ്രഹിയെന്റു ബാഷ്പജല[3]ത്തിനോടെ-
യേറിയ ഭക്തിയോടിയലിന്റ ഗദ്ഗദവാക്കിനോടെ
അമ്പൊടും വന്ദനം ചെയ്തിടും മഹാബലിയോടു ചൊന്നാ-
നച്യുതനാദികാരണനായ മൂർത്തി മുരാരിദേവൻ. ൧൩

1. 'കൃപ', 2. 'ശൗരി', 3. 'ത്തൊടേ കൂടെ' ഗ. പാഠം.

ആദിയതായീട്ടം മന്വന്തരത്തിൽ മരിചിപുത്രന്മാ-
    രിരുമൂൻറത്തുണ്ണ്യിൽ നിൻറുളായവർ പുത്രർതമ്മെ
ആദരവോട്ടു പുൽകുവതിന്നു ബ്രഹ്മനണഞ്ഞീടിൻേറാ-
    രളവത്തു കണ്ടസ്വച്ഛതിന്മൂലമാസുരയോനിയായാർ
നീതിയിനോടിരണ്യകശിപുവിന്നു തനൂജരായ് വ-
    ന്നീടിയ പുത്രർതമ്മെയെന്മായയാലഥ ദേവകിക്കി-
ങ്ങാദിയിലാറു പുത്രന്മാരുമായ് ജനിച്ചവർ തങ്ങൾ
    കംസനാൽ ഹതരായതിനൊരു ദുഃഖമുണ്ടേറി ദേവകിക്കേ.
[൯൪

ദേവകി ദുഃഖം നീങ്ങുവതിന്നുടൻ സ്മരനൽഗീഥൻ മ-
    ററിനിയ പരിഷ്വംഗൻ നല്ല ക്ഷുദ്രഭൃദ്ഘൃണിയെൻറിവാരും
കേവലം ദേവകിയുടെ മുമ്പു കാട്ടിയശേഷം നൻറായ്
    കേളവരെങ്ങടെ ഗതി മേവുമെൻകൃപകൊണ്ടിതെൻെറ
പൂവിൽമടന്തതന്മണവാളനൻറുരചെയ്തു നൻറായ്-
    പ്പൂജിതനായ് മഹാബലിതാനെട്ടത്തവർതമ്മെയാരും
ദീപിതമായ ദ്വാരവതീം പുകുന്തു കൊട്ടുത്തു ദേവൻ
    ദീനതയൊട്ടു കൂടിയ ദേവകിക്കു തനൂജരെത്താൻ. ൯൫

താനതുകാലം ദേവകിതന്നുടെ മുലയും സുതന്മാർ
    സാദരവൊട്ടു തത്ര കുടിച്ചു ദേവകി തന്നെയും പിൻ
മാനിതനായിട്ടും വസുദേവർതന്നെയുമങ്ങു രാമൻ
    മാധവനായ കൃഷ്ണനെയും നമസ്കൃതിചെയ്തു നൻറായ്
ദീനതയൊട്ടു മുമ്പുളവായ ശാപങ്ങളൊട്ടും വേറായ്
    ദേഹസുഖാദിയൊട്ടുടൻ വാനിലൂടേയതങ്ങുപോയാർ
മാനവവീരനെ! നിജലോകമാമവിടേക്കിതെല്ലാം
    മാന്മിഴി ദേവകിയതു കണ്ടു വിസ്മയമായിതേററം. ൯൬

ദേവകിപുത്രർ തമ്മുടെ ജന്മവും മരണങ്ങളും പിൻ
    ദിവ്യശരീരമൊട്ടുടനാഗമിച്ചു മറഞ്ഞുമെൻറി-
ങ്ങേവയുമൻറു കണ്ടൊരു വിസ്മയം മനതാരിലുണ്ടായേ-
    റമരേശനാകിയ കൃഷ്ണൻ മായയിതെൻററിഞ്ഞാൻ

1 'ദോട്ട' ശ. പുഃ൦൦,

പൂവിൽമടന്ത തന്മണവാളനായ മുകുന്ദവീര്യ്യം മോദമൊ-
ടീവണ്ണം പലവും നിനച്ചുമരത്തുകേട്ടും
മേവുമവൎക്കനന്തസുഖം വരും പുനരില്ലയേതും
മേലിലുമിൻറു ദുഃഖമിതെൻറു മാമുനിവൻ മൊഴിന്താൻ.
[൧൭

ഇതി പഞ്ചാശീതിതമോഽദ്ധ്യായഃ
സമാപ്തഃ.

---

അഥ ഷഡശീതിതമോഽദ്ധ്യായഃ.

മുനിവര, മാധവന്മാൎക്ക സഹസാവായ്
മുഖ്യമതായ സുഭദ്രയെയൎജ്ജുന-
നിനിയ മഹാമോഹേന വിവാഹവു-
മെങ്ങനെചെയ്തുവെൻറതിനുടനേ
കനിവിനൊടരുളിച്ചെയ്താൻ മുനിവൻ
കരുതിക്കേളേകാഗ്രമനസ്സൊട്ട
മനവരനേ! പാൎത്ഥൻ തീൎത്ഥത്തിനു
വടിവൊട്ട ഭൂമിയിലെങ്ങും നടന്നാൻ. ൧

എങ്ങും തീൎത്ഥസ്നാനം ചെയ്തി-
ട്ടിനിയ പ്രഭാസം പുക്കതുനേര-
ത്തങ്ങിതമോടേ മാതുലപുത്രിയു-
മാമവൾ സൌന്ദൎയ്യാദികൾ കേട്ടേ
പൊങ്ങിയ മാരശരാൎത്തിയിനോടേ
പുനരൊരു സന്യാസാകൃതികൈക്കൊ-
ണ്ടങ്ങുപുകുന്താൻ ശ്രീമദ്ദ്വാരക-
യവളെ[1]മുദാ കാണ്മതിന്നായേ. ൨

ആയതലോചനയാമ[2]വൾ സുന്ദരി-
യായ സുഭദ്രയെ ദുൎയ്യോധനനായ്
ദയയൊടെ നൽകുവിതെൻറേ രാമൻ
ദിവസം നിനവെൻറില്ലെല്ലാൎക്കും

---

1. 'കനിവൊട്ട', 2. 'യതി' ഗ. പാഠം.

ആയവനാളിവറിഞ്ഞേവററയു-
മജ്ജുനനവളിൽ കാമത്തോടെ
പോയമനസ്സൊട്ടു പുക്കിതമായേ
പൂജിതനായിതു സങ്കർഷണനാൽ. ൩

പൂജിതനായൊരു വർഷം കാലം
പുനരിതമോട്ടു വസിച്ചാനവളിലൊ-
രാചയിനോടതു സാധിപ്പാനാ-
യതിനെയും നോക്കീടിൻററതിൽ മദ്ധ്യേ
നേചമൊടൊരുനാൾ ഭിക്ഷുക്കായേ
[1]നിരുപമനാകിയ രാമനുടേ ഗൃഹ-
മാചയിനോടെ പുക്കന്താനജ്ജുന-
നപ്പൊഴുതവളിങ്ങവനെക്കണ്ടാൾ. ൪

കണ്ടിവനെക്കാമിച്ചാളവളും
കാലമവൻ കാമിച്ചതിലധികം
കൊണ്ടമനസ്സൊട[2]പാംഗത്തോടേ
ക്രീഡീടിൻറ നിരീക്ഷണമതിനാൽ
വണ്ടണികുഴലാൾ മാനസമതിനാൽ
മാലയുമിട്ടാനജ്ജുനനവളെ-
ക്കൊണ്ടരുളുംവഴി പാത്തുകാലം
ക്രീഡിനനവിടേ നൃപവരവീരാ! ൫

അതുകാലം ദേവോത്സവമുണ്ടാ-
യവിടേയതു കാണ്മാനെല്ലാരും
അതിവേഗാൽ പോയാർ പുനരതിനെ-
യറിഞ്ഞജ്ജുനനവളെക്കൈക്കൊൾവാൻ
ഇതുകാലം നല്ല ശ്രീകൃഷ്ണന-
മിതു മതം മററും മാതൃജനത്തിനും
മിതമായെൻററുമുള്ളിൽക്കണ്ടി-
ട്ടവളെ രഥോപരി വച്ചു നടന്നാൻ. ൬

1. 'നിരുപമ', 2. 'അപാംഗംകൊണ്ടേ' ഗ, പാഠം.

അനന്തകാലം സംഭ്രാന്തന്മാ-
രായ മേടാളികൾ തങ്ങളെയോടി-
ച്ചാനനകാന്തി തഴത്തീടിന്റോ-
രംബുജപത്രാക്ഷിയെ നിജതേർമേൽ
മാനിതനാം കുരുനരിനടുവേ ഹരി-
വടിവൊടു പോയീടിന്റതുപോലെ
താനതുനേരം നടന്നു പാർത്ഥൻ
തരസാ രാമനുമിതിനെക്കേട്ടാൻ. ൧

ഇതിനേകേട്ടതു കാലത്തുളവാ-
യീടിയ രാമനുടേ കോപത്തിനെ-
യതുനേരം ശ്രീകൃഷ്ണൻ വന്ദി-
ച്ചരിശമടക്കീടിന്റതു കാലം
ചതികെട രാമൻ ദാനം ചെയ്താൻ
ചരതമതായീടിന്റ മഹാധന-
മതിനൊടു രഥഗജവാജികൾകാലാ-
1ളായിരമാ[illegible]കളെയും സ്ത്രീധനമായ്. ൨

ഇക്കഥ ചൊല്ലി മഹാമുനി നൃപനോ-
ടിതമൊടു പിന്നെയുമരുളിച്ചെയ്താൻ
ഉൾക്കനിവൊടു കേളിന്നും കൃഷ്ണ-
ന്മേലുന്റീടിയ മാനസനായേ
ഭക്തനുമായേ കാമാദിയിലും
പാഞ്ഞീടാതേ ശാന്തനുമായേ
മിക്ക മഹാശ്രുതദേവനുളായാൻ
മിഥിലായാമതിലേ നൃപവീരാ! ൩

അവ്യാപാരം കൊണ്ടാഗതമാ-
യീടിന്റർത്ഥം കൊണ്ടു പുലരന്നേ!
എവ്യാപാരവും ബ്രഹ്മാർപ്പണം ചെ-
യ്തീടിയിരുന്നു കുടുംബത്തോടെ

1. 'നാൾകിണനിവ പലതും' ഗ്ര. പാഠം.

ദിവ്യാംഗം ചേൎന്നീടിയ വീരാ
നിരഹംകാരനുമായവണ്ണം
സ്വവ്യാപാരം ചെയ്തുളനായാൻ
സുഖമൊടു ബഹുലാശ്വൻ നൃപവീരൻ. ൫൦

മിഥിലാധിപനായ് ഭക്തനുമാകിയ
വീരനൃപേന്ദ്രനിലും പുത്രനിലും
അതികാരുണ്യത്തോടഖിലേശ്വര-
നസിതൻ നാരദവാമദേവന്മും
മതിമാനാകിയ വേദവ്യാസ-
മഹാമുനിയരുണിയൊടത്രി ബൃഹസ്പതി-
യതുനാൾ ഞാനും കണ്വൻ രാമനു-
മായവരെക്കൊണ്ടതിനു നടന്നു. ൫൧

നടന്നിതു മാമുനിമാരൊടു [1]കൂടി
നാരായണനാകിയ ശ്രീകൃഷ്ണ-
നുടൻ കനിവൊടു രഥം കരയേറീ-
ട്ടുമ്പർപുരാൻ നടന്നീടിനപോലെ
കടന്നിതു പോയാനൎത്തം ധന്വം
കാൺ കുരുജാംഗലകം മത്സ്യ-
മുടൻ പാഞ്ചാലൻ കുന്തിമധുക്കളു-
മൊരു കേകയകോസലമണ്ണവുമേ. ൫൨

ഏവം മററുമനേകം ദേശ-
മിതെല്ലാം തത്ര കടന്നീടുമ്പോൾ
ദേവന്റെയദ്ദേശങ്ങളിൽ മേവും
ദിവ്യസ്ത്രീമണിമാർകൾ പുമാന്മാർ
പൂവിൽമടന്ത മണാളൻതന്റെടെ
പുണ്യമതാകിയ ലാവണ്യാമൃത-
മേവരുമമ്പൊടു പാനം ചെയ്തി-
ട്ടെങ്ങും തൃപ്തിലഭിച്ചില്ലേതും. ൫൩

1. 'കൂടേ' ശ. പാഠം.

എങ്ങുമവൎക്കുമഹാദരിതം പോ-
യീടുംവണ്ണമിയൻറവലോകന-
മങ്ങു മുദാ സസ്മിതമൊടു ചെയ്തി-
ട്ടരഥാ ചെന്നു വിദേഹം പുക്കാൻ
തിങ്ങിന ഭക്ത്യാവപ്പുരവാസികൾ
ശ്രീകൃഷ്ണന്നുടെയാഗമനം കേ-
ട്ടെങ്ങും മേവിൻറവർ കാഴ്ചയുമാ-
യിതമൊടു വന്നാർ കണ്ടവരവരെ. ൫൬

അവരവരേ മുനിമാർകളൊടും കൃ-
ടീട്ടച്യുതനുടെ പാദാബ്ജം തൊഴുതവർ
ഭുവനിപതീശൻ മിഥിലാധിപനും
പുണ്യാത്മാ ശ്രുതദേവനുമായേ
ശിവകരരാകിയ മുനികളെയും ശ്രീ-
കൃഷ്ണനെയും വന്ദിച്ചാരൊരുമി-
ച്ചുവനതരായ് നിൻറിട്ടു ക്ഷണിച്ചാ-
രഖിലേശനെ ഋഷിമാർകളൊടവിടെ. ൫൭

അവിടേയവരറിയാതേ രണ്ടുമ-
ഹാരൂപത്തൊടു മുനിവരരോടെ
ശിവകരമാ[1]യവർ ഭവനം പുക്കു
ശ്രീപുരുഷോത്തമനച്യുതനമലൻ
നവമാകിയ ഭക്ത്യാവേശത്തൊടു
നരവരനും വിപ്രേന്ദ്രനെ വന്ദി-
ച്ചുവവിയൊടർഘ്യാദികളെച്ചെയ്തി-
ട്ടുളവാം വെള്ളംകൊണ്ടു കുളിച്ചാർ. ൫൮

കുളിച്ചു കുടുംബത്തോടേ നൻറായ്
കുരുകുലതിലകാ! സകലേശ്വരനെ
നലത്തൊടു മാമുനിമാരവരോടെ
നൻറായ് ജലഗന്ധാദികളാലും

1. 'ഭക്ത' ന. പാഠം.

ഉലച്ചിൽ വരാതുളവാകിയ ഭാവ-
 ത്തോടേയന്നാദികളെക്കൊണ്ടു
നലമൊടു പൂജിച്ചർഘ്യംകൊണ്ടും
 നാരായണനിതമാകെച്ചെയ്താർ. ൮൭

താനത്രു ചെയ്തരചന്തരചെയ്താൻ
 സർവ്വാത്മാവാം നിൻപദകമലം
മാനസതാരിൽ നിനപ്പതിന്മുമ്പേ
 വൻറു പ്രസാദിച്ചതുമഴകല്ലോ
താനിതു തൻവചനത്തിനെ നൻറായ്
 സത്യമതാകുമതിന്നായ് നൂനം
താനൊരനന്തനിലും ശ്രീതന്നിലും
 സന്തോഷം നിജ ഭക്തരെയെ[1]ല്ലാം. ൮൮

മുക്തജനത്തിന്നാത്മാവിനെയും
 പാരാതേ നൽകും നിന്തിരുവടി
ഭക്തിമയം താനാകിയ നിന്നുടെ
 മുഖ്യമതായീടും പദകമലം
ചിത്തമതിങ്കൽ നിനച്ചീടാതോർ
 ചിന്തിച്ചീടുകിലൊരു വിധമാനി-
ല്ലത്തലൊഴിപ്പാനവനിക്കും വ-
 ന്നവതാരം ചെയ്തീടിയ ദേവാ. ൮൯

ദേവ! ദയാപരനേ! ശ്രീകൃഷ്ണാ!
 ദേവകളാദിമഹാമുനിമാക്കും
ദേവനമാകിയ നിന്നടിതൊഴുതോം
 ദേവാ! നമ്മുടെ കുലമിതുകാലം
ഭാവനമാമതിനെക്കൊണ്ടും നിജ-
 പാദമഹാരജസായതുകൊണ്ടും
കേവലമത്രിവിടേ ശുദ്ധമതാക്കി
 കേളിപെടുംപടിയിരിചെയ്തിവിടെ. ൯൦

1. 'യെല്ലാ' ശ. ൨൦൦.

ഇവിടെയിരുന്നരുളെൻെറ നൃപവര-
　　നാതമരചെയ്യതിനെൻെറഖിലേശന-
മവിടെയിരുന്ന സുഖത്തെവളർത്താ-
　　നംഗനമാക്കും പുരുഷന്മാക്കും
എവിടെയിലും മികവായ സുഖങ്ങളെ-
　　യിതമൊടിയററി വസിച്ചതിവണ്ണം
അവിടെ മുദാ വിപ്രൻ ശ്രുതദേവന-
　　മച്യുതനടെയടിമലരിണതൊഴുതാൻ. ൨൧

തൊഴുതു നമസ്കൃതിചെയ്യൊരു നൃത്തം
　　തുകിൽ കുടഞ്ഞിട്ടു മുദാ ചെയ്തവിടെ
അഴുതു തൃണാദികളാലുളവാവോ-
　　രാസനങ്ങളിലുപവശിപ്പിച്ചു
പഴുതുപെടാതേ ചെയ്തഥ കുശലം
　　പാദക്ഷാളനചെയ്ത ജലം കൊ-
ണ്ടഴകൊടു തത്ര കുളിച്ചാൻ ഭാര്യയു-
　　മരചാ! ഗേഹത്തെയുമതുകാലം. ൨൨

അതുകാലത്തർഘ്യാദികളെച്ചെ-
　　യ്തന്നാദികളെക്കൊണ്ടും നൻറാ-
യിതമായേ പൂജിച്ചിർഷിമാരെയു-
　　മീശപരനാകിയ ശ്രീകൃഷ്ണനെയും
മതിമാനായ ദ്വിജേന്ദ്രൻ നൻറായ്
　　വടിവിനൊടേ ചിന്തിച്ചാനെന്തോ-
ൻറിതമായ്ച്ചെയ്യൊരു സൽക്രിയ ഞാൻ പ-
　　ണ്ടിവരൊടു ചേൻറുള്ള സംഗമതി[2]യൽവാൻ.
[൨൩

ഇങ്ങനെ പൂജിച്ചിട്ടു സപത്നീ-
　　കനമായ് നിൻറീവണ്ണം ചൊന്നാ-
നെങ്ങും നിറഞ്ഞ പരൻപുരുഷാ! നി-
　　ന്നിതമീടിൻെറാരു ശക്തിയിനാലേ

1. 'യമന്ത', 2. 'മിയലാൻ' ഗ. പാഠം.

ഇങ്ങിഹ ലോകം മഹദാദികളാ-
ലിതമൊടു സൃഷ്ടിച്ചതിൽ ജീവനുമായ്
തങ്ങിന നിന്തിരുവടിയെക്കണ്ടതു
സകലേശാ! സുഖമായീതെല്ലോ. ൨൪

സുഖമൊടു മനസാ ചൊൽവനമായാ-
തൊൻറിന ലോകം നിർമ്മിച്ചിവിടെ
സകലമഥാകർമ്മം ജീവനുമായ്
സഹസാ ചെയ്തീടിൻറതുപോലെ
സുഖമൊടു മായയിനാലീ ലോകം
തോററിയതിൽപ്പുക്കിട്ടു കളിക്കി-
ൻറഖിലഗുണാധിപനേ! നിന്നടിമല-
രാശ്രയമായ് വന്നീടുകയെൻറും. ൨൫

എൻറും നിൻകഥ കേട്ടും കീർത്തി-
ച്ചിതമൊടുപാസിച്ചർച്ചിപ്പവരുടെ
നൻറിമികത്തനുഭവമായ് മേവും
നാരായണ! ശരണം സകലേശാ!
എൻറും നിന്നുടെ ഭക്തരിലൊൻറാ-
യെന്നെക്കല്പിച്ചീടിനിയെന്തോ-
ന്നിങ്ങു മുദാ ഞാൻ ചെയ്‌വതുമെൻറി-
ങ്ങേവമനന്തരമങ്ങു പുകണ്ണാൻ. ൨൬

ആനതുകാലമവന്നുടെ പാണിയെ-
യമ്പൊടു ഗ്രഹണം ചെയ്തരുൾചെയ്താൻ
ഞാനിതുകാലം മുനിമാർകളുമായ്
നലമൊടു നിന്നുടെ കാംക്ഷകളെല്ലാം
താനിതമോടേ തരുവാൻ വൻറിതു
തത്രയറിഞ്ഞരുളീ മുനിമാർകളുമാ-
യാനവരുടെ കാൽക്കീഴ്പ്പൊടിയെക്കൊ-
ണ്ടേറവേ പോയീടും ദുരിതൌഘം. ൨൭

പോവിതുമുണ്ടു മഹാദരിതൌഘം
　　പുണ്യക്ഷേത്രത്തൊടു തീൎത്ഥങ്ങളെ
ഏവയുമമ്പൊടു കണ്ടും സ്പൎശി-
　　ച്ചിടുകിലുമല്ല മഹത്തുകൾ തൻെറ
ഭാവനയോടേ കൂടിന നോക്കാൽ
　　പറററവിട്ടീടും പാപംപോയ്
ഏവയുമത്രയുമല്ലെല്ലാറ്റി-
　　മീശ്വരനായതു ബ്രാഹ്മണരല്ലോ. ൮൮

എല്ലാ വൎണ്ണങ്ങൾക്കുംമുമ്പാ-
　　യിടനതൊൻെറീ ബ്രാഹ്മണദേഹം
ചൊല്ലാമവർ വിദ്യാദിതപസ്സോടു
　　സൂക്ഷ്മമതായ വിചാരത്തോടേ
മെല്ലേ മേലുലകെന്തുരചെയ്വതു
　　വിശേഷമാരനായതുമൊൻേറയവ-
രെല്ലോയതുമല്ലെയെന്നുടലിലു-
　　മേറുമെനിക്കു പ്രിയം അവർദേഹം. ൮൯

അവർകളുടെ ഹൃദയേ മേവിനിറിതു-
　　മഖിലമഹാമറയതിനുടെയുൾപ്പൊരുൾ
ശിവകരമായ സ്വരൂപം ഞാനതു
　　ചിന്തിച്ചീടുകിലില്ലൊരു ഭേദം
ഇവയറിഞ്ഞിവർകളെയൎച്ചിച്ചീടുക-
　　യെന്നുടെ പ്രീതി വരുത്തേണ്ടുകിലെ-
ൻറുവവിയൊടഖിലേശ്വരവചനം കേ-
　　ട്ടൊരുമനസ്സോടേയാരാധിച്ചാർ. ൯൦

ആരാധിച്ചിതു മാമുനിമാർകളെ-
　　യഖിലേശ്വരനൊടുകൂടെ നൃപേന്ദ്രന-
മാരാധിച്ചാൻ വിപ്രനുമതിനാ-
　　ലരചാ! സൽഗതിയെ പ്രാപിച്ചാർ
ആരാധിക്കപ്പെട്ടഖിലേശ്വര-
　　മവിടേ നിവസനമായവനന്തരം
നേരേ പുക്കിതു ശ്രീമദ്വാരക
　　നിൎമ്മലമാകിയ വേഷത്തോടെ. ൯൧

ഇതി ഷഡശീതിതമോऽദ്ധ്യായഃ
സമാപ്തഃ.

## അഥ സപ്താശീതിതമോഽധ്യായഃ.

നിർമ്മലനാകിയ മുനിവരനോടേ
നിതരാം നൃപവരനിതു ചോദിച്ചാൻ
എന്മനതാരിടെയുണ്ടൊരു സംശയ-
മേററം ശ്രീപതിയെസ്സേവിച്ചാൽ
ചെമ്മയവർക്കളവാം ദാരിദ്ര്യം
ശിവനേ സേവിപ്പോൻ ധനവാനായ്
നന്മയോടേ വൻറിതുമെൻറിങ്ങനെ
നാഥാ ചൊല്ലുകവിതിന്നുടെ മൂലം.

മൂലമിതിന്നുരചെയ്തിതു മുനിവൻ
മുടിമന്നവ നിന്നുടയ പിതാമഹൻ
മാലൊടു നീ ചോദിച്ചതുപോലേ
വടിവൊടു മൂൻറു മഹാഹയമേധം
ചാലെ മുദാ ചെയ്തിട്ടൊരു ചോദ്യം
ചരതിച്ചേ[1] ചെയ്തതിനരുൾചെയ്താൻ
മാലുടനേവനിലൻ കൃപയുളവായ്
വൻറിതുമെൻറിവനധനനുമാവാൻ. ൨

ധനവാനെന്നെ നിനച്ചീടാതേ
സംസാരാബ്ധി[2]യിലേ കിടന്നുഴലും
തനിയേയെൻറാലതു വരായ്‌വാൻ
ധനമപഹരണം ചെയ്തിൻറു ഞാൻ
മനസാ സ്വജനങ്ങൾക്കമവന്മേൽ
മാറീടിൻറിതു ചിന്തയുമതിനാൽ
തനിയേ മൽഭക്തന്മാരോടേ
സംഗവുമുണ്ടായ് മോക്ഷവുമെയ്തും. ൩

മൽകൃപയാലെൻ മകതന്മാരൊടു
ബാന്ധവമെയ്തീടിൻറിതുമെൻറാൽ
ഇക്കൃപചെയ്യിൻറെന്നെ വെടിഞ്ഞി-
ട്ടിതമൊടു ശിവനെയുമയനെയും നൻറായ്

---

1. 'കഥയിൽ രസിച്ചു, 2. 'ർണ്ണവമതിലുഴലുന്നോൻ' ശ. പാഠം.

ഉൾക്കനിവോടേ സേവിപ്പവർകള-
　　വന്നുകൊട്ട[1]ത്തൊരൈശ്വര്യത്താൽ
ഉൾക്കനിവിവർകളിലിൻറിമ[2]ടിപ്പോ-
　　രൊരുപടിയേ പുനരെൻററി മന്നാ! ൪

എൻറിതു നാരായണനുടെ വചന-
　　മിയൻറതുമെൻറാലെൻററിമന്നാ!
എന്നു മുകുന്ദൻ തന്നെസ്സേവി-
　　പ്പോക്കുടനെയൊരനുഗ്രഹമരുളാൻ
മെൻറാരനുഗ്രഹമുണ്ടായാൽപ്പുന-
　　രൊരുനാളും ദ്വേഷത്തെച്ചെയ്‌വാൻ
എൻറതുപോലല്ലരനയനുടനേ-
　　യിതമൊട്ടു രണ്ടും ചെയ്‌വരിതെല്ലോ. ൫

ഇതിന്നൊരു കഥയും കേട്ടീടുക നീ-
　　യിതമൊട്ടു പണ്ടു വൃകാസുരനായേ
ചതികെടെയരനരുളിയ വരമൊൻറാൽ
　　സംകടമായീതരനത്യന്തം
അതിനുടെ വൃത്താന്തം ചൊല്ലിൻേറ-
　　നസുരൻ ശകുനിസുതൻ നാരദനെ
വഴിമേൽക്കണ്ടൊരു ചോദ്യം ചെയ്താൻ
　　പാരാതെ മമ ചൊല്ലുകയെൻേറ. ൬

ഏവനിമുമ്പിൽ പ്രത്യക്ഷം ചെ-
　　യ്തിതമരുളിൻറതു മൂർത്തികൾ മൂവരി-
[3]ലവനെയുരക്കെൻേറ കേട്ടീടിയ-
　　വസുരേശ്വരനൊട്ടു മുനിയുരചെയ്താൻ
ശിവനൊഴിത്തില്ലതു കുറയെപ്പോരും
　　ശ്രീകരമാകിയ ഗുണദോഷവു-
മവകൊണ്ടാശു മഹാസന്തോഷവു-
　　മരിശപ്പാട്ടുമയൻറിതുമെൻേറ. ൭

---

1. 'ത്തൈശ്വര്യത്താലേ', 2. 'മരി', 3. 'ഏവനവനെയുരചെയ്യുന്നതു കേട്ട്' ഒ പാഠം.

ഇനിയ ദശഗ്രീവനും ബാണനു-
മിതമൊട്ടു നൽകി മഹാവൈശപ്യ്യം
പുനരഥ സംകടമാക്കീതെൻറും
പുണ്യാത്മാ മുനി വചനം കേട്ടേ
നിനവൊട്ടു കേദാരം പുക്കസുരൻ
നിതരാം തന്നുടലന്നെ നുറുക്കി
കനിവിനൊടോമം ചെയ്യാനവിടെ
കമലശരാന്തകനെക്കാണ്മാനായ്. ൬൮

കണ്ടില്ലേഴ്ദിനം ചെൻറിട്ടും
കമലശരാന്തകനെപ്പുനരതിനാ-
ലുണ്ടാകിയ കോപത്തിനൊടസുര-
നടൻ നിജതല ഖണ്ഡിച്ചോമിപ്പാൻ
കൊണ്ടാൻ വാൾ തല‍യതിനെ മുറിപ്പാൻ
കൂടതുകണ്ടഗ്നിയിൽ നിന്നെഴുന്നേ-
റവുണ്ടാകിയ കൃപയോടു പിടിച്ചാ-
നമ്പർപുരാനവനുടെ കൈ നേരേ. ൬൯

നേരതുനാളവനുടലുളവായിതു
നിഖിലവുമവനുടെ സംസ്പർശത്താൽ
വീരവരാ ചൊല്ലുക മമ കാംക്ഷകൾ
വേഗമിതെൻറരനരുൾചെയ്തളവേ
പാരിടെ നിൻറിതു ചെന്നാനെൻ കൈ
പരിചൊടു ശിരസി നിധാനം ചെയ്തിട്ടും
നേരമവൻ മൃതനായ് വരികെൻറതു
നിന്തിരുവടിയരുളുക വരമെൻറാൻ. ൭൦

വരമിരന്നതിനെക്കേട്ടു നുറുങ്ങു മ-
നസ്സിനു സന്തോഷം കൂടാതെ
വരമസുരേന്ദ്രനു നൽകീ ദേവൻ
വടിവൊടു പാമ്പിനു പാൽ നൽകിയപോൽ

1. 'അരികിൽ മുറിപ്പാൻ' ക. പാഠം.

വരമതുകിട്ടിയതിന്നു പരീക്ഷയെ
വൈകാതേ ചെയ്‌വാൻ പരമേശ്വര-
ശിരസി കരംവെയ്പതിന്നു തുനിഞ്ഞാൻ
ശിവനതിനാലതിഭീതനുമായാൻ. ൧൧

ഭീതിയൊടേയോടിതു മഹേശൻ
പിന്നാലേയസുരേന്ദ്രനുമവനിയിൽ
നീതിമികും സ്വൎഗ്ഗത്തിടെ മലകളിൽ
ദിക്കുകളെങ്ങും നടന്നവസാനേ
ഖേദമനത്തിനെയും മുനിമാക്കൊരു
ക്ഷണകാലംകൊണ്ടേ കളഞ്ഞീടി-
ൻറാദിപുരാൻ നാരായണൻ മേവി-
ൻറവിടേ ചെന്നിതു പരമേശ്വരനും. ൧൨

ചെല്ലുൻറതു കണ്ടിട്ടവസ്ഥകാം
ചിന്തിച്ചറിഞ്ഞൊരു വടുകനുമായേ
മെല്ലെയണഞ്ഞഭിവാദ്യം ചെയ്താൻ
മേഖലയൊടു ദണ്ഡാദികൾ ധരനായ്
വല്ലഭമോടസുരേന്ദ്രനിരിപ്പാൻ
വടിവൊടു നൽകി [1]മഹാസനമോടേ
ചൊല്ലിനനറി നിജദേഹത്തിന്നൊരു
തുയിരുളവാകാതതു സുഖമല്ലോ. ൧൩

എല്ലാററിന്നുമാധാരം ദേഹമിതെ-
ൻററിഞ്ഞതിനൊരു പീഡവരാതെ-
മെല്ലേ കാത്തീടിൻറതുകാൎയ്യം
വീരവരാ! പുനരെൻറാലിപ്പോൾ
കല്യാണത്തൊടിരുന്നരുളെന്തൊരു
കാരിയമോൎത്തിട്ടുണ്ടധമിയൻറതു-
മെല്ലാം ചൊല്ലുക നിന്നരുളുക ഞാ-
നെവയും നിൻ[2]നിനവുകൾ സാധിപ്പാൻ. ൧൪

1. 'നയ', 2. 'നിജകാമ്യകം സാധിപ്പിപ്പൻ' ശ. പാഠം,

ഏവയും നിൻനിനവിനെവറിവാൻ ഞാ-
നിതുകാലത്തൊരു യോഗ്യനല്ലെങ്കിലു-
മേവയുമെന്നൊടുരയ്ക്കതിനായേ-
യിതമൊടു ചെയ്യിൻേറൻ ബന്ധുത്വം
പൂവിൽ മടന്തമണാളനിവണ്ണം
പുകണ്ണീടിൻെറ മഹാവചനം കേ-
ട്ടേവയും മുമ്പുളവാകിയ വൃത്താ-
ന്തങ്ങളെയമലന്നായറിയിച്ചാൻ. ൮൫

അറിയിച്ചതിനെക്കേട്ടരുൾചെയ്താ-
നസുരേന്ദ്രാ! നീ ശിവനുടെ വാൎത്തകൾ
നെറിയേ വിശ്വാസം ചെയ്യായ്കതു
ദക്ഷനുടെയ[1] മഹാശാപത്താൽ
പറയാം പ്രേതപിശാചാദികളുട-
നൊപ്പാന്തായവരുടെ കൎത്താവാവോൻ
ഉറവായതിനൊരു വിശ്വാസത്തിനെ
യുണ്ടാക്കിൻേറനിൻറു നിനക്കും. ൮൬

നിനക്കിലവൻ വചനം വിശ്വാസം
നിതരാമുളവായീടുകിൽ നിൻകൽ
മനക്കനിവൊടു നിൻതലമേൽ വച്ചിട്ടു
മററിനിമേൽനാം വളുസമരപ്പാൻ
നിനച്ചരുളാതീടെങ്ങുമിവന്നിനി
നീയറിയത നൊരു തുണ ഞാനെൻെറ
നിനക്കെൻെറതിനേക്കേട്ടവനും കൈ
നേരേ തന്നുടെ നെറുകയിൽ വച്ചാൻ. ൮൭

തന്നുടെ തലമേൽ മധുരമതായതി-
സാരമതാകിയ വചനം കേട്ടേ
തന്നുടെ കരതാർ വച്ചതുനേരം
ധരണിയിൽ വീണാനൊരു മലപോലെ

1. 'യോരുശാപത്താലേ' ഗ. പാഠം.

മന്നവനേ! യുയിരൊട്ടും വേറായ്
മററുള്ള കണ്ണമരാദികളെല്ലാം
നൻനെറിയോടു ചിരിച്ചുപുകണ്ണാർ
[1]നാരായണ! ജയ നമ ശരണെൻെറ. ൧൮

എൻറതുകാലം ശ്രീപുരുഷോത്തമ-
നിതമൊടു മുക്തനുമാം ഗിരിശന്നോ-
ടൻറരുൾചെയ്താനാശ്ചര്യം കാ-
ണ്ടടനേ നിജ പാപം തന്നാലേ
ഇൻറിവിടേ മൃതനായനസുരനു-
മേവക്കും ഗുരുവാകിയ നിന്നോ-
ടിൻറുപദേശം ചെയ്തീടുംപോ-
ഴെന്തൊരു കുറവു മരിപ്പാനെൻെറ. ൧൯

ഇക്കഥ പ്രാതക്കാലേ നിത്യവു-
മിതമൊടു കേട്ടും കീർത്തിച്ചിട്ടും
ഉൾക്കനിവോടുപവയസിപ്പോൾക്കു-
മൊരിക്കമെതാകിയ ഭക്തിയിനാലേ
എക്കരണങ്ങൾക്കും സാക്ഷിയുമാ-
യീശ്വരനാകിയ ഗുരുവരകൃപയാൽ
സൽഗതിയെ പ്രാപിക്കിൻേറാർ പോയ്
സംകടമീൻറി മഹാ[2]സുഖമോടെ. ൨൦

ഇതി സപ്താശീതിതമോƒദ്ധ്യായഃ.

സമാപ്തഃ.

---

## അഥ അഷ്ടാശീതിതമോƒദ്ധ്യായഃ.

സുഖമൊടൊരുന്നാൾ വായ്മകൾതന്നുടെ
സുന്ദരമാം തീർത്ഥത്തിൻകരമേൽ
സുഖമേചെയ്തിതു പലരുമതായേ
സൂക്ഷിച്ചുള്ള സൽക്രിയകളനേകം
അക[3]താർ തന്നിലവർക്കൊരു സംശയ-
മാവിർഭൂത[4]മതായീതന്നാൾ
സകലാധീശ്വരനായവനേതിതു
താനിവർ മൂവരിലും പുന്നരെൻെറ. ൧

---

1. 'നാരായണനേ ശരണമിതെൻറർ', 2. 'കൃപ-' 3. 'തമ്മിൽ,'
4. 'പൂമാവിതന്നാൾ' ഗ. പാഠം

എൻറതു നിശ്ചയമറിവാനായുള്ളോ-
ണ്ടിതമൊടയച്ചാൻ ഭൃഗുവിനെയവരും
ചെന്നിതയന്നരികേയൊരു വന്ദന-
ചെയ്തീല്ലതിനു മുനിഞ്ഞിതു ബ്രഹ്മൻ
വെൻറിയൊടതിനെയടക്കീ തത്ര
വിചാരംകൊ[1]ണ്ടജനിങ്ങവയെല്ലാം
നൻറിയൊടേ പോയന്നതു[2]കണ്ടേ
നന്മുനിവൻ പരമേശ്വരനരികേ. ൮

അരികേ ചെൻറു നമസ്കാരാദിക-
ളാകിയു[3]പചാരം ചെയ്യാതേ
പരമേശനെയാശ്ലേഷം ചെയ്വാൻ
പാരാതേ ചെല്ലിൻറതുകണ്ടു
പെരുതാകിയ കോപത്തൊടു തത്ര പി-
നാകി വധിപ്പതിനായേ ശൂലം
കരതാർ കൊണ്ടതെടുത്തതുകണ്ടേ
കാർകുഴലാളതൊഴിച്ചിതു വീരാ! ൯

വീരാ! അ(വ?)വിടെയും നിൻറമ്മുനിവൻ
വേഗം പോയ് പുക്കിതു വൈകുണ്ഠം
നേരേ ശ്രീമടിയിൽക്കിടന്നീടിന
നിഖിലജഗന്മയനുടെ മണിമാറ്റിൽ
പാരാതൊൻറു ചവിട്ടിനനേരം
പരിചൊടു മുനിവനുടേ പദപത്മം
കാരാർമുകിൽനിറമുടയ മഹാത്മാ
കനിവൊടു ഗ്രഹണം ചെയ്തു മുകുന്ദൻ. ൧൦

താനുടനേ മലർമാതൊടു കൂടീ
തത്ര മുദാ വന്ദിച്ചു നമസ്കൃതി
മാനവവീരാ! ചെയ്തരുൾ ചെയ്താൻ
വന്നുവെല്ലീയിരുന്നീടുകയിവിടെ

1. 'ങ്ങിവയെല്ലാം ചെമ്മേ', 2. 'നേരം' 3 'അവിടേനിന്റ്' ഗ. പാഠം

ഞാനറിയാതേ ചെയ്തപരാധം
നമ്മൊടറിഞ്ഞു പൊറുത്തരുൾ നിൻപദ-
[1]മാനതുകഴകീടിയ ജലമോത്താ-
ലഖിലജനത്തിന ശുദ്ധമി[2]തെല്ലോ. ൬

എൻറാലിപ്പദമുദ്രയെനിക്കി-
ങ്ങെൻറും വരികാഭരണവുമായേ
നൻറായിവിടെയിരിക്കും ലക്ഷ്മീ
നല്ല സമൃദ്ധിയുമതിനാലുണ്ടാം
എൻറേവം ഭഗവദ്വചനം കേ-
ട്ടീടിയ ഹൃഷ്ടാശ്രുക്ക[3]ളോടവിടെ
നൻറായൊൻറുരിയാടാതേ പോയ-
[4]നമ്മുനിമാരുടെയരികേ ചെന്നാൻ. ൭

[5]ചൻറീവൃത്താന്തങ്ങളെയെല്ലാം
ചേതസ്സുഖമൊടു മാമുനിമാരോ-
ടൻറാദരവൊടു ഭൃഗു ചൊന്നതുകേ-
ട്ടറവേ പോയിതു സംശയമെല്ലാം
നൻറായറിവുററാരഖിലത്തിന
നാഥനതാകിയ നാരായണനെ-
ൻറാൻറാകിയ മോക്ഷത്തിന കത്താ-
വോക്കിൽ നമുക്കിവനെൻറുമറിഞ്ഞാർ. ൮

അറിഞ്ഞാർ സത്വഗുണത്തിന മൂത്തിയു-
മാകിയ നാരായണനിവനെൻറ-
തറിഞ്ഞാർ ശാന്തന്മാരായ് ശിക്ഷിത-
മായുള്ള ബുദ്ധിയുടെയവരെല്ലാം
നെറിയ ഭജനം ചെയ്തീടിൻറതു
നിത്യമതാമിവനെപ്പുനരൻറേ
ഉറവൊടു നൃപവരനോടരുൾ ചെയ്താ-
[6]നാദരവോടേ വ്യാസതനൂജൻ. ൯

1. 'പത്മ', 2. 'തെ', 3. 'ളതിനൊടു', 4. 'നല', 5. 'പോയൊരു സംശയമൊടെ', 6. 'മൌനമെക്കയറിഞ്ഞൊരു [illegible]' പാഠം.

ഉടനിതുകേൾ നൃപവരനേ! യിന്നമി-
തൊരുനാൾ വിപ്രസ്ത്രീക്കൊരു പുത്രൻ
വടിവുടെ ശ്രീമദ്ദ്വാരകതന്നിൽ മ-
ഹാസുഖമോടു പിറന്നതുനേരം
ഉടനേ മൃതനായൊരുപുത്രനു-
മൊരു നൊടിമുമ്പാദാനംചെയ്തി-
ട്ടിടരൊടു രാജദ്വാരം തന്നിലിത-
[1]ത്തിനൊടിട്ടീവണ്ണം ചൊന്നാൻ. ൯

നാട്ടകിൽ ബ്രഹ്മദ്വിട്ടാമീശം
നരവരന്മാരുടെ കർമ്മങ്ങളിലേ
കൂടിയദോഷംകൊണ്ടേ മൃതനായ്
ക്രൂരാമെന്നുടെ പുത്രനിതെൻറാൽ
കേടിയലിൻറിതു പ്രജകൾക്കേററം
കേവലം ദുശ്ശീലന്മാരായേ
കൂടിയ നൃപതികൾ തന്നുടെ രാജ്യേ
കൂടിൻറവർകൾക്കെൻറാൻ വിപ്രൻ. ൧൦

വിപ്രൻ രണ്ടാമതു മൂൻറാമതും
വേറൊമ്പതിനോളം പിറന്നവർകളെ
അപ്പൊഴുതേ ഗോപുരമതി[2]ലേററീ-
ട്ടറിയിച്ചീവണ്ണം ചെല്ലുന്നാൾ
നൽപുകഴുടെ വിഭൽസു നരേന്ദ്രാ!
നവമാം പുത്രനെയിട്ടീവചനം
അപ്പൊഴുതുണ്ടായീയതു കേട്ടള-
വിതമോടേ ചൊന്നാനന്തണനോടേ. ൧൧

ഇതമൊടു നിന്നരികേയൊരു ചാപമെ-
ടുത്ത നൃപന്മാരില്ലാഞ്ഞിട്ടോ
ഇതുവന്നൂ ചൊല്ലേ ദ്വവീരന്മാ-
രേവരുമേ വിപ്രന്മാരായോ-

1. 'സഹസാ ചെന്നി', 2. '[illegible]' ഗ. പാഠം.

യിതുകാലം മേവിൻറവയെൻറതു-
　　മേവമുരത്തിടിൻറതു കേട്ടാ-
ലിതുകാലം നാണം കൂടാതേ-
　　യവനിയിൽ വാണ്ണീടൻറതുമഴകോ. ൯൨

അഴകല്ലിതു[1] നിജ രാജ്യംതന്നില-
　　മന്നീട്ടം വിപ്രന്മാർ ദുഃഖം
അഴകൊട്ടു കണ്ടു പൊറുത്തീടിൻറതു
　　മാകയിനാലിനിമേലൊരു പുത്രൻ
വഴിവഴിയേയുളവാകിൽ നീനക്കതു
　　മരണം വാരാതേ പാലിപ്പൻ
പഴുതിതു ഞാൻ ചൊല്ലിയതെൻറാകിൽ
　　പാഞ്ഞുമരിച്ചീടുവനഗ്നിയിലേ. ൯൩

അർജ്ജുനനോടിതു കേട്ടുരചെയ്താ-
　　നനിരുദ്ധൻ പ്രദ്യുമ്നൻ ബലനും
സജ്ജനപാലകനാം ശ്രീകൃഷ്ണൻ
　　തന്നാലും പാലിക്കരുതാഞ്ഞേ
ഇജ്ജഗതീങ്കലിയൻറീടിൻറതു
　　മെങ്ങനെ നീ പാലിപ്പതു മൂഢാ
അർജ്ജുന നിൻവചനത്തിനെ വാസ്തവ-
　　മാക്കീടിൻേറാനല്ലഹമെൻറാൻ. ൯൪

അഹമർജ്ജുനനറി ബലനും കൃഷ്ണനു
　　മനിരുദ്ധനുമല്ലേ പ്രദ്യുമ്നനു-
മിഹകേളെന്നുടെ ഗാണ്ഡീവത്തെയു-
　　മിനിയത്രിയംബകതോഷണ[2]വും നീ
ബഹുമാനം ചെയ്തീടതു സർവരും
　　വിസ്മയമായേ മാനിക്കിൻേറാർ
അഹം നീ തേറുക പുനരർജ്ജുനനെ
　　അറിയിച്ചതുകേട്ടവിടേ പോയാൻ. ൯൫

1. ‘ൗച’, 2. ‘ഞെന്നേ’ ഗ. പാഠം.

പോ വനവളുടെ പ്രസവംകാലം
പൊലിവൊടണഞ്ഞതുനാളറിയിച്ചാൻ
നീയിതുനാളാകിൽപ്പാലിച്ചിട്ടു
നിതരാമെൻറതു കേട്ടജ്ജുനനും
തൂയമനസ്സിനൊടാചമനാദികൾ
സുഖമേചെയ്തു മഹേശനെ വന്ദി-
ച്ചായപ്രകാരം ദിക്കുകൾപത്തില-
മവിടേ ശരപഞ്ജരമഥ ചെയ്താൻ. ൧൩

ചെയ്താൻ ശരപഞ്ജരമഥ ചുററും
ചെമ്മേ സൂതിഗൃഹമതിലൊരുവരു-
മെയ്തീടാതപ്രകാരം നൻറാ-
യിതമൊട്ടു തത്ര പിറന്ന കുമാരൻ
പൊയ്താനല്ല ശരീരത്തോടേ
പോയീതാകാശത്തിടെയതുകു-
ണ്ടെയ്തീടിയ ധിക്കാരത്തൊടു വ-
ന്നദ്വിജനജ്ജുനനോടുരചെയ്താൻ. ൧൪

അജ്ജുന! നിന്നുടെ ഗാണ്ഡീവം ന-
ല്ലഭിമാനാദികളും കഷ്ടം കാൺ
അജ്ജുനനനഘമെൻറീശൻമാരെ-
യധിക്ഷേപിച്ചറിയിച്ചതുമെല്ലാം
സജ്ജനവചനമതല്ലതു ഞാനും
സാരമതാക്കിക്കൊണ്ടതുമോത്താൽ
ദുജ്ജനസാമ്യതയുണ്ടേൻറവം
ദുർവചനാദികൾ പലവുരചെയ്താൻ. ൧൫

ഉരചെയ്യും വചനം കേട്ടടനേ
തേമ്മേരേറിയുഴറെറാടു പാത്ഥൻ
പരിചൊടു നഗരം പുക്കർഭകനെ
പലചാലന്വേഷണചെയ്തുങ്ങും

[1]പരിചൊടു കാണാഞ്ഞിന്ദ്രനുടേ നഗർ
സഹസാ പുക്കാരാഞ്ഞും കാണാ-
ഞ്ഞരചാ! മററെല്ലാ ദിക്കുകളിലു-
മന്വേഷിച്ചും കണ്ടില്ലല്ലോ. ൧൯

എല്ലാജാതിയുമിനിയഗ്നിയിൽ വീ-
ണ്ണിൻറു മരിപ്പിതുമെൻറു തുനിഞ്ഞതു
വല്ലാതേ കണ്ടംബുജനയനൻ
വടിവൊടു തത്ര വിലക്കിയൊഴിച്ചേ
ചൊല്ലീ പുത്രനെയിത കാട്ടിൻേറൻ
സുഖമൊടു കീർത്തിയുമതിനാലുണ്ടാം
എല്ലാമൻറുരചെയ്തു രഥോപരി-
യേറിനടന്നിതു വിജയനുമായേ. ൨൦

ആയതുനാളുത്തരദിശി നോക്കീ-
ട്ടവിടേ തത്ര കടന്നുടനേ പോയ്
തുയമനസ്സോടു സപ്തദ്വീപും
സുഖമൊടു സപ്തസമുദ്രവുമെല്ലാം
നീയറി സപ്തമഹാമലകളെയും
നിറമീടും ലോകാലോകാചല-
മായതുവും കടന്നിട്ടു നടന്നള-
വറിയരുതേതുമിരുട്ടതിനാലേ. ൨൧

ഏതും ദിക്കറിയാഞ്ഞശങ്ങ-
ളുതേവയുമവിടെ നിൻറീടിൻറള-
വാദരവോടു സഹസ്രാദിത്യ-
ന്മാരുടെ പ്രഭയൊടു സാമ്യമതായേ
നീതിമികും നിജ ചക്രം കൃഷ്ണൻ
നിതരാം മുമ്പു നിയോഗിച്ചപ്പോൾ
ഏതൊരുജാതിമനോവേഗത്തിനൊ-
ടെതിരായവിടെ നടന്നിതു ചക്രം. ൨൨

1. 'തരമൊടു' ഗ. പാഠം.

അവിടെച്ചക്രത്തിന്നുടെ പ്രഭകൊ-
ണ്ടേറവേ പോയിതിരുട്ട[1]ത്തിൽ വഴിയേ
ഭുവനപതീശാ ചെല്ലിൻറളവേ
പൊങ്ങിവരും തിരമാലകളാലും
ശിവമായുള്ള ജലത്തിൻ നടുവേ
ഭ്രമകരമായ മഹാഭവനത്തിനെ
അവിടെക്കണ്ടിതൊരായിര ദിവ്യ-
മണിസ്തംഭാദികളാമതിനോടെ. ൧൩

ശിവനയനാദികൾ മുനിവരുമമരകൾ
തെളിവിനൊടവിടേ നിൻറു പുകണ്ണി-
ട്ടുവിരതമാഴിയിലഹിപതിയുടെ മീ-
തമ്പൊടമന്ന മുരാരിയെ യിതമായ
അതിധവളം ചേൎന്നീടിയ മേനിയൊ-
ടതിശോഭിതമായുള്ളോരനന്തൻ.
ഇതമോടീരഞ്ഞൂറുശിരസ്സോ-
ടിരുന്നീടിൻറ ഫണത്തിന്മീതേ ൧൪

ഇന്ദ്രാദികളാലും വന്ദിതനായ്
മധുമഥനൻ ശ്രീനാരായണനെ
മഹാമണി കുണ്ഡലമാദികൾ കൌസ്തുഭ-
മതിനൊട്ടമഷ്ടഭുജങ്ങളൊട്ടും ചേ-
ൎന്നംബുജനയനനെയഴകൊട്ടു കണ്ടാർ.
... ... ... ... ... ൧൫

അഴകൊട്ടു പീതാംബരധരനാകിയ-
യംബുജനയനനെ വന്ദനചെയ്താർ
അഴിവൊട്ടു പാൎത്ഥനുമായേ കൃഷ്ണനെ-
യച്യുതനവരെയണച്ചണിമാർവിൽ
വഴിവഴിയേ കാണ്മിൻ ദ്വിജപുത്രരെ
മററിതു ഞാനിതു ചെയ്തിഹ നിങ്ങളെ
ഉഴറിയിതത്തൊട്ടു കാൺകയിലാഗ്രഹ-
മുണ്ടായിട്ടെൻറരുളിച്ചെയ്താൻ. ൧൬

1. 'ഇരുളിൽ' ഗ. പാഠം.

അതുൾംചെയ്യാൻ നിങ്ങളുമെങ്കലയാ-
ലവതീർണ്ണന്മാരായ് ധർമ്മത്തിനെ
ഒരുപോലേ പാലിപ്പാനെൻറതു-
മോർത്തീടുകിനിയവനീഭാരം പോയ്
പരമാനന്ദം ജഗതി വളത്തി
പ്പാലിച്ചന്തേയെന്നരികിതമായ്
വരുവോയാകിതല്ലൂ ദ്വിജപുത്തിരർ
വകവകയേ കൊണ്ടേടായിട്ടുകെൻറ. ൨൧

എൻറതുനാൾം നരനാരായണരാ-
യിതമൊട്ടു [1]മേവിയ കൃഷ്ണന്മാർകളു-
മൻറഖിലേശനെ വന്ദിച്ചമ്പിനൊ-
ടന്തണരുടെയാത്മജരെയുമെല്ലാം
നൻറിയൊടേ കൈക്കൊണ്ടു രഥോപരി
നലമൊട്ടു കരയേററപ്പോന്നന്തണ-
നൻറു കൊടുത്താൻ പുത്രരെയെല്ലാ-
മരചാ!യെന്നിതു മാമുനിചൊന്നാൻ. ൨൨

ആനതുകാലം പാർത്ഥനു വൈഷ്ണവ-
മാകിയ ധാമം കണ്ടു വിസ്മയ-
മാനസതാരിലിയൻററിവുററാൻ
വടിവിനൊടെല്ലാം കൃഷ്ണനിതെൻറ.
ഞാനിതുമെൻറാരഹംഭാവം പോയ്
ഞാനമിയൻറിതുമിങ്ങനെയോരോ
മാനിതമാകിയ[2] കർമ്മമനേകം
മററുമിതത്തൊട്ടു ചെയ്യാൻ ദേവൻ. ൨൩

ഇതമൊടധർമ്മിഷ്ഠന്മാരാമവ-
രേവരെയും വധചെയ്യും ചെയ്യി-
ച്ചതിബലമീടിയ പാർത്ഥന്മാരാ-
മവരെക്കൊണ്ടുമിവണ്ണം ലോകം

1. 'പാർത്ഥൻ കൃഷ്ണനു', 2, 'ധർമ്മം', ഒ. പാഠം.

ഖതികെട്ടെ രക്ഷിച്ചിതു ശ്രീകൃഷ്ണൻ
സജ്ജനപാലകനായ മുകുന്ദൻ
മതിവദനൻ മധുസൂദനനെന്റിതു
മാമുനിവരനരചന്നറിയിച്ചാൻ. ൩൦

അറിവായൊളിവായ് പ്പരിപൂർണ്ണവുമാ-
യാത്മാവാകിയ പരമാനന്ദനെ
നെറിയേ മാമറകൾക്കമരപ്പം
നിതരാമിങ്ങനെയെന്നുരചെയ്താൻ.
പറയാം ലക്ഷണയാലെയെന്നു
പറഞ്ഞാൻ ശ്രുതികളുമെന്ന[1]ദ്ധ്യായം
നെറിയേ ചൊൽവതിനെളുതല്ലേതും
നിർണ്ണയമത്രു നില്ക്കട്ടിനിയെന്റെ. ൩൧

ഇതി അഷ്ടാശീതിതമോഽദ്ധ്യായഃ
സമാപ്തഃ.

## അഥ ഏകോനനവതിതമോഽദ്ധ്യായഃ.

അതിസുഖമൊടു കേൾ നൃപവീരനേ! ഇനിയും മുകുന്ദ-
നമരപുരത്തിനൊടെതിരായ ദ്വാരകയിങ്കൽ നൻറാ-
യിതമൊടു പത്തുമാറുസഹസ്രമംഗനമാർക്കു താനേ
യിനിയൊരു കാന്തനാകി രമിച്ചുനിന്നു ഗൃഹസ്ഥനായേ
പുതുമതഴുത്തീടും ഭവനത്തിൽ വൃഷ്ണികളാലുമേററം
പുണ്യതചേർന്നീടും[2] നരലോകസുന്ദരനാകകൊണ്ടും
ചിതമൊടു വാജിവാരണമാദിയാലുമനേകനേകം
തിങ്ങി നിറന്നു നിന്നവിടം തഥാമെൽക്കോഴയം. ൧

അതിലിതമീടുമാറിയലിന്ന പുഷ്പങ്ങൾ തന്മണം കൊ-
ണ്ടധികം മെല്ലെയെന്നുവന്നിയലിന്ന വായുമമെയ്യിലെങ്ങും
ചിതമൊടുമേററിരുന്നണിമാടമാമതിൽ നിന്നു പ-
ന്നാടീടിന മംകമാരവരാലും വണ്ടുകളാലും നന്നായ്
അതിശയദിവ്യപക്ഷികളാലും നല്ല മൃഗങ്ങളെന്നിത്യാദി-
കളാലും മൗഢ്യതചേർന്ന സ്വർഗ്ഗസമാനമായേ
പുതുമതഴത്തീടും ഭവനത്തിൽ വിദ്വജ്ജനങ്ങളാലും
പുകഴ്വനേകജാതി തഥാ സുഖേന വസിച്ചു ദേവൻ. ൨

1. 'ദ്ധ്യേയം', 2. 'ന്നവർത്തന്നുടമടവാർകളാലും', ശ, പാഠം.

ദേഹദയാപരൻ മധുസൂതനൻ പുരുഷോത്തമൻതാൻ
ദേവികൾ തന്നുടെ കുചകുംകുമം മണിമാർവിലെങ്ങും
ശോഭിതനായ് വരുമ്പടി ലിപ്തനായ്പ്പലവാദ്യഘോഷം
ശോഭകളൊടു പൊങ്ങും ജലത്തിൽനിൻറു കളിച്ചിടുന്നാൾ
ദേവനുടെയുടമ്പിൽ ജലം മുദാചിലതോൻകൊടുണ്ടായ്
ദിവ്യതചേന്ന വാക്കുകൾ കൊണ്ടുതേകിനർ ചുററും നിന്നി-
ട്ടാദിപൂരാൻ മുകുന്ദനുമങ്ങനെയഥ തേകുന്നേരം
വാർത്തകൾ പഠിച്ചുകൊണ്ടു ഉരേചകത്തെയണഞ്ഞുനേരെ

[ന

ആനതുകാലം മാനിനിമാക്കുതീവ നനഞ്ഞു മേവുന്നേർമകൾ
ചേന്ന വസ്ത്രങ്ങൾ ചേന്നിടിൻറ കടിപ്രദേശം
ചാരുതചേന്നിടും മുഖപങ്കജങ്ങൾ കുചങ്ങളെല്ലാം
താമതിശോഭയൊടു പ്രകാശമായിതന്നേരം നൻറായ്
വീരവരാ! കരങ്ങളിനാൽ തഥാ തടവീട്ടു കേശം
വേഗവശേന തേകിനർ വെള്ളമേററവസിപ്പുതും ⁴ചെ-
യ്താരിവണ്ണം കളിപ്പതു യക്ഷിമാരൊടു യക്ഷരാ-
⁵ങ്ങാമവനെവ്വണ്ണം പുനരുണ്ടതിനു വിശേഷമെൻെറ. ർ

ഈവണ്ണം മംകമാരുടെ ലീലകൊണ്ടു മനസ്സു കൃഷ്ണ-
ന്നേറെയുറച്ചുപോയ് മടവാരുമംബുജലോചനൻേറ
ദീപിതമായ ലീലകളൊക്കവേ നിനവുററതിന്നാൽ
നിത്യമുറച്ച മോഹവശേന മത്തനുമാകി നേരേ
ശോഭിതമായീടും വചനങ്ങൾ ചൊന്നതു കേൾക്കവീരാ!
ചൊല്ലുക തത്ര നീ കുരരീയിതെങ്ങളിതെൻറപോലേ
ഭാവനയൊടുറക്കമകൻറ കൃഷ്ണനിലുള്ള മോഹം
പാരമിയൻറ ഹേതുവിനാൽ ശയിപ്പിതുമില്ല നൂനം. ൨

നാമ്പുനരെൻറപോലിഹ ചക്രവാകി മുകുന്ദപാദം
നായകമായ് ഭജിച്ചതുളിൻറ മാല ശിരസ്സുകൊണ്ടേ
ശോഭിതമായ് ധരിപ്പതിനോ വതിച്ചുയതെന്തു രാത്രൗ
തോൻവുവതില്ലയോവിതുറക്കവും കരയിൻറിതോ നീ

1. 'തമായിടും', 2. 'ന്നോർ', 3. 'വർകൾ', 4. 'അനി', 5. 'ട്ടങ്ങാമവ നെവ്വണ്ണം', ഗ പാഠം.

[1]പാപമിതം ബുദ്ധിയും പുനരെങ്ങളെൻറതുപോലെ നീയും
പങ്കജലോചനനു് നിനച്ചവൻകലിയൻറ മോഹാൽ
താപമിയൻറുറക്കമകൻറ ദുഃഖമിയൻറിടിൻറു
പാപമിതേവനും വരുമിങ്ങവനെന്ന നിനച്ചു കണ്ടാൽ. ൩

കാരണമെന്തു നീ ചെറുതായിടിൻറതു ചൊല്ലു ചന്ദ്ര!
കാർമുകൽ വർണ്ണനെപ്പുനരെങ്ങളെൻറതുപോൽ ദിനം നീ
സാരമതായ് നിനച്ചതിമൂലമോ വരുചൊൽവിയോഗം
താമിതിയെൻറ കാരണമോയിതെൻറുതന്നെ വിരോധം
വീരിയനായിട്ടും മലയാനിലാ നിന്നോടെന്തിതിപ്പോൾ
വേറപരാധമൊൻറിഹ ചെയ്തതെങ്ങളുടേ മനസ്സിൽ
പാരമതാകി ഉത്ത്രങ്ങളിൻറു തീക്കനൽ മേല്ക്കുമേലേ
പാപമൊടേ മുകുന്ദവിയോഗഹേതുവിശേഷ ന്നൂനം. ൪

നാളിഹമേഘമേ യദുവീരനും പ്രിയനേറന്തുനം
നാമുടനെൻറപോലവനെ സദാ നിനവുററുവന്നാൽ
[2]വാലിന കണ്ണുനീർ മഴയല്ലീകാണിതെല്ലാൎക്കുമുണ്ടാം
മാധവനൊട്ടു വേറുപെടിൻറകാലമതീവ ദുഃഖം
പാലെതിർവാണി ചേന്നരുളിൻറ കോകിലമേ നിനക്കിൽ
പാൽവിയലാതിട്ടും പ്രിയമെന്തുചെയ്‌വതിതൊൻറു
[ചെയ്‌വോം
നാളെയുമല്ലനം പ്രിയനൊടു സാമ്യമതായ വാക്കിന്നാ-
ളിഹ നീ വചിച്ചരുളിൻറ വാറിഹ പാർത്തുകണ്ടാൽ ൫

പാക്കിലതീവ ഞാങ്ങളിതെൻറപോൽ മെലിയൻറിതെല്ലോ
പാപമിതാഴിപതികളെ യിന്നിങ്ങൾ മുകുന്ദഗാത്രം
നീക്കമിയൻറിടാതപ്രകാരമേ നിനവുററതിന്നാൽ
നിർണ്ണയമേവനും വിരഹം മഹാവ്യസനം വിശേഷാൽ
ആക്കമതായുരത്തിടുകംസമെ! യണയത്തിരുന്നീ-
ടുഴകൊട്ടു പാൽകുടിക്ക നിനക്കു നൽവരവാകയിപ്പോൾ
മാൎഗ്ഗമതായ കൃഷ്ണകഥാം നമ്മൊടു പിരിഞ്ഞിട്ടുമെൻ
മാനിതമായ വാൎത്തകളും നിനച്ചിട്ടുവീതുമുണ്ടോ? ൬

1. 'പാര', 2. 'ചൊരിന്തു' ഗ പാഠം.

വാത്തകൾ നീയുരക്കയിതെന്തു നോക്കിനടന്നീടിൻറു
വാധവരാത കൃഷ്ണൻടെയ ഭൂതനമായവൻേറാ
കീത്തിമികും വധൂജനമൊട്ട മന്ത്രങ്ങൾ ചെയ്യതിന്നോ
കേളത്തു ഭൃംഗമേയവൻ മങ്കമാരുടെ വീടിതെല്ലാം
ആത്തിയൊടേ ശുകന്നൊടുമീവണ്ണം മൊഴിഞ്ഞാരനേകം
[1]ആമയമായതെന്തു സമുദ്രമെങ്ങളെയെൻപോൽ നീ
കാത്തുകരഞ്ഞീടിൻറിതു കൃഷ്ണനൊടു പിരിഞ്ഞ[2]നേരത്തോ-
[3]ട്ടളവായ വേദനയൊൻറിയൻറതു സത്യ[4]മെൻറാർ. ൫൦

ഏതൊരിളക്കമീൻറിയിതൊൻറുമേ പറയാതു ചിന്തി-
ച്ചെങ്ങളിതെൻറപോൽ നിനവുററ സന്തതമൂഴിയെ! നീ
സുന്ദരനായിട്ടു വസുദേവപുത്രനെയാശ്ലേഷിപ്പാൻ
തുയരൊടിരിക്കയോയിതു കുററമല്ലറി സത്യ[5]മേതാൻ
എന്തു നടന്നീടിൻറ [6]ദിവാകരാ! പുനരെങ്ങളെപ്പോ-
ലെങ്ങുമന്വേഷണം ചെയ്കയോ മുകുന്ദനെയെൻറിയേ മ-
ററന്തരമീൻറിയൊക്ക ജഗത്തിനെപ്പരിചൊടു കാണ്മാനാ-
മതിനാമതല്ലൊരു കാലതന്ത്രൻമാകിയോതാൻ. ൫൧

താനിവണ്ണം മുഴത്തരുളിൻറ ഭക്തിവശേന നിത്യം
സാഹസമായ് നിനച്ചു നിനച്ചു കൃഷ്ണവധൂക്കളെല്ലാം
മാനിതമായ കൃഷ്ണപദാംബുജം പുനരൊൻറതിന്നാൽ
വൻറിതു വൈഷ്ണവമാകിയ മോക്ഷവും മനുവരവീരാ!
മാനിനിമാക്കിവൻ മഹാമാദികേട്ടുളവാകിയ മോഹാൽ
വന്നിടും മോക്ഷം നിത്യമ് വൻപദം നിജ ഭർത്തൃബുദ്ധ്യാ
താനിതുറച്ചു ശുശ്രൂഷ ചെയ്കീടിൻറവർതൻ തപസ്സിൻ-
സാരതയെന്തുനാമുര ചെയ്കിടിൻറതു ഇൻറിദാനീം. ൫൨

ഇപ്പടിയീരെണ്ണായിരംന്തുററാടെട്ടു മടന്തമാരോ-
ടിതമൊടു വേദധമ്മമതാകിയുള്ള ഗൃഹസ്ഥധമ്മം
നല്ലകഴൊടു ചെയ്തിതു മാധവൻ മനുവീരനെ! ഇ-
ന്നാരികൾ തമ്മിലെണ്മരുടയ പുത്രരെ മുമ്പു ചൊന്നേൻ

1. 'ആമയ' 2. 'മൂലം', 3. 'ഉകാണ്ട', 4. 'എന്നാൽ', 5 'മെന്നേ, 6. 'സൂരിയതേ' ഗ. പാഠം.

അത്ഭുതമാകിയുള്ള മടന്തമാർ പിന്നെ മററുള്ളോർകൾ-
ക്കാത്മജർ വന്നുളായതു പത്തു പത്തു[1]മൊരോ കമാര്യാം
ശില്പമതാകിയുള്ള തനൂജന്മാരിൽ മഹാരഥന്മാർ
തേറുക പത്തിന്മീതിരുനാലുമുണ്ടിവർ നാമവും കേൾ. ഫ ഝ

കേട്ടിട്ട പ്രദ്യുമ്നൻ അനിരുദ്ധനും നല്ല ദീപ്തിമാനും
കേടിയലാത ഭാനുവും മററു സാംബനും മിത്രവിന്ദൻ
വാട്ടമില്ലാ വൃകോരുണപുഷ്കരന്നൊട്ടു വേദബാഹു
[2]വസുവസുനന്ദനൻ ശ്രുതദേവനോടൊരു ചിത്രബാഹും
കൂട്ടരിൽമുമ്പനായ വരൂഥകൻ കവിയും ബൃഹത്തായി-
ക്കൂടിയ ഭാനുവോടഥ ന്യഗ്രോധനെൻറിവർ തമ്മിൽ മററും
കേട്ടിട്ട മുമ്പനായ തനൂജനായതു പ്രദ്യുമ്നൻ കാൺ
കേളിപെടിൻറവന്നു തനൂജനാമനിരുദ്ധനെൻറ. ഫ ര

അവന്നു തനൂജനായതു വജ്രനൊൻറവനേയൊട്ടകൈ-
ത്തായതുശേഷമമ്മുസലത്തിൽ നിൻറു നൃപേന്ദ്രവീര!
ശിവകരമായവന്നു തനൂജനായ് പ്രതിബാഹുവുണ്ടായ്
ചേർച്ചയൊടേയവന്നു സുബാഹുവും പുനരങ്ങവന്നായ്
അവനിയിൽ വെൻറിചേന്നൊരു ശമസേനനവന്നു
പുത്രന്നാകിയ വീരനാം ശതസേനനെൻറിങ്ങനെയനേകം
അവനിയിൽ വന്നുളായവർ സംഖ്യയിത്രയിതെൻറു ചൊൽ
[വാൻ
പൊലവൊടനന്തനും പണ്ടി നൂറുവത്സരം നോററിരുന്നാൽ.
[ഫ ര

നരവരനേ!യവർക്കു ഗുരുക്കളായവർ സംഖ്യയിപ്പോൾ
നാട്ടുകിൽ മൂൻറുകോടിയുമെൺപത്തെട്ടു[3]സഹസ്രം നൂറും
കരുതുക യാദവാദികൾ സംഖ്യയേതുമറിഞ്ഞുകൂടാ
കാണത്തു നില്ക്ക തത്ര ത്രിവക്രയിങ്കലുപശ്ലോകനായ്
വരുമൊരുപുത്രൻ നാരദമാമുനിയുടെ ശിഷ്യനായേ
മാമതിയോടവൻ മടവാക്കു മറെറാരു ശുഭ്രന്മാക്കും
വരഗുണമായ സാത്വത തന്ത്രന്മാലൊട്ടു ചേന്ന മോക്ഷം
വരുവതിനാകി നിർമ്മിതമായിതെൻറുമിതെൻറു കേളായ്.
[ഫന്ദ

1. 'ചെയ്യോരു പെണ്ണും', 2. 'മധു', 3. 'മൂന്നും' ശ. പാഠം.

കേളിത്തു ദേവാസുരയുദ്ധത്തിൽ
        കേട്ട പെടാതസുരേന്ദ്രന്മാർ ഭൂമൌ
നീളെ ജനിച്ചിതു മാനുഷരായേ
        നിതരാമവരെ വധംചെയ്‌വാനായ്
കേളിയോടേ പിറന്നീടിയ ദേവകൾ
        കേവലം നാരായണനുടെ വിധിയാൽ
മേളമതായവനിയിലീരമ്പതു
        മേലൊത്ത വംശമതായ് നൃപവീരാ! ൪൧

വീരന്മാർ തങ്ങൾക്കും പ്രബലവായ്
        വിശ്വേശ്വരനുളനായവനോടേ
പാരിടെയൊക്കെയിരുന്നുകിടന്നും
        പാനാദികളിലുമെങ്ങുമെല്ലാടം
വിരിയമായ സഖിത്തത്തോടെ
        വീരാ! മേവീടിൻറതു നാളും
നാരായണനൻററിഞ്ഞില്ലേയവർ
        നാട്ടകിലതു പരമേശ്വരമായാ. ൪൨

ആയതലോചനനാകിയ ശ്രീനാ-
        രായണനമ്പൊട്ടു മാമുനിമാർകളു-
മായിതമാകിയ യാഗാദികൾ ചെ-
        യ്താനിതമോട്ടു വിധിച്ചതുപോലെ
മായയിനാലേ തന്നാത്മാവിനെ
        വടിവൊട്ടു പൂജിച്ചാനെൻററി നീ
നായികമാർകളുമായേ ദീക്ഷകൾ
        നലമൊട്ടു ചെയ്തുമിയററീ കർമ്മം ൪൩

കർമ്മമനത്തിനുമീശ്വരനാകിയ
        കമലാക്ഷൻ നാരായണദേവൻ
നന്മയൊടേ ഭൂമീങ്കൽ ജനിച്ചിതു
        നൻറായവനീഭാരം കളവാൻ

തിന്മകൾ ചെയ്തവർ തന്നെയശേഷം
തിറമൊടു കൊൻേറ ഭൂപാരം തീ-
ൎത്തമ്മധുസൂദനനുടെ തൊഴിലോൎത്തീ-
ടുകിലാശ്ചൎയ്യം വാരാ ഏതും. ൨൦

എൻറും നിജ പാദോദകമതിനാ-
ലേവരുടേയും മഹാപാപത്തിനെ
വെൻറിയൊടേ കളയിൻറഖിലേശൻ
വിഷ്ണു വിരാട്പുരുഷൻ പരമാത്മാ
നൻറിയൊടിങ്ങനെയുള്ളവനെൻറതു
നാനാജാതി വിചാരണചെയ്താ-
ലെൻറും കാണരുതാത പരാപര-
നീശ്വരനായതുമൊൻറിതുതാനേ. ൨൧

ഇതമായ് മധുമഥനൻ നൻറായേ-
യീടിയ കാമാദികളോടേ ചിലർ
നിതരാം വൈരത്തോടേ ചിലർ ചിലർ
ത്തിതൃമിയൻെറാരു ദ്വേഷത്താലും
പുതുതായുള്ള സുഹൃദ്ഭാവം കൊടു
പുണ്യാത്മാവെയുറച്ചുനിനച്ചൊ-
ക്കതിനാലേ പാപത്തൊടു വേറാ-
യാത്മാനന്ദം വന്നിതു മററും. ൨൨

മററുമിവൻകഥ കേൾപ്പവർകൾക്കും
മുഖ്യമതായേയുരചെയ്വോൎക്കും
മററിതുപാസന ചെയ്വവർകൾക്കും
മന്മാ ബോധിപ്പോൎക്കുമിതൻറും
കുററമിയൻറീടാത സുഖത്തൊടു
കൂടുവരൈശ്വര്യാദികളോടെ
പററുക നായുമിവങ്കൽ ഭാവം
പങ്കജനയനാ! നൃപവരവീരാ. ൨൩

നാനാലോകങ്ങളെയുമിതെല്ലാം
നലമൊടു പരിപൂൎണ്ണൻമായറിവായ്
ജ്ഞാനായ നിൻറു പടത്തും തങ്കൽ
തന്നേ പരിപാലിച്ചുമഴിച്ചും

ജ്ഞാനാമൃതമാമംബുധിമേവും
നല്ല താമരയിലപോലേ നില്ക്കും
മീനാദികൾവേറായ് നിന്റീടിയ
നിത്ത്യസുഖം വന്ദിച്ചീടിന്റേ. ൨൮

എന്റും മാമുനിമാർകളും നന്റായ്
ഏവയുമൊക്കെയുപേക്ഷിച്ചമ്പൊടു
നന്റിയൊടേ വനവാസംചെയ്‌വാർ
നാരായണനൊരുനാൾകൃപയോടെ
വെന്റിയൊടേ ചെയ്തീടിന്റോർചില
വീക്ഷണമാത്രം കാമിച്ചെന്റാൽ
എന്റും നീ ചെയ്തീടുക ഭാവ-
മിതെന്റമ്മാമുനി[1] നൃപവരനോടെ. ൨൯

ഇതി ഏകോനനവതിതമോഽദ്ധ്യായഃ

സമാപ്തഃ.

---

അഥ നവതിതമോഽദ്ധ്യായഃ.

മുനിവൻ നൃപവരനോടുരചെയ്താൻ
മുഖ്യഗുണാകരനാം ശ്രീകൃഷ്ണൻ
മന്നവരനേ ബലനോടും കൂടെ
മഹാ[2]വലയദുവീരന്മാരോടെ
പുനരൊരുമിച്ചർജ്ജുനനെക്കൊണ്ടും
ഭൂഭാരം തത്തിട്ടു നിനച്ചാൻ
ഇനിയവനീഭാരം ഗതമായ-
തെങ്കിലുമതു ഗതമായീല്ലല്ലോ. ൧

ഗതമായവനീഭാരമിതെന്റാൽ
ഗതമായില്ലതു യദുവീരന്മാർ
അത്യുതാനൈശ്ചര്യാദികളോടുമ-
ഹംകൃതരായ് ജ്ഞാനാശ്രയമായേ

---

1. 'മുനിവൻ,' 2. 'ബലമുടയാദവന്മാരോടും', ഗ. പാഠം.

എതിനാലും ദുഃഖത്തൊടു കൂടാ-
തിടിയ വീൎയ്യപരാക്രമരായുള്ള-
രതിനാലും ഗതമായില്ലേതുമി-
തവനീഭാരവുമെന്നററിവുററാർ. ൭

എന്നാലതുമിക്കാലംകൊണ്ടേ
ഈററക്കാട്ടിടവഹ്നിസമാനം
നന്റായവരുടെയുള്ളിൽ കലഹമയ ന-
യത്താലേററിയതിന്നാലേതാൻ
കൊന്നീടുന്നേൻ വിപ്രന്മാരുടെ
കുറവുപെടാത മഹാശാപംകൊ-
ണ്ടെന്നേ കല്പിച്ചരുളിച്ചെയ്താ-
നെന്നിതു കേട്ടന്നൃപനുരചെയ്താൻ. ൮

ഒരുമനസാ നിൽക്കിന്റവരേററ-
മുവന്നീടിന്റോർ വിപ്രന്മാരെയു-
മരികേ വൃദ്ധന്മാരാമവരെയു-
മവർകൾക്കെങ്ങനെയന്തണർ ശാപം
തരസാ വന്നതുമരുൾചെയ്യേണ്ടെന്റ-
ത്തനൃപാധിപവചനം കേട്ടു-
ടുരചെയ്താൻ ശ്രീശുകമാമുനിവരനു-
മുടനതുകാലമതാദരവാലേ. ൯

ആദരവോടഖിലേശ്വരനുടെ നിന-
വാമതുകാലം ചെയ്വതിനായേ
നീതിയൊടേ പിണ്ഡാരകമാമതി-
നിൎമ്മലമാകിയ ക്ഷേത്രം പുക്കാർ
ആദരവീടിയ കൌശികകണ്വനൊ-
ട്ടാരുണിയുമംഗിരസാ ദുൎവ്വാസാ-
വാദി വസിഷ്ഠൻ കാശ്യപനത്രിയും
ഭൃഗുവാമദേവൻ നാരദനും. ൰

നരവരനേ! യദുതനയന്മാര-
ന്നാളിലതീവ കളിക്കിന്റപ്പോൾ
ഒരു ഗൎഭിണിയായ് സാംബനെ വച്ചവ-
രുടനേ ചിലർ മുനിമാരുടെയരികേ

തരസാ ചെന്നവരുവാദ്യം ചെയ്തു
    തഥാവവനീസുരന്മാരായീടില്ല-
മുരചെയ്താരാചാരാദകറ്റം ചെ-
    യ്തുടനിവളെന്തു പെറുന്നതുമെൻേറ. ൬

എന്നതുകേട്ടമിതത്തൊട്ട ചൊന്നാ-
    രേവരുമമ്മുനിമാരിവൾ പെറുവതു-
മൊൻററികായസമാകിയ മുസല-
    മതൊൻറിന്നാൽ മുടിയും നിങ്ങൾവംശം
അൻറതു കേട്ടോടിപ്പോയാരവ-
    രായസമാകിയ മുസലം കാണായ
വെൻറിമികം സാംബന്നുദരത്തിന്നെ
    വീരാ! തത്ര പിളൎന്നു നേരം. ൭

അധികം മന്ദന്മാരായാർ ഭോ-
    ഗ്യാദികളിൻറിയ നമ്മെ മഹാജനം
ഇതിനാലെന്തോൻേറ പറയിൻേറാ-
    രെൻറതു ചൊല്ലിയെടുത്തമ്മുസലം
മതിമാനായ നൃപേന്ദ്രനമമ്പാൽ
    മററും യാദവസന്നിധിയിങ്കൽ
അതുനേരം വച്ചിട്ടറിയിച്ചാ-
    രന്തണശാപമിയൻറതു മുഴുവൻ. ൮

മുഴുവൻ കേട്ട മഹാശാപത്തിന
    മുഖ്യമതായൊരു സൽക്രിയ കാണാ-
ഞ്ഞതഴതാദാനം ചെയ്തമ്മുസല-
    മതാശ്രുകനാഴിയിൽ യദുരവരോടെ
പഴുതുപെടാതേ[1]പൂൎണ്ണവുമാകി
    പംകജനയനാ തത്ര കളഞ്ഞാ-
നഴകൊട്ടു ശിഷ്ടമതാകിയ മുസലവു-
    മതിനെയെടുത്തു വിഴുങ്ങീ മത്സ്യം. ൯

1. 'ചൂർണ്ണവുമാക്കി' ഗ. പാഠം.

അതുനാളായസമുസലത്തിൻ പൊടി-
യാഴിയുടേ കരെയായിതു തിരയാൽ
നിതരാമേരകതൃണമുളവായ;
നീയറ്റകായസശിഷ്ടമതൊരു മീൻ
അതുനാൾ ഖാദന്നായതു ചില മുക്കോ-
രപ്പൊഴുതേ പിടിപെട്ടതിനുദരേ
പുതുതായ്ക്കണ്ടൊരിരുമ്പതു പിന്നെയു-
മമ്പായ് കെട്ടിച്ചിതു കാട്ടാളൻ. ൧൦

ആനതുകാലം പരമാത്മാവാ-
മഖിലേശ്വരനാകിയ ശ്രീകൃഷ്ണൻ
താനിതു സകലമറിഞ്ഞീടുകിലും
[1]തത്രവതിന്നൊരു രക്ഷകൾ കാണ്മാൻ
മാനിതനായ് നിന്നവരറിവില്ലേതും
മനസി സുഖംവരികെത്രേ ചെയ്തിതു
മാനവവീരാ!യെന്നറിയിച്ചാൻ
മാമുനിവൻ പരമാദരവോടെ. ൧൧

പരമാദരവൊടു പങ്കജനാഭൻ
പാരിനു ഭാരമശേഷം തീർത്തു
പരമാദരവൊടറിഞ്ഞമരന്മാർ
പരമേശ്വരനും ധാതാവോടേ
പരമാദരവൊടു മുനിയക്ഷാദികൾ
പലർ വിദ്യാധരർ കിന്നരരെന്നിവർ
പരമാദരവൊടു വന്നു പുകണ്ണർ
[2]പലപല പൂവുകളാരാധിച്ചേ. ൧൨

ആരാധിച്ചു പുകണ്ണറിയിച്ചാ-
രസ്മാദികൾ നിന്തിരുവടിയോടെ
നേരേ ഭൂഭാരം തീക്കേൻറതു
നിതരാം ചൊന്നതു കേട്ടപ്പൊഴുതേ

൧. 'അവിടെയ' 2. 'പല കുസുമങ്ങളെ വൃഷ്ടികൾ ചെയ്തേ' ഗ. പാഠം.

പാരാതേവസുദേവർ സുതന്നായ്
പരചിന്നൊടേ യവതാരംചെയ്തി-
ട്ടോരോ കാര്യ്യാദികൾ കൃതമായിനി-
യുഴറുക വൈകുണ്ഠം പ്രാപിപ്പാൻ. ൭൬

പ്രാപിച്ചിതു സുഖമെങ്ങൾക്കെല്ലാം
പങ്കജനയനാ! നിൻകീർത്തികൾപോയ
പ്രാപിച്ചിതു ലോകത്തിടെയെങ്ങും
പാപാദികൾ വേറായ് നിന്നോടെ
പ്രാപിപ്പാനിതുമേൽ ജനങ്ങൾക്കിതു
പാട്ടുകിലത് നാലേ കലികാലം
പ്രാപിച്ചിട്ടുമിനി നിശ്ചയമെൻറിതു
പരമേശ്വരൻ മുതലായവരെല്ലാം. ൭൭

എല്ലാ ലോകത്തിനെയും പാലി-
ച്ചീടുകയിനി വൈകുണ്ഠം പ്രാപി-
ച്ചുല്ലാസത്തൊടു നൂററിരുപതിന്മേ-
ലോരഞ്ചും വയസ്സും തിരുവയ-
സ്സെല്ലോ ചെൻറിതുമെൻറാലിപ്പൊഴു-
മെങ്ങളുടേ സുഖമേവയുമുണ്ടോയ്,
മെല്ലേ യദുവംശത്തെയുമറവേ
വിപ്രമഹാശാപം കൊടു തീർത്താൻ. ൭൮

താനിതു കേട്ടരുളിച്ചെയ്തു ഹരി
സകലവും ഞാനറിഞ്ഞേൻ ബ്രഹ്മാവേ
നൂനമകൻറിതു മുനിവരശാപാൽ
നോക്കുകിൽ യദുവംശം മുടിഞ്ഞേപോയ്
ആനതുമല്ലമരന്മാർ കാരിയ-
മാമതുവും സാധിപ്പൂയിപ്പുരി
മാനിതമായീടിയ വലയാഴിയിൽ
മറയിൻറിതു തരമാലകളാലേ. ൭൯

ആരണകാരണനായ പുമാനഖി-
ലത്തിൻമീശ്വരനായ മുകുന്ദൻ
പൂരണനായറിവായൊളിവാകിയ
പുരുഷോത്തമനെയിവണ്ണം നൻറായ്
സാരതയോടു പുകണ്ണ മഹേശൻ
ധാതാവോടമരാദികളെല്ലാം
വീരിയമീടിയ നിജ നിജ ലോകം
വീരതരാ! പ്രാപിച്ചാരെല്ലാം. ൧൭

ധരണിയിലും ദ്യോവിങ്കലുമെങ്ങും
തത്ര നിമിത്താദികളുടെ ദോഷം
പരമാനന്ദൻ കണ്ടരുൾചെയ്താൻ
പരിചൊടു യദുവീരന്മാരോടെ
അരുതേ[1]യൊരുകാലവുമിവിടെ സ്ഥിതി-
യാഗതമായ മഹോല്പാതം കാൺ-
കൊരുമനമോടേ പോയുടുക നാ-
മൊക്കൊരുമിച്ചൊരു സുഖകരമായേ. ൧൮

എല്ലാ വൃദ്ധന്മാരും വാലരു-
മിനിയ പ്രഭാസം തീർത്ഥമദാനീം
നല്ലാരും ചെന്നവിടേ മുഴുകീ
നലത്തൊടു ദേവാദികളെയും നൻറായ്
മെല്ലേ ജലമതിനാൽ തൎപ്പിച്ചഥ
വിപ്രാദികളെയിതന്നം കൊണ്ടും
ഉല്ലാസത്തൊടു പൂജിച്ചീടുക
യോരോ ദാനാദികളെക്കൊണ്ടും. ൧൯

അതിനെക്കൊണ്ടു മഹാദുരിതംപോ-
യാത്മാനന്ദവുമെയ്യുമിതെൻറത്രു
മധുമഥനൻ ചൊല്ലീടിയനേരം
വാഹനം മീതു കരേറിയെല്ലാരും

1. 'ക്ഷണ' ഗ. പാഠം.

ചതികെടെ മേവിന ഭക്തിയിനാലേ
സകലേശ്വരനരുൾചെയ്തതു ചെയ്താർ
അതുപൊഴുതേ തീർത്ഥം ചെൻറാടി-
ട്ടംബുജനയനനൻമായ നൃപവീരാ! ൨൦

വീരാ! തത്ര യദുപ്രവരന്മാർ
വിശ്വേശ്വരനുടെ മായയിനാലെ
പാരാതേ മധുപാനംചെയ്താർ
പല മാംസാദികളോടതിനാലേ
കാര്യാകാര്യവിവേകമൊഴിഞ്ഞു
കനത്ത മഹാമത്തഭ്രമരാഢ്യ
നേരേ യുദ്ധം ചെയ്തിതു നൻറായ്
നിതരാം തങ്ങളിലേയതു നേരം. ൨൧

അതുനേരത്തവരതികോപത്തോ-
ടം[1]ബുധിതീരേ നിൻറമർചെയ്താർ
ഗദതോമരമസിശരജാലാദികൾ
ആമിവകൊണ്ടന്യോന്യം നൻറായ്
കതിന്നെന്നുമററു? മഹാ രഥിമാരും
കൺകളതീവ ചുമന്നു മറിഞ്ഞി-
ട്ടിതമായുള്ള വാഹനങ്ങളുമേറി-
ട്ടേവരുമവിടെ പൊരുതുമരിച്ചാർ. ൨൨

അവിടെ പ്രദ്യുമ്നന്നോടു സാംബനു-
മനിരുദ്ധന്നോടു സാത്യകിയിങ്ങനെ
ഉപവാമികും ബാന്ധവങ്ങളും മറന്നി-
ട്ടൊക്കെ ജ്യേഷ്ഠനോടനുജന്മാരും
ഭുവനപതീശാ! അഛനും മക്കളും
പുനരമ്മാവന്മാരെൻറുളവാ-
മിവയോരോ ചാർച്ചകളും മറന്നി-
ട്ടേവരുമവിടെ പൊരുതു മരിച്ചാർ. ൨൩

1. 'ആഴിയിലേ മിട്ടാൻ മേൽ' ഗ. പാഠം.

പൊരുതാരായുധജാലംകൊണ്ടും
 പുനരഥ മുഷ്ടികൾകൊണ്ടും തങ്ങളി-
ലരിനാരായണനുടെ ചാതിക്കാ-
 രാദികളേയുമിങ്ങൊരേചകമതിനാൽ
പെരുകീടിയ കോപത്തോടു പൊരുതവർ
 പൊട്ടപ്പൊടെ മരം വനങ്ങളിൽ വായുവിനാൽ
നിരവേ വീഴുംപോൽ യദുവംശം
 നിതരാം നാഴികയക മൃതരായാർ. ൨൪

ആയതലോചനനാകിയ മാധവ-
 നവിടേ ഭൂഭാരം പോയെൻറതു
തൂയമനസ്സോടു കണ്ടിതു നൻറായ്
 സുഖമൊടന്നേരം രാമൻ ചെമ്മേ
മായയെ വേറായ് നിൻറാത്മാവിനെ
 വടിവൊടുപാസിതനായലകടലിൽ
കായമിതത്തിനൊടിട്ടു കളഞ്ഞാൻ
 [1]കമലേക്ഷണനാകിയ നൃപവീരാ! ൨൫

വീരാ! രാമനുടേ മോക്ഷത്തിനെ
 വിശേഷശനാകിയ ശ്രീകൃഷ്ണൻ
നേരെ കണ്ടരയാലുടെ മുട്ടിൽ
 നിറ(ന്നു) ചതുർഭുജങ്ങളിലായുധവും
കാരാർമുകിൽവർണ്ണൻ മുടികുണ്ഡല-
 കങ്കണമൊടു വളമോതിരമുടഞാ-
ണോരോൻെറ ധരനായിരുന്നീടിന-
 നുടനൊരു പീതാംബരധരനായേ. ൨൬

ആനന്ദകാലം തുടമേൽ ദക്ഷിണ-
 മാകിയ പാദം വച്ചു മുകുന്ദൻ
തൂയമനസ്സോടിരുന്നീടിന നാൾ
 സുന്ദരമായരുണോദയമതുപോൽ

1. 'ബലഭദ്രനഥ നൃപവരവീര' ഗ. പാഠം.

നായകനുടെ പാദാംഭോജത്തിനെ
നലമൊടു കാട്ടാളൻ കണ്ടിതു മൃഗ-
മായതുമെൻറുന്നീട്ടു മൃഗങ്ങളെ-
യന്വേഷിച്ചുടനവിടേ വന്നാൻ. ൨൧

അവിടെ മുസലത്തിൻശിഷ്ടംകൊ-
ണ്ടഴകൊടു കെട്ടിച്ചമ്പതിനാലേ
ഭുവനപതീശാ!യെയ്തണയത്തു
പുനഃപരിചോടണഞ്ഞീടിനനേരം
ശിവകരനാമഖിലേശനെയവിടെ
ത്തറമൊട്ടുകണ്ടതിഭയമൊടു ചെൻറി-
ട്ടുവനിയിൽവീണു വണങ്ങിമൊഴിന്താ-
നതിപാപം ചെയ്തേനഹമെൻറ. ൨൨

അതിപാപം ഞാനറിയാതേ ചെ-
യ്തതിനു ക്ഷമിച്ചീടുക സകലേശാ!
ഇതുകാലം കൊന്നീടുകയെന്നെ-
യിതത്തൊടു നിന്തിരുവടിതാനെൻറ
നിതരാം ബ്രഹ്മാദികളുമശേഷം
നിന്നുടെ മായയിനാലെ മോഹി-
ച്ചിതുതാനൊരു ഗുണദോഷം പുന-
രെൻററിയാഞ്ഞു ഭ്രമിക്കിന്റേറാർ പോയ്. ൨൩

അറിവൊടു വേറായീടിയ ജാതിയി-
ലഴകൊടു ജാതനുമാമടിയന്നി-
ൻററിയിൻറതുമെങ്ങനെ നിന്മായാ-
മതുമെൻറിത്ത്യേവം ഭയമോടേ
നെറിവഴിയേ തൊഴുതീടിൻറവനൊടു
നിർമ്മലനച്യുതനരുളിച്ചെയ്താൻ
അറി നീ പേടിക്കേണ്ടയിതിന്നൊ-
രപേക്ഷയെനിക്കുണ്ടായീതെല്ലോ. ൪൦

എൻറാലിനി നീ സുകൃതികൾ പദമാ-
മിനിയ മഹാസ്വർഗ്ഗം പ്രാപിച്ചീ-
ടേൾറാദരവിനൊടെൻറഖിലേശ്വര-
നിതമൊടു ചെയ്തവനുജ്ഞയിനാലേ

അൻറാദരവൊട്ടു വന്നുവണങ്ങി-
    ട്ടുഴകൊട്ടു മൂൻറു പ്രദക്ഷിണവും ചെ-
യ്തന്റെ പുക്കാൻ വാനുലകംമ്പാ-
    യലിവൊട്ടു മുമ്പു യൻറുടലോടെ. ൩൭

ഉടനേ ദാരുകനംബുജനയനനുടെ
    പദവിയെയറിയാഞ്ഞിട്ടേററം
നെടുവാൎപ്പോടതുനാൾ മേവീടിനർ
    നിതരാം തുളസിയുടേ സൌരഭ്യം
വടിവീടിയതാഘ്രാണം ചെയ്തതിൽ
    വഴിയേ ചെൻറരയാലുടെയരികേ
വടിവോടേ കൃതകേതനനാകിയ
    മധുസൂതനനടിമലരിണ തൊഴുതാൻ. ൩൮

താനതുകാലം ഗരുഡക്കൊടിയൊട്ടു-
    മശ്വങ്ങളുമുടനംബരമാൎഗ്ഗേ
മാനിതമായ് മുമ്പെങ്ങനെ നൻറായ്
    വൻറതുപോൽ മറവുററുവന്നിൽ
അനതുകണ്ടതിനുടെ പിന്നാലേ
    സഹസാ ചെൻറത്താഞ്ഞ സൂതൻ
നൂനമിതിതു വിധിബലമെൻറോൎത്തേ
    നൊടിയിടകൊണ്ടച്യുതനടിതൊഴുതാൻ. ൩൯

തൊഴുതവനോടരുളിച്ചെയ്തു ഹരി
    സൂതാ നീ ശ്രീമദ്ദ്വാരകപു-
ക്കഴവതൊഴിഞ്ഞവിടേ മേവീടി-
    ൻറവർകളൊടെന്നുടെ ഗതിയെയുമെല്ലാം
വഴിവഴിയേ രാമന്നുടെ ഗതിയും
    വസുദേവാദികളോടറിയിച്ചി-
ട്ടുഴറുക യിന്ദ്രപ്രസ്ഥത്തിനു പുന-
    രൊക്കെ മഹാബീഭത്സുവിനോടെ. ൩൰

ബീഭത്സുവിനൊടുക്കൂടെപ്പോയീ
    വേഗംചെൻറസ്തിനപുരംമേവുക
ശോഭിച്ചീടിന ശ്രീമദ്ദ്വാരക
    തുലവായലാത സമുദ്രം ചെമ്മേ

ദീപിച്ചീടിന തിരമാലകളാൽ
നിതരാം വന്നു മറച്ചിടുമെൻറാൽ
ആപത്തീടുംവണ്ണം ത്യക്തവു-
മായീതെൻറതുമരുളിച്ചെയ്താൻ. ൰൨

അറിക സമസ്തവുമെന്നുടെ മായയി-
നാലേ കൽപിതമെൻറതുമെല്ലാം
അറിവൊടു കെട്ടുളവാം ദുഃഖത്തോ-
ടച്യുതനുടെ പാദാംബുജമിതമായ്
ഉറവൊടു ശിരസി നിധാനംചെയ്തി-
ട്ടുടനേ വീണ്ണു നമസ്കൃതിചെയ്താ-
നരുതിയിതെൻററിഞ്ഞതുകാലം പോ-
യരഹാ! ദാരുകനും പുരംപൂവാൻ. ൰൩

ഇതി ശ്രീഭാഗവതേ ദശമസ്കന്ധേ
നവതിതമോ ഽദ്ധ്യായഃ
സമാപ്തഃ.

അഥ ഏകനവതിതമോ ഽദ്ധ്യായഃ.

ആനതുകാലം ബ്രഹ്മനമീശചര-
നമരേന്ദ്രനമമരന്മാർ മുനിവരു-
മൂനമില്ലാതെ മഹാവിദ്യാധര-
രോടേ യക്ഷകരും സിദ്ധന്മാരും
മാനവവീരാ കൃഷ്ണൻതിരുവടി
വടിവൊടു ദേഹത്യാഗം ചെയ്യോരു
മാനിതമാകിയ കർമ്മം കാണ്മാൻ
മനസ്സിൽ സുഖത്തൊടു വന്നാരെല്ലോം. ൧

എല്ലാപേരും വന്നു പുകണ്ണാ-
രീടിയ ഭക്ത്യാവേശത്തോടെ
ഉല്ലാസത്തൊടു പൂവർഷിച്ചി-
ട്ടുളവാം ദുന്ദുഭിയൊച്ചയിനോടെ
കല്യാണം ചേർന്നാത്മാവിന്നൊടു
കരുണാകരനേ പുനരെങ്ങൾക്കി-
ങ്ങെല്ലാനാളുമിരിപ്പാൻ ദുഷ്ടരെ-
യേവരെയും വധചെയ്വതു നീയേ. ൨

നീയേ വേദമൊളിച്ച സുരാരിയെ
നിതരാം കൊൻറു മത്സ്യാകൃതിയായ്
നീയേ മന്ദരമൊരു കൂർമ്മവുമായ്
തിറമൊടു മുതുകിലെടുത്തു മമതാ!
നീയേയൊരു പന്നിയുമായവനിയെ
നേരേ [1]വെൻറിഹ [2]മീണ്ടു നൻറായ്
നീയേ തത്ര ഹിരണ്യനെ വെൻറു
നിർമ്മലമാം നരസിംഹമതായേ. ൩

ആമൊരു വാമനനായേ മൂവടി-
യായേയഖിലജഗത്തെ[4]യളന്നു
മായവനേയിരുപത്തൊരുകൂട മുടി-
മന്നരെ വെൻമതു പരശുധരന്നായ്
നീയേ രാവണനെക്കൊല ചെയ്‌വാൻ
നേരേ ദശരഥരാമനുമായതു
നീയേ വസുദേവാത്മജനായതു
നിർമ്മലനേ ഭൂഭാരം[5]മറുപ്പാൻ. ൪

ഭൂഭാരത്തെയറുപ്പാൻ ദേവകി-
പുത്രനതാകി ജനിച്ചവനേ! ജയ
ശോഭാദികളൊടു നന്ദഗൃഹേ പോയ്
സുഖമൊടു പുക്ക വസിച്ചവനേ ജയ
മാപാപി[6]യുമാകിയ [7]പൂതനമുല
വടിവിനൊടുണ്ടു വധിച്ചഥ ചാട്ടിന-
താപാദികരം[8]ചെയ്തച്യുതനേ! ജയ
[9]സകലേശാ! ജയ സകലേശ! ജയ. ൫

ഇതമൊടു കാററായ് വൻറവനെക്കൊ-
ൻറീടിയ മധുസൂദനനേ! ജയ ജയ
അതുപോലേ ബകനെയും വത്സകനെയു-
മഴകൊടു കൊന്നമുടിച്ചവനേ! ജയ

1. 'വെന്നിഹ', 2. 'തിണ്ണിതു', 3. ചൊ', 4. 'ത്രുമല', 5. 'തീപ്പാൻ', 6. 'പാതകിയാകിയ', 7. 'തൻമുല', 8. 'കാളച്ചെയ്തുസമസ്തം', 9. 'താനായ ന്ൻറായ്' ഗ. പാഠം.

അതിബലമീടിയ ധേനുകനേക്കൊല-
യഗ്രജനാലേ ചെയ്യോരു പാമ്പായ്
ചതിയൊടു വഴിമേൽ വന്നുകിടന്നോരു
ദാനവനുടെയുയിർകൊണ്ടവനേ! ജയ. ൬

അജനിതമൊടു നിൻ ഗോവത്സം ക-
ട്ടതിനുടനീടിയയുത്തരമുടനേ
നയമൊടു ചെയ്യിപ്പിച്ചവനേ! ജയ
നാൻമുഖനാൽ സ്തുതിപെട്ടവനേ! ജയ
വിയനൊടു കാളിയനുടെ തലതന്മേൽ
വിണ്ണവർ കാണെ മഹാനൃത്തം ചെ-
യ്തിയലൊടു നിൻറീടുന്നവനേ! ജയ
ളുനിയ മഹാഗ്നി കുടിച്ചവനേ! ജയ. ൭

ഇനിയ പ്രലംബാസുരനെ വധിച്ചി-
ട്ടീടിയപരമാനന്ദാ! ജയ ജയ
കനിവൊടു വനവഹ്നിയെ നുകൎന്നീടിയ
കമലേക്ഷണ! ജയ മധുസൂദന! ജയ
പുനരഥ കന്യകളുടെ വ്രതമതിനൊരു-
പൂർത്തിവരുത്തീടിനവനേ! ജയ
അനുനയമൊടു വിപ്രാംഗനമാരാ-
ലമ്പൊടു പൂജിതനായവനേ! ജയ. ൮

അമരേന്ദ്രനുടെ പൂജയെ നിജ വച-
നാദികളാലേ മാററിയനന്തര-
മമരേന്ദ്രനുടെ പൂജയെ ഗോവ-
ർദ്ധനമാമചലത്തിനു ചെയ്യിച്ചേ
അമരേന്ദ്രനുടെ പൂജയെയമ്മല-
യായേ നിൻറു പരിഗ്രഹണം ചെ-
യ്തമരേന്ദ്രൻ വാരിഷിച്ചതിനുടനേ-
യമ്മലകൊണ്ടു തടുത്തവനേ! ജയ. ൯

തട്ടത്തതുകണ്ടാശ്ചരിയപ്പെട്ടു തദാ
വാനവരൊട്ടു കൂടെ മഹേന്ദ്ര-
നട്ടത്തു നമസ്കൃതിചെയ്തു പൂകണ്ണവർ-
കൾക്കൊരനുജ്ഞ കൊടുത്തവനേ! ജയ
ഒടുക്കമില്ലാത മഹാമോഹാദിക-
ളൊടണഞ്ഞംഗനമാർകളെ നിശയിൽ
എടച്ചിൽവരാതെയെല്ലാവരെയു-
മിതത്തൊടു പൂണ്ടു രമിച്ചവനേ! ജയ ൧൦
ആദിയിലംഗനമാക്കൊരു താപവു-
മാത്മാവിങ്കലിയററിയനന്തര-
മാദരവോടവരോടുളാം കൃഷ്ണന-
മായേ നിന്നു രമിച്ചവനേ! ജയ
മാധുര്യ്യാദികളിൻറിയ ശംഖ-
മഹാചൂഡത്തൊടരിഷ്ടൻകേശിയെ
നീതിയിനോടു വധിച്ചസ്സാദികൾ
നിനവിനു നന്മ വളത്തവനേ! ജയ. ൧൧
നന്മയൊടേ മധുരാപുരി നിൻറ
നയത്തൊടു വന്നക്രൂരന്നോടെ
അമ്മയൊടച്ഛനുടേ ദുഃഖങ്ങ-
ളനേത്തും കേട്ടതുകാലം നന്നായ്
ചെമ്മെ വരുമ്പടിയക്രൂരനുമായ്
ചെൻറുടനേ മധുരാപുരിപൂവാൻ
നന്മനമോടു നടന്നവനേ! ജയ
നാരായണ! ജയ നാരായണ! ജയ. ൧൨
നാരായണ! ജയ മധുരായാം പോയ്
നലമൊടു ചെൻറവിടേ മരുവീടി-
ൻേറാരോ ജനമവരാൽ വർണ്ണിതനാ-
യൊത്തൊരുമിച്ചഗ്രജസഹിതരുമായ്
നേരേ ചെൻറു ഗജേന്ദ്രനെ മല്ലരെ
നിമിഷം കംസനരേന്ദ്രനെയും കൊ-
ന്നാരാധിച്ചിതു വന്ദനവും ചെ-
യ്തച്ഛനെയും മാതാവെയുമിതമായ്. ൧൩

1. 'ശരണം ശരണം' ശ, പാഠം.

ഇത്തമാകിയ ഗുരുദക്ഷിണ മൃതനാ-
യീടിയ പുത്രനെ ദാനംചെയ്യും
മധുസൂദന ജയ മധുരായാമതിൽ
വാണരുളിന്റ പരൻപൊരുളേ! ജയ
അതിവേഗം മാഗധന്റെ സൈന്യമ-
ശേഷം കൊന്നു മുടിച്ചവനേ! ജയ
അത്തനം വന്നീടും യവനന്നെയു-
മഴകൊടു കൊന്റീടിന്റവനേ! ജയ. ൧൪

അവനിപതീശൻ മുചുകുന്ദനു പുന-
രേകിയ സൽഗതി ചെയ്തവനേ! ജയ
നവവടിവാടിയ രുഗ്മിണി മുതലായ്
നാരികളെണ്മരെയും ചിതമായേ
ഉവവിയോടേയുപയമനം ചെയ്തി-
ട്ടുടനേ ഭൌമനെയും വധചെയ്തേ
അവനിയിൽ നിന്റൊരു പതിനാറായിര-
മംഗനമാർകളെ വേട്ടവനേ! ജയ. ൧൫

വെന്റിമികും ശംബരനെയും മുരനെയും
വരതയൊടു (ചേർ) നരകൻ പീഠനെയും
ഒന്റൊരു ശിശുപാലൻ വിവിദനെയും
ഉടനേ സാല്വനെയും പടയോടെ
മന്റിടെ ദന്തവക്ത്രനെയും
മററു വിഡൂരഥനെയുമപ്പൌണ്ഡ്രക-
നൊന്റൊരു നൂറായിരമങ്ങനെ കൊ-
ന്റൂഴിയുടെ തുയിർ തീർത്തവനേ! ജയ. ൧൬

അവനിയിലും മററെല്ലാ ദിക്കിലു-
മന്വേഷിച്ചു മഹാദുഷ്ടരെ വധ
ശിവകരമായേ ചെയ്തീടിന്റൊരു
ശ്രീപുരുഷോത്തമനേ! ജയ ശരണം
ഭുവനിപതീശാ! പുരുഷോത്തമനേ!
പുണ്യാത്മാവേ! ഞങ്ങളെയെല്ലാം
ഉവവിയോടു കാത്തീടിന്റതു മ-
റൊരുവരുമില്ലതു നിന്തിരുവടിയേ. ൧

നിന്തിരുവടിതാനേയിനിയും മേൽ
നിതരാം കലികാലത്തിടെ നൻറായ്
സന്തതം ജഗതിബൌദ്ധം മേന്മേൽ
സംകടമീൻറി നടപ്പതിന്നായേ
വന്തൊരു ബൌദ്ധമഹാമുനിയായേ
വടിവിനൊടവതാരം ചെയ്തിട്ടിതു
സുന്ദരം മറകൾക്കില്ലൊരുമുഖ്യത
സൂക്ഷിച്ചീടുകിലെന്നതുമധികം. ൨൮

അധികമിവണ്ണം മറകളിലുളവാ-
മാചാരങ്ങളുമീൻറിയധർമ്മം
പുതുമയിനാലേയെങ്ങും നടന്നതി
പൊങ്ങീടിൻറതുകാലം ചെമ്മേ
ചിതമൊടു കൽക്കിയുമായവതാരം
ചെയ്തു മഹാദുഷ്ടരെ വധചെയ്തി-
ട്ടതിസുഖമൊടു പാലിപ്പിതുമെങ്ങളെ-
യഖിലേശാ നീയൊരുവനതെൻറാർ. ൨൯

ഒരുവനമല്ല ജഗത്തിനെയെല്ലാ-
മൊണ്ടാക്കിച്ചെയ്തും പാലിച്ചും
പരമലിവോടു നശിപ്പിപ്പാനൊ-
രുപായം കാണിൻറതും മമ നാഥാ
കരുതുകിൽ നിന്തിരുവടിതാനൊൻേറ
കാരിയകാരണനായീടിൻറതു
പരമിതിൽ മീതറിവായൊളിവായ
പരബ്രഹ്മവും നീതാനേയെൻറാർ. ൩൦

എൻററനം ബ്രഹ്മാവിന്ദ്രൻ മുതൽ
മറയവരും മുനിമാർകളുമെല്ലാ-
മൻറു പുകണ്ണീടിൻറതുനേര-
ത്തഭിരാമവുമാകിയ നിജദേഹം
നൻറിയൊടേ യോഗാഗ്നിയിനാലേ
നലമൊടു ദഹനം ചെയ്തൊൻറായേ
നിൻറരുളും പരമാത്മാവായേ
നിജലോകം പ്രാപിച്ചിതു ദേവൻ. ൩൨

നിജമായാശക്തിയിനാലേ താൻ
നിഖിലജ്ജഗത്തിനെയും സൃഷ്ടി-
ച്ചജനായ്പ്പാലിച്ചരിയായ് സംഹൃതി-
യരനായച്ചെയ്തീടിന്റഖിലേശൻ
പരമാനന്ദൻ പങ്കജനയനൻ
പരമപ്പുമാൻ പുരുഷോത്തമനമലൻ
ഒരുമാനസമൊടനന്തന്മേലേ-
യുണർവ്വോടു[1]പുക്കു വസിച്ചിതു ദേവൻ. ൨൨

ഇതുതാനെന്റൊരുവനുമൊരുകാലവു-
മേതും കാണരുതാതസ്വരൂപം
അതുതാനായനന്തൻ മൂർത്തിയൊ-
ടാനന്ദിച്ചീടിന്റവൻ തന്റെ
പുതുതായ്നിന്നനുഭവമായ് നിന്ന പു-
രാണപ്പുമാൻ പുരുഷോത്തമനമലൻ
നതരാമാനന്ദത്തൊടിരുന്നാൻ
നിർമ്മലനായവനനന്തന്മേലേ. ൨൩

അനന്തനമായ മഹാപുരുഷോത്തമ-
നഴകൊടു ദേഹത്യാഗംചെയ്തു
മന്നംകനിവോടു മറഞ്ഞതുനേരം
മന്നാ! സത്യത്തൊടു ശ്രീകീർത്തിയും
അനന്തഗുണംചേർന്നീടിയ ധർമ്മവു-
മരിയ മഹൈശ്വര്യവുമവ്യയഞ്ചും
അനന്തരമിനിയൊരു ഗതിയില്ലെന്നോ-
ർത്തഖിലേശ്വരനൊടുകൂടെപ്പോയാർ. ൨൪

അഖിലേശ്വരനുടെ ദേഹത്യാഗ-
മതായ മഹാസൂക്ഷ്മഗതിയതുക-
ണ്ടകതാർതന്നിലെഴുന്നാശ്ചര്യമ-
താമതിനോടമരാദികളെല്ലാം

1. ‘തത്ര രമിച്ചില്ല’ ക. പാഠം.

സുഖമായ്ക്കുസുമമഹാമഴ പെയ്തിതു
തുടരെ മഹാദുന്ദുഭിയും മുഴക്കീ-
ട്ടകമേ മേവിയ സന്തോഷത്തോ-
ടവരവർ നിജ നിജ ലോകം പുക്കാർ. ൨൫

പുക്കടനേ ദാരുകനും ദ്വാരക
പൊഴിയും കൺപുനലോടുരചെയ്താൻ
വ്യഗ്രമൊടവ വസുദേവാദികളൊടു
വിശേശ്വരനുടെ ദേഹത്യാഗം
വ്യഗ്രതരായതുകേട്ടുഴുതഴുതവർ
വെൻറിമികുത്തവർ നിജദേഹങ്ങളെ
കൈക്കയുപേക്ഷിച്ചേ മൃതരായാ-
രൊരു മാനസമൊടു നൃപവരവീരാ!. ൨൬

വീരാ! രാമനുടേ പത്നികളും
വേറവിടേ ശ്രീകൃഷ്ണൻതന്നുടെ
ഓരോ പത്നികൾ രുഗ്മിണിമുതലാ-
യുള്ളവരും പ്രദ്യുമ്നാദികൾതൻ
നേരേയുള്ളവരുടെ പത്നികളും
നിതരാമഗ്നിയിൽ വീണു മരിച്ചാർ
പാരാതേ ഭർത്താക്കന്മാരുടെ
പരലോകപ്രാപ്തിയെയററിഞ്ഞരഹോ!. ൨൭

അരഹോ!യവരുടേ മര്യാദതേയു-
ള്ളംഗനമാരൊടു വൃദ്ധന്മാരെയും
നേരേ ഹസ്തിനപുരമതിൽ വച്ചാൻ
നിതരാം വ്യഗ്രിതമാനസനായേ
വീരാധിപനായീടിയ പാർത്ഥൻ
വെൻറിമികുത്തഭിഷേകം വജ്രന
പാരാതേ ചെയ്യെൻറതുമവിടെ
പരിചൊടു മാമുനിവരനരുളചെയ്താൻ. ൨൮

അരുമറനാലിനുമഖിലജഗത്തിനു-
മാത്മാവാകിയ ശ്രീകൃഷ്ണൻ നിജ-
തിരുവുരുവോടു പിരിഞ്ഞതു നേരം
ശ്രീമദ്ദ്വാരകപുരിയലൈകടൽതാൻ

വിരവൊട്ടു നിജതിരമാലകളാലേ
വീരാ! തത്ര മറച്ചതുമെന്റതു
കരുതുക നൃപവരനേ[1] യെന്റതു
മതുകാലം[2] മഹാമുനിയരുളിച്ചെയ്താൻ. ൨൯

താനിതമോടേ പ്രാതക്കാലം
സകലേശ്വരനാകിയ കൃഷ്ണനുടെ
മാനിതമായീടും കഥ പാടുകിൽ
മന്നാ മനസി സുഖം[3] വന്നേററം
ജ്ഞാനമപേക്ഷിക്കിന്റവർ ഹൃദയേ
ജ്ഞാനം ശ്രീകാംക്ഷിപ്പവനതു ശ്രീ
വാനവരോടൊരുമിച്ചുള്ള സുഖവും
വരുമതു കാംക്ഷിപ്പവരതു നൂനം. ൩൦

അതിഗുണമീടിയ വിദ്യകൾ കാമി-
പ്പവനളവായീടിന്റിതു വിദ്യകൾ
പുത്രമതഴത്ത മഹാസൌന്ദര്യം
പൊലിവൊട്ടു കാംക്ഷിപ്പവനതുമിതമായ്
അതുപോലേ കീർത്തിയുമെന്റിങ്ങനെ-
യരചാ! യെന്തോന്നേ കാംക്ഷിച്ചി-
ട്ടിതുകേട്ടും ചൊല്ലിന്റവർകൾക്ക-
മിതേവയുമിങ്ങു ലഭിച്ചിടുമല്ലോ. ൩൧

എല്ലാ സൽക്കർമ്മാദികൾതന്നില-
മിക്കഥ കേട്ടീടിന്റതു മംഗല-
മുല്ലാസത്തൊട്ടു ചൊല്ലീടിന്റതു-
മോർത്തുപവാസനചെയ്യിന്റതുവും
മല്ലാർതോളായിക്കഥചൊല്ലുകിൽ
മന്റിടെയെങ്ങും ദുർഭിക്ഷാദിക-
ളില്ലേ ബാലന്മാൎക്കൊരു മരണവു-
മിനിയ മഹാചോരാദികൾ ഭയവും. ൩൨

---

1. 'വിസ്മയമതു', 2. 'ന്റമൊട്ടു മാമുനി വന്നരുൾചെയ്താൻ', 3. 'വരുമേററം'. ഗ. പാഠം.

ആദിപുരാൻ ശ്രീനാരായണനവ-
താരംചെയ്ത മഹാകഥ പലവു-
ണ്ടോർത്തുകിലീയവതാരത്തോള-
മിതെൻറിനുമില്ല മഹാത്മ്യം ചെമ്മെ
മാധുരിയാദികൾ ഭക്തിമഹത്വം
മററു നിവൃത്തിവിചാരവുമറിവിവ-
യാദികൾകൊണ്ടു നിറഞ്ഞനുഭൂതിക-
ളാകിയ സുഖമിതിലേ പെരികൊള്ളൂ. ൯൩

ഉള്ളമുവന്നിന്നും കേളരചാ!
ഉമ്പർപുരാൻ നാരായണദേവൻ
ഉള്ളവണ്ണം പൂർണ്ണനുമായ് നിൻറി-
ട്ടുണർവൊടു ചെയ്തവതാരമിതെൻറ
മെല്ലനവേ മററുള്ളവതാരം
വെൻറിമികും ശ്രീരാമാദികളത്രു-
മുള്ളതു സുഖമിതിന്മീതേ മററൊ-
ൻറതുമില്ലെൻറു മഹാമുനി ചൊന്നാൻ. ൯൪

ഇക്കഥ വിപ്രന്മാർ പഠനം ചെ-
യ്തീടുകിൽ വാഗൃഷഭത്വവുമുണ്ടാ-
മുൾക്കനിവോടു നൃപന്മാരാകിലു-
മൊരു സുഖമായ് പാലിക്കും രാജ്യം
മിക്കമഹാവൈശ്യന്മാരാകിലും
വെൻറിമികുത്ത ധനേശന്മാരാം
വെക്കമൊടേ ശൂദ്രാദികളെങ്കിൽ
മേവീടിൻറിതു മോക്ഷത്തോടേ. ൯൫

ഉടനേ കൃഷ്ണാ! യെൻറൊരു നേര-
മുരത്തീടിൻറവർകൾക്കും മോക്ഷം
വടിവോടേ വരുമെൻറാലന്മൊടു
മംഗലമാമിവനുടെ കഥ സതതം
അടവായേ ചൊല്ലീടുകിലതിനാ-
ലതിശയമാകിയ മോക്ഷം വരുവാൻ
തടവുണ്ടോ പുനരില്ലയിതേതും
സജ്ജനവചനമിതിന്നു പ്രമാണം. ൯൬

ഇതമായീവണ്ണം കുരുവരനാ-
യീടിയ നല്ല പരീക്ഷിത്തിന്നായ്
മതിമാനാകിയ ശ്രീശുകമാമുനി
മംഗലമാകിയ ശ്രീകൃഷ്ണൻെറ
പുത്തതാം നാഴികതോറുമുളാകിയ
പുണ്യമതായീടും കഥ ചൊന്നതു-
മതുഞാനായവണ്ണം ഭാഷയിനാ-
ലാദരവോടിതു കാലം ചൊന്നേൻ. ൩൧

ആദരവോടു പരാശരതനയന-
മാകിയ ശ്രീവേദവ്യാസൻ മുനി
മാധുര്യാദികളോടരുൾ ചെയ്ത മ-
ഹാകഥ ശ്രീഭാഗവതമിതിഹ ഞാൻ
ഏതുമറിഞ്ഞീടാതൊരു ബാലക-
നെതിരായേ ചൊന്നേനവിടെപ്പല-
ചേതമുളായീടുകിലും മഹത്തുകൾ
ചീറായ്ക ഗതിയിതെൻറുമറിഞ്ഞേ. ൩൨

[1]അറിവേവടിവാകിയ നാരായണ-
നാകിയ ശ്രീകൃഷ്ണന്നുടെ സൽക്കഥ
ഉറവോടേ ചൊല്ലീടുകയെൻറാ-
മോത്തീടുക മാനസമതു കണ്ണും
തിറമോടേ കേട്ടീടുകയിതിനെ
നിനച്ചുമുരത്തും കേൾപ്പവർ[2]തമ്മോ-
ടുറ[3]വേറുക മാനസ[4]മിതുവരുവാ(നോ)ൻ
[5]മന്നയൊടിതു ചൊല്ലീതടിയൻ. ൩൩

അടിയേനിവണ്ണം ഭൂമിയിൽ വാ-
ണ്ണരുളുകിലും സ്വർഗ്ഗം മേവുകിലും
കെട്ടതായ് മേവീടിൻറ[6]രിനരികേ
[7]കൊണ്ടോയിടുകിലും ചിതമായേ

1. 'അലിവപാട്ടു നാരായണനാകിയ', 2. 'കറക്കം', 3. 'ഒരു മാനസമായ', 4. 'നൽഗതിവരുവാൻ', 5. 'ഭക്തിയാടേയിള', 6. 'ടിനരകരികേ' 7. 'കട്ടമയൊടേ' ഗ്രം പാഠം.

അടിയാക്കരുവിനതീത്തരുളും നി-
ന്നടിമലരിണയിലുറച്ചൊരു ഭക്തിയെ
അടിയേനരുളുക പരമാനന്ദാ!
അച്യുതനേ! നാരായണ! ദേവ! ൪൦

നാരായണനേ! പരമാനന്ദാ!
നാന്മറയിൻമുഠംപ്പൊരുളായ് മേവിയ
കാരാർമുകിൽവർണ്ണാ! കരുണേശാ!
കമലോത്ഭവനും കർത്താവായേ!
പേരായിരമിയലും പരമേശാ!
പേർത്തും പേർത്തുമിതെവിടെയിതടിയൻ
നേരേ തത്ര പിറക്കിൻറവിടേ
നിനവീടുക നിന്മലരടിയെൻറും. ൪൧

അടിമലരിണയിലുറച്ചൊരു ഭക്ത്യാ-
വേശത്തോടേ നിന്നുടെ കഥകളെ
വടിവൊടു കീർത്തിപ്പാൻ കേൾപ്പാനും
മംഗലമായീടിൻറൊരു ഭാഗ്യം[1]
[2]തടവുകളീടാതയെന്തുനാളും
തന്നീടുക പുനരതിനെയൊഴിച്ചൊ-
ൻറടിയന്നില്ലൊരപേക്ഷ മുകുന്ദാ!
അച്യുതനേ! നാരായണ! ദേവാ!. ൪൨

ദേവകിമകനായേയവതാരം
ദേവകൾ വിധിയാലേ ചെയ്തീടിയ
പൂവിൽമടന്തമണാളൻ തന്നുടെ
പുണ്യമതായീടും കഥ ചെമ്മേ
ഭുവിയിലുളവായീടും ദുരിത-
മറുംപടി രാമൻരത്തീടിയ കവി
വുവരുരത്തീടിൻറവരേവരു-
മെയ്തീടും പരമാമറിവോടേ. ൪൩

ഇതി ഏകനവതിതമാദ്ധ്യായഃ
സമാപ്തഃ,

ഉത്തരാർദ്ധം സമാപ്തം.
ശുഭം ഭൂയാത്.

1. 'ഭക്ത്യാ', 2. 'തടവുകളാകാതെ' ഐ. പാഠം.

032D
164316
032:1J30:4
G8·2
UNIVERSITY LIBRARY
- 4 NOV 1954
MADRAS
DEPARTMENTAL LIBRARIES
12 NOV 1954

# LIST OF MALAYALAM PUBLICATIONS FOR SALE

---

## ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—ഗുരുദക്ഷിണപ്പാട്ട് | 0 | 7 | 0 |
| No. 2—ശതമുഖരാമായണം (കിളിപ്പാട്ട്) | 0 | 7 | 0 |
| No. 3—ഭദ്രോത്പത്തി (കിളിപ്പാട്ട്) | 0 | 10 | 0 |
| No. 4—പാർവതീപരിണയം (കിളിപ്പാട്ട്) | 0 | 12 | 0 |
| No. 5—പടപ്പാട്ട് (കിളിപ്പാട്ട്) | 0 | 14 | 0 |
| No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു) | 0 | 6 | 0 |
| No. 7—പ്രഹ്ളാദചരിതം (ഹംസപ്പാട്ട്) | 0 | 5 | 0 |
| No. 8—ഗിരിജാകല്യാണം (ഗീതപ്രബന്ധം) | 1 | 0 | 8 |
| No. 9—വ്യവഹാരമാല (സ്മൃതിഗ്രന്ഥം) | 3 | 1 | 8 |
| No. 10—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൧-ാംവാല്യം | 1 | 0 | 8 |
| No. 11—കൃഷ്ണലീല (ഗീതപ്രബന്ധം) | 0 | 4 | 0 |
| No. 12—വിംശതി (സവ്യാഖ്യാനം) | 0 | 7 | 0 |
| No. 13—മോക്ഷദായകം (കിളിപ്പാട്ട്) | 0 | 8 | 0 |
| No. 14—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൨-ാംവാല്യം | 1 | 7 | 10 |
| No. 15—ഭാഷാരാമായണചമ്പു (ബാലകാണ്ഡം) | 1 | 7 | 10 |
| No. 16—പാർവതീപാണിഗ്രഹണം (ആരവൃത്തം) | 0 | 4 | 0 |
| No. 17—പ്രൈഷം (ഭാഷ്യഭൂഷിതം) | 0 | 7 | 0 |
| No. 18—ഭീഷ്മോപദേശം (ഹംസപ്പാട്ട്) | 0 | 12 | 0 |
| No. 19—ഭാഷാരാമായണചമ്പു (അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം) | 1 | 7 | 10 |
| No. 20—ഭാഷാരാമായണചമ്പു (സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം) | 1 | 7 | 10 |
| No. 21—വിഷ്ണുഗീത (ഹംസപ്പാട്ട്) (രണ്ടാംപതിപ്പ്) | 0 | 14 | 0 |
| No. 22—തത്ത്വമസിവ്യാഖ്യാനവും തത്ത്വമസിമഹാവാക്യക്കട്ടിളയും | 0 | 4 | 0 |
| No. 23—ബ്രഹ്മാനന്ദവിവേകസമുദ്രം | 0 | 4 | 0 |
| No. 24—കണ്ണശ്ശഭാരതം (ഒന്നാംഭാഗം) | 0 | 14 | 4 |
| No. 25—രണ്ടു ഭാഷാചമ്പുക്കൾ | 0 | 4 | 0 |

DEPARTMENTAL LIBRARIES
12 NOV 1954
UNIVERSITY OF MADRAS.
UNIVERSITY LIBRARY
4 NOV 1954

## ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—വൈദ്യമഞ്ജരി | 1 | 7 | 10 |
| No. 2—ജാതകപദ്ധതി (സവ്യാഖ്യാനം) | 0 | 21 | 0 |
| No. 3—ഭാഷാജാതകപദ്ധതി | 1 | 0 | 8 |
| No. 4—പ്രശ്നഭാഷ | 0 | 5 | 0 |
| No. 5—മുഹൂർത്തപദവി (സവ്യാഖ്യാനം) | 0 | 10 | 0 |
| No. 6—ബാലശങ്കരം (പൂർവ്വഭാഗം) | 0 | 14 | 0 |
| No. 7—ആര്യഭടീയം ഗീതികാപാദം (സവ്യാഖ്യാനം) | 0 | 4 | 0 |
| No. 8—രസവൈശേഷികം (വൈദ്യം) (ഭാഷ്യസഹിതം) | 2 | 1 | 0 |
| No. 9—ജ്യോത്സ്നിക (വിഷവൈദ്യം) | 0 | 14 | 0 |
| No. 10—തന്ത്രയുക്തിവിചാരം (വൈദ്യം) | 0 | 10 | 11 |
| No. 11—പ്രശ്നസാരം | 0 | 14 | 0 |
| No. 12—കൌടലീയം (ഭാഷാവ്യാഖ്യാനസഹിതം) ൧-ാംവാല്യം | 1 | 0 | 8 |
| No. 13—ബാലശങ്കരം (മധ്യമഭാഗം) | 2 | 1 | 0 |
| No. 14—നാരായണീയം (സവ്യാഖ്യാനം പ്രഥമഭാഗം) | 4 | 2 | 0 |
| No. 15—ബാലശങ്കരം (അന്തിമഭാഗം) | 0 | 10 | 0 |
| No. 16—അഷ്ടാങ്ഗസാരം ഭാഷ | 0 | 4 | 0 |
| No. 17—നാരായണീയം (സവ്യാഖ്യാനം ദ്വിതീയഭാഗം) | 3 | 1 | 8 |
| No. 18—കേരളചരിതം | 0 | 4 | 0 |
| No. 19—യോഗാമൃതം | 1 | 0 | 0 |

---

## ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—കണ്ണശ്ശഭാഗവതം (൧-ാംഭാഗം) | 1 | 0 | 8 |
| No. 2—രാസക്രീഡ (കഥകളി) | 0 | 4 | 0 |
| No. 3—പലവക ഒററശ്ലോകങ്ങൾ | 0 | 4 | 0 |
| No. 4—രാമചരിതം | 3 | 1 | 8 |
| No. 5—ഭരതവാക്യം | 0 | 4 | 0 |
| No. 6—നാരായണീയം (സവ്യാഖ്യാനം തൃതീയഭാഗം) | 2 | 15 | 4 |

| | രൂ. | ച. | കാ. |
|---|---|---|---|
| No. 7—നാരായണീയം (സവ്യാഖ്യാനം ചതുർത്ഥഭാഗം) | 3 | 1 | 8 |
| No. 8—ബ്രഹ്മാണ്ഡപുരാണം ഭാഷാ | 0 | 7 | 0 |
| No. 9—ഹര്യക്ഷമാസസമരോത്സവം | 0 | 4 | 0 |
| No. 10—പരമാർത്ഥസാരം ഭാഷാ | 0 | 4 | 0 |
| No. 11—ആത്മബോധം (ഭാഷാവ്യാഖ്യാസഹിതം) | 0 | 4 | 0 |
| No. 12—ദേവീമാഹാത്മ്യം ടി | 1 | 0 | 8 |
| No. 13—വലവീശ്ലുപുരാണം | 0 | 7 | 2 |
| No. 14—നാരായണീയം (സവ്യാഖ്യാനം ൨-ാം ഭാഗം.) | 3 | 1 | 8 |
| No. 15—ഭഗവദ്ഗീതാ (ഭാഷാവ്യാഖ്യാസഹിതം) | 1 | 0 | 0 |
| No. 16—നാരായണീയം (ലക്ഷ്മീവിലാസവ്യാഖ്യാനസഹിതം) (ഷഷ്ഠഭാഗം) | 3 | 14 | 4 |
| No. 17—കണ്ണശ്ശഭാഗവതം (൨-ാംഭാഗം) | 1 | 8 | 0 |

UNIVERSITY LIBRARY.
4 NOV 1954
MADRAS

DEPARTMENTAL LIBRARIES
12 NOV 1954
UNIVERSITY OF MADRAS.

ŚRĪ CITRODAYAMAÑJARĪ BHĀṢĀ SERIES

No. 17.

# KAṆṆAŚŚA BHĀGAVATAM

(Part—II.)

UNIVERSITY LIBRARY
-4 NOV 1954
MADRAS

EDITED BY

K. SĀMBAŚIVA ŚĀSTRĪ,
*Curator for the Publication of Oriental Manuscripts, Trivandrum*

DEPARTMENTAL LIBRARIES
12 NOV 1954
UNIVERSITY OF MADRAS.

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF TRAVANCORE.

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

TRIVANDRUM:
PRINTED BY THE SUPERINTENDENT GOVERNMENT PRESS,
1938.

[Rights Reserved]

1-12-0